ശ്രീ. ജോർജ്ജ് ജെ. മാത്യു : സർ, ഞാൻ ഈ രണ്ട് ധനാഭ്യർത്ഥനകളേയും അനുകൂലിക്കുകയാണ്. എന്റെ സുഹൃത്ത് ശ്രീ. കെ. പി. സതീശ് ചന്ദ്രൻ ഇവിടെ ചില കാര്യങ്ങൾ പ്രതിപാദിക്കുകയുണ്ടായി. യഥാർത്ഥത്തിൽ ഇത് വിശകലനം ചെയ്യുകയാണെങ്കിൽ അദ്ദേഹം ഈ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന രണ്ട് മന്ത്രിമാർക്കെതിരായിട്ടും കാര്യമായി യാതൊന്നും പറഞ്ഞതായി കാണുന്നില്ല. അദ്ദേഹം പറഞ്ഞത് ആരോഗ്യ വകുപ്പിൽ മൂന്ന് മന്ത്രിമാർ മാറിയെന്നാണ്. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററെക്കുറിച്ച് അദ്ദേഹം ഒരു ചെറിയ കാര്യം മാത്രമാണ് പറഞ്ഞത്. ഒരു ഡി.എം.ഒ.-യുടെ സ്ഥലമാറ്റക്കാര്യം. അതിനെക്കുറിച്ച് എനിക്ക് വ്യക്തമായ കാര്യങ്ങൾ അറിയില്ല. പക്ഷെ പൊതുവായി പറയുകയാണെങ്കിൽ, അദ്ദേഹത്തിന്റെ പെർഫോമൻസിനെക്കുറിച്ച് പഠിക്കുകയാണെങ്കിൽ, എം.എൽ.എ. മാർപോലും ഒരു ചെറിയ സ്ഥലമാറ്റക്കാര്യവുമായി അദ്ദേഹത്തിന്റെയടുത്ത് ചെല്ലുകയാണെങ്കിൽ, യാതൊരു കാര്യവും ചെയ്തുകൊടുക്കുന്ന ഒരു സ്വഭാവമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഒരു പ്യൂണിന്റെ കാര്യംപോലും നിയമപരമായിട്ടല്ലാതെ അദ്ദേഹം ചെയ്യുകയില്ലെന്ന നിർബന്ധബുദ്ധിയാണ്. അതുകൊണ്ട് അദ്ദേഹത്തെപ്പറ്റി പറഞ്ഞ കാര്യങ്ങളൊന്നും ശരിയല്ല. അദ്ദേഹം ഈ വകുപ്പ് ഏറ്റവും ഭംഗിയായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമത്തിലാണ്. തീർച്ചയായിട്ടും അദ്ദേഹം ആ കാര്യത്തിൽ വിജയിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. അതുപോലെതന്നെ ബഹുമാന്യനായ എം. കെ. മുനീറിനെക്കുറിച്ച് അദ്ദേഹത്തിന്റെ നാലുവർഷത്തെ ഭരണം, കഴിഞ്ഞ എൽ.ഡി.എഫ് ഭരണവുമായി തട്ടിച്ചുനോക്കുകയാണെങ്കിൽ, അദ്ദേഹം കാര്യമായിട്ടൊന്നും ചെയ്തില്ലെന്നാണ് മെമ്പർ പറഞ്ഞത്. തീർച്ചയായിട്ടും ഇക്കാര്യം ഒട്ടുംതന്നെ ശരിയല്ല. ശ്രീ. കെ. പി. സതീശ് ചന്ദ്രന് ശ്രീ. എം. കെ. മുനീറിനെ വ്യക്തിപരമായി അറിയില്ലെന്നാണ് എനിക്ക് തോന്നുന്നത്. താങ്കൾ നേരിട്ട് എന്തെങ്കിലും കാര്യത്തിന് അദ്ദേഹവുമായി ബന്ധപ്പെട്ടിരുന്നെങ്കിൽ തീർച്ചയായിട്ടും അങ്ങനെയൊരു അഭിപ്രായം പറയില്ലായിരുന്നു. നമ്മുടെ നിയോജകമണ്ഡലങ്ങളിലെ റോഡുകളെ സംബന്ധിച്ച് നമുക്കെല്ലാപേർക്കുമറിയാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വകയായിട്ടുള്ള റോഡുകളും, മറ്റ് വില്ലേജ് റോഡുകളുമെല്ലാം ഏതാണ്ട് പൂർണ്ണരൂപത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് പണികൾ നടത്താനുള്ള തീരുമാനമാണ് ഈ ഗവൺമെന്റ് ഏറ്റവും ശ്രദ്ധേയമായി എടുത്ത കാര്യം. കാരണം എല്ലാപേർക്കും വളരെ ബുദ്ധിമുട്ടാകുന്ന ഒരു കാര്യമായിരുന്നു തങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ പ്രധാനപ്പെട്ട കുറെ റോഡുകളുടെ പണിമാത്രം നടക്കും, ബാക്കി റൂറൽ ഏരിയാകളിൽ എല്ലാ റോഡുകളും പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നുവെന്നത്. അതിന് വേണ്ടത്ര പണമില്ലാതെ കിടക്കുന്ന ഒരു ദുരവസ്ഥയാണ് നമുക്കുണ്ടായിരുന്നത്. അതിലെല്ലാം വലിയ രീതിയിൽ മാറ്റം വരുത്തുന്ന പുതിയ പരിഷ്ക്കരണങ്ങളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുപോരുന്നത്. ഇന്ന് അതിന്റെ ഫലമായി 26,000 കിലോമീറ്ററോളം റോഡാണുള്ളത്. കഴിഞ്ഞ നാലുവർഷത്തെ നേട്ടങ്ങളെക്കുറിച്ച് പ്രതിപക്ഷത്തിന് സംശയമുണ്ടെങ്കിൽ ഞാൻ കണക്ക് പറയാം പുതുതായി പ്രധാനപ്പെട്ട പണിതീർന്ന റോഡുകളുടെ എണ്ണം 52 ആണ്. അതുപോലെ പണിതീർന്ന പാലങ്ങളുടെ എണ്ണം അമ്പത്തിയഞ്ചോളം വരും.

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ടി.പി.-യനുസരിച്ച്, ഉൾനാടൻ ജലപാതകളും വികസനവുമായി ഏതാണ്ട് 1600 കോടി രൂപയാണ് ലോകബാങ്ക് തന്നിരിക്കുന്നത്. ആ പണം നല്ല രീതിയിൽ, ഏറ്റവും പ്രധാനപ്പെട്ട റോഡുകളുടെ അറ്റകുറ്റപ്പണികളും upgradation-നും നടത്തുന്നതിനായിട്ടാണ് ചെലവഴിച്ചുവരുന്നത്. ഏതാണ്ട് 10,773 കിലോമീറ്റർ ഗ്രാമീണറോഡുകളാണ് എം.ഡി.ആർ. ആയിട്ട് പുതുതായി ഏറ്റെടുത്തിരിക്കുന്നത്. നിങ്ങളുടെ കാലത്ത് ഒ.ഡി.ആർ. ആണെന്നുപറഞ്ഞ് ആ റോഡുകളെല്ലാം പഞ്ചായത്തുകളുടെ പിടലിയിൽ കെട്ടിവച്ച് ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുകയാണ് ചെയ്തത്. അങ്ങനെ എല്ലാ പ്രദേശങ്ങളിലും വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന പ്രത്യേക സാഹചര്യമാണുണ്ടായത്. അതിൽനിന്നെല്ലാം ഒരു വലിയ മാറ്റമുണ്ടായി. അതുപോലെതന്നെ പ്രധാന തീർത്ഥാടനകേന്ദ്രമായ ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ കാര്യം. ആ റോഡിന്റെ നാരാണൻതോടുവഴിയുള്ള എരുമേലി ചാലക്കയം റോഡിന് എലവങ്കൽ ഭാഗത്ത്-ഏറ്റവും പ്രധാനപ്പെട്ട ആ റോഡിന്-ഒരു തടസ്സമുണ്ടായിരുന്നു. അത് ഫോറസ്റ്റുമായി ബന്ധപ്പെട്ട തടസ്സമായിരുന്നു. ആദ്യകാലംതൊട്ടേ ആ തടസ്സം നിലനിന്നിരുന്നു. അതിനൊരു പരിഹാരമുണ്ടാക്കി ആ റോഡിന്റെ നിർമ്മാണം അടുത്ത ശബരിമല സീസണുമുൻപ് പൂർത്തിയാക്കത്തക്കവിധത്തിൽ പണികൾ ധൃതഗതിയിൽ നടന്നുവരുകയാണ്. ഇപ്പോൾ പിൽഗ്രിംസിന് ഷോർട്ടായ റോഡ് തുറക്കാൻ സാധിച്ചത് ഈ സർക്കാരിന്റെ പ്രത്യേകമായ കഴിവും, ശ്രീ. എം. കെ. മുനീർ അതിൽ പ്രത്യേകമായിട്ടെടുത്ത താൽപര്യവും ഒന്നുകൊണ്ടു മാത്രമാണ്. വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം എരുമേലിയിൽ അയ്യപ്പ ഭക്തൻമാർ പേട്ടകെട്ടുന്ന ഒരു പാതയുണ്ട്. കൊച്ചമ്പലം മുതൽ വലിയമ്പലംവരെ പേട്ട കെട്ടുന്ന ആ ഭാഗം വളരെക്കാലമായി വാഹനവിമുക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരുന്നതാണ്. അയ്യപ്പഭക്തൻമാരും അവിടെയുള്ള ജനങ്ങളുമെല്ലാം ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ടിരുന്നതാണ്. ഇതിന് എങ്ങനെയൊരു പരിഹാരം കാണണമെന്ന് ആലോചിച്ചു കൊണ്ടിരുന്നതാണ്. ഇത് സീസൺകാലത്ത് ബ്ലോക്ക് ചെയ്യുകയാണെങ്കിൽ, വരാൻപോകുന്ന പ്രശ്നമെന്താണെന്നുവച്ചാൽ അവിടെയുള്ള മുസ്ലീം പള്ളിയുടെ കവാടം അടഞ്ഞുപോകും. അപ്പോൾ ആകപ്പാടെ കുഴപ്പമുണ്ടാകുന്ന സാഹചര്യമുണ്ടാകും. ഏതായാലും അതിന് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ ശ്രീ. എം. കെ. മുനീറിന് നിർദ്ദേശങ്ങൾ കൊടുത്ത് സമർത്ഥമായ ഒരു പരിഹാരത്തിന് രൂപം നൽകി. ഏതാണ്ട് നാല് കോടി രൂപയുടെ ബൈപാസ് റോഡുകൾ ആ holypath-നു ചുറ്റുമായി നിർമ്മിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഉമ്മൻചാണ്ടി ഗവൺമെന്റ് വന്നുകഴിഞ്ഞപ്പോൾ എരുമേലിയിൽ വന്ന് ഇതേപറ്റി അദ്ദേഹത്തിന്റെ പ്രഖ്യാപനമുണ്ടായി. അതെല്ലാം നടക്കാനുണ്ടായ സാഹചര്യം ശ്രീ. എം. കെ. മുനീറിന്റെ കഴിവാണ്. ഈ റോഡ് പി.ഡബ്ല്യു.ഡി. നേരിട്ട് പണിയാനുള്ള ഭരണാനുമതിയാണ് കിട്ടിയിരിക്കുന്നത്. ഈ വർഷം തന്നെ അതിന് പ്രത്യേക സാംഗ്ഷൻ തരുമെന്നുണ്ടെങ്കിൽ മഴക്കാലത്തിനുമുൻപായി ആ പണികൾ തുടങ്ങി ആ പാലങ്ങളുടെ പണികളെല്ലാം പൂർത്തിയാക്കിയെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. തീർച്ചയായിട്ടും അങ്ങനെയുള്ള കാര്യങ്ങൾ ചെയ്തതിന് അദ്ദേഹത്തെ അങ്ങേയറ്റം അനുമോദിക്കുകയാണ്. ഈ വരുന്ന സീസണിൽ തീർച്ചയായിട്ടും എരുമേലിയിൽ

LIBRARY ARCHIVES Kerala Legislative Assembly

അയ്യപ്പക്ഷേത്രൻമാർക്കുണ്ടായിരുന്ന ബുദ്ധിമുട്ട് പരിപൂർണ്ണമായി പരിഹരിക്കുമെന്നതിനെക്കുറിച്ച് യാതൊരു സംശയവുമില്ല. അതുപോലെതന്നെ മറ്റൊരു പ്രധാന കാര്യം എന്ന് പറയുന്നത് ഇന്ന് കേരളത്തിലെ റോഡുകളെക്കുറിച്ച് പറയുമ്പോൾ 1950-കളിൽ അമേരിക്കയിലും മറ്റ് പാശ്ചാത്യ രാജ്യങ്ങളിലും ഉണ്ടായിരുന്ന ട്രാഫിക്കിനെക്കുറിച്ച് നമുക്കറിയാം. Bumper to bumper ആണ് അവിടെയെല്ലാം ഉണ്ടായിരുന്നത്. ആ bumper to bumper ഇന്ന് കേരളത്തിലെ എല്ലാ റോഡുകളിലും ഉണ്ടായിരിക്കുകയാണ്. നമുക്ക് ചിന്തിക്കാൻപോലും കഴിയാത്ത വാഹനപെരുപ്പമാണ് ഉണ്ടായിരിക്കുന്നത്. മന്ത്രി അതിനുവേണ്ടി പല പദ്ധതികളും പ്രഖ്യാപിച്ചു. അതിൽ ഏറ്റവും പ്രധാനപ്പെട്ട പദ്ധതി എന്ന് പറയുന്നത് എക്സ്പ്രസ് ഹൈവേയാണ്. ആ എക്സ്പ്രസ് ഹൈവേയെക്കുറിച്ച് പറയുകയാണെങ്കിൽ നിങ്ങളുടെ കാലത്ത് ശ്രീ. പി. ജെ. ജോസഫ് അതിനുവേണ്ടിയുള്ള തുടക്കം കുറിച്ചു. എങ്കിലും ശ്രീ. എം. കെ. മുനീർ അതുമായി മുന്നോട്ടു പോയപ്പോൾ ഇടതുപക്ഷത്തിന്റെ ഭാഗത്തുനിന്ന് വലിയ എതിർപ്പാണ് ഉണ്ടായത്. അതിനു കാരണം എന്താണെന്ന് അറിയില്ല. മറ്റു രാജ്യങ്ങളിൽ ഇതുപോലുള്ള എക്സ്പ്രസ് ഹൈവേ ഇല്ലേ? ഇവിടെ നിന്ന് ഒരു ഡെലിഗേഷൻ തന്നെ ചൈനയിലേയ്ക്ക് പോയി. അതിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. ആര്യാടൻ മുഹമ്മദ്, മറ്റ് പ്രധാനപ്പെട്ട രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ ഒക്കെ ഉണ്ടായിരുന്നു. അവർ പോയി അവിടത്തെ എക്സ്പ്രസ് ഹൈവേ കണ്ടതാണ്. അമേരിക്കയിൽ എക്സ്പ്രസ് ഹൈവേയുണ്ട്. 1936-ൽ ഹിറ്റ്ലറുടെ കാലംമുതൽ ജർമ്മനിയുടെ പുരോഗതിക്ക് അവിടെ Auto Bhan ഉണ്ടാക്കിക്കൊണ്ട് റോഡുകളുടെ വികസനമാണ് പ്രധാനമായിട്ടും എടുത്തത്. അങ്ങനെയുള്ള വികസനം, അതിന്റെ കാര്യങ്ങളെല്ലാം നിയമസഭാ സാമാജികൻമാരെയെല്ലാം കാണിച്ച് ഒരു പ്രദർശനം നടത്തി അത് ബോദ്ധ്യപ്പെടുത്തി കാര്യങ്ങളുമായി മുന്നോട്ടുപോയപ്പോൾ, നിങ്ങളുടെ ഭാഗത്തുനിന്നും അതിന് ഒരുപാട് തടസ്സം സൃഷ്ടിച്ചിരിക്കുകയാണ്. അതിന്റെ ഡി. പി. ആർ. എടുക്കാൻ ചെല്ലുമ്പോൾ ആളുകൾ ബലമായി തടസ്സം ഉണ്ടാക്കുകയാണ്. ഒരു പക്ഷേ മാർക്സിസ്റ്റ് പാർട്ടി പറയും ഞങ്ങൾ അതിന് എതിരല്ല എന്ന്. പക്ഷേ മാർക്സിസ്റ്റ് പാർട്ടിയുടെ പുറകിൽനിന്ന് ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ആളുകളാണ് കേരളത്തിൽ എന്തെല്ലാം തരത്തിലുള്ള റോഡുകളാണ് വേണ്ടത്, എക്സ്പ്രസ് ഹൈവേ കേരളത്തിൽ വേണമോ വേണ്ടയോ എന്നുള്ള കാര്യങ്ങൾ തീരുമാനിക്കുന്നത്. അപ്പോൾ തീർച്ചയായും അങ്ങനെയുള്ള ഒരു സമീപനം ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. കെ. മുനീർ ഈ കാര്യങ്ങളുമായി നിർബന്ധമായും മുന്നോട്ടുപോകണം. കൂടാതെ ഇന്നിപ്പോൾ ഏതാണ്ട് മൂവായിരത്തിൽ ശിഷ്ടം കോടി രൂപ പ്രധാനപ്പെട്ട രണ്ട് നാഷണൽ ഹൈവേയ്ക്ക് ആയിട്ട് കേന്ദ്രത്തിൽനിന്ന് അനൗൺസ് ചെയ്തിട്ടുണ്ട്. 3,053 കോടി രൂപ എൻ.എച്ച്-47 ലും എൻ.എച്ച്-17 ലും ആയിട്ടാണ് പ്രധാനമായിട്ടും അനുവദിക്കുന്നത്. അതിന് 60 മീറ്റർ എങ്കിലും നിർബന്ധമായിട്ടും വീതി വേണം എന്നാണ് പറയുന്നത്. കേരളത്തെ സംബന്ധിച്ച് 60 മീറ്റർ വീതി റോഡുകൾക്ക് കിട്ടുക എന്ന് പറയുന്നത് ഒരുപക്ഷേ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ്. ഏതായാലും കഴിഞ്ഞ പ്രാവശ്യം അദ്ദേഹത്തിന്റെ സബ്മിഷന്റെ മറുപടിയിൽ 45 മീറ്ററെങ്കിലും മിനിമം വീതി വേണമെന്ന് അദ്ദേഹം പറയുകയുണ്ടായി. ആ 45 മീറ്റർ വീതി വേണമെങ്കിൽ ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ 60 മീറ്റർ മാർക്ക് ചെയ്യണം. മൊത്തം 60 മീറ്റർ മാർക്ക് ചെയ്തിട്ട് 45 മീറ്റർ അതിനുള്ളിൽ എവിടെയാണ് വരുന്നത് എന്ന് മാർക്ക് ചെയ്ത് ഈ 60 മീറ്ററിലും പുതിയ കെട്ടിടങ്ങൾ ഉണ്ടാകാൻ പാടില്ല എന്ന ഒരു ഓർഡർകൂടി ഇറക്കിയിരിക്കണം. കാരണം എവിടെയാണ് പുതിയ കെട്ടിടങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്നതെന്ന് നേരത്തെ ജനങ്ങൾ മനസ്സിലാക്കണം. അപ്പോൾ സ്വാഭാവികമായിട്ടും 25 കൊല്ലത്തിനുള്ളിൽ ഈ 60 മീറ്റർ ഏറ്റെടുക്കുകയാണെങ്കിൽ അങ്ങനെയുള്ള കെട്ടിടങ്ങൾക്ക് കാര്യമായ കോംപൻസേഷൻ നൽകേണ്ടിവരില്ല. അതുപോലെ എക്സ്പ്രസ് ഹൈവേയ്ക്ക് ഏതാണ്ട് 100 മീറ്റർ വീതി വരുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് കേരളത്തെ രണ്ടായി മുറിക്കും എന്നാണ് പറയുന്നത്. കേരളത്തെ രണ്ടായി മുറിക്കുന്നത് എങ്ങനെയെന്ന് അറിയില്ല. ഇത് ഏതാണ്ട് ഉയർത്തിയ റോഡാണ്-അടിയിൽകൂടി കടക്കണമെങ്കിൽ ഒരു രാജ്യത്തുനിന്നും മറ്റേ രാജ്യത്തേക്കുപോകുന്ന രീതിയാണ് എന്നെല്ലാമാണ് പ്രചരിപ്പിക്കുന്നത്. വിവരം ഇല്ലാത്ത ആളുകൾ ഇങ്ങനെയുള്ള പ്രവർത്തനവുമായി മുന്നോട്ടു പോവുകയാണെങ്കിൽ തീർച്ചയായിട്ടും അത് വളരെ വേദനാജനകമാണ്. ഈ നാടിന്റെ പുരോഗതിക്കുവേണ്ടി ഇങ്ങനെയുള്ള കാര്യങ്ങൾ മുൻകൈയെടുത്ത് നടത്താൻവേണ്ടി ശ്രീ. എം. കെ. മുനീറിനെ സമ്മതിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നാഷണൽ ഹൈവേയുടെ മൊത്തം നീളം എന്ന് പറയുന്നത് 1560 കി.മീറ്റർ മാത്രമാണ്. തീർച്ചയായിട്ടും കേരളത്തിലെ ജനസാന്ദ്രതയും മറ്റെല്ലാം നോക്കുമ്പോൾ ഇത് വളരെ കുറവായ നീളമാണ്. റോഡുകൾ നന്നായില്ലെങ്കിൽ നമുക്ക് 10 കൊല്ലം കഴിയുമ്പോൾ ഒരു കാരണവശാലും വാഹനങ്ങൾക്ക് റോഡിൽകൂടി നീങ്ങാനുള്ള സംവിധാനം ഉണ്ടാകുകയില്ല. അതുപോലെ മറ്റൊരു പ്രധാനപ്പെട്ട കാര്യം, 2005-2006 വർഷത്തേക്ക് നബാഡിൽനിന്നും പ്രതീക്ഷിക്കുന്നത് 350 കോടി രൂപയാണ്. കഴിഞ്ഞ വർഷം ലഭിച്ചത് 120 കോടി രൂപ മാത്രമേയുള്ളൂ. പലപ്പോഴും നമ്മൾ പ്രോജക്ടുകൾ കൊടുക്കുമ്പോൾ നബാഡിനെ സംബന്ധിച്ച് അവരുടേതായ ഒരുപാട് നോംസ് ഉണ്ട്. നമുക്ക് ആവശ്യമുള്ള റോഡുകളല്ല അവർ പലപ്പോഴും നമുക്ക് തരുന്നത്. നമുക്ക് ആവശ്യമുള്ള റോഡുകൾ ലഭിക്കത്തക്ക വിധത്തിൽ തുക ഗ്രാന്റായി കിട്ടുന്നില്ല. അപ്പോൾ കേരളത്തിന് ആവശ്യമുള്ള റോഡുകൾ ഏതാണെന്ന് എല്ലാവരുംകൂടി ചേർന്ന് തീരുമാനിച്ച് കൊടുക്കുന്ന ഒരു സാഹചര്യം നമുക്ക് ഇന്ന് ഉണ്ടാകേണ്ടിയിരിക്കുന്നു. അതുപോലെതന്നെ പി.ഡബ്ലിയു.ഡി. കരാറുകാർക്ക് 2003 വരെയുള്ള കുടിശ്ശിക മാത്രമേ കൊടുക്കാനുള്ള പരിപാടിയുള്ളൂ. ഇത്ര വലിയ കുടിശ്ശിക നമ്മൾ ഇട്ടുകൊണ്ടിരിക്കുകയാണെങ്കിൽ 24 ശതമാനം പലിശ കൂടിയുള്ള തുകയിട്ടാണ് അവർ ടെന്റർ വിളിക്കുന്നത്. സംസ്ഥാനത്തിന് വലിയ ഒരു നഷ്ടമാണ് ഇതുമൂലം സംഭവിക്കുന്നത്. കടമെടുത്താണെങ്കിലും ഇനിയെങ്കിലും കരാറുകാർക്ക് കൊടുക്കാനുള്ള തുക മുഴുവൻ കൊടുത്തുതീർക്കുകയാണെങ്കിൽ നമ്മുടെ ടെന്റർ തുക തീർച്ചയായും കുറയും. ഒരുപാട് പേർക്ക് ടെന്ററിൽ പങ്കെടുക്കാനും റോഡുകളുടെ ക്വാളിറ്റിയെ സംബന്ധിച്ച് ഒരു പ്രത്യേകമായ നിബന്ധനയുണ്ടാക്കുകയാണെങ്കിൽ നല്ല രീതിയിലുള്ള റോഡുകൾ നിർമ്മിക്കാനും സാധിക്കും എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. റോഡുകൾ തകരുന്നതിനുമുൻപുതന്നെ അതിനെക്കുറിച്ച് ഒരു പഠനം നടത്തി അത് തകരാതിരിക്കാൻ എന്തുചെയ്യാൻ സാധിക്കും എന്നതിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രത്യേക പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തീർച്ചയായിട്ടും ഇങ്ങനെയാണ് കാര്യങ്ങൾ നീങ്ങേണ്ടത്. അല്ലാതെ റോഡുകളെല്ലാം തകർന്ന് പൊട്ടിപ്പൊളിഞ്ഞ് കഴിയുമ്പോൾ പുതിയതായിട്ട് സർഫസ് ചെയ്യുന്ന കാര്യങ്ങളെക്കുറിച്ചുള്ള പരിപാടികളുമായി ഒരു കാരണവശാലും നീങ്ങാൻ പാടില്ല. അതുപോലെ 10 മിനിസിവിൽസ്റ്റേഷന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഒരു മിനി സിവിൽസ്റ്റേഷൻ ഉണ്ട്. 1991-ൽ ഈ മിനി സിവിൽസ്റ്റേഷൻ ഒരു റവന്യൂ ടവർ ആയി മാറി. ശ്രീ. പി.ജെ. ജോസഫ് ഞങ്ങൾക്ക് ഒരു ഉപകാരം ചെയ്തു. അത് കാൻസൽ ചെയ്തിട്ട് ഒരു കോഴിക്കൂടുപോലുള്ള മിനി സിവിൽസ്റ്റേഷൻ ഞങ്ങൾക്ക് തരുകയുണ്ടായി. ഏതായാലും ശ്രീ. എം.കെ. മുനീർ വന്ന് ആ കോഴിക്കൂട് മാറ്റി നല്ല രീതിയിലുള്ള, ആരുനോക്കിയാലും മോശമില്ലാത്ത രീതിയിലുള്ള സിവിൽ സ്റ്റേഷന്റെ ടെന്റർ നടപടികൾ ഏതാണ്ട് ആയിട്ടുണ്ട്. എപ്പോൾ പണി തുടങ്ങുമെന്ന് വ്യക്തമായി പറഞ്ഞാൽ ഉപകാരമായിരുന്നു. അതുപോലെതന്നെ കാഞ്ഞിരപ്പള്ളിയിലെ മണിമല മാർക്കറ്റ്, പഴയിടം, ചേനപ്പാടി, എരുമേലിറോഡ്—അതും വളരെ പിൽഗ്രിം പ്രാധാന്യമുള്ള ഒരു റോഡാണ്. ആ റോഡ് എത്രയും പെട്ടെന്ന് ചെയ്തുതീർക്കണമെന്ന് ഞാൻ മന്ത്രിയോട് പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്. അതുപോലെ മെഡിക്കൽരംഗത്ത് ഇന്ന് നേട്ടങ്ങൾ ഉണ്ടായിട്ടില്ല എന്ന് ശ്രീ. കെ.പി. സതീശ് ചന്ദ്രൻ പറയുകയുണ്ടായി. വളരെ തെറ്റായ ഒരു കാര്യമാണ്. മെഡിക്കൽ രംഗത്ത് വലിയ വിപ്ലവകരമായ മാറ്റമാണ് ഇന്ന് ഉണ്ടായിരിക്കുന്നത്. സ്വാശ്രയമേഖലയിൽ ഇന്ന് പുതിയ അഞ്ച് മെഡിക്കൽ കോളേജുകൾ ഉണ്ട്. നിങ്ങൾ പറയുമായിരിക്കും അതുകൊണ്ട് ആർക്കും ഒരു പ്രയോജനവും ഉണ്ടാവുകയില്ല എന്ന്. ഏതായാലും നൂറുകണക്കിന് കോടി രൂപ അന്യ സംസ്ഥാനങ്ങളിലേക്ക് പോകുന്നത് തടയാനും നമ്മുടെ കുട്ടികൾക്ക് കൂടുതൽ സീറ്റുകൾ ഈ മേഖലയിൽ ലഭ്യമാക്കാനുമുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. പുറത്തുള്ള ഫീസ് തന്നെ നമ്മുടെ കുട്ടികളെക്കൊണ്ട് കൊടുപ്പിച്ചിരുന്നു. മെഡിക്കൽ സീറ്റിന് 15 ലക്ഷം, 20 ലക്ഷം, 30 ലക്ഷം രൂപവരെ പുറത്ത് കൊടുത്തിരുന്നു. പി.ജി.ക്ക് ആണെങ്കിൽ 35 ലക്ഷം, 40 ലക്ഷം രൂപവരെ കൊടുത്തിരുന്നു. ഇപ്പോൾ ആ തുകയെല്ലാം കുറഞ്ഞു വന്നിട്ടുണ്ട്. എന്റെ വ്യക്തിപരമായ അഭിപ്രായം പറയുകയാണെങ്കിൽ, അതിന്റെ നിബന്ധനകൾ, ഒരു കോളേജ് സ്വാശ്രയ മേഖലയിൽ വരുമ്പോൾ തീർച്ചയായും ഗവൺമെന്റിന് കൺട്രോൾ വേണം, അതിനുള്ള നിബന്ധനകൾ വേണം, അതിന്റെ സോഷ്യൽ ഒബ്ലിഗേഷൻ, അതെടുക്കുന്ന ആളുകൾ അത് നടത്താനുള്ള പ്രേരണ അവർക്ക് കൊടുത്തിരിക്കണം. പക്ഷെ ഇതെല്ലാം ഉണ്ടാകുകയാണെങ്കിലും, നമ്മൾ മനസ്സിലാക്കേണ്ടത്, എത്ര സീറ്റ് കൂടുതൽ വന്നാലും സാധാരണക്കാരുടെ കുട്ടികൾക്ക് 50 ശതമാനം മെറിറ്റ് സീറ്റുകൾ ലഭ്യമാകുമ്പോൾ, വളരെ നല്ല രീതിയിൽ മെഡിക്കൽ വിദ്യാഭ്യാസം കൊടുക്കുവാൻ സാധിക്കും. അത് ഗവൺമെന്റിന്റെ കഴിഞ്ഞ കാലത്തുണ്ടായ ഒരു വലിയ നേട്ടമാണ്. ശ്രീ. സതീശ് ചന്ദ്രൻ ആ കാര്യത്തെക്കുറിച്ച് യാതൊന്നും തന്നെ പറയാത്തതിൽ എനിക്ക് ദുഃഖമുണ്ട്. അതുപോലെ പുതിയ 45 നഴ്സിംഗ് കോളേജുകളും, 6 ഡെന്റൽ കോളേജുകളും, 7 ആയുർവേദ കോളേജുകളും ഒരു സിദ്ധ മെഡിക്കൽ കോളേജും ആരംഭിച്ചിട്ടുണ്ട്. കൂടാതെ കോട്ടയം മെഡിക്കൽ കോളേജിലെ മാലിന്യങ്ങൾ നീക്കാനായിട്ട് 27 ലക്ഷം രൂപയുടെ ഒരു ഇൻസിനറേറ്ററും

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിച്ചിട്ടുണ്ട്. തീർച്ചയായിട്ടും ഇതെല്ലാം വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. അതുപോലെ ആയുർവ്വേദ മസാജ് പാർലറുകളെപ്പറ്റി പറയുകയാണെങ്കിൽ നമ്മുടെ നാട്ടിൽ ഒരുപക്ഷെ വിദേശികൾക്ക് തെറ്റിദ്ധാരണ വരുന്ന രീതിയിൽ ആയുർവ്വേദ മസാജ് പാർലറുകൾ കൂണുപോലെ മുളച്ചു പൊട്ടിവരികയായിരുന്നു. ആ മസാജ് പാർലറുകൾക്ക് അപ്ഗ്രഡേഷൻ നൽകുവാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കാൻ നടപടി സ്വീകരിക്കണം. കേരളത്തെ സംബന്ധിച്ച് സെക്സ് ടൂറിസത്തെ പ്രോൽസാഹിപ്പിക്കും എന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ വരികയാണെങ്കിൽ നമുക്കെല്ലാവർക്കും അത് വളരെ നാണക്കേടായിരിക്കും. കേരളീയരെ സംബന്ധിച്ച് ഒരിക്കലും നമുക്ക് അംഗീകരിക്കാൻ പാടില്ലാത്ത ഒരു കാര്യമാണ്. അതുകൊണ്ട് അക്കാര്യത്തിൽ എത്രയും പെട്ടെന്ന് ഒരു തീരുമാനം ഉണ്ടാകണം. പിന്നെ വളരെ പ്രധാനപ്പെട്ടത് പൊല്യൂഷൻ കൺട്രോൾ ബോർഡിലെ കാര്യമാണ്. പി.സി.ബി. അല്ലെങ്കിൽ ആരോഗ്യവകുപ്പ് നിരോധിച്ചു എന്നുപറയുന്നു. പലതും സംശയത്തിന്റെ അടിസ്ഥാനത്തിലാണ് നിരോധിക്കുന്നത്. പരിശോധനവരെ നിരോധിക്കുന്നത് നല്ല കാര്യമാണ്. പക്ഷെ മലിനീകരണ വ്യവസ്ഥകൾ പാലിക്കാത്ത ഒരുപാട് സ്ഥാപനങ്ങൾ ഇവിടെയുണ്ട്. ആ സ്ഥാപനങ്ങളുടെ മേൽ കർശന നടപടിയെടുത്തില്ലെങ്കിൽ കേരളത്തെ സംബന്ധിച്ച് നമ്മൾ പറയുന്നത് കേരളം God's own country എന്നാണ്. ഈ God's own country-ലേക്ക് വരികയാണെങ്കിൽ ഇന്ന് എല്ലാ പ്രദേശത്തും മാലിന്യക്കൂമ്പാരങ്ങളാണ്. അപ്പോൾ വളരെ ശക്തമായിട്ടുള്ള രീതിയിൽ അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ നമ്മൾ കണ്ടുപിടിക്കേണ്ടതുണ്ട്. ഇന്ന് കോഴിക്കോട് നഗരസഭയ്ക്കു വേണ്ടി 613 ലക്ഷം രൂപയുടെ മാലിന്യ സംസ്കരണ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചു എന്ന് പറഞ്ഞു. എൻവയോൺമെന്റ് കമ്മിറ്റി അവിടെപ്പോയി പരിശോധിച്ചു. 37 കൊല്ലം ആയിട്ട് ആ സ്ഥലത്ത് ചപ്പുചവറുകൾ ഡെപ്പോസിറ്റ് ചെയ്യുകയാണ് എന്നാണ് പറയുന്നത്. ഒരു കാര്യം മനസ്സിലാക്കണം 37 വർഷം അത് ഒരു വിജനപ്രദേശമായിരുന്നു. ഇന്ന് അത് കോഴിക്കോട് പട്ടണത്തിന്റെ ഒരു ഭാഗമായിത്തീർന്നിരിക്കുകയാണ്. അങ്ങനെ കോഴിക്കോട് പട്ടണത്തിന്റെ ഒരു ഭാഗമായി തീർന്ന ഒരു ഭാഗത്ത് നിങ്ങൾ പറയുന്നു 6 കോടി രൂപയുടെ പ്ലാന്റ് സ്ഥാപിച്ചാൽ ശരിയാകും എന്ന്. ഞങ്ങൾ ഇൻഡ്യയൊട്ടാകെ പോയി ഇങ്ങനെയുള്ള പ്ലാന്റുകൾ കണ്ടതാണ്. ഒരു പ്ലാന്റും ശരിയായ രീതിയിൽ വർക്ക് ചെയ്യില്ല. പ്രത്യേകിച്ച് ഈ പരിപാടി ചെയ്യുന്നത് നഗരത്തിനു പുറത്ത് എവിടെയെങ്കിലും 100 ഏക്കർ സ്ഥലം മേടിച്ച് അതിന്റെ നടുക്കായിട്ട് ഇത് സ്ഥാപിക്കുകയാണെങ്കിൽ ഇതിന് യാതൊരു കുഴപ്പവുമില്ല. അതല്ലാതെ കോഴിക്കോട് ടൗണിനടുത്ത് നടുക്കുതന്നെ സ്ഥാപിക്കണം, ആറ് കോടി രൂപയും മുടക്കണം എന്നുപറഞ്ഞാൽ തീർച്ചയായിട്ടും തെറ്റായ ഒരു കാര്യമാണ്. മന്ത്രി അക്കാര്യത്തിൽ പ്രാദേശികമായ ശ്രദ്ധ ചെലുത്തണം. ഞങ്ങൾ ഇൻഡ്യയിലെ എല്ലാ പട്ടണത്തിലും പോയി, ഞങ്ങൾക്കു മനസ്സിലായത് ഇത് ഇവിടെ നിന്ന് മാറുകയാണെങ്കിൽ കോർപ്പറേഷൻ ഈ സ്ഥലം വിറ്റാൽ 100 ഏക്കറിന് പുറത്ത് വാങ്ങാനുള്ള വില കിട്ടും. എന്തുകൊണ്ടും കോർപ്പറേഷന് അങ്ങനെ ഒരു സ്ഥലം മേടിച്ച് ഈ പ്ലാന്റ് തന്നെ അങ്ങോട്ട് മാറ്റാൻ സാധിക്കട്ടെ, ഇവിടെ സ്ഥാപിച്ചുകഴിഞ്ഞാൽ 6 കോടി രൂപ മുടക്കിക്കഴിഞ്ഞാൽ യാതൊരു കാരണവശാലും അത് മുന്നോട്ടുപോകില്ല, തീർച്ചയായും അതിനൊരു മാറ്റം വരുത്തണം. ഈ സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly

വിറ്റ് മറ്റൊരു സ്ഥലത്തേക്ക്, വേറെ എവിടെയെങ്കിലും വിജനമായി കിടക്കുന്ന സ്ഥലത്ത്, കൊണ്ടുപോയി സ്ഥാപിക്കാവുന്നതേയുള്ളൂ. അപ്പോൾ തീർച്ചയായിട്ടും ഇങ്ങനെയുള്ള കാര്യങ്ങളുമായി മുന്നോട്ടുനീങ്ങണം. ഈ രണ്ടു വകുപ്പുകളെക്കുറിച്ചും പ്രധാനമായിട്ട് പറയാനുള്ള കാര്യങ്ങളെല്ലാം പറഞ്ഞുകഴിഞ്ഞു. ഏതായാലും രണ്ടു മന്ത്രിമാരും ഭംഗിയായ രീതിയിൽ അവരുടെ ഭരണം മുന്നോട്ടുകൊണ്ടുപോകുകയാണ്. മുന്നോട്ടുള്ള കാലങ്ങളിലും അവർ പൊതുജനങ്ങൾക്ക് വളരെ ഗുണകരമായ കാര്യങ്ങളുമായി നീങ്ങുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഈ രണ്ടു വകുപ്പുകളുടേയും ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽ കൂടി പിൻതാങ്ങുന്നു.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ആരോഗ്യ പരിപാലന രംഗത്ത് ഒരു കാലത്ത് അഭിമാനകരമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. ജനങ്ങളുടെ ആരോഗ്യസംരക്ഷണം സർക്കാരിന്റെ മുഖ്യമായ കടമയായി കണ്ടുകൊണ്ട് അലോപ്പതി, ആയുർവ്വേദം, ഹോമിയോ എന്നീ രംഗങ്ങളിൽ ആശുപത്രികളുടെ അതിവിപുലമായ ഒരു ശൃംഖല സൃഷ്ടിച്ചുകൊണ്ടാണ് ഇത്തരത്തിലുള്ള ഒരു നേട്ടം കൈവരിക്കുന്നതിന് നമ്മുടെ സംസ്ഥാനത്തിന് കഴിഞ്ഞത്. ഇന്ന് അത്തരം നേട്ടങ്ങളൊക്കെ പഴങ്കഥകളായി മാറിയിരിക്കുകയാണ്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്തിരുന്ന സാംക്രമിക രോഗങ്ങൾ മലമ്പനി ഉൾപ്പെടെയുള്ള രോഗങ്ങൾ തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ ശ്രീ. സതീശ് ചന്ദ്രൻ ചൂണ്ടിക്കാണിച്ചു അടുത്തകാലത്ത് ഡങ്കിപ്പനിമൂലം 100 കണക്കിന് ആളുകൾ മരണപ്പെടുന്ന ഒരു സംസ്ഥാനമായി നമ്മുടെ സംസ്ഥാനം മാറിയെന്ന്. ഇതിന്റെ പേരിൽ വിദേശ ടൂറിസ്റ്റുകൾ പോലും നമ്മുടെ സംസ്ഥാനത്തേക്ക് വരാത്ത ഒരു സാഹചര്യം സൃഷ്ടിക്കപ്പെട്ടു. ഇപ്പോൾ ഇവിടെ പറഞ്ഞു കോട്ടയം മെഡിക്കൽ കോളേജിൽ ഹെപ്പറ്റൈറ്റിസ്-എ ഉൾപ്പെടെയുള്ള രോഗങ്ങൾ വന്നുവെന്ന്. നമ്മൾ നിയന്ത്രിച്ചിരുന്ന ക്ഷയം, മന്ത് ഉൾപ്പെടെയുള്ള രോഗങ്ങൾ സംസ്ഥാനത്ത് വ്യാപകമായി വരികയാണ്. കേരളം ആരോഗ്യരംഗത്ത് പുതിയ പരീക്ഷണങ്ങളെയാണ് ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്നത്. ഇത്തരത്തിൽ സാംക്രമിക രോഗങ്ങൾ ഉൾപ്പെടെ പടർന്നുപിടിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഇത്തരം രോഗങ്ങൾ വീണ്ടും വരാതിരിക്കുന്നതിനുവേണ്ടി ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ ഇപ്പോഴും തയ്യാറാകുന്നില്ല എന്നുള്ളതാണ് ആരോഗ്യ രംഗത്ത് ഏറ്റവും ഗുരുതരമായിട്ടുള്ള പ്രശ്നം. ഇത്തരം രോഗങ്ങൾ പടർന്നു പിടിക്കുന്ന സമയത്ത് ഇവിടെ ശ്രീ. തോമസ് ചാഴികാടൻ പറഞ്ഞു മന്ത്രി അവിടെ പോയി അതൊക്കെ അന്വേഷിച്ചു എന്ന്. അവിടെ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്? ഡങ്കിപ്പനി വന്നു, അതിനെ നിയന്ത്രിക്കുന്നതിന് കുറെ പണം ചെലവഴിച്ചു, അതിനുശേഷം ഡങ്കിപ്പനി നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി, സ്ഥായിയായി അത് നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി തുടർനടപടികൾ എന്തെങ്കിലും സ്വീകരിക്കുന്നതിന് സർക്കാർ തയ്യാറാകുന്നില്ല; തയ്യാറായിട്ടില്ല എന്നുള്ളത് ഈ രംഗത്ത് ഗുരുതരമായിട്ടുള്ള പ്രശ്നമായി നിലനിൽക്കുകയാണ്. കേരളത്തിലെ ജനങ്ങളിൽ മഹാഭൂരിപക്ഷവും

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴും ചികിൽസയ്ക്കുവേണ്ടി ആശ്രയിക്കുന്നത് സർക്കാർ ആശുപത്രികളെ തന്നെയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ആശുപത്രിയിൽ പൊതുജനാരോഗ്യം സർക്കാരിന്റെ ചുമതലയല്ല എന്നുള്ള നിലയിൽ ചില നടപടികൾ എടുത്തു. സർക്കാർ ആശുപത്രികളിൽ ഉൾപ്പെടെ സ്വകാര്യ പങ്കാളിത്തം കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിക്കാൻ നിങ്ങൾ ശ്രമിച്ചതാണ്. പക്ഷെ കേരളത്തിൽ ഉയർന്നുവന്ന അതിശക്തമായ പ്രതിഷേധത്തിന്റെ ഫലമായി നിങ്ങൾക്ക് അതിൽനിന്ന് പിൻതിരിയേണ്ടി വന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. ആരോഗ്യ വകുപ്പിൽ ബജറ്റ് അലോക്കേഷൻ കുറഞ്ഞു കുറഞ്ഞു വരികയാണ്. 2003-2004-ൽ 53 കോടി രൂപ പ്ലാൻ ഫണ്ടായി ആരോഗ്യ വകുപ്പിനു നൽകിയതിൽ ഈ സാമ്പത്തിക വർഷം അവസാനിക്കാൻ ഇനി 7 ദിവസം ബാക്കിയുള്ളപ്പോൾ 18 ശതമാനം തുക മാത്രമാണ് പ്ലാൻ ഫണ്ടിൽ ചെലവഴിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി അതിന് മറുപടി പറയണം. ഇവിടത്തെ ആശുപത്രികളുടെ സ്ഥിതി എന്താണ്? ആശുപത്രികളിൽ സൗകര്യമില്ല, മരുന്നില്ല, കിടക്കകൾ ഇല്ല. അടിസ്ഥാന സൗകര്യങ്ങൾ ഒന്നുമില്ലാതെ കഷ്ടപ്പെടുമ്പോൾ ഈ 53 കോടി രൂപ കിട്ടിയതുപോലും ചെലവാക്കാതെ ഗുരുതരമായ അനാസ്ഥയാണ് ഇപ്പോൾ ആരോഗ്യവകുപ്പ് കാണിച്ചിട്ടുള്ളത്. ആശുപത്രികളിലെ ഏറ്റവും വലിയ പ്രശ്നം എന്താണ്, നമ്മുടെ ആശുപത്രികളിൽ ഒരു സമയത്ത് മാവേലിസ്റ്റോറിൽ ഉള്ളതിനേക്കാൾ ക്യൂവായിരുന്നു. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ, താലൂക്ക് ആശുപത്രികളിൽ, ജില്ലാ ആശുപത്രികളിൽ എല്ലാം മാവേലി സ്റ്റോറിനേക്കാൾ വലിയ ക്യൂവാണ്. ആശുപത്രികൾ ജനങ്ങളെയാകെ ആകർഷിച്ചിരുന്നു, ചികിൽസയ്ക്കുവേണ്ടി പോയിരുന്നു, എന്നാൽ ഇപ്പോൾ ആശുപത്രികളിൽ അനുഭവപ്പെടുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട് ആവശ്യത്തിന് മരുന്നില്ല എന്നുള്ളതാണ്. രണ്ടാമത്തെ കാര്യം, കേരളത്തിലെ ആശുപത്രികൾ വഴി വിതരണം ചെയ്യുന്ന മരുന്നുകളിൽ 80, 90 ശതമാനം ഗുണനിലവാരം ഇല്ലാത്തതാണ്, Substandard ആണെന്ന് ആരോഗ്യവകുപ്പിന്റെ ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റ് ഫെബ്രുവരിയിൽ പുറത്തിറക്കിയ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് വളരെ ഗൗരവമായി കാണേണ്ടതാണ്. നിങ്ങൾ ആശുപത്രികൾ വഴി വിതരണം ചെയ്ത 80, 90 ശതമാനം മരുന്നും ഗുണ നിലവാരം ഇല്ലാത്തതാണെന്ന ഞെട്ടിക്കുന്ന വാർത്തയാണ് ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റ് പുറത്തുകൊണ്ടുവന്നിരിക്കുന്നത്. മരുന്ന് വാങ്ങുന്നതിനെ സംബന്ധിച്ച് എന്നും വിവാദമാണ്. അങ്ങ് മന്ത്രിയാകുന്നതിനു മുമ്പ് ശ്രീ. ശിവദാസൻ വക്കീലിനു മുമ്പെയാണെന്നു തോന്നുന്നു ഇവിടത്തെ ഒരു ഡി.എച്ച്.എസ്.-നെ സസ്പെൻഡ് ചെയ്യുന്ന ഘട്ടംവരെ എത്തിയത് പർച്ചേസിനെ സംബന്ധിച്ചാണ്. സെൻട്രൽ പർച്ചേസിനെ സംബന്ധിച്ച് എന്നും വിവാദമാണ്. ആ വിവാദത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിഞ്ഞിട്ടുണ്ടോ? അങ്ങ് മന്ത്രിയായതിനുശേഷം ഒരു പർച്ചേസ് പോളിസി പ്രഖ്യാപിച്ചു. ആ പോളിസി വച്ചാണ് ഇവിടെ മരുന്നു വാങ്ങുന്നത്. സെൻട്രൽ പർച്ചേസ് പോളിസിയിൽ അംഗങ്ങൾ ആരൊക്കെയാണ്? ഏറ്റവും ഉന്നതരാണ്. ഡി. എച്ച്. എസ് ഡി.എം.ഇ., ഡ്രഗ്സ് കൺട്രോളർ ഇവരുൾപ്പെട്ട ഉന്നതോദ്യോഗസ്ഥർ അടങ്ങിയ സെൻട്രൽ പർച്ചേസ് കമ്മിറ്റി ചെയ്യുന്നതെന്താണെന്നറിയാമോ? കേരളത്തെയും ആരോഗ്യ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിനെയും കൊള്ളയടിക്കുകയാണ്. ഈ വർഷം നൂറ് കോടി രൂപ നിങ്ങൾ മരുന്നിനുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. എന്താണ് ചെയ്യുന്നതെന്ന് അറിയാമോ? നമ്മുടെ ആശുപത്രികളിൽ ഏതെല്ലാം മരുന്നാണ് ആവശ്യമുള്ളത്; ഇപ്പോൾ ഏതൊക്കെ മരുന്ന് വേണം; ആവശ്യത്തിനനുസരണമായി മരുന്ന് വാങ്ങുന്നതിന് ഡ്രഗ്സ് ഫോർമുലറി കമ്മിറ്റിയുണ്ട്. വിദഗ്ദ്ധരടങ്ങിയ ആ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് മരുന്നു വാങ്ങണമെന്നാണ് നിഷ്ക്കർഷ. പക്ഷെ ഇവിടെ സംഭവിക്കുന്നതെന്താണ്? കേരളത്തിൽ ആവശ്യംപോലെ മരുന്ന് വാങ്ങിക്കൂട്ടുകയാണ്. പക്ഷെ ആശുപത്രികളിൽ ചെന്നാൽ ആവശ്യത്തിനുള്ള മരുന്നില്ല. കാരണമെന്താണെന്നറിയാമോ? കേരളത്തിലെ മരുന്നു മാഫിയയുടേയും ഉദ്യോഗസ്ഥ വൃന്ദത്തിന്റേയും കൂട്ടുകെട്ടാണ് ഇപ്പോഴും മരുന്നുവാങ്ങിക്കുന്നതിൽ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ക്ഷയ രോഗത്തിന് മരുന്നു വാങ്ങിയതിനെ സംബന്ധിച്ച് ആരോഗ്യ വകുപ്പിൽ—അങ്ങ് അറിഞ്ഞുകാണുമോയെന്നറിയില്ല—ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. ക്ഷയരോഗത്തിന് സൈക്ലോസെറിൻ എന്ന വിലകൂടിയ ഒരു മരുന്നുണ്ട്. ഈ മരുന്ന്, 250 എം.ജി.-ക്ക് മെഡിക്കൽ സ്റ്റോറുകളിൽ ഇതിന്റെ വില 40 രൂപ മാത്രമാണ്. സെൻട്രൽ പർച്ചേസ് കമ്മിറ്റി വാങ്ങിച്ചത് എത്ര രൂപയ്ക്കാണെന്നറിയാമോ? 125 രൂപ വച്ചാണ്. 125 രൂപ വച്ച് സി.പി.സി. മരുന്നു വാങ്ങിക്കുകയും കേരളത്തിലെ ടി.ബി. ആശുപത്രികളിൽ സപ്ലൈ ചെയ്യുകയും ചെയ്തു. ആ മരുന്ന് ആശുപത്രികളിൽ എത്തിയപ്പോൾ ഉദ്യോഗസ്ഥർക്ക് ചില സംശയങ്ങൾ വന്നു. നാൽപ്പത് രൂപയ്ക്ക് മെഡിക്കൽ സ്റ്റോറുകളിൽ കിട്ടുന്ന ഈ മരുന്ന് സി. പി. സി. എങ്ങനെ 125 രൂപയ്ക്ക് വാങ്ങി? അന്വേഷണം ആരംഭിച്ചപ്പോൾ അതിന്റെ വില അറുപത് രൂപയായി കുറച്ചുകൊണ്ട് ഈ മരുന്ന് വീണ്ടും വിൽക്കാൻ തുടങ്ങി. എന്താണ് സർ? ചോദിക്കാനും പറയാനും ആള് ഉണ്ടോ? ഇതിനെ നിയന്ത്രിക്കുന്നത് ആരാണ്? "മദയാനയെ ചങ്ങലയ്ക്കിടാം, പക്ഷെ ചങ്ങലയ്ക്ക് ഭ്രാന്തു പിടിച്ചാലോ"? *ഡി.എം.ഇ. യും ഡി.എച്ച്.എസും. ഡ്രഗ്സ് കൺട്രോളറുമൊക്കെ അടങ്ങിയ സി.പി.സി. അതീവഗുരുതരമായി കേരളത്തിലെ മരുന്നുമാഫിയയുമായി കൂട്ടുചേർന്ന് കേരളത്തിന്റെ ഖജനാവ് കൊള്ളയടിക്കുകയാണ് എന്ന് ഞാൻ ഗുരുതരമായ ആരോപണമുന്നയിക്കുകയാണ്. മന്ത്രിക്ക് ഇക്കാര്യത്തിൽ ഇച്ഛാശക്തിയുണ്ടെങ്കിൽ, മന്ത്രിയുടെ കരങ്ങൾ ശുദ്ധമാണെങ്കിൽ, ഈ സി.പി.സി.യുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് നിയമസഭാസമിതിയെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ തയ്യാറുണ്ടോ? കഴിഞ്ഞ കാലത്തെ സി.പി.സി.യുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അവർ അന്വേഷിക്കട്ടെ, ഏതു കാലത്തെ പർച്ചേസിനെപ്പറ്റിയും അവർ അന്വേഷിച്ചുകൊള്ളട്ടെ! .....(ബഹളം.....)

*File No. 187/ഇ. ബി./2003/ലെജി. തീയതി 7-4-2005 പ്രകാരം നിലനിർത്താൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹീദ്: സർ,.....

മി. ചെയർമാൻ: എഴുതി കൊടുക്കാത്ത ആരോപണമാണെങ്കിൽ പരിശോധിച്ചു ആവശ്യമായിട്ടുള്ള നടപടി കൈക്കൊള്ളാം.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: ശ്രീ. പി. ടി. തോമസ് അന്വേഷിച്ചോ; സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് നിയമസഭാ സമിതി അന്വേഷിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്. മന്തുരോഗത്തിന്റെ മരുന്നു വിതരണത്തെ സംബന്ധിച്ച് ഒരുപാട് സംശയങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഇതു സംബന്ധിച്ച് നിയമസഭയിൽ ശ്രീ. പി.എസ്. സുപാൽ തന്നെ ഒരു സബ്മിഷൻ ഉന്നയിച്ചു. മന്തുരോഗമരുന്നിന്റെ വിതരണത്തെ സംബന്ധിച്ച് വിദഗ്ദ്ധ സമിതി അന്വേഷിച്ചു എന്നാണ് അങ്ങ് പറഞ്ഞത്. എന്നാൽ വന്നുകൊണ്ടിരിക്കുന്ന വിവരമെന്താണ്? .....(ബഹളം).....

ശ്രീ. എം. എ. വാഹീദ്: സർ,.....(ബഹളം)

മി. ചെയർമാൻ: 'എഴുതിക്കൊടുക്കാതെ ആരോപണം ഉന്നയിച്ചിട്ടുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമായ നടപടി കൈക്കൊള്ളും.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: നമ്മുടെ അയൽ സംസ്ഥാനങ്ങളുൾപ്പെടെ, ഈ മരുന്നു കഴിച്ച് നിരവധിയാളുകൾ മരണപ്പെട്ടു എന്നുള്ള വാർത്ത വന്നിട്ടുണ്ട്. തമിഴ്നാട്ടിൽ 6 പേർ, ആന്ധ്രയിൽ 9 പേർ, കർണ്ണാടകത്തിൽ നാലുപേർ. ഇത്രയും ആളുകൾ ഈ മരുന്നുകഴിച്ച് മരിച്ചതായിട്ടുള്ള വാർത്ത വന്നുകൊണ്ടിരിക്കുന്നു. ഈ മരുന്ന് വിതരണം നടത്തരുതെന്ന് പല കേന്ദ്രങ്ങളിൽ നിന്നും അഭിപ്രായം വന്നിരിക്കുന്നു. ബഹുമാന്യനായ മന്ത്രിയോട് ചോദിക്കുന്നു വിശദമായ പരിശോധന നടത്താതെ ധൃതിപിടിച്ച് മന്തുരോഗത്തിനുള്ള മരുന്ന് വിതരണം എന്തിനാണ് നടത്തുന്നത്? ധൃതിപിടിച്ച് എന്തിന് നടത്തുന്നു? ഇതിനെ സംബന്ധിച്ച്, മെഡിക്കൽ ബോർഡ് ഉൾപ്പെടെയുള്ള വിദഗ്ദ്ധ സമിതി പിരശോധന നടത്താതെ ധൃതിപിടിച്ചുള്ള ഈ മരുന്നുവിതരണം നിറുത്തിവയ്ക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. പി.എച്ച്.സി.യുടെ പ്രവർത്തനത്തെ സംബന്ധിച്ചാണ് എനിക്ക് പറയാനുള്ളത്. ശ്രീ. കടവൂർ ശിവദാസൻ മന്ത്രിയായിരുന്നപ്പോൾ 2004 ജൂലൈ 15-ന് ഈ സഭയിൽ ഒരു പ്രഖ്യാപനം നടത്തിയത് എന്താണെന്നറിയാമോ? കേരളത്തിലെ പി.എച്ച്.സി.കളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പോകുകയാണ്, ഡോക്ടർമാർക്ക് ക്വാർട്ടേഴ്സ് പണിതും, അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കിയും പി.എച്ച്.സി.കളിലെല്ലാം ഒരു വർഷം കൊണ്ട് ഇൻപേഷ്യന്റ് വിഭാഗം തുറന്നുപ്രവർത്തിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമെന്നാണ് ശ്രീ. കടവൂർ ശിവദാസൻ പ്രഖ്യാപിച്ചത്. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ചോദിക്കുന്നു; എന്തായി?

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: മെമ്പറുടെ സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: 201 ആശുപത്രികളിൽ ആദ്യം തുടങ്ങുമെന്ന് പ്രഖ്യാപിച്ചു. എത്ര സ്ഥലത്തു തുടങ്ങിയെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. എത്ര സ്ഥലത്തു തുടങ്ങി, ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റാണോ ഇവിടെ ഭരിക്കുന്നത്? എത്ര സ്ഥലത്തു തുടങ്ങിയെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. ഞാൻ എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ച് പറയാം. നെടുമങ്ങാട് താലൂക്ക് ആശുപത്രിയുടെ സ്ഥിതിയെന്താണ്? തിരുവനന്തപുരം ജില്ലയിലെ എല്ലാ താലൂക്ക് ആശുപത്രികളിലും കാഷ്വാലിറ്റിയുൾപ്പെടെ പ്രവർത്തനം നടക്കുകയാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: ആയിരക്കണക്കിന് തോട്ടം തൊഴിലാളികൾക്ക് ആശ്വാസം നൽകുന്ന നെടുമങ്ങാട് താലൂക്ക് ആശുപത്രിയിൽ ഇതുവരെ കാഷ്വാലിറ്റി വിഭാഗം പ്രവർത്തിപ്പിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല; ഇക്കാര്യം ആവർത്തിച്ചാവർത്തിച്ച് ആവശ്യപ്പെട്ടിട്ടുള്ളതാണ്. നെടുമങ്ങാട് താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി വിഭാഗം തുറന്നുപ്രവർത്തിപ്പിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. പൊതുമരാമത്തു വകുപ്പിനെ സംബന്ധിച്ച് ഒരു കാര്യം മാത്രം പറയുന്നു.

മി. ചെയർമാൻ: ശ്രീ. ടി. പി. എം. സാഹിർ,.....

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: പൊതുമരാമത്തു വകുപ്പിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു, കഴിഞ്ഞ സമ്മേളനക്കാലത്തെ ചർച്ച ഞങ്ങളെല്ലാം അംഗീകരിച്ചതാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഒരു കാര്യം കൊണ്ടു വരുകയാണ്, വീണ്ടും റോഡുകൾ വികൃതമാകുകയാണ്.

മി. ചെയർമാൻ: ശ്രീ. ടി. പി. എം. സാഹിർ,.....

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: കാരണമെന്താണെന്നറിയില്ല, റോഡുകൾ വീണ്ടും വികൃതമാകുകയാണ്. .....

മി. ചെയർമാൻ: പ്ലീസ്, കൺക്ലൂഡ്.....പ്ലീസ്.....ശ്രീ. ടി.പി.എം. സാഹിർ, യേസ്, യേസ്.....ബഹുമാനപ്പെട്ട മെമ്പർ സഹകരിക്കണം. വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് പറയുന്നത്. നേരത്തെ പറയണമായിരുന്നു, സമയം കഴിഞ്ഞു. ശ്രീ. ടി.പി.എം. സാഹിർ അങ്ങേയ്ക്ക് പ്രസംഗിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹീദ്: സർ, *ഇവിടെ എഴുതിക്കൊടുക്കാതെ ഉന്നയിച്ച ആരോപണങ്ങൾ രേഖയിൽ ഉണ്ടാകാൻ പാടില്ല. അത് എക്സ്പഞ്ച് ചെയ്യണം. എഴുതിക്കൊടുക്കാതെ ശ്രീ. മാങ്കോട് രാധാകൃഷ്ണൻ സർക്കാരിന് എതിരായി ഉന്നയിച്ച അഴിമതിയാരോപണങ്ങൾ രേഖയിൽ ഉണ്ടാകാൻ പാടില്ല. റൂൾ 307 അനുസരിച്ച് അത് എക്സ്പഞ്ച് ചെയ്യണം.

മി. ചെയർമാൻ: ഞാൻ നേരത്തെ പറഞ്ഞു, എഴുതിക്കൊടുക്കാത്ത ആരോപണമാണ് ഉന്നയിച്ചതെങ്കിൽ അത് പരിശോധിച്ച് നടപടി സ്വീകരിക്കും. അതുകൊണ്ടാണ് ഞാൻ പരിശോധിച്ച് നടപടിയെടുക്കുമെന്ന് പറഞ്ഞത്.

[അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ:]

ശ്രീ. ടി. പി. എം. സാഹിർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. വളരെ അഭിമാനകരമായ ഒരു കാലഘട്ടത്തിലൂടെയാണ് പി.ഡബ്ല്യൂ.ഡി. നീങ്ങിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ നാല്

12.00 NOON] വർഷമായി നാം അത് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട തൃക്കരിപ്പൂർ എം. എൽ. എ. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ യാഥാർത്ഥ്യങ്ങൾക്ക് നിരക്കാത്ത ഒരു പ്രസ്താവന ഇവിടെ നടത്തി. പി.ഡബ്ല്യൂ.ഡി. റോഡുകളെ സംബന്ധിച്ചിടത്തോളം തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ സഞ്ചരിച്ചാൽ ആർക്കും മതിപ്പ് തോന്നുന്ന ഒരു കാലഘട്ടമാണ് കഴിഞ്ഞ 4 വർഷം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് ഏത് കാര്യമാണെന്ന് സൂചിപ്പിച്ചാൽ അതിനുവേണ്ട നടപടി എടുക്കാമെന്നല്ലാതെ അതിന് മറുപടി പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. 1,610 കോടി രൂപയുടെ കെ.എസ്.ടി.പി പ്രോജക്ടുകൾ, 52 പുതിയ റോഡുകൾ, 55 പുതിയ പാലങ്ങൾ, 26,150 കിലോമീറ്റർ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ വികസനം എന്നിവ നടത്തിയിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് കേന്ദ്ര ഗവൺമെന്റുമായി നിരന്തരമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എൻ.എച്ച് 47, എൻ.എച്ച് 17 മുതലായവ വികസിപ്പിക്കുന്നതിന് 3,053 കോടി രൂപയുടെ പദ്ധതി അംഗീകരിപ്പിക്കാൻ സാധിച്ചു എന്നുള്ളതാണ്. ഇവിടെ സാധാരണ പ്രതിപക്ഷം കൊണ്ടുവരുന്ന ഒരു ന്യായമാണ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നില്ല എന്നുള്ളത്. പി.ഡബ്ല്യൂ.ഡി-യെ സംബന്ധിച്ചിടത്തോളം എൻ.എച്ച്. 4 ലൈനാക്കി വികസിപ്പിക്കാൻ 3,053 കോടി രൂപയുടെ പ്രോജക്ട് അവതരിപ്പിക്കുകയും അത് കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്തിരിക്കുകയാണ്. ബിൽഡിംഗ് സിനെ സംബന്ധിച്ചിടത്തോള മാണെങ്കിൽ, മിക്ക ബിൽഡിംഗുകളുടെയും പണി പൂർത്തിയാക്കാത്ത ഘട്ടമായിരുന്നു. 1992-ൽ തുടങ്ങിയ ഹൈക്കോർട്ട് ബിൽഡിംഗ് കോംപ്ലക്സ് 52,250 എം^{2} ഒൻപത് നില പണിയാൻ 70 കോടി രൂപ ഇപ്പോൾ ചെലവാക്കി. മതിപ്പ് ചെലവ് 80 കോടി രൂപയാണ്. ഇനി ഇതിന്റെ മിനുക്ക് പണികൾ മാത്രമേ ബാക്കിയുള്ളൂ. മൂന്ന് മാസം കൊണ്ട് ഇതിന്റെ ഉദ്ഘാടനം ചെയ്യാൻ സാധിക്കും. അതുപോലെതന്നെ പുതിയ എം.എൽ.എ. ഫ്ളാറ്റുകളുടെ കാര്യം. ഫസ്റ്റ് ബ്ലോക്കും സെക്കന്റ് ബ്ലോക്കും ഉദ്ഘാടനം ചെയ്തത് ഈ ഗവൺമെന്റിന്റെ കാലത്താണ്. 2001 മുതൽ 2005 വരെയുള്ള വർഷത്തിനിടയ്ക്ക് എം.എൽ.എ.മാരുടെ രണ്ട് ഫ്ളാറ്റ് 13 കോടി

*File No. 197/ഇ.ബി/2003/ലെജി. dated 7-5-2005 പ്രകാരം നിലനിറുത്താൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

രൂപ ചെലവിൽ പൂർത്തീകരിച്ചു. 14 മിനി സ്റ്റേഷൻ വർക്കുകൾ പുരോഗമിക്കുന്നു. നാഷണൽ ഹൈവേയുടെ ബി.എം. ആന്റ് എ.സി. ചെയ്ത് 983 കിലോമീറ്റർ പണി 195 കോടി രൂപ ചെലവഴിച്ച് നടത്തി. അത് വലിയ അഴിമതിയാണെന്ന് 2003-ൽ ഒരു ആരോപണമുണ്ടായിരുന്നു. 25 ലക്ഷം രൂപ കിലോമീറ്ററിന് സാധാരണ റോഡിനുള്ളപ്പോൾ ഇതിന് 150 ലക്ഷം രൂപ ചെലവാക്കുന്നു എന്നുപറഞ്ഞ് ഒരു വലിയ ആരോപണമുണ്ടായിരുന്നു. പക്ഷേ ഇന്ന് ആ ആരോപണമില്ലാതെ നാം അത് അനുഭവിക്കുകയാണ്. കാരണം റോഡിന്റെ സ്പെസിഫിക്കേഷനിലും വിഡ്ത്തിലും തിക്ക്നസിലും ഘടനയിലും വന്ന മാറ്റം കൊണ്ടാണ് മുൻപ് 10 സെന്റിമീറ്റർ മാത്രം ബ്ലാക്ക്ടോപ്പിംഗ് നടത്തിയ സ്ഥാനത്ത് ഇപ്പോൾ ചെയ്യുന്നത് 25 സെന്റീമീറ്റർ Bitumen and Astral concrete (ബി. എം. ആന്റ് എ. സി.) പ്രകാരമാണ്. പുതിയ റോഡുകളുടെ നില തന്നെ, സ്റ്റാൻഡേർഡ് തന്നെ മാറ്റിക്കൊണ്ട് ലെവൽ ചെയ്തുകൊണ്ടുള്ള ഒരു സംവിധാനമാണ്. ഡൽഹിയിൽ പോയാൽ മാത്രം കാണുന്ന രാജപാത, അതായത് പ്രസിഡന്റിന്റെ വീട് മുതൽ ഇൻഡ്യാഗേറ്റ് വരെയുള്ള റോഡ് പോലെയാണ് ഇന്ന് കേരളത്തിലെ മിക്ക റോഡുകളും. അതുകൊണ്ടുതന്നെ ഞാൻ പറയുന്നു, പി.ഡബ്ല്യൂ.ഡി.യെ സംബന്ധിച്ചിടത്തോളം ഇന്ന് ഒരു സുവർണ്ണ കാലഘട്ടമാണ്. എന്താണ് റെയിൽവേ ഓവർബ്രിഡ്ജുകളുടെ സ്ഥിതി? ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി നായനാർ 33 റെയിൽവേ ഓവർബ്രിഡ്ജുകളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. എന്ത് ഉദ്ഘാടനമാണെന്ന് അറിയാമോ? തറക്കല്ലിടൽ. ഇപ്പോഴും അത് അവിടെ കിടക്കുകയാണ്. തറക്കല്ലിട്ട് പോയി എന്നല്ലാതെ അതിനുവേണ്ട സ്ഥലമെടുപ്പ് നടത്തിയിട്ടില്ല. 7 റെയിൽവേ പാലങ്ങളുടെ ഉദ്ഘാടനം കഴിഞ്ഞു. 11 റെയിൽവേ പാലങ്ങളുടെ പണി വിവിധ സ്റ്റേജിലാണ്. അതുപോലെതന്നെ പുലാമന്തോൾ ബ്രിഡ്ജ്, നിങ്ങൾക്കറിയാം ബ്രിട്ടീഷുകാരുടെ കാലത്ത് ഉണ്ടാക്കിയ പഴയ ഇരുമ്പുപാലം, ആ പ്രദേശം തന്നെ cut off ആയിപ്പോയി. സമയബന്ധിതമായി കേവലം 9 മാസത്തിനുള്ളിൽ പുലാമന്തോൾ ബ്രിഡ്ജ് 2.15 കോടി രൂപ ചെലവിൽ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ നിർവ്വഹിക്കുകയുണ്ടായി. നിങ്ങൾക്കറിയാം, വേൾഡ് ബാങ്ക് കെ.എസ്.ടി.പി. പ്രോജക്ടിൽ 2002-ൽ തുടങ്ങി 2007-ൽ കംപ്ലീറ്റ് ചെയ്യുന്ന Upgradation of State Highways with increased width വളരെ നല്ല നിലയിൽ ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുകയാണ്. 1632 കോടി രൂപയുടെ സ്റ്റേറ്റ് എക്സ്പെന്റിച്ചറിൽ അത് ചെയ്യുകയാണെങ്കിലും ഇവിടെ ഒരു അപാകത ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സ്ഥലമെടുപ്പിന്റെ കാര്യത്തിൽ കെ.എസ്.ടി.പി. പ്രോജക്ടുകളുടെ പ്രവർത്തനവും ഇന്ന് മന്ദഗതിയിലാണ്. പ്രോജക്ടിൽ തന്നെ പറയുന്നു 17 ശതമാനവും 32 ശതമാനനവും സെക്കന്റ് സ്റ്റേജും ഫസ്റ്റ് സ്റ്റേജുമായി തീർക്കാൻ മാത്രമേ അവർക്ക് സാധിച്ചിട്ടുള്ളൂ. സ്പീഡ് ട്രാക്ക് പാക്കേജിലൂടെ സ്ഥലമെടുത്താൽ മാത്രമേ നമുക്ക് റോഡുകൾ വികസിപ്പിക്കാൻ സാധിക്കുകയുള്ളൂ. അതിനായി പ്രത്യേക നിയമം കൊണ്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ തന്നെയാണ് acquisition procedure ലുള്ള കാലതാമസവും. സാധാരണ പഞ്ചായത്ത് റോഡായാലും പി.ഡബ്ല്യൂ.ഡി. റോഡായാലും കോർപ്പറേഷൻ റോഡായാലും ഇന്ന് അനുഭവിക്കുന്ന കഷ്ടതകൾ ഏറെയാണ്. എന്റെ മണ്ഡലത്തിൽ 1992-ൽ നിർമ്മിച്ച ഒരു പാലത്തിന് അപ്രോച്ച് റോഡ് ഉണ്ടാക്കുന്നതിനുള്ള എം.എൽ.എ. പ്രൊസിഡ്യൂവറിന് വേണ്ടി മൂന്നര

LIBRARY ARCHIVES Kerala Legislative Assembly

വർഷമാണ് നിരന്തരം പ്രവർത്തിച്ചത്. ഒരു ഓർഡർ കിട്ടിയതിന്റെ അടിസ്ഥാനത്തിൽ അടുത്ത ഒന്നാം തീയതി ആ അപ്രോച്ച് റോഡിന്റെ വർക്ക് തുടങ്ങുന്നത് അടക്കം ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. മന്ത്രി സമ്മതിച്ചത് വളരെ സന്തോഷത്തോടുകൂടി ഞാൻ ഓർക്കുകയാണ്. അങ്ങനെ പി.ഡബ്ല്യു.ഡി.യുടെ കാര്യത്തിൽ ഒരു സുവർണ്ണ കാലഘട്ടം ഇന്ന് രചിച്ചുകൊണ്ടിരിക്കുകയാണ്. ഇനി അടുത്ത ധനാഭ്യർത്ഥന ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റേതാണ്. മെഡിക്കൽ കോളേജുകളുടെ സ്ഥിതിയിൽ കാര്യമായ പുരോഗതി വരുത്താൻ സ്വാശ്രയ മെഡിക്കൽ കോളേജുകൾ അനുവദിച്ചതുകൊണ്ട് സാധിച്ചു. 5 പുതിയ മെഡിക്കൽ കോളേജുകളുടെയും 6 ഡെന്റൽ കോളേജുകളുടെയും 45 നഴ്സിംഗ് കോളേജുകളുടെയും പ്രയോജനം കൊണ്ട് ഏകദേശം 500 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് കേരളത്തിലെത്തിക്കാൻ നമുക്ക് സാധിച്ചു. 1,50,000 പേർക്ക് തൊഴിൽ നൽകാൻ സാധിച്ചു. ഇതിന്റെ ആരംഭകാലത്തിൽ സ്വാശ്രയ കോളേജുകളെ എതിർത്തുകൊണ്ട് പ്രതിപക്ഷം ഇവിടെ വലിയൊരു ബഹളം തന്നെ നടത്തിയിരുന്നു. പ്രതിപക്ഷ എം.എൽ.എ. മാരുടേതായാലും പ്രതിപക്ഷ നേതാവിന്റെയായാലും മക്കൾ പഠിച്ചത് ഈ സ്വാശ്രയ കോളേജുകളിലാണ്. അവർക്ക് പഠിക്കാൻ പറ്റുമെങ്കിൽ എന്തുകൊണ്ട് ബാക്കിയുള്ള വിദ്യാർത്ഥികൾക്ക് പഠിച്ചുകൂടാ? അതിനുള്ള സൗകര്യം ചെയ്തുകൊടുത്തുകൂടാ? ഈ ഗവൺമെന്റിന്റെ നയവ്യതിയാനത്തിലൂടെ ഇന്ന് കേരളം ജോലി ലഭ്യതയുടെ കാര്യത്തിൽ, ഒരളവോളം അനുഭവിക്കുന്ന സുഖം സ്വാശ്രയ സ്ഥാപനങ്ങളുടെ ആവിർഭാവത്തോടുകൂടിയുണ്ടായതാണ്. പാരാ മെഡിക്കൽ കോളേജുകളിൽ പഠിച്ച ഒരുപാട് വിദ്യാർത്ഥികൾ ഇവിടെയുണ്ട്. അതുപോലെതന്നെ മെഡിക്കൽ കോളേജുകളിൽ നഴ്സുമാരായി ജോലി കിട്ടാൻ സാദ്ധ്യതയുള്ള ഒരുപാട് ആളുകൾ അന്യനാടുകളിലേക്ക് പോകുന്ന ഈ കാലഘട്ടത്തിൽ ഇവിടെ ഇത്രയും പുതിയ സ്ഥാപനങ്ങൾ വന്നതുകൊണ്ട് ഏകദേശം നല്ലൊരു ജോലി സാദ്ധ്യത ഉണ്ടാക്കിയെടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഗവൺമെന്റ് തലത്തിൽ കോട്ടയം ഡെന്റൽ കോളേജ് സ്ഥാപിച്ചു. അതുപോലെയാണ് വലിയൊരു പ്രോജക്ട് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്, ടെലിമെഡിസിൻ പ്രോജക്ട് ഏഴ് മെഡിക്കൽ കോളേജുകളെയും വിവിധ ഡിസ്ട്രിക്ട് ഹോസ്പിറ്റലുകളേയും കണക്റ്റ് ചെയ്തുകൊണ്ട് ഇന്ന് കമ്പ്യൂട്ടർ വഴി അന്യനാട്ടിലുള്ള ഡോക്ടർമാരെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള ചികിത്സാ സമ്പ്രദായം നിലവിലുണ്ട്. അത് സാധാരണ ജനങ്ങൾക്ക് കിട്ടത്തക്ക വിധത്തിൽ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് ടെലിമെഡിസിൻ പ്രോജക്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. തൃശ്ശൂരിൽ കൊബാൾട്ട് തെറാപ്പി യൂണിറ്റും ഇൻസിനറേറ്ററും സ്ഥാപിച്ചു. അതുപോലെതന്നെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 50 ലക്ഷം രൂപ ചെലവിൽ മെഡിക്കൽ ഐ.സി. യു. സ്ഥാപിച്ചു. ഇതെല്ലാം ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള നേട്ടങ്ങളാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്പെഷ്യാലിറ്റി കോംപ്ലക്സിന്റെ പണി പൂർത്തീകരിച്ചതും ഈ കാലഘട്ടത്തിൽ തന്നെയാണ്. അതും 1994-ൽ ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രി എം.എൽ.എ. ആയിരിക്കുമ്പോഴ് തുടങ്ങിയതാണ്. പക്ഷേ ഈ കാലഘട്ടത്തിലാണ് അത് പൂർത്തിയാക്കാൻ സാധിച്ചത്

LIBRARY ARCHIVES Kerala Legislative Assembly

ഞാനിവിടെ ഒരു നിർദ്ദേശം വയ്ക്കുകയാണ്. സാധാരണ ഹൈക്കോർട്ട് വിധിയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ കോൺട്രാക്ടർമാർക്ക് പേമെന്റ് നൽകുന്നത് പ്രത്യേക തരത്തിലുള്ള വ്യവസ്ഥയിലാണ്. അതിൽ മെഡിക്കൽ കോളേജുകളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ കക്കൂസുകളും എല്ലാം ഒരേ പട്ടികയിലാണ്. ഇതിനൊരു മാറ്റം വേണം. കാരണം നിങ്ങൾക്കറിയാം, ആശുപത്രിയുടെ ആവശ്യകത. അതുകൊണ്ട് കോടതിയിൽ പുതിയതായി ഒരു റെപ്രസന്റേഷൻ നൽകി ആശുപത്രികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളെയും വർക്ക് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തണം. ഇവിടെ ഇപ്പോൾ മരുന്നിന്റെ കാര്യത്തെപ്പറ്റി പറഞ്ഞു. മെഡിക്കൽ കോളേജുകളുടെ നടത്തിപ്പിനെ സംബന്ധിച്ചിടത്തോളം മരുന്നിന്റെ ലഭ്യത സ്റ്റാഫ് Strength എന്നിവയെക്കുറിച്ച് പറഞ്ഞു. കോഴിക്കോട് മെഡിക്കൽ കോളേജിനെ സംബന്ധിച്ചിടത്തോളം എന്റെ മണ്ഡലത്തിലായതുകൊണ്ട് അത് പൂർണ്ണമായും പഠിച്ച ഒരു വ്യക്തി എന്ന നിലയിൽ അതിനെപ്പറ്റി എനിക്കറിയാം, 1960-ലെ സ്റ്റാഫ് ഫിക്സേഷൻ അനുസരിച്ചാണ് ഇപ്പോഴും അവിടെ സ്റ്റാഫിനെ നിയമിക്കുന്നത്. അത് 2005-ലെത്തി നിൽക്കുമ്പോൾ ഇന്നത്തെ ജനസംഖ്യാ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഈ സ്റ്റാഫ് ഫിക്സേഷൻ മാറ്റണം. അവിടുത്തെ ബെഡ്ഡിന്റെ എണ്ണം കൂട്ടണം. സ്പെഷ്യാലിറ്റി ബ്ലോക്കിൽ തന്നെ കഴിഞ്ഞ ദിവസം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു കോൺഫറൻസ് നടത്തുകയുണ്ടായി. അതിൽ ആവശ്യപ്പെട്ട അഞ്ചാറ് വിഭാഗങ്ങൾ അങ്ങോട്ട് മാറ്റണമെന്നുണ്ടെങ്കിൽ ഏകദേശം 230 കോടി രൂപ ആവശ്യമാണ്. നമ്മുടെ ബഡ്ജറ്റിലെ പണം ഏകദേശം ആവശ്യമാണ്. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ഡെവലപ്മെന്റിനുവേണ്ടി ഹഡ്കോയിൽ നിന്ന് 230 കോടി രൂപ ലോൺ വാങ്ങി ചെലവാക്കി. 5.5 കോടി രൂപ റിക്വസ്റ്റ് ചെയ്തിരിക്കുന്നത് സ്റ്റാഫിനും ഉപകരണം വാങ്ങാനുമാണ്. അത് ഏത് വിധേനയും നടത്തണമെന്നാണ്. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുണ്ടാക്കാൻ വർഷങ്ങളെടുത്തു. സ്റ്റാഫില്ലാത്തതുകൊണ്ടും വിവിധതല മെഡിക്കൽ ഉപകരണങ്ങൾ വാങ്ങാനുള്ള കഴിവില്ലാത്തതുകൊണ്ടും ആ ബിൽഡിംഗ് അവിടെ നോക്കുകുത്തിയായി നിൽക്കാൻ പാടില്ല. ഇന്ന് ഇൻഡസ്ട്രിയിൽ ലോ റേറ്റിൽ ഏകദേശം ഏഴിനും ഏഴര ശതമാനത്തിനും ലോൺ തരാൻ ബാങ്കുകൾ മത്സരിക്കുന്ന ഒരു കാലഘട്ടമാണ്. 2005-ലെ എസ്റ്റിമേറ്റ് പ്രകാരം ഒരു ഉപകരണത്തിന് 235 ലക്ഷം രൂപയാണെങ്കിൽ 2006 ആകുമ്പോൾ അതിന് 300 ലക്ഷം രൂപവരെയാകുന്നു. അതേസമയത്ത് ഇപ്പോൾ ഈ ഇന്ററസ്റ്റിൽ ലോൺ വാങ്ങുകയാണെങ്കിൽ ഈ വർദ്ധനവും ഇന്ററസ്റ്റും തമ്മിൽ വലിയ അന്തരമുണ്ടാകും. അതുകൊണ്ടുതന്നെ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് ഹഡ്കോ പോലുള്ള സ്ഥാപനങ്ങളിൽ നിന്ന് ലോൺ എടുക്കുവാൻ ഗവൺമെന്റ് പുതിയ പദ്ധതികൾ കൊണ്ടുവരണമെന്നാണ് എനിക്ക് പറയാനുള്ളത്. കോഴിക്കോട് ഹോസ്പിറ്റലിൽ സംഭവിക്കുന്ന തരത്തിൽ മറ്റ് ആശുപത്രികളിൽ സംഭവിക്കാൻ പാടില്ല. ഒന്നേമുക്കാൽ കോടി രൂപ ചെലവിൽ കൊബാൾട്ട് തെറാപ്പി യൂണിറ്റ് അവിടെ സ്ഥാപിച്ചു. ഒരു കൊല്ലം മുൻപ് ബഹുമാനപ്പെട്ട മുൻമന്ത്രി പി. ശങ്കരൻ അത് ഉദ്ഘാടനം ചെയ്തു. പക്ഷേ സാധാരണക്കാരന് ഉപയോഗിക്കാൻ ഇന്നും അത് കൊടുക്കുന്നില്ല. കാരണം അവിടെയുള്ള പഴയ കൊബാൾട്ട് തെറാപ്പി യൂണിറ്റ് ഡിഫ്യൂസ് ചെയ്യുന്നതിന് ടെൻഡർ ചെയ്യാനുള്ള പരിപാടികളിൽ ഉദ്യോഗസ്ഥർ ശ്രദ്ധ കാണിച്ചിട്ടില്ല. സാധാരണ

LIBRARY ARCHIVES Kerala Legislative Assembly

ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റാണ് ഇത് ശ്രദ്ധിക്കേണ്ടത്. കെ. എച്ച്. ആർ. ഡബ്ല്യു. എസ്. ആണ് ഇവിടത്തെ ഹെഡ്. ഇത് ഡിഫ്യൂസ് ചെയ്യുന്ന വർക്ക് ആദ്യം തന്നെ ആലോചിക്കണമായിരുന്നു. അറ്റോമിക് എനർജി കമ്മീഷൻ ഒരുവർഷത്തെ നിബന്ധനയാണ് പ്രൊസിഡുവറിൽ എഴുതിവച്ചിരിക്കുന്നത്. കോഴിക്കോട് ഇതിനായി ഒരു സ്ഥാപനമുണ്ട്. ഡിഫ്യൂസ് ചെയ്യാനുള്ള കട്ടേഷന് 20 ലക്ഷം രൂപയാണ് ചെലവ്. അവർക്ക് മുൻപുള്ള ഒരു പേമെന്റ് കിട്ടാത്തതിനാൽ അത് കിട്ടിയാലെ ഈ വർക്ക് ഏറ്റെടുക്കുകയുള്ളൂ. അങ്ങനെ ഒരു സാങ്കേതികത്വം പറഞ്ഞ് ഇത് നീണ്ടു പോകുന്നു. ഏതായാലും ഇപ്പോൾ ഇത് പൂർത്തീകരിച്ച ഒരു സ്ഥിതിയാണ്. ഒന്നേമുക്കാൽ കോടി രൂപയുടെ എക്വിപ്മെന്റ്സ് അവിടെ ഐഡിലായി കിടക്കുന്നു. സി.പി.സി ലിസ്റ്റ്പ്രകാരം, ജനങ്ങൾക്ക് ആവശ്യമുള്ള പുതിയ മരുന്ന് ലഭിക്കുന്നില്ല. പഴയ മരുന്നാണ് അവിടെയുള്ളത്. മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടർമാർ രോഗികൾക്ക് പുറത്തുനിന്ന് മരുന്ന് വാങ്ങാനുള്ള ചീട്ട് എഴുതികൊടുക്കുന്നുവെന്നാണ് സാധാരണക്കാരന്റെ പരാതി.

ശ്രീ. ടി.പി. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട ടി. പി. എം. സാഹിർ കോഴിക്കോട് മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ ഏറെ ശ്രദ്ധ ചെലുത്തുന്ന ഒരാളാണ്. അതിന് അങ്ങയെ അഭിനന്ദിക്കുകയാണ്. മെഡിക്കൽ കോളേജിൽ രാത്രി സന്ദർഭങ്ങളിൽ, അടിയന്തിര ശുശ്രൂഷ വേണ്ട രോഗികൾക്ക് അത്യാവശ്യം വേണ്ടുന്ന രക്തപരിശോധന ഉൾപ്പെടെയുള്ള കാര്യങ്ങൾക്കാവശ്യമായ സംവിധാനം രാത്രി 12 മണി കഴിഞ്ഞാൽ ലഭ്യമാകുന്നില്ല. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഞാൻ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്, അങ്ങ് ഇവിടെ നേരത്തെ സംസാരിച്ച സമയത്ത് മരുന്നിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച് സൂചിപ്പിച്ചുകൊണ്ടാണ് തുടങ്ങിയത്. ഗവൺമെന്റ് ആശുപത്രികളിൽ നിന്ന് ലഭിക്കുന്ന മരുന്ന് ഗുണനിലവാരം കുറഞ്ഞതാണ്. ഗുണനിലവാരം കുറഞ്ഞ മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നിലപാടാണ് അവിടെ സ്വീകരിക്കുന്നത്. അതിന് പ്രധാനമായ ഉത്തരവാദികൾ ഉദ്യോഗസ്ഥരാണ്. നമ്മുടെ എം.എൽ.എ. ഹോസ്റ്റലിലുള്ള മരുന്ന് പരിശോധിച്ചാൽ ഗുണനിലവാരം കുറഞ്ഞതാണെന്ന് കാണാൻ കഴിയും. ഇക്കാര്യത്തിൽ എന്തെങ്കിലും പരിഹാരമുണ്ടാക്കുന്നതിന് എന്താണ് അങ്ങയുടെ നിർദ്ദേശം എന്നുള്ളതുകൂടി സഭയിൽ സൂചിപ്പിക്കാമോ?

ശ്രീ. ടി.പി.എം. സാഹിർ: മെഡിക്കൽ കോളേജിലെ കാഷ്വാലിറ്റിയിൽ രാത്രി വരുന്ന രോഗികൾക്ക് പരിശോധിക്കാനായി ചെറിയൊരു സംവിധാനമുണ്ട്. വലിയ ആപത്തിൽപ്പെട്ട് ക്ഷതം വന്ന രോഗികളെ നിരീക്ഷണത്തിനായി രാവിലെവരെ കിടത്തിയിരിക്കുകയാണ്. വേണ്ടുന്ന ശുശ്രൂഷ അപ്പോൾ നൽകും. പക്ഷേ മെഡിക്കൽ കോളേജിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു സംവിധാനം നമുക്കാവശ്യമാണ്. വളരെ അത്യാവശ്യമാണെങ്കിൽ സൂപ്രണ്ടുമായി ബന്ധപ്പെട്ടാൽ ഏത് ഡോക്ടർമാരും ഏത് സമയത്തും പ്രവർത്തിക്കുന്നുണ്ട്. അത് മനുഷ്യത്വപരമായി ചെയ്യുന്ന വലിയൊരു സേവനമാണ്. 24 മണിക്കൂറും സ്പെഷ്യലൈസ്ഡ് ഡോക്ടർമാരെ നിയമിച്ചുകൊണ്ടുള്ള സ്റ്റാഫ് ഫിക്സേഷൻ ആവശ്യമാണ്. ഭാവിയിലെങ്കിലും അത് നടപ്പിലാക്കാൻ സാധിക്കട്ടെ എന്ന നിർദ്ദേശമാണ് എനിക്ക് പറയാനുള്ളത്. മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട ഒരു കാര്യം ഞാൻ പറയുകയാണ്. ഇപ്പോൾ കോട്ടയം,

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട്, തിരുവനന്തപുരം എന്നീ മെഡിക്കൽ കോളേജുകളിൽ നിന്നും പുറന്തള്ളുന്ന മലിനജലമാണ് പ്രശ്നം. അതിന് ഇൻസിനറേറ്റർ സ്ഥാപിക്കണം. കോടിക്കണക്കിന് രൂപ ചെലവാക്കി ഇൻസിനറേറ്റർ സ്ഥാപിച്ചില്ലെങ്കിൽ കോട്ടയത്ത് വന്ന മഞ്ഞപിത്തബാധ മറ്റ് സ്ഥലങ്ങളിലേക്കുംകൂടി വ്യാപിക്കും. ഇക്കാര്യത്തിൽ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കണം എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. എ. എ. അസീസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പൊതുജനാരോഗ്യ വകുപ്പിനുണ്ടായ അപമാനകരമായ രണ്ട് സംഭവങ്ങളിൽ ഒന്ന്, നമ്മുടെ സംസ്ഥാനത്തുവച്ച് ഒരു മുൻ ഗവർണ്ണർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ മരിക്കാൻ ഇടയായ സംഭവമാണ്. അതിനെക്കാൾ അപമാനകരമായ സംഭവം, നമ്മുടെ മുൻ ആരോഗ്യവകുപ്പുമന്ത്രിക്ക് പെട്ടെന്നുണ്ടായ അപകടംമൂലം അദ്ദേഹം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിൽസയിൽ കഴിയവേ രായ്ക്കുരാമാനം അവിടെ നിന്നു ഒളിച്ചോടി സ്വകാര്യ ആശുപത്രിയിൽ പോയി ചികിൽസയ്ക്ക് അഭയം പ്രാപിച്ചതാണ് രണ്ടാമത്തെ സംഭവം, ഇത് നമ്മുടെ പൊതുജനാരോഗ്യവകുപ്പിന്റെ കാര്യക്ഷമത ഇല്ലായ്മയെ സംബന്ധിച്ച് തെളിയിക്കുന്ന രണ്ട് വസ്തുതകളാണ്. ഇന്ന് പാവപ്പെട്ടവൻ ചികിൽസയ്ക്ക് ആശ്രയിക്കുന്ന സ്ഥാപനം സർക്കാർ ആശുപത്രികളാണ്. ഈ സർക്കാർ ആശുപത്രികളുടെ സ്ഥിതി ഇന്ന് വളരെ ശോചനീയമാണ്. ഇവിടെ വിതരണം ചെയ്തിട്ടുള്ള നയരേഖയിൽ പറയുന്നു ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർ ഉൾപ്പെടെ 1200 പുതിയ തസ്തികകൾ അനുവദിച്ചു എന്ന്. ഇത് മുൻ ആരോഗ്യവകുപ്പു മന്ത്രി ശ്രീ. കടവൂർ ശിവദാസൻ കഴിഞ്ഞ ധനാഭ്യർത്ഥനവേളയിൽ ഇവിടെ പ്രഖ്യാപിച്ച ഒരു കാര്യമാണ്. ഇവരെ എവിടെയെങ്കിലും നിയമിച്ചിട്ടുണ്ടോ? മുൻ ഗവൺമെന്റുകളുടെ കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്ത് ഗ്രാമീണ ജനതയ്ക്ക് വേണ്ടി ആരംഭിച്ച കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററും പ്രൈമറി ഹെൽത്ത് സെന്ററുകളുമുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഐ. പി. യൂണിറ്റുണ്ടായിരുന്നത് നിർത്തലാക്കി ഇപ്പോൾ ഒ.പി. മാത്രമാണുള്ളത്. ഇപ്പോൾ എല്ലാ അസുഖത്തിനും ഒരു കുപ്പിയിൽ നിന്നുമുള്ള മരുന്നു മാത്രമാണ് ഡോക്ടർമാർ നൽകുക. കാരണം ഐ. പി. ഇല്ലല്ലോ. ഐ.പി. ഉണ്ടായിരുന്നതാണ്. ആണുങ്ങളുണ്ടാക്കിയ ഐ.പി. യൂണിറ്റുകൾ. ഇല്ലാതാക്കിയ ഗവൺമെന്റാണ് ഇത്. ഐ. പി. യൂണിറ്റുകൾ ഇല്ലാതാക്കി ഇപ്പോൾ ഉള്ളത് ഒ.പി. യൂണിറ്റുകളാണ്. ഒരു വലിയകുപ്പി മരുന്നാണ് അവിടുന്നു കൊടുക്കുന്നത്. അതിപ്പോൾ പുനസ്ഥാപിക്കുമെന്നാണല്ലോ നയരേഖയിൽ പറഞ്ഞത്. ഇത് നടക്കുകയില്ലെങ്കിൽ ഈ നയരേഖയിൽ എഴുതിപ്പിടിപ്പിക്കേണ്ട കാര്യമുണ്ടോ? 1200 പേരെ നിങ്ങൾ വിന്യസിപ്പിച്ചുവെന്നു പറഞ്ഞു. എവിടെ വിന്യസിപ്പിച്ചു? ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുകയാണ്. നിങ്ങൾക്ക് ഒരു ഗൈനക്കോളജിസ്റ്റ് ഡോക്ടറെ നിയമിക്കാൻ കഴിയുമോ? ഞാൻ നിരവധി പ്രാവശ്യം മയ്യനാട് സി. കേശവൻ മെമ്മോറിയൽ ആശുപത്രിയിൽ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കാൻവേണ്ടി മൂന്നു മന്ത്രിമാരുടെ ഓഫീസിന്റെ മുമ്പിൽ കയറിയിറങ്ങിയതാണ്. ശ്രീ. പി.ശങ്കരൻ പറഞ്ഞു, ഇപ്പോൾ നിയമിക്കുമെന്ന്. ശ്രീ. കടവൂർ ശിവദാസൻ കൊല്ലത്തുകാരനാണ്. ഉടനെ നിയമിക്കുമെന്നു പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി ഡയറക്ടറെ വിളിച്ചു പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

അവിടെ നിയമിക്കാൻ കഴിഞ്ഞോ? എന്തുകൊണ്ടാണ് നിയമിക്കാൻ കഴിയാത്തത്? സംഗതി ഡോക്ടർമാരില്ല. ഞാൻ ഡി.ഡി.സി.യിൽ ഉന്നയിച്ചു. അവിടെ പ്രസവ വാർഡുണ്ട്. ഗൈനക്കോളജിസ്റ്റ് ഡോക്ടറില്ല. അവിടെ എക്സ്റേ മെഷീനുണ്ട്. എക്സ്റേ മെഷീൻ പ്രവർത്തിപ്പിക്കാൻ ടെക്നീഷ്യനില്ല. അവിടെ ലാബുണ്ട്. അത് പ്രവർത്തിപ്പിക്കാൻ ലാബ് അസിസ്റ്റന്റില്ല. ഇതാണ് ഗ്രാമീണ ജനതയ്ക്ക് ഒരുപാട് കാര്യങ്ങൾ ചെയ്തു എന്നു പറയുന്നത്. മെഡിക്കൽ കോളേജുകളുടെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചുവല്ലോ, മന്ത്രിക്കുതന്നെ ഒളിച്ചോടി പോകേണ്ട സ്ഥിതിവന്നു. ഇതാണ് ഇന്നത്തെ സ്ഥിതി. അപ്പോൾ ഒ.പി. മാത്രം പ്രവർത്തിപ്പിച്ച് ഐ.പി. യൂണിറ്റുകൾ നിർത്തലാക്കുന്ന ഈ സംവിധാനത്തിന് മാറ്റം വരുത്താൻ കഴിയണ്ടേ? രണ്ടു മന്ത്രിമാർ മറുപടി പറഞ്ഞപ്പോൾ പറഞ്ഞതാണ് കൊല്ലത്ത് മെഡിക്കൽ കോളേജില്ല. കൊല്ലത്ത് ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കുന്നതിനെ സംബന്ധിച്ച് കൊല്ലത്തുകാരനായ ശ്രീ. കടവൂർ ശിവദാസനും കോഴിക്കോട്ടുകാരനായ ശ്രീ. പി. ശങ്കരനും എല്ലാം നോക്കിയതാണ്. ഇനിയിപ്പോൾ മൂന്നാമത്തെ മന്ത്രി എന്ത് മറുപടിയാണ് പറയാൻ പോകുന്നത് എന്ന് എനിക്കറിയില്ല. കൊല്ലത്ത് അന്നത്തെ പൊതുജനാരോഗ്യ വകുപ്പുമന്ത്രി യശഃശരീരനായ എ.എ.റഹീമിന്റെ നാമധേയത്തിലുള്ള ഒരു ആശുപത്രിയാണ് ഉള്ളത്. 1951 കാലഘട്ടത്തിൽ സ്ഥാപിച്ചതാണ്. ആ ഹോസ്പിറ്റൽ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലാക്കാൻ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ എന്റെ നിയോജക മണ്ഡലത്തിലുള്ളതാണ് പാലത്തറ ഹെൽത്ത് സെന്റർ. അവിടെ ഐ.പി. യൂണിറ്റ് ഉണ്ടായിരുന്നതാണ്. ഇപ്പോൾ ഐ.പി.യില്ല. ഒ.പി. മാത്രമേയുള്ളു. പൊതുമരാമത്തിനെ സംബന്ധിച്ചു പറയാം. കാലഹരണപ്പെട്ട ടെൻഡർ മാനുവലാണ് ഇപ്പോഴുള്ളത്. അവിടുത്തെ സ്ഥിതി എന്താണെന്നു ചോദിച്ചാൽ വളരെ വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് പരിശോധിക്കാനുള്ള മോണിട്ടറിംഗ് സംവിധാനം ഇന്നില്ല. മന്ത്രിമാർ മാറി മാറി വരുന്നു. പുതിയ കുറെ വർക്കുകൾ പ്രഖ്യാപിക്കുന്നു. അതു നടക്കുന്നു. പക്ഷേ പണ്ടേ ആരംഭിച്ച വർക്കുകളിൽ ഏതെല്ലാം മുടങ്ങി കിടക്കുന്നു അത് സമയബന്ധിതമായി തീർക്കണമെന്നതിനെ സംബന്ധിച്ച് ഒരു മോണിട്ടറിംഗ് സംവിധാനം മന്ത്രിയുടെ നേതൃത്വത്തിൽ ഉണ്ടാകണം. ഉദ്യോഗസ്ഥന്മാരുടെ നേതൃത്വത്തിൽ ഉണ്ടായിട്ട് ഒരു കാര്യവുമില്ല. അതാണ് അതിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. അതുപോലെ ടെൻഡർ മാനുവൽ എന്നു പറയുന്നത് ഈ കോൺട്രാക്ടർമാർക്ക് 2003 വരെയുള്ള കാശല്ലേ കൊടുത്തിട്ടുള്ളു. ടെൻഡർ വിളിച്ചാൽ അവർ 200-300 ശതമാനം above rate കാട്ട് ചെയ്യും. കൊടുക്കാതിരിക്കാൻ നിർവ്വാഹമില്ല. ഇപ്പോൾ ടെൻഡർ കമ്മിറ്റി വന്നു. അതിനകത്തു കുറെ ബിനാമികൾ കടന്നുകൂടി. അങ്ങനെയുള്ള സംവിധാനങ്ങൾ ഇന്ന് നിലനിൽക്കുന്നു. മന്ത്രി മാത്രം വിചാരിച്ചതുകൊണ്ട് ഒരു കാര്യവും നടക്കുകയില്ല. അതുകൊണ്ട് കാലോചിതമായി ആ ടെൻഡർ മാനുവൽ പരിഷ്ക്കരിക്കണം; സമയബന്ധിതമായി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കണം. പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഐഡന്റിഫൈ ചെയ്ത് പ്രത്യേകമായി അത് നടത്താനുള്ള ഒരു സംവിധാനം ഉണ്ടാകണം. ഞാൻ ഇത് പറഞ്ഞപ്പോൾ എന്റെ നിയോജകമണ്ഡലത്തിൽ തന്നെയാണ് താന്നി പാലം.

LIBRARY ARCHIVES Kerala Legislative Assembly

അവിടെ ആ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച പൊതുമരാമത്ത് വകുപ്പ് മന്ത്രിയായിരുന്ന സാക്ഷാൽ ശ്രീ. പി. കെ. കെ. ബാവ എന്റെ സ്നേഹിതനെ പോലും കബളിപ്പിച്ചു. അതിനുമുമ്പ് ശ്രീമാൻ ടി. കെ. ഹംസ പൊതുമരാമത്തു വകുപ്പുമന്ത്രിയായിരുന്നപ്പോൾ കല്ലിട്ട പാലമാണ് ഇപ്പോഴും കല്ല് പകുതി പൊളിഞ്ഞ് കിടക്കുകയാണ്. ഒരു കല്ലു കിടപ്പുണ്ട്. പകുതി പണിയും തീർന്നിട്ടുണ്ട്. മന്ത്രിയേയും കബളിപ്പിച്ചു. പൊതുമരാമത്തു മന്ത്രിയായിരുന്ന ശ്രീ. പി. കെ. കെ. ബാവയുടെ കീഴിലാണ്, പിന്നീട് മന്ത്രിയായി വന്ന ശ്രീ. വി.പി. രാമകൃഷ്ണപിള്ളയ്ക്കും പറ്റിയില്ല. കാരണം എന്താണ് ? ഒരു കോൺട്രാക്ടർ വിചാരിച്ചാൽ മതിയല്ലോ ഈ മന്ത്രിമാരെ കബളിപ്പിക്കാൻ. പ്രൊസീഡുവർ അനുസരിച്ച് ആ കോൺട്രാക്ടറെ കൊണ്ട് സമയബന്ധിതമായി പണി വീണ്ടും ആരംഭിപ്പിക്കാൻ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർക്കും മന്ത്രിമാർക്കും കഴിയണ്ടേ ? അതിനു പരിഹാരം കാണ്ട് ഒരു എം.എൽ.എ. എന്ന നിലയിൽ എത്രനാൾ നടക്കും? നാല് കൊല്ലമായി. ഇനി ഒരു കൊല്ലം കൂടി നടന്നാൽ മതി. നാല് വർഷം കൊണ്ട് സെക്രട്ടറിയുടേയും മന്ത്രിയുടേയും വാതുക്കൽ ഇങ്ങനെ നടക്കുകയാണ്. ഇനി ഒരു കൊല്ലം കൂടി ഞാൻ നടക്കും. ആ ഒരു കൊല്ലകാലത്തിനുള്ളിൽ ഇത് സമയബന്ധിതമായി തീർക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടിയുള്ള കെ.എസ്. ടി. പി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. കൊല്ലം, ആയൂർ റോഡിന്റെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നുണ്ട്. എല്ലാം ഒന്നാന്തരം റോഡുകളാണ്. പണ്ട് ആരോ പറഞ്ഞതുപോലെ നാരങ്ങ ഉരുട്ടിയാൽ വീഴാതെ വരും. പക്ഷേ ചില സ്ഥലങ്ങളിൽ കുണ്ടും കുഴിയുമാണ്. ആ ചില സ്ഥലങ്ങളിൽ ചില ആളുകൾ പറഞ്ഞത് ക്ഷൗരം ചെയ്യുന്നതുപോലെയാണെന്നാണ്. റോഡ് മുഴുവൻ കുണ്ടും കുഴിയും. ചില സ്ഥലത്ത് നല്ല റോഡ്; നാരങ്ങ ഉരുട്ടിയാൽ പോകും. ഇപ്പോൾ നാരങ്ങ കുഴിയിൽ വീഴുകയാണ്. നാരങ്ങ യഥാസ്ഥാനത്ത് എത്തുന്നില്ല. അതുകൊണ്ട് കെ.എസ്.ടി.പി.യുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തണം. ജില്ലാ പഞ്ചായത്തുകൾ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന റോഡുകളുടെ മെയിന്റനൻസിന് കാശില്ല. ഇപ്പോൾ ഒന്നോ രണ്ടോ റോഡുകൾ ബഹുമാനപ്പെട്ട മന്ത്രി എടുത്തിട്ടുണ്ടെന്നാണ് അറിയുന്നത്. കൂടുതൽ റോഡുകൾകൂടി എടുക്കണമെന്നാണ് എനിക്ക് റിക്വസ്റ്റ് ചെയ്യാനുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. തോമസ് ചാഴികാടൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. വളരെ സുതാര്യമായ ഡ്രഗ്സ് പർച്ചേസ് പോളിസിയും സ്ഥലം മാറ്റം പോളിസിയും പ്രഖ്യാപിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് എല്ലാവരുമായി ആലോചിച്ച് ബഹുമാന്യനായ ആരോഗ്യവകുപ്പുമന്ത്രി നടത്തുന്ന പ്രവർത്തനങ്ങൾ അങ്ങേയറ്റം ശ്ലാഘനീയമാണ്. കഴിഞ്ഞ കാലങ്ങളിലൊക്ക ഏറ്റവും കൂടുതൽ ആരോപണങ്ങളുണ്ടായിട്ടുള്ള മേഖലകളാണ് ഡ്രഗ്സ് പർച്ചേസും സ്ഥലം മാറ്റത്തിന്റെ കാര്യവും. പ്രതിസന്ധികളിലൊക്കെ ഓടിയെത്തി ആ പ്രശ്നങ്ങളൊക്കെ പരിഹരിക്കുന്നതിന് വളരെ കാര്യക്ഷമമായ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്ന ആരോഗ്യവകുപ്പ് മന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. മരാമത്ത്

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രിയെപ്പറ്റി ഞാൻ പിന്നീട് സംസാരിക്കുന്നതാണ്. രണ്ട് കാര്യങ്ങളിലാണ് കേരളം ഏറ്റവും മുൻപന്തിയിൽ എത്തിയിട്ടുള്ളത്. പൊതുജനാരോഗ്യ പരിപാലന കാര്യത്തിലും വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും നമുക്ക് ഇന്ന് അന്തർദ്ദേശീയ നിലവാരത്തിൽ എത്താൻ കഴിഞ്ഞിട്ടുണ്ട്. ആയുർദൈർഘ്യത്തിന്റെ കാര്യത്തിലും നാം ഇന്നു വികസിത രാജ്യങ്ങളായ ബ്രിട്ടനെയും അമേരിക്കയേയും കടത്തിവെട്ടിയിട്ടുണ്ട്. ഇന്ന് കേരളത്തിലെ ഒരാളിന്റെ ആയുർദൈർഘ്യം 72 വയസായി ഉയർന്നിട്ടുണ്ട്. ഇംഗ്ലണ്ടിലാണെങ്കിൽ 71-യേയുള്ളു എന്നാണ് മനസ്സിലാക്കുന്നത്. അതുപോലെ തന്നെ യൂറോപ്യൻ രാജ്യങ്ങളിലൊക്കെ അത് 70 ശതമാനത്തിന് അടുത്തേയുള്ളു. ആ തരത്തിലേയ്ക്ക് ആരോഗ്യരംഗത്ത് വലിയ മുന്നേറ്റം നടത്താൻ കഴിഞ്ഞിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ ലഭ്യമായ ഏറ്റവും നൂതനമായ ആരോഗ്യ പരിപാലന സൗകര്യങ്ങൾ ഇന്നു ലഭ്യമായിട്ടുണ്ട്. ഓപ്പൺ ഹാർട്ട് സർജറി, കിഡ്നി ട്രാൻസ്പ്ലാന്റേഷൻ ഉൾപ്പെടെയുള്ള ഏറ്റവും പ്രധാനപ്പെട്ട ഓപ്പറേഷനുകൾ നടത്തുന്നതിന് അതുപോലെ തന്നെ ഏറ്റവും നൂതനമായ ടെലി മെഡിസിൻ സംവിധാനം കമ്പ്യൂട്ടർ വഴിയുള്ള സർജറി എന്നിവയൊക്കെ നമുക്കിന്നു ലഭ്യമാണ്. അങ്ങനെ ആരോഗ്യപരിപാലന രംഗത്ത് വളരെ മുന്നേറുവാൻ കഴിഞ്ഞപ്പോൾ നമ്മുടെ നാട്ടിൽ നിന്നു നിഷ്ക്കാസനം ചെയ്ത പല പകർച്ചവ്യാധികളും തിരിച്ചു വരുന്ന ചില സാഹചര്യങ്ങൾ ഉണ്ടായിരിക്കുകയാണ്. ഒരു കാലത്ത് പകർച്ചവ്യാധികൾ നമ്മുടെ നാടിനെ ഗ്രസിച്ചിരുന്നു. നാം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്തുവെന്ന് വിശ്വസിച്ചിരുന്ന, പകർച്ചവ്യാധികളിൽ പലതും തിരിച്ചുവരുന്ന ചില സാഹചര്യങ്ങൾ ഉണ്ടായിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാന കാരണം ജീവിത രീതിയിലും, ഭക്ഷണ ക്രമത്തിലും, പൊതുവായ സാമൂഹ്യ പുരോഗതിയിലും ഉണ്ടായ മാറ്റം, നഗരവത്കരിക്കപ്പെട്ട ഒരു സാഹചര്യം ഇതൊക്കെയാണ്. വ്യക്തിശുചിത്വം പാലിക്കുന്നതിൽ വളരെ നിർബന്ധമുള്ളവരാണ് കേരളീയർ. പക്ഷേ പൊതുവായ ശുചിത്വം പാലിക്കുന്നതിൽ നാം പലപ്പോഴും പരാജയപ്പെടുകയാണ്. അഴുക്കു വസ്തുക്കൾ വലിച്ചെറിയുന്നതിൽ നമുക്ക് യാതൊരു മടിയുമില്ല. അത്തരത്തിൽ നമ്മുടെ സംസ്ഥാനം ഇന്ന് മാലിന്യങ്ങളുടെ കൂമ്പാരമായി മാറുകയാണ്. അതുകൊണ്ടുതന്നെ നമ്മുടെ നാട്ടിൽ പകർച്ചവ്യാധികൾ വളരെയേറെ വർദ്ധിച്ചുവരുന്ന ഒരു സാഹചര്യം വരാൻ പോകുകയാണ്. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ നാലു വർഷമായി ഗവൺമെന്റ് ചെയ്ത നിരവധി നല്ല കാര്യങ്ങളുണ്ട്. അതിനെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട ചില മെമ്പർമാർ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഇന്നും സൗകര്യങ്ങൾ കുറവാണ്. അത് അപ്ഗ്രേഡ് ചെയ്യേണ്ടത് ആവശ്യമാണ്. അവിടെ ഒ.പി. ഉൾപ്പെടെ കുറേ സൗകര്യങ്ങൾ ഉണ്ടെങ്കിലും രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ കുറവാണ്. നമ്മുടെ ഗ്രാമീണ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരുടെ കുറവുണ്ടായിരുന്നു. 627 ഡോക്ടർമാരെ പുതുതായി നിയമിക്കുവാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. പെട്ടെന്ന് എടുത്ത തീരുമാനത്തിലൂടെ 627 ഡോക്ടർമാരെ നമ്മുടെ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ നിയമിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ നേരത്തേ ഇവിടെ സൂചിപ്പിച്ചതാണ്, ആയിരത്തി ഇരുന്നൂറിലധികം ഡോക്ടർമാരുടേയും മറ്റ് പാരാ മെഡിക്കൽ സ്റ്റാഫിന്റേയും വേക്കൻസികൾ ഫിൽ-അപ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാൻ കഴിഞ്ഞു. ബഹുമാന്യനായ കെ. കെ. രാമചന്ദ്രൻ മാസ്റ്റർ അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച ഔഷധ നയം അല്ലെങ്കിൽ ഡ്രഗ്സ് പോളിസി സംസ്ഥാനത്തെ ആശുപത്രികളിൽ പാവപ്പെട്ട സാധാരണക്കാർക്ക് ആവശ്യമായ ഔഷധങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാഹചര്യം ഒരുക്കിയിരിക്കുന്നു. അതൊക്കെ അഴിമതി ആരോപണത്തിന്റെ രൂപത്തിൽ ഓരോരുത്തർ ഇവിടെ സംസാരിച്ചതിലൊന്നും യാതൊരു അർത്ഥവുമില്ല. എല്ലാവരുമായി ആലോചിച്ച് ബന്ധപ്പെട്ട മുഴുവൻ ആളുകളേയും വിളിച്ചുകൂട്ടി സുതാര്യമായ രീതിയിൽ ചർച്ചകൾ നടത്തിയശേഷം വളരെ വ്യക്തമായി എടുത്തിരിക്കുന്ന തീരുമാനമനുസരിച്ച് ആവശ്യമായ മരുന്ന് ഇന്ന് നമുക്ക് ലഭ്യമാകുന്നുണ്ട്. അതുപോലെതന്നെ പുതുതായി അഞ്ച് മെഡിക്കൽ കോളേജുകൾ തുടങ്ങാൻ കഴിഞ്ഞു. സ്വാശ്രയ മേഖലയിൽ വൻപിച്ച മാറ്റങ്ങൾ ഉണ്ടാക്കുവാൻ നമുക്ക് കഴിഞ്ഞു. നാല്പത്തിയഞ്ച് പുതിയ നഴ്സിംഗ് കോളേജുകളും അഞ്ച് പുതിയ ദന്തൽ കോളേജുകളും ഏഴ് പുതിയ ആയുർവ്വേദ കോളേജുകളും ഒരു സിദ്ധമെഡിക്കൽ കോളേജും തുടങ്ങാൻ കഴിഞ്ഞു. ആയിരക്കണക്കിനു വിദ്യാർത്ഥികൾക്ക് മെഡിക്കൽ രംഗത്ത്, ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയ മാനം സൃഷ്ടിക്കുവാൻ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുവാൻ നമുക്ക് കഴിഞ്ഞു. എത്ര ആയിരം കോടി രൂപയാണ് കേരളത്തിൽനിന്നും പുറത്തേയ്ക്ക് ഒഴുകിക്കൊണ്ടിരുന്നത്.

ശ്രീ. സി. കെ. ദേവകുമാർ : സ്വാശ്രയ മേഖലയിൽ മെഡിക്കൽകോളേജുകളും ദന്തൽ കോളേജും ആയുർവ്വേദ കോളേജും മറ്റും തുടങ്ങിയതിനെ സംബന്ധിച്ചും അങ്ങ് ഇവിടെ വിശദീകരിച്ചു. അതിന്റെ നടത്തിപ്പിൽ സർക്കാരിന് യാതൊരു നിയന്ത്രണവുമില്ലെന്നും അവരെല്ലാം അവരുടെ തോന്നിയ രൂപത്തിൽ കാര്യങ്ങൾ നടത്തിക്കൊണ്ട് പോകുകയാണെന്നുമുള്ള വസ്തുത അങ്ങേയ്ക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. തോമസ് ചാഴികാടൻ: സർ, അങ്ങനെയൊന്നും പറയുന്നതിൽ അർത്ഥമില്ല. ഗവൺമെന്റിന് ഈ കാര്യങ്ങളിലൊക്കെ വ്യക്തമായ നിയന്ത്രണമുണ്ട്. കഴിഞ്ഞ കാലങ്ങളിൽ സംഭവിച്ച കാര്യങ്ങളിലൊക്കെ എവിടെയെങ്കിലും മാനേജുമെന്റ് തെറ്റ് കാണിച്ചിട്ടുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കുവാനും അതിനെതിരെ നടപടി സ്വീകരിക്കുവാനും ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. വളരെ പിന്നോക്കം നിന്നിരുന്ന മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് വളരെ മുന്നേറ്റം നടത്തുവാൻ ഈ ഗവൺമെന്റിന്റെ കാലത്ത് കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ മാത്രമാണ് കഴിഞ്ഞത് എന്നുള്ളത് ആർക്കും നിഷേധിക്കുവാൻ കഴിയുകയില്ല. കോട്ടയത്തെ ദന്തൽ കോളേജ് സർക്കാർ മേഖലയിൽ സ്ഥാപിച്ചുകൊണ്ട് അവിടെ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുവാൻ കഴിഞ്ഞ ഒരു അവസരത്തിൽ Dental Council of India അതിന് അംഗീകാരം നഷ്ടപ്പെടുത്തുമെന്ന് സൂചിപ്പിച്ചുകൊണ്ട് ചില റിപ്പോർട്ടുകളൊക്കെ വന്നു. അതിന്റെ പിന്നിൽ പല കളികൾ ഉണ്ടായിരുന്നു. അതിലേക്കൊന്നും ഞാൻ പോകുന്നില്ല. നൂറ്റിനാല്പത്തിയഞ്ചു ലക്ഷം രൂപ മുടക്കി ഒന്നര വർഷംകൊണ്ട് ആ ദന്തൽ കോളേജിന് ആവശ്യമായ എല്ലാ സൗകര്യങ്ങളോടുകൂടിയ കെട്ടിടം പണിയുവാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. ഇന്ന് കോട്ടയം മെഡിക്കൽ കോളേജിൽ നടക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

വികസന പ്രവർത്തനങ്ങളിൽ ഞാൻ അഭിമാനം കൊള്ളുകയാണ്. മുപ്പത്തിയൊന്നു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി അവിടെ നടന്നു കൊണ്ടിരിക്കുകയാണ്. അതുപോലെ അവിടെ കാൻസർ രോഗികൾക്കായി ഓങ്കോളജി വിഭാഗത്തിൽ രണ്ടു കോടി രൂപ ചെലവിൽ റേഡിയോ തെറാപ്പി, സ്റ്റിമുലേറ്റർ, എച്ച്.ഡി.ആർ. തുടങ്ങിയ ഉപകരണങ്ങൾ സ്ഥാപിച്ചു. എം.എൽ.എ. ഫണ്ടിൽനിന്നും അതുപോലെ എം. പി. ഫണ്ടിൽ നിന്നും ഇരുപത്തിയേഴ് ലക്ഷം രൂപ മുടക്കി അവിടെ ഇൻസിനറേറ്റർ സ്ഥാപിച്ചു. Bio-Medical Waste Disposal-ന് സൗകര്യമുണ്ടാക്കി. കാർഡിയോ തെറാപ്പി, ഗൈനക്കോളജി അതുപോലെതന്നെ നഴ്സസ് ഹോസ്റ്റൽ, കോളേജ് ബിൽഡിംഗ് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അവിടെ പുരോഗമിക്കുകയാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി ഒരു പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് അറുപത് ലക്ഷം രൂപ കൊടുത്തു. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ പോകുകയാണ്. അതുപോലെതന്നെ പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടുകൂടി ഒരു കാൻസർ കെയർ സെന്റർ സ്ഥാപിച്ച സ്ഥാപനമാണ് കോട്ടയം മെഡിക്കൽകോളേജ്. ഒരു കോടിയിലധികം രൂപ മുടക്കി അവിടെ കാൻസർ കെയർ സെന്റർ സ്ഥാപിച്ചുവെങ്കിൽ അത് പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടു കൂടിയാണ് സ്ഥാപിച്ചത്. അതുപോലെതന്നെ അവിടത്തെ കുട്ടികളുടെ ആശുപത്രിയിലേക്ക് പേര് പുറത്തു പറയാൻ ആഗ്രഹിക്കാത്ത ഒരു വ്യക്തി നാല്പതു ലക്ഷം രൂപ തന്നു. കുട്ടികൾക്കുള്ള ബ്ലഡ് കാൻസർ ചികിത്സിക്കുന്നതിന് അവിടെ ഒരു പ്രത്യേക ബ്ലോക്ക്, ലുക്കേമിയ വാർഡ് നിർമ്മാണത്തിലിരിക്കുകയാണ്. അതുപോലെതന്നെ അവിടെ പഠിച്ച വിദേശത്തുള്ള ഡോക്ടർമാർ ഒരു കോടി രൂപ മുടക്കി അവിടെ ഇലക്ട്രോണിക് ലൈബ്രറി സ്ഥാപിച്ചു കഴിഞ്ഞു. ഞാൻ ഇതെല്ലാം സൂചിപ്പിച്ചത് ഇത്തരത്തിൽ നമുക്ക് വളരെയധികം മുന്നേറ്റം അവിടെ ഉണ്ടാക്കുവാൻ കഴിഞ്ഞു. പക്ഷേ ഇവിടെ പലരും സൂചിപ്പിച്ചതുപോലെ നിർഭാഗ്യവശാൽ കഴിഞ്ഞ നാല്പതു വർഷത്തിനിടയിൽ, 1962-ലാണ് കോട്ടയം ജില്ലാ ആശുപത്രിയോടനുബന്ധിച്ച് കോട്ടയം മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നത്. 1970 ഏപ്രിൽ മാസത്തിലാണ് മൂന്ന് പഞ്ചായത്തുകൾ കൂടുന്ന ഗാന്ധിനഗർ പ്രദേശത്ത് അത് സ്ഥാപിച്ചത്. അന്ന് ഒരു ഗ്രാമ പ്രദേശമായിരുന്നുവെങ്കിൽ ഇന്ന് അത് ഒരു പട്ടണ പ്രദേശമായി മാറി. ഈ നാല്പതു വർഷത്തിനിടയിൽ അവിടെയുണ്ടായ പുരോഗതി, യാതൊരു പ്ലാനിംഗുമില്ലാതെയാണുണ്ടായത്. കാമ്പസിനകത്തും പുറത്തും അങ്ങനെയാണുണ്ടായത്. അങ്ങനെ ഉണ്ടായ മാറ്റങ്ങളിലൂടെ പുതിയ ജലജന്യ രോഗങ്ങൾ വരുന്ന സാഹചര്യവും അവിടെ ഉണ്ടായി. നിർഭാഗ്യവശാൽ ഇതിന് ഈ ഗവൺമെന്റ് മാത്രമല്ല ഉത്തരവാദി. കഴിഞ്ഞ നാല്പതു വർഷത്തിനിടയിൽ ഭരിച്ച എല്ലാ ഗവൺമെന്റുകൾക്കും അതിന് ഉത്തരവാദിത്വമുണ്ട്. എല്ലാ ജനപ്രതിനിധികൾക്കും അതിന് ഉത്തരവാദിത്വമുണ്ടെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഉത്തരവാദിത്വം കൈമാറാൻ വേണ്ടി പറയുകയല്ല. ഇങ്ങനെയൊരു സാഹചര്യം അവിടെയുണ്ടായി. പക്ഷേ മഞ്ഞപ്പിത്ത രോഗം അവിടെ പൊട്ടിപ്പുറപ്പെട്ടു എന്നറിഞ്ഞ നിമിഷം, ആ ദിവസം മുതൽ ബഹുമാന്യനായ ആരോഗ്യ വകുപ്പുമന്ത്രി, മുഖ്യമന്ത്രി, ഇറിഗേഷൻ വകുപ്പുമന്ത്രി, ഹെൽത്ത് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, ഡി.എം.ഇ.,

LIBRARY ARCHIVES Kerala Legislative Assembly

ഡി.എച്ച്.എസ്. ഉൾപ്പെടെയുള്ള മുഴുവൻ ഉദ്യോഗസ്ഥരെയും വരുത്തി പരിശോധിപ്പിച്ചു. ഇന്ന് ആ രോഗം അവിടെ നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പൂർണ്ണമായി ഇറാഡിക്കേറ്റ് ചെയ്തുവെന്ന് ഞാൻ പറയുന്നില്ല. അവിടുത്തെ അടിസ്ഥാന പ്രശ്നം ഞാൻ മുമ്പ് സൂചിപ്പിച്ചതുപോലെ മാലിന്യ നിർമ്മാർജ്ജനത്തിൽ നമുക്ക് പറ്റിയ പരാജയമാണ്. അവിടെ Sewage treatment plant ഉണ്ടായിരുന്നു. പത്തു പതിനഞ്ച് വർഷമായി അത് പ്രവർത്തിക്കുന്നുണ്ടായിരുന്നില്ല. അടിയന്തിരമായി സീവേജ് പ്ലാന്റ് റിവൈവ് ചെയ്യാനായിട്ട് നാല്പത്തിയഞ്ചു ലക്ഷം രൂപ മുടക്കി ഈ മാർച്ചു മാസം മുപ്പത്തിയൊന്നാം തീയതിക്കകം പൂർത്തിയാകത്തക്ക വിധത്തിൽ അവിടെ സീവേജ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. Bio-Medical Waste Disposal-നുള്ള അസൗകര്യം ഇന്ന് കേരളത്തിലെ എല്ലാ ആശുപത്രികളെയും ബാധിക്കുന്ന കാര്യമാണ്. Bio-Medical waste dispose ചെയ്യുന്നതിന് അവിടെ ഒരു ഇൻസിനറേറ്റർ സ്ഥാപിച്ച്; അത് ഇന്ന് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. അതുപോലെ ആ ആശുപത്രിയിലെ മറ്റ് ഖര മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാനായി ഗവൺമെന്റ് നേരിട്ട് ഇടപെട്ട് Clean Kerala Mission-നെയും Pollution Control Board-നെയും ഉൾപ്പെടുത്തി അത് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. മെഡിക്കൽ കോളേജിനു പുറത്തുള്ള ദ്രവ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ Pollution Control Board-നെയും പഞ്ചായത്തുകളെയും അതുപോലെതന്നെ അവിടത്തെ മാലിന്യം ജനറേറ്റ് ചെയ്യുന്ന സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി നാല്പതു ലക്ഷം രൂപ മുടക്കി ദ്രവ മാലിന്യ സംസ്കരണ പ്ലാന്റ് മെഡിക്കൽ കോളേജിനു വെളിയിൽ സ്ഥാപിക്കുവാൻ തീരുമാനിച്ച്, അത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതുപോലെ മെഡിക്കൽ കോളേജിനു വെളിയിലുള്ള ഖര മാലിന്യങ്ങൾ സംസ്കരിക്കുവാൻ പഞ്ചായത്തുകൾക്ക് നിർദ്ദേശം കൊടുത്തു. ബഹുമാന്യനായ മന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് State Co-ordinator ആയി നിശ്ചയിച്ചിട്ടുള്ള ഡോ. രാജേന്ദ്ര ചോപ്ര തന്നെ അവിടെവന്ന് അതു സംബന്ധിച്ച് കാര്യങ്ങളൊക്കെ ചർച്ച ചെയ്ത് നടപടികൾ മുന്നോട്ടു പോകുകയാണ്. ഞാൻ ഇത് സൂചിപ്പിച്ചത് ഇങ്ങനെ കാര്യങ്ങൾ ഭംഗിയായി പോകുവാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് വളരെ കാര്യക്ഷമമായ പ്രവർത്തനം ആരോഗ്യ വകുപ്പിൽനിന്നും ഇക്കാര്യത്തിലെല്ലാം ഉണ്ടായിട്ടുണ്ട്. എങ്കിലും ഇപ്പോഴും കോട്ടയം മെഡിക്കൽകോളേജിന് വളരെയേറെ പരിമിതികളുണ്ട്. ആ പരിമിതികളുടെ ഒന്നാം സ്ഥാനത്തു നില്ക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് National Institute of Virology-യിൽ നിന്ന് വിദഗ്ദ്ധരെ കൊണ്ടുവന്ന് പരിശോധന നടത്തി അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഡി.എം.ഇ. പ്രത്യേകമായ താല്പര്യമെടുത്ത് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതൊക്കെയുണ്ടെങ്കിലും കാര്യങ്ങൾ ഇപ്പോഴും പൂർണ്ണമായും ശരിയാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇനിയും കാര്യങ്ങൾ പുരോഗമിക്കുവാനുണ്ട്. അവിടെ സ്റ്റാഫിന്റെ ഒഴിവ് നികത്താനുണ്ട്. എല്ലാ മേഖലയിലുമായി ഏതാണ്ട് ആയിരത്തിലധികം വേക്കൻസികൾ ഇപ്പോഴും ഉണ്ടെന്നാണ് പറയുന്നത്. സാധാരണ ഡോക്ടർമാരുടേയും നഴ്സുമാരുടേയും ലാബ് അസിസ്റ്റന്റുമാരുടേയും ഗ്രേഡ്-1,

LIBRARY ARCHIVES Kerala Legislative Assembly

ഗ്രേഡ്-2 അസിസ്റ്റന്റുമാരുടെയെല്ലാം വേക്കൻസികൾ ഉണ്ടായത് ഫിൽ-അപ് ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥനയുണ്ട്. ഈ വേക്കൻസികളിൽ പ്രധാനപ്പെട്ട രണ്ടു മൂന്നു വിഭാഗങ്ങളുടെ കാര്യം സൂചിപ്പിക്കാതിരിക്കുവാൻ പറ്റുകയില്ല. മൈക്രോ ബയോളജി- മഞ്ഞപ്പിത്തം പൊട്ടിപ്പുറപ്പെട്ടപ്പോൾ ഏറ്റവും കൂടുതൽ ഡിപ്പെന്റ് ചെയ്യേണ്ടിവന്ന ഒരു വിഭാഗമാണ് മൈക്രോ ബയോളജി. അവിടെ പത്ത് വേക്കൻസിയുള്ളതിൽ എട്ടും വേക്കന്റ് ആണ്. അതുപോലെതന്നെ പ്രൊഫസർമാരുടേയും ലക്ചർമാരുടേയും ഒഴിവുകളുണ്ട്. രണ്ട് അസ്സോസ്സിയേറ്റ് പ്രൊഫസർമാരുടേതും, ഒരു അസിസ്റ്റന്റ് പ്രൊഫസറുടേതും പോസ്റ്റ് വേക്കന്റാണ്. അഞ്ച് ലക്ചർമാരുടെ വേക്കൻസിയിൽ അഞ്ചും ഒഴിവാണ്. അതിപ്പോഴും അങ്ങനെ നില്ക്കുകയാണ്. അതുപോലെ പീഡിയാട്രിക് സർജറി വിഭാഗത്തിന്റെ കാര്യം വളരെ കഷ്ടമാണ്. അവിടെ മൊത്തമുള്ള അഞ്ച് പോസ്റ്റിൽ നാല് പോസ്റ്റും വേക്കന്റ് ആണ്. ഒരാൾ ഉള്ളത് അടുത്തമാസം റിട്ടയർ ചെയ്യുകയാണ്. അടുത്ത മാസം കഴിഞ്ഞാൽ അവിടെ പീഡിയാട്രിക് സർജറി നടക്കുകയില്ല എന്നുള്ള സാഹചര്യമുണ്ട്. അതുപോലെതന്നെ അനസ്തേഷ്യ വിഭാഗത്തിന്റെ കാര്യം മനോരമയിലൊക്കെ റിപ്പോർട്ടു വന്നു. അനസ്തേഷ്യ വിഭാഗത്തിൽ ഡോക്ടർമാരില്ലാത്തതുകൊണ്ട് അവിടെ ഓപ്പറേഷൻ നിർത്തിവച്ച സാഹചര്യമുണ്ട്. ഇരുപത് വേക്കൻസിയുള്ളതിൽ എട്ടും വേക്കന്റാണ്. ഈ കാര്യത്തിൽ പ്രത്യേകമായ നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് ശ്രദ്ധ പതിപ്പിക്കണം. ബഹുമാന്യനായ ആരോഗ്യ വകുപ്പുമന്ത്രി ആ കാര്യത്തിലൊക്കെ പ്രത്യേകമായി സഹായിച്ചിട്ടുണ്ട്, സഹകരിച്ചിട്ടുണ്ട്. എങ്കിലും ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ വേണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിനെക്കുറിച്ച് ഒരു വാക്ക് പറയാൻ അനുവദിക്കണം. അന്തർദ്ദേശീയ നിലവാരത്തിലുള്ള റോഡുകൾ കേരളത്തിന് സംഭാവന ചെയ്തത് ബഹുമാന്യനായ എം.കെ. മുനീറിന്റെ കാലത്താണ്. അദ്ദേഹത്തിന്റെ മുഖം പോലെ സുന്ദരമായ അന്തർദ്ദേശീയ നിലവാരമുള്ള റോഡുകൾ കേരളത്തിന് സംഭാവന ചെയ്തതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. നാഷണൽ ഹൈവേകളും എം.സി. റോഡും സ്റ്റേറ്റ് ഹൈവേകളും ഉൾപ്പെടെ 1610 കിലോമീറ്റർ റോഡുകൾ കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ഏതാണ്ട് 1630 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുകയാണ്. നമുക്കൊക്കെ കുതിക്കാൻ കഴിയുന്ന തരത്തിൽ കേരളത്തിലെ റോഡുകളുടെ അവസ്ഥ മാറിയിരിക്കുന്നു. ഇക്കാര്യങ്ങൾ നേടിയെടുക്കുന്നതിന് കഴിഞ്ഞത് കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള തുകയും ടാറിന്റെ തുകയും സമയത്ത് കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചതുകൊണ്ടാണ്. ഇതു സംബന്ധിച്ച് ഞാൻ സബ്മിഷൻ അവതരിപ്പിച്ചിട്ടുണ്ട്. കെ.എസ്.ടി.പി. ഉൾപ്പെടുത്തി ദേശീയ ജലപാതയുമായി ബന്ധപ്പെടുത്തുന്നതിന് കോട്ടയം-വൈക്കം, കോട്ടയം-ആലപ്പുഴ, ആലപ്പുഴ-ചങ്ങനാശ്ശേരി ജലപാതകൾ നവീകരിക്കാൻ 61 കോടി രൂപയുടെ പദ്ധതി ടെണ്ടർ ചെയ്ത് എല്ലാ നടപടികളും സ്വീകരിച്ച് വർക്ക് തുടങ്ങിയതാണ്. അതിൽ എട്ടുപത്ത് പാലങ്ങൾ എന്റെ മണ്ഡലത്തിലുണ്ട്. അവിടെയുള്ള മൂന്നുനാല് പാലങ്ങൾ പൊളിച്ച് പുനർനിർമ്മിക്കാൻ തുടങ്ങിയിട്ട് ഏതാണ്ട് ഒരു വർഷത്തിലേറെയായി. ഇതുവരെ പൂർത്തിയായിട്ടില്ല. നാട്ടുകാർ അതീവ ദുരിതത്തിലാണ്. ആ പാലങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടെയുള്ള ജലപാതകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ലാൻഡ് അക്വിസിഷന്റെ പേരിൽ റോഡ് നിർമ്മാണത്തിന് കാലതാമസം വരികയാണ്. ആ തടസ്സങ്ങൾ നീക്കാൻ നിയമനിർമ്മാണം ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് പല പ്രാവശ്യം ചർച്ച ചെയ്തു. കോൺട്രാക്ട് ജോലി ഏറ്റെടുക്കുന്നവർ സമയത്ത് പണി പൂർത്തിയാക്കുന്നില്ലെങ്കിൽ പിന്നീട് അവർക്ക് കോൺട്രാക്ട് കൊടുക്കുകയില്ല എന്ന തീരുമാനമെടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. പലപ്പോഴും വർക്ക് ഏറ്റെടുത്തിട്ട് ദീർഘിപ്പിച്ചുകൊണ്ടു പോവുകയാണ്. രണ്ടുംമൂന്നും വർഷം കഴിഞ്ഞാലും പണി പൂർത്തിയാകുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട എ. എ. അസീസ് സൂചിപ്പിച്ചതുപോലെ പത്ത് വർഷമായിട്ടും പൂർത്തിയാകാത്ത പണികളുണ്ട്. അങ്ങനെയുള്ള കോൺട്രാക്ടർമാർക്ക് പണി കൊടുക്കരുത്. എന്റെ മണ്ഡലത്തിലെ കോട്ടയം മെഡിക്കൽകോളേജ് റോഡ് കഴിഞ്ഞ മാസം ബഹുമാന്യനായ മന്ത്രി വന്ന് ഉദ്ഘാടനം ചെയ്തു. അഞ്ചര കോടി രൂപ മുടക്കി കോട്ടയത്ത് നിന്ന് കോട്ടയം മെഡിക്കൽകോളേജിലേക്കുള്ള റോഡിന്റെ പണി പൂർത്തിയാക്കി ഈ റോഡുമായി ബന്ധിപ്പിക്കാൻ കഴിയുന്ന ചീപ്പുങ്കൽ-മണിയാപുരം-വൈക്കം ഭാഗത്തേയ്ക്ക് 15 കിലോമീറ്റർ റോഡിന്റെ നിർമ്മാണ പദ്ധതി നബാർഡിന് സബ്മിറ്റ് ചെയ്തിട്ടുണ്ട്. അത് എത്രയും വേഗം പണി ആരംഭിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഡോ. കെ.സി. ജോസഫ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കേരളത്തിന്റെ പൊതുജനാരോഗ്യ സംരക്ഷണത്തിന് ബാദ്ധ്യസ്ഥമായ ആരോഗ്യമേഖല ഇന്ന് മൃതാവസ്ഥയിലാണ്. ജനങ്ങളെ സംരക്ഷിക്കാനാവശ്യമായ പദ്ധതികളാവിഷ്ക്കരിച്ച് നടപ്പിലാക്കാനുള്ള സൗകര്യങ്ങൾ ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ ഇല്ല എന്നുള്ളത് ഏറ്റവും നിർഭാഗ്യകരമായ കാര്യമാണ്. ബഹുമാനപ്പെട്ട തോമസ് ചാഴികാടൻ ഇവിടെ സൂചിപ്പിച്ചതുപോലെ ഏറ്റവും വികസിത രാജ്യങ്ങൾക്കൊപ്പം വലിയ നേട്ടങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞ ഒരു മേഖലയാണ് ആരോഗ്യ പരിപാലന മേഖല. എന്നാൽ ആ നേട്ടങ്ങൾ മുഴുവൻ ഇന്ന് നഷ്ടപ്പെടുത്തി ഏറ്റവും ബുദ്ധിമുട്ടേറിയ ഒരു സാഹചര്യത്തിലേക്ക് നമ്മൾ ചെന്നെത്തുന്നു. നിർമ്മാർജ്ജനം ചെയ്ത പല രോഗങ്ങളും തിരിച്ചു വരുന്ന ഒരു സ്ഥിതിയാണ് ഇന്നുള്ളത്. രോഗങ്ങൾ വരുന്നതിന് എന്താണ് കാരണമെന്നുള്ളതിനെ സംബന്ധിച്ച് ശ്രീ. തോമസ് ചാഴികാടൻ സൂചിപ്പിച്ചു. അതിന് പ്രധാനപ്പെട്ട കാരണം ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് ഗ്രാമീണ മേഖലയിൽ ഗവൺമെൻറ് പഴയ കാലങ്ങളിൽ കാട്ടിയതുപോലെയുള്ള ശുഷ്ക്കാന്തി കാണിക്കുന്നില്ല എന്നുള്ളതാണ്. പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം ഭംഗിയാക്കണം. അവിടെ ആവശ്യമായ ഡോക്ടർമാരോ സ്റ്റാഫുകളോ ഇല്ല. ഒരു പരിപാടിയും നടക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി തന്നിരിക്കുന്ന ഒരു നോട്ടിൽ 627 ഡോക്ടർമാർക്ക് പി.എസ്.സി. അഡ്വൈസ് മെമ്മോ കൊടുത്തു എന്നുപറഞ്ഞിട്ടുണ്ട്. അഡ്വൈസ് മെമ്മോ കൊടുത്തത് എത്രപേർക്കാണ് എന്നുള്ളതല്ലല്ലോ പ്രശ്നം. എത്ര ഡോക്ടർമാർ വന്നു? 627 പേർക്ക് അഡ്വൈസ് മെമ്മോ കൊടുത്തപ്പോൾ നൂറ്റി ചില്വാനം വന്നു എന്നുപറഞ്ഞാൽ വീണ്ടും

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർമാരുടെ 500-ലേറെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്നുള്ളതാണ്. ഇ.സി.ജി., എക്സ്-റേ തുടങ്ങിയ ഉപകരണങ്ങളൊക്കെ വാങ്ങുന്നുണ്ട്. പക്ഷേ അതൊന്നും തുറന്നു നോക്കാൻ പോലും നമുക്ക് കഴിയുന്നില്ല. കാരണം അതിന് ആവശ്യമായ സാങ്കേതിക വിദഗ്ദ്ധരില്ല എന്നതാണ് യാഥാർത്ഥ്യം. എക്സ്-റേ ഇ.സി.ജി. ടെക്നീഷ്യൻസ്, ലാബ് അസിസ്റ്റന്റുമാർ തുടങ്ങിയവരൊന്നുമില്ലാതെ വെറും നോക്കുകുത്തികളായി ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ നിലനിൽക്കുകയാണ്. വലിയ ആശുപത്രികളാകട്ടെ രോഗം പരത്തുന്ന കേന്ദ്രങ്ങളായി മാറിയിരിക്കുകയാണ്. ബഹുമാനപ്പെട്ട ഏറ്റുമാനൂർ മെമ്പർ പറഞ്ഞല്ലോ കോട്ടയം മെഡിക്കൽ കോളേജിൽ മഞ്ഞപ്പിത്തം കണ്ടെത്തിയ നിമിഷം മുതൽ ചലിച്ചു എന്ന്. എന്നാൽ നമ്മുടെ മന്ത്രി ഉൾപ്പെടെയുള്ളവർ ഒന്ന് സജീവമാകാൻ ഒരു ഡോക്ടർ ഉൾപ്പെടെ 10 പേർ മരിക്കേണ്ടി വന്നു . അത് ദുഃഖകരമാണ്. ഏതാനും മനുഷ്യരുടെ ജീവൻ നഷ്ടപ്പെട്ടാലേ ഉണരൂ എന്നുള്ളത് ശരിയല്ല. കോട്ടയം മെഡിക്കൽ കോളേജ് മാത്രമല്ല, എല്ലാ ആശുപത്രികളും മാലിന്യകേന്ദ്രങ്ങളായി മാറിയിരിക്കുന്നു. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയുടെ പുറകിലുള്ള കൊട്ടാരം റോഡിന് ചുറ്റുമുള്ള ആളുകൾ മരിച്ച് വീഴാത്തത് ദൈവകൃപ കൊണ്ട് അല്ലെങ്കിൽ അത്ഭുത പ്രവർത്തനം കൊണ്ടാണെന്നു മാത്രമേ പറയാൻ കഴിയൂ. ഈ രംഗത്തുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് അവധാനതയോടുകൂടിയ ഒരു പഠനം ആവശ്യമാണ്. പ്രൈമറി ഹെൽത്ത് സെന്ററുകളിലും താലൂക്ക് ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും എന്തൊക്കെ സൗകര്യങ്ങളാണ് ആവശ്യമായിട്ടുള്ളതെന്നതിനെ സംബന്ധിച്ച് പല പഠന റിപ്പോർട്ടുകളും ഉണ്ട്. മെഡിക്കൽ കോളേജ് റഫറൽ ആശുപത്രിയാക്കണമെന്നുള്ള തീരുമാനമുണ്ടായിരുന്നു. അത് നടപ്പാക്കാൻ കഴിയുന്നില്ല. കാരണം പെരിഫെറൽ ആശുപത്രികൾ ശക്തിപ്പെടുത്തിയാൽ മാത്രമേ റഫറൽ ആശുപത്രികളാക്കി മാറ്റാൻ കഴിയൂ. ആദ്യം താഴെ നിന്നാണ് തുടങ്ങേണ്ടത്. പ്രൈമറി ഹെൽത്ത് സെന്ററുകൾ ശക്തിപ്പെടുത്തണം. അവിടെ ആവശ്യമായ സൗകര്യങ്ങളുണ്ടാക്കണം. എങ്കിൽ മാത്രമേ മെഡിക്കൽകോളേജ് പോലുള്ള ഉന്നത സ്ഥാപനങ്ങൾ റഫറൽ ആശുപത്രികളാക്കി സ്പെഷ്യാലിറ്റി സർവ്വീസ് കൊടുക്കാൻ പറ്റുകയുള്ളൂ. അതിന് ഓരോ മേഖലയിലും മിനിമം സൗകര്യങ്ങളുണ്ടാക്കുന്നതിനുള്ള ഒരു ആക്ഷൻ പ്ലാൻ ഉണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. ഓരോ ഗ്രാമീണ മേഖലയിലും എത്ര ഹോമിയോ ആശുപത്രി വേണം, എത്ര അലോപ്പതി ആശുപത്രി വേണം, എത്ര ആയുർവ്വേദ ആശുപത്രി വേണം എന്നുള്ള സമീപനം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്നു. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഈ മൂന്ന് സിസ്റ്റത്തിലുമുള്ള ആശുപത്രികളുണ്ടാക്കണം. നാല് വർഷത്തിനിടയിൽ എത്ര ആശുപത്രികൾ തുടങ്ങാൻ കഴിഞ്ഞു? ഒറ്റ ആശുപത്രിയും തുടങ്ങിയിട്ടില്ല. എന്ത് വികസനം നടന്നു എന്നാണ് പറയുന്നത്? പുതിയതായി ഒരു ആശുപത്രിയും തുടങ്ങാൻ കഴിഞ്ഞിട്ടില്ല. കാളിറ്റിയുള്ള മരുന്ന് കൊടുക്കാൻ കഴിഞ്ഞിട്ടില്ല. മരുന്ന് പോളിസി കൊണ്ടുവന്നു. ഇപ്പോൾ വാങ്ങിക്കുന്ന മരുന്ന് ഉപയോഗക്ഷമമാണോയെന്നുള്ളതിനെക്കുറിച്ച് ശ്രീ. ടി. പി. രാമകൃഷ്ണൻ പറഞ്ഞല്ലോ? ജില്ലാ ആശുപത്രിയിൽ നിന്നാണ് എം.എൽ.എ. ഹോസ്റ്റലിലെ ക്ലിനിക്കിൽ മരുന്ന് കൊണ്ടുവരുന്നത്. അവിടെ നിന്ന് കൊടുക്കുന്ന പാരസെറ്റമോൾ ആണെങ്കിലും ആന്റി ബയോട്ടിക് ആണെങ്കിലും അത്

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ ഒരാൾ കഴിച്ചാലും ഒരു എഫക്ടും ഉണ്ടാവില്ല. എം. എൽ. എ. ഹോസ്റ്റലിൽ ജനപ്രതിനിധികൾക്ക് കൊടുക്കുന്ന മരുന്നിന്റെ സ്ഥിതി ഇതാണെങ്കിൽ എന്തായിരിക്കും ഗ്രാമീണ മേഖലയിലെ സ്ഥിതി എന്ന് ഞാൻ പറയേണ്ടതില്ലല്ലോ? കൊടുക്കുന്ന മരുന്നിന്റെ ക്വാളിറ്റി നന്നാക്കാൻ നമുക്ക് ചെയ്യാൻ കഴിയുന്നത് എന്താണ്? ഇതിന്റെ പോരായ്മ എന്താണ്? ഏറ്റവും വികസിതമായ സ്ഥിതിയിലെത്തിയിട്ട് ആ നേട്ടം നിലനിർത്താൻ എന്താണ് ചെയ്യേണ്ടത് എന്നുള്ളതിനെക്കുറിച്ച് ചർച്ച ചെയ്യുകയും അതിനനുസരിച്ചുള്ള തീരുമാനവും നടപടിയും ഉണ്ടാകുകയും ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എ.കെ. ബാലൻ: സർ, ക്വാളിറ്റിയുള്ള മെഡിസിനെ സംബന്ധിച്ച് ഡോ. കെ. സി. ജോസഫ് സൂചിപ്പിച്ചു. ഞാൻ ചോദിക്കട്ടെ,. സ്റ്റോർ പർച്ചേസ് റൂൾ പ്രകാരം മെഡിസിൻ പർച്ചേസ് ചെയ്യാൻ നിർബന്ധിപ്പിക്കപ്പെട്ടു കഴിഞ്ഞാൽ ലോവസ്റ്റ് ക്വട്ടേഷനാണ് സ്വീകരിക്കുക. ക്വാളിറ്റിയല്ല നോക്കുന്നത്. ഇത് പരിഹരിക്കാൻ ബഹുമാനപ്പെട്ട മെമ്പർക്ക് എന്തെങ്കിലും നിർദ്ദേശമുണ്ടോ?

ഡോ. കെ. സി. ജോസഫ്: ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട എ.കെ.ബാലൻ പറഞ്ഞതുപോലുള്ള പ്രശ്നങ്ങളുണ്ട്. ക്വാളിറ്റി നിശ്ചയിക്കാൻ പോയാൽ കൊടുക്കുന്ന ക്വാളിറ്റിയും വാങ്ങിക്കുന്നതും തമ്മിൽ ഒരു ബന്ധവുമില്ലാത്ത സ്ഥിതി വരും. ആളുകളുടെ സാമൂഹ്യാവബോധം വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. എല്ലാ രംഗങ്ങളിലുമുള്ള മൂല്യച്യുതി ഒരു പ്രശ്നമാണ്. അതുകൊണ്ട് അത് എങ്ങനെ വേണമെന്നുള്ളതിനെക്കുറിച്ച് ഗഹനമായി ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയത്തിനതീതമായി അഭിപ്രായ സമന്വയമുണ്ടാക്കുകയും ചെയ്യണം. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഒരുഭാഗത്തും പ്രതിരോധ പ്രവർത്തനങ്ങൾ മറുഭാഗത്തും വേണം. അതിൽ ഏറ്റവും പ്രധാനം മാലിന്യനിർമ്മാർജ്ജന പരിപാടിയാണ്. ഗ്രാമമെന്നോ നഗരമെന്നോ വ്യത്യാസമില്ലാതെ മാലിന്യ കേന്ദ്രീകരണം എല്ലായിടത്തും നടക്കുന്നു. വേസ്റ്റ് ഡിസ്പോസലിന് നമുക്ക് കഴിയുന്നില്ല. കൂടുതൽ കൂടുതൽ മാലിന്യങ്ങളെ കൂട്ടാൻ വേണ്ടിയാണ് ഓരോ വികസനവും. ഇപ്പോൾ എല്ലാവരും ടൂറിസത്തിന്റെ പുറകിലാണ്. ഹൗസ് ബോട്ടുകൾ ആവശ്യത്തിലധികമുണ്ട്. വേമ്പനാട് ലേക്കിൽ ഏറ്റവും കൂടുതൽ ആളുകൾ താമസിക്കുന്ന ഒരു ഹോസ്റ്റലിലെ ലാട്രിനിലുള്ളതിനേക്കാൾ കൂടുതൽ മാലിന്യമാണ്. വിദേശികളുടെ വിസ്സർജ്ജ്യ വസ്തുക്കൾ നിക്ഷേപിക്കാനുള്ള ഒരു സ്ഥലമായി വേമ്പനാട് കായൽ മാറിയിരിക്കുന്നു. സംസ്ഥാനത്തെ മാലിന്യ വിമുക്തമാക്കി മാറ്റാൻ വലിയ പ്രയോറിറ്റി കൊടുക്കേണ്ടതായിട്ടുണ്ട്. അതിന് നേതൃത്വം കൊടുക്കേണ്ടത് പൊല്യൂഷൻ കൺട്രോൾ ബോർഡാണ്. വായു മലിനീകരണവും ശബ്ദമലിനീകരണവും നിയന്ത്രിക്കുന്നതിനെ സംബന്ധിച്ചുള്ള ഒരു പഠനം നടത്തി വേസ്റ്റ് ഡിസ്പോസലിനും മാലിന്യ നിർമ്മാർജ്ജനത്തിനും ആവശ്യമായ ഒരു പദ്ധതിക്ക് രൂപം കൊടുക്കാൻ ഹെൽത്ത് ഡിപ്പാർട്ട്മെന്റ് നേതൃത്വം കൊടുക്കണം. അങ്ങനെ രണ്ട് രൂപത്തിലുള്ള പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ മുതിരണം. നിർഭാഗ്യവശാൽ ഓരോ വർഷവും ബഡ്ജറ്റിൽ ഹെൽത്ത് ഡിപ്പാർട്ടുമെന്റിന് നീക്കി വയ്ക്കുന്ന പണം കുറഞ്ഞു കുറഞ്ഞു വരുന്നു. പോസ്റ്റുകൾ നികത്തുന്നില്ല. ഇങ്ങനെയുള്ള ഒരു ദൗർഭാഗ്യാവസ്ഥയുണ്ട്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ വ്യക്തിപരമായി കുറ്റപ്പെടുത്താൻ വേണ്ടിയല്ല ഇതൊക്കെ പറയുന്നത്. സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖലയാണ് പൊതുജനാരോഗ്യം. കാരണം ജനങ്ങൾ ഇല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനമില്ല. പൊതുജനങ്ങളെ നിലനിർത്താൻ, അവർ ജീവനറ്റ് വീഴാതിരിക്കാൻ വേണ്ടിയുള്ള ഒരു അവസ്ഥ ഇവിടെ സംജാതമാക്കണം. ആരോഗ്യ പരിപാലനം ഉറപ്പാക്കാൻ കഴിയുന്ന തരത്തിൽ നമ്മുടെ ആരോഗ്യമേഖല ശക്തിപ്പെടുത്തണം. അതിനാവശ്യമായ ഒരു നടപടിയും ഈ ബഡ്ജറ്റിൽ ഇല്ല. ബഹുമാനപ്പെട്ട എം. കെ. മുനീറിന്റെ നേതൃത്വത്തിൽ പൊതുമരാമത്ത് വകുപ്പ് 1610 കി.മീ. റോഡ് ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന നടപടി വളരെ നന്നായി പോകുന്നുണ്ട്. പക്ഷേ ഇതിന് വലിയ ഖ്യാതിയൊന്നും നിങ്ങൾക്കില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലത്ത് ആവിഷ്ക്കരിച്ച പദ്ധതിയുടെ മുഴുവൻ അംഗീകാരവും വാങ്ങി ഫസ്റ്റ് ഫേസിന്റെ ടെണ്ടറും കഴിഞ്ഞത് പൂർത്തീകരിക്കുന്നു എന്നുള്ളതേയുള്ളൂ. 1610 കി.മീ. റോഡിനു പുറമെ ഇനിയും കൂടുതൽ റോഡുകൾ ഈ അവസ്ഥയിലേക്ക് കൊണ്ടുവരുന്നതിനുള്ള നടപടികൾ ആരംഭിക്കാനും അതിന് ഏറ്റവും കൂടുതൽ ധനസഹായം നേടാനും കഴിയണം. അതിന് ആവശ്യമായ പ്രവർത്തനങ്ങളുണ്ടാകണം. നാഷണൽ ഹൈവേ നാല് ലൈനാക്കുന്നതിന് 3503 കോടി രൂപയുടെ പദ്ധതി കേന്ദ്രഗവൺമെന്റിനെക്കൊണ്ട് അംഗീകരിപ്പിച്ചെടുക്കാൻ കഴിഞ്ഞതിൽ ഞാൻ ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. പക്ഷേ ഇത് സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയുന്ന വിധത്തിൽ ടെണ്ടർ നടപടികൾ ആരംഭിച്ചുകൊണ്ട് കാസർഗോഡ് മുതൽ കന്യാകുമാരി വരെയുള്ള നാഷണൽ ഹൈവേ നാലുവരിപ്പാതയാക്കി മാറ്റുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം. ഒരു പ്രത്യേക പദ്ധതി കൊണ്ടുവരുമ്പോൾ കെ.എസ്.ടി.പി. ആയാലും മറ്റുള്ളതായാലും നോർമലായിട്ടുള്ള പദ്ധതികൾ അവഗണിക്കപ്പെടുന്നു. കെ.എസ്.ടി.പി.-ക്കുവേണ്ടി 250 കോടി രൂപ നീക്കിവച്ചു. ബാക്കി 20,000 കിലോമീറ്റർ വരുന്ന പൊതുമരാമത്തു വകുപ്പിന്റെ റോഡുകൾ സംരക്ഷിക്കാൻ നടപടി വേണം. ഒ.ഡി.ആർ. എല്ലാം എം.ഡി.ആർ. ആക്കി വളരെയേറെ റോഡുകൾ ഏറ്റെടുക്കുന്നു എന്നുപറഞ്ഞല്ലോ. അതിന്റെ വികസന പ്രവർത്തനങ്ങൾ എത്രയാണ്? പുതുതായി നിർമ്മിക്കുന്നതിനും മെയിന്റനൻസ് നടത്തുന്നതിനുമായി നൂറിൽ താഴെ റോഡുകളാണുള്ളത്. കോൺട്രാക്ടർമാർക്ക് 2003 മാർച്ച് 31-ാം തീയതി വരെയുള്ള ബില്ലാണ് ഇപ്പോൾ കൊടുക്കാൻ ഉത്തരവിട്ടിരിക്കുന്നത്. 24 മാസത്തെ കുടിശ്ശികയാണ്. അത് കൊടുക്കാൻ ഇനിയും മൂന്നുനാല് മാസം കഴിയണം. അപ്പോൾ കുടിശ്ശിക എത്രയാവും? പൊതുമരാമത്തുവകുപ്പിന് ആവശ്യമായ പണം കൊടുക്കാത്തതുകൊണ്ട് റോഡ് വികസനം അവതാളത്തിലായിരിക്കുന്നു. നമ്മുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനാവശ്യമായ പരിപാടികൾ നടത്താൻ കഴിയുന്നില്ല. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ഈ സാമ്പത്തിക വർഷം മാർച്ച് 31-ന് അവസാനിക്കുകയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച പദ്ധതി അന്ന് അനുവദിച്ചെടുക്കാൻ കഴിഞ്ഞില്ല. അതിന്റെ ഫലമായി ആ തുക ഈ വർഷത്തെ ബഡ്ജറ്റിൽ നിന്ന് ചെലവഴിക്കണം. ആ ലിസ്റ്റിൽ പെട്ടു. ഇപ്പോഴും അതുണ്ടാകാതെ നബാർഡിന് സമർപ്പിക്കപ്പെടുന്ന പദ്ധതികളിൽ പരിശോധന കഴിഞ്ഞവ എങ്കിലും മാർച്ച് 31-നു മുമ്പ് തന്നെ അംഗീകാരം നേടിയെടുത്ത് ഈ വർഷം നബാർഡിൽ നിന്നും കിട്ടാനുള്ള തുക ലാപ്സാകാതിരിക്കാൻ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ പൊതുജനതാല്പര്യങ്ങളെ സംരക്ഷിക്കുന്നതിനോ വികസന പ്രവർത്തനം നടത്തുന്നതിനോ ആരോഗ്യപരിപാലന രംഗത്തെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനോ ആവശ്യമായ തുകയോ അതിനുള്ള ജാഗ്രതയോ ഇല്ലാത്തതിനാൽ ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ഷാജു: സർ, ഞാൻ ഈ ഡിമാന്റുകളെ പിന്താങ്ങുകയാണ്. ബഹുമാന്യനായ മുഖ്യമന്ത്രി മുമ്പോട്ട് വച്ചിട്ടുള്ള പുതിയ സ്പീഡിന്റെ മുദ്രാവാക്യം ഏറ്റവുമധികം പ്രതിഫലിക്കുന്ന വകുപ്പുകളിലൊന്നായി പൊതുമരാമത്ത് വകുപ്പ് മാറിക്കൊണ്ടിരിക്കുകയാണ്. 'ബഹുദൂരം, അതിവേഗം' എന്നുള്ള മുഖ്യമന്ത്രിയുടെ മുദ്രാവാക്യത്തോട് ഒത്തു നിന്നുകൊണ്ട് പൊതുമരാമത്ത് വകുപ്പ് മുന്നേറുകയാണ്. അഴിമതിയുടെ കൂടാരമെന്ന് ഗണിക്കപ്പെട്ടിരുന്ന വകുപ്പുകളിൽ ഒന്നാമതായിരുന്നു പി. ഡബ്ല്യു. ഡി. ഇന്ന് എല്ലാ ദുഷ്പ്പേരുകളും മാറ്റി കേരളത്തിന്റെ മാറുന്ന മുഖച്ഛായയുടെ പ്രതീകമായി മാറിയിരിക്കുന്നു. അഴിമതിക്കാരും മദ്ധ്യവർത്തികളും മരാമത്ത് വകുപ്പിൽ നിന്ന് ഒഴിഞ്ഞുപോയിരിക്കുന്നു. മന്ത്രി ആഗ്രഹിക്കുന്ന സ്പീഡിൽ തന്നെ പൊതുമരാമത്ത് വകുപ്പ് മുന്നോട്ട് പോവുകയാണ്. നാഥനില്ലാതിരുന്ന ഒ.ഡി.ആർ. എല്ലാം എം.ഡി.ആർ. ആക്കി പി. ഡബ്ല്യു. ഡി. ഏറ്റെടുത്തു എന്നുള്ളത് ഒരു പ്രത്യേകതയാണ്. അധികാര വികേന്ദ്രീകരണത്തിന്റെ അപ്പോസ്തലന്മാരാണ് അപ്പുറത്തിരിക്കുന്നത്. അവർക്ക് വിട്ടുകൊടുത്തിരുന്നതാണ് ഒ.ഡി.ആർ. പുതിയ റോഡുകൾ ഏറ്റെടുക്കാനാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് താല്പര്യം. പുതിയ റോഡുകൾ ഏറ്റെടുക്കുമ്പോൾ അതിന്റെ പിന്നാമ്പുറങ്ങളിൽ എന്തൊക്കെയുണ്ടെന്ന് നമുക്കറിയാം. അതുകൊണ്ടാണ് നമ്മുടെ ഡിപ്പാർട്ടുമെന്റിന് ഈ റോഡ് വീണ്ടും ഏറ്റെടുക്കേണ്ടിവന്നത്. പി. ഡബ്ല്യു. ഡി. റോഡുകളെല്ലാം സഞ്ചാരയോഗ്യമായി മാറിയിരിക്കുന്നു. ഒരു പി. ഡബ്ല്യു. ഡി. റോഡ് യാത്രാ യോഗ്യമല്ലെന്ന് അപ്പുറത്തിരിക്കുന്നവർക്ക് പറയാൻ കഴിയുമോ? ഇവർ 5 വർഷം ഭരിച്ച് ഇറങ്ങിപ്പോയപ്പോൾ എന്തായിരുന്നു അവസ്ഥ? എം.സി. റോഡ് എന്ന് ഇടയ്ക്കു കൂടി ഒരു അശരീരി. എം.സി. റോഡിൽ 1600 കോടി രൂപയുടെ വികസന പ്രവർത്തനം നടക്കുകയാണ്. എം.സി.റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞാൽ ഇന്റർനാഷണൽ ക്വാളിറ്റി മെയിന്റയിൻ ചെയ്യാൻ കഴിയുന്ന വലിയ റോഡായി അത് മാറും. അതിന്റെ കുറെ ഭാഗങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ശ്രീ. സാജുപോൾ അതുവഴി സഞ്ചരിച്ചിട്ടുണ്ടോ എന്നറിയില്ല. കാണാതിരിക്കുന്നതു കൊണ്ടാണോ അതോ കണ്ടിട്ടും കണ്ടില്ലെന്ന് നടിക്കുകയാണോ? നിങ്ങളുടെ കാലത്ത് റോഡുകളുടെ സ്ഥിതി എന്തായിരുന്നു? അത് വിശദീകരിക്കേണ്ട കാര്യമില്ലല്ലോ. എന്തിനാണ് ഞങ്ങളെക്കൊണ്ട് വീണ്ടും വീണ്ടും പഴയകാലത്തെ കഥകൾ ഓർമ്മിപ്പിക്കുന്നത്? ഞങ്ങൾ അതൊക്കെ മറക്കാൻ ശ്രമിക്കുന്ന കാര്യങ്ങളാണ്. ആ റോഡുകളുടെ സ്ഥിതിയെല്ലാം മാറി. കരാറുകാരുടെ കുടിശ്ശികയെ സംബന്ധിച്ച് പ്രസംഗിച്ചിട്ട് ഞാൻ പ്രസംഗിക്കുന്നതിനു മുമ്പ് ഡോക്ടർ കെ.സി.ജോസഫ് ഇറങ്ങിപ്പോയി. കർഷകരുടെ ആത്മഹത്യ എന്നുപറഞ്ഞ് ബഹളം വയ്ക്കുന്നല്ലോ. അതിനേക്കാൾ എത്രയോ മോശമായിരിക്കുന്നു കരാർ കുടിശ്ശികക്കാരുടെ അവസ്ഥ. കരാർ കുടിശ്ശികക്കാർ സെക്രട്ടേറിയറ്റിനു മുമ്പിൽ സമരം നടത്തി. 94-ഓളം ആളുകൾ ആത്മഹത്യ ചെയ്തില്ലേ? ആ കരാർ കുടിശ്ശിക ഒരു വകുപ്പിലുമില്ലാതെ, ഒരു ഭരണാനുമതിയും കൊടുക്കാതെ ഒരു ബഡ്ജറ്റിലും ഇല്ലാതിരുന്ന 500 കോടി രൂപയുടെ പദ്ധതിയാണ്. ഈ ഡോക്ടറുടെ നേതാവ് ശ്രീ. പി. ജെ. ജോസഫ് പൊതുമരാമത്ത് വകുപ്പുമന്ത്രി ആയിരുന്നപ്പോൾ ആ ഭരണത്തിന്റെ അവസാന കാലത്ത് നടപ്പാക്കിയെടുത്തുകൊണ്ട് പോയി. അതിന്റെയെല്ലാം ബാദ്ധ്യത ഈ ഗവൺമെന്റ് വന്നതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റെടുക്കുകയും അത് പൂർത്തീകരിക്കുകയും പണം കുറച്ച് കൊടുക്കുകയും ചെയ്തു. ഇനിയും കുടിശ്ശിക കൊടുക്കാനുണ്ട്. കോൺട്രാക്ടർക്ക് കൊടുക്കാനുള്ള തുക സമയബന്ധിതമായി കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. കുറഞ്ഞ പലിശയ്ക്ക് എവിടെനിന്നെങ്കിലും കുറച്ച് പണം കണ്ടെത്തി ആ പണം പൂർണ്ണമായും കരാർ കുടിശ്ശികക്കാർക്ക് കൊടുത്താൽ രണ്ട് നേട്ടമുണ്ടാകും. ഒന്ന്, കരാർ കുടിശ്ശികക്കാരുടെ കുടിശ്ശിക കൊടുത്തു തീർക്കാൻ കഴിയും. അതുവഴി നമ്മുടെ പൊതുമരാമത്ത് പണികളുടെ ക്വാളിറ്റി വർദ്ധിപ്പിക്കാൻ കഴിയും. നമ്മുടെ സംസ്ഥാനത്ത് അധികമായി ചെലവഴിക്കുന്ന കോടിക്കണക്കിന് രൂപ ലാഭിക്കാൻ കഴിയും. അതുകൊണ്ട് ഏതെങ്കിലും മേഖലയിൽ നിന്ന് ആയിരംകോടി രൂപ കണ്ടെത്തി കുറഞ്ഞ പലിശയ്ക്ക് വാങ്ങി കരാറുകാർക്ക് കൊടുത്ത് അവരുടെ കുടിശ്ശിക തീർക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പി. ഡബ്ല്യു. ഡി. യുടെ ബഡ്ജറ്റ് വിഹിതം കുറഞ്ഞു വരുന്നതിനെപ്പറ്റി അപ്പുറത്ത് ശ്രീ. കെ. പി. സതീശ്ചന്ദ്രൻ വിലപിക്കുന്നത് കേട്ടു. ഒരർത്ഥത്തിൽ അത് ശരിയാണ്; ബഡ്ജറ്റ് അലോക്കേഷൻ കുറഞ്ഞു കുറഞ്ഞു വരുന്നു എന്നുള്ളത് യാഥാർത്ഥ്യമാണ്. പക്ഷേ അതു കണ്ടിട്ടും നമ്മുടെ മന്ത്രി നിരാശനാകുന്നില്ല, അദ്ദേഹം മറ്റ് മാർഗ്ഗങ്ങൾ തേടുകയാണ്. മറ്റ് വഴികൾ തേടിക്കൊണ്ട് നമ്മുടെ വികസന പ്രവർത്തനങ്ങൾ മരവിക്കാതിരിക്കാൻ, പിന്നോട്ടു പോകാതിരിക്കാൻ പരിശ്രമിക്കുകയാണ്. നബാർഡ് പോലുള്ള ഫണ്ടിംഗ് ഏജൻസികളുടെ സഹായം പരമാവധി ഉറപ്പു വരുത്തിക്കൊണ്ട് നമ്മുടെ റോഡുകളും പാലങ്ങളും നബാർഡിനെക്കൊണ്ട് ഏറ്റെടുത്ത് ബഡ്ജറ്റ് അലോക്കേഷൻ വേണ്ടത്ര കിട്ടുന്നില്ലെങ്കിൽ മറ്റ് മാർഗ്ഗങ്ങൾ തേടി നമ്മുടെ വികസന പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുകയാണ്. ലോക ബാങ്കിന്റെ സഹായത്തോടെയുള്ള നിരവധി പദ്ധതികൾ വരുന്നു. നമ്മുടെ സംസ്ഥാനത്തെ റോഡുകളുടെ മുഖച്ഛായ മാറ്റാൻ കഴിയുന്ന രൂപത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുകയാണ്. പുതിയ എത്രയോ പദ്ധതികൾ ഏറ്റെടുക്കുന്നു. ആകാശകുസുമമായിരുന്ന നമ്മുടെ ഹിൽവേ യാഥാർത്ഥ്യമായി എന്നുള്ളത് ഈ ഗവൺമെന്റിന്റെ നേട്ടങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ശബരിമല റോഡുകൾ കൃത്യസമയത്ത് പൂർത്തീകരിക്കാൻ നമുക്ക് കഴിയുന്നുണ്ട്. സംസ്ഥാന തലസ്ഥാനത്തിന്റെ അന്തസ്സും ആഭിജാത്യവും ഉയർത്തിപ്പിടിക്കാൻ കഴിയുന്ന രൂപത്തിലുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുകയാണ്. ഇവരൊന്നും കണ്ണ് തുറന്നല്ലേ ഈ രാജ്യത്ത് സഞ്ചരിക്കുന്നത്? എം.എൽ.എ. മാർക്ക് എങ്കിലും സത്യസന്ധമായി കാര്യങ്ങൾ കാണാൻ കഴിയണ്ടേ? സംസ്ഥാനത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരം പട്ടണത്തിന്റെ സമഗ്രമായ വികസനത്തിന് ഉതകുന്ന എത്രയോ റോഡ് പദ്ധതികൾ ഇവിടെ നടക്കുന്നു. ഇതൊന്നും കണ്ടിട്ടും കാണാതിരിക്കുന്ന ഒരു സമീപനമാണ് ഇവർ സ്വീകരിച്ചിരിക്കുന്നത്. കൂടുതൽ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. നാടിന്റെ മുഖച്ഛായ മാറ്റാൻ വേണ്ടി പ്രതിബദ്ധതയോടെ മരാമത്ത് വകുപ്പ് മന്ത്രിയും ഒരു ടീം വർക്കോടുകൂടി അദ്ദേഹത്തിന്റെ സഹപ്രവർത്തകരും കേരളത്തിലെ പൊതുമരാമത്ത് രംഗത്ത് നടത്തിക്കൊണ്ടിരിക്കുന്ന നൂതനമായ പ്രവർത്തനങ്ങൾക്ക് എല്ലാ പിന്തുണയും ഈ നാളിലെ പ്രതിപക്ഷം അടക്കമുള്ള ആളുകൾ നൽകണമെന്ന

1.00 P.M]

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായമാണ് എനിക്കുള്ളത്. ആരോഗ്യ-കുടുംബക്ഷേമത്തെ സംബന്ധിച്ച് പറയുമ്പോൾ ആരോഗ്യരംഗം എന്നും പ്രശ്ന സങ്കീർണ്ണമായിരുന്നു. മന്ത്രിമാർ മാറിയത് വലിയ അപരാധമാണെന്നാണ് അപ്പുറത്തിരിക്കുന്ന ആളുകൾ ആരോപിക്കുന്നത്. എൽ.ഡി.എഫ്. ഭരിച്ചുകൊണ്ടിരുന്നപ്പോൾ ആദ്യം ആരായിരുന്നു ആരോഗ്യവകുപ്പു മന്ത്രി? ശ്രീ. എ. സി. ഷൺമുഖദാസ്. കുറേ കഴിഞ്ഞപ്പോൾ ശ്രീ. വി. സി. കബീർ വന്നു. പിന്നെ മന്ത്രിമാർ മാറാതിരുന്നത് അവരുടെ പാർട്ടിയിൽ വേറെ ആളില്ലാതിരുന്നതുകൊണ്ടാണ്. അവരുടെ പാർട്ടിയിൽ വേറെ ആരും ഉണ്ടായിരുന്നില്ല., അല്ലെങ്കിൽ മന്ത്രി പിന്നെയും മാറിയേനേ. ഞാൻ പറഞ്ഞു വരുന്നത് മന്ത്രിമാർ മാറുന്നതുകൊണ്ട് എന്താണ് കുഴപ്പം? രണ്ട് മന്ത്രിമാർ മാറി. മൂന്നാമത് ഒരു മന്ത്രി വന്നു.

ശ്രീ. ബിനോയ് വിശ്വം: കോൺഗ്രസ് പാർട്ടിക്ക് ഇഷ്ടം പോലെ ആളുകൾ ഉള്ളതുകൊണ്ട് ഇനിയും മന്ത്രിമാർ മാറണമെന്നാണോ?

ശ്രീ. കെ. കെ. ഷാജു: മന്ത്രി മാറുന്നത് വളരെ അപരാധമാണ് എന്നു പറയുന്ന ആളുകൾ അവരുടെ കാലത്ത് മന്ത്രിമാർ മാറുന്നതിനെപ്പറ്റി കണ്ണിലെ കോൽ എടുക്കാത്തതുപോലെ എന്നേ പറയാനുള്ളൂ. എന്തിനാണ് മുകളിലേക്ക് തുപ്പി സ്വയം മോശമാകുന്നത്? നിങ്ങളുടെ കാലത്ത് ഇതൊക്കെ നടന്നിട്ടുണ്ട്. ഈ രാജ്യത്ത് എന്തെങ്കിലും പ്രത്യയശാസ്ത്രപരമായ പ്രശ്നങ്ങളുടെ പേരിലാണോ ശ്രീ. ഷൺമുഖദാസിൽ നിന്ന് ശ്രീ. കബീർമാഷ് അധികാരം തിരിച്ചു പിടിച്ചത്; മന്ത്രിയായി മാറിയത്. പിന്നെ ആ കാര്യമൊന്നും പറഞ്ഞ് നാട്ടിൽ നടക്കുന്ന നല്ല കാര്യങ്ങളെ കാണാതിരിക്കേണ്ട കാര്യമില്ല.

ശ്രീ. വി. കെ. ചന്ദ്രൻ: ബഹുമാനപ്പെട്ട അംഗം പറഞ്ഞത് കോൺഗ്രസിൽ മന്ത്രിമാരാകാൻ ധാരാളം ആളുകളുണ്ട് എന്നാണ്. ജെ.എസ്.എസ്.-ലും നാല് അംഗങ്ങളുണ്ട്. നാല് അംഗങ്ങൾ ഉണ്ടായിട്ടും എന്തുകൊണ്ട് ശ്രീമതി കെ.ആർ. ഗൗരിയമ്മ മാറുന്നില്ല?

ശ്രീ. കെ. കെ. ഷാജു: ശ്രീമതി കെ. ആർ. ഗൗരിയമ്മ മാറണമെന്ന് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ആരും ആഗ്രഹിക്കുന്നില്ല. അത്രയും പരിണതപ്രജ്ഞയാണ് ശ്രീമതി കെ. ആർ. ഗൗരിയമ്മ. ശ്രീമതി കെ. ആർ. ഗൗരിയമ്മയെപ്പോലെ ഇത്രയും സീനിയോറിറ്റിയുള്ള മന്ത്രി ഈ സംസ്ഥാനത്തില്ല. അവർ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന വകുപ്പുകളിൽ നടക്കുന്നത്ര വികസന പ്രവർത്തനങ്ങൾ എൽ.ഡി.എഫ്.-ന്റെ കാലത്ത് നടന്നിട്ടുണ്ടോ? ശ്രീമതി കെ. ആർ. ഗൗരിയമ്മയെ കുറ്റം പറയാൻ ശ്രീ. വി. കെ. ചന്ദ്രൻ ആയിട്ടില്ല. ശ്രീ. വി. കെ. ചന്ദ്രന്റെ ഏറ്റവും മുമ്പിലിരിക്കുന്ന നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻപോലും ശ്രീമതി കെ. ആർ. ഗൗരിയമ്മയെ കുറ്റം പറയാൻ വളർന്നിട്ടില്ല. അത് ആദ്യം മനസ്സിലാക്കണം. ഞാൻ അത് വിടുകയാണ്. 201 ആശുപത്രികൾ ഉള്ളതിൽ 67 ആശുപത്രികളിൽ കിടത്തി ചികിത്സ ആരംഭിച്ചു. ഈ ഗവൺമെന്റിന്റെ കാലത്ത് ആയിരത്തിലേറെ ഡോക്ടർമാരെ നിയമിച്ചു. ഡോക്ടർമാർ വരാതിരിക്കുന്നതിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചാണ് അപ്പുറത്തുള്ള ആളുകൾ പറയുന്നത്. സംസ്ഥാനത്ത് ഡോക്ടർമാരുടെ എണ്ണം കുറവാണ്.

ശ്രീ. കെ. പി. മോഹനൻ: ഇവിടെ ബഹുമാനപ്പെട്ട തോമസ് ചാഴികാടൻ 627 തസ്തികകളുടെ കാര്യം പറഞ്ഞു. ആയിരം എന്ന് പറഞ്ഞു. ഈ 1000-ത്തിലും 627-ലും 262 പേർ മാത്രമേ ജോയിൻ ചെയ്തിട്ടുള്ളുവെന്നും ബാക്കിയുള്ളവർ നിയമന ഉത്തരവ് കിട്ടിയിട്ടും ജോലിയിൽ പ്രവേശിച്ചിട്ടില്ല എന്നുമുള്ളത് അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. കെ. കെ. ഷാജു: അത് ശരിയാണ്. നിയമന മെമ്മോ കിട്ടിയിട്ടും ആളുകൾ വേണ്ടത്ര വരുന്നില്ല. കാരണം കേരളത്തിന് വെളിയിൽ പോയാൽ അവർക്ക് ആകർഷകമായ വേതനവും മറ്റ് സൗകര്യങ്ങളും ലഭിക്കും. സംസ്ഥാനത്ത് ഡോക്ടർമാരുടെ എണ്ണം കുറവാണ്. അത് പരിഹരിക്കാൻ മെഡിക്കൽ കോളേജുകൾ ഉള്ളതിൽ കവിഞ്ഞ് കുറെ സ്വാശ്രയ മെഡിക്കൽ കോളേജുകൾ ഉണ്ടാക്കി. കുറേ ഡോക്ടർമാർ അധികമായി വന്നാൽ, കേരളത്തിൽ അവരുടെ സേവനം വിനിയോഗിക്കണം എന്ന അവസ്ഥ വന്നാൽ സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കെതിരായി കുന്തവും എടുത്തുകൊണ്ട് ഇറങ്ങുന്ന ആളുകളാണ് അപ്പുറത്തിരിക്കുന്നത്. നേരത്തെ ശ്രീ. ടി. കെ. ദേവകുമാർ കർണ്ണാടകത്തിലേയും ആന്ധ്രയിലേയും കാര്യങ്ങൾ പറഞ്ഞപ്പോൾ അവിടെ കോഴ കൂടുതൽ കൊടുത്തതിനെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. കർണ്ണാടകത്തിലേയും ആന്ധ്രയിലേയുമൊക്കെ മെഡിക്കൽകോളേജിൽ പോയി പഠിച്ച ആളുകൾ അവിടെ എത്ര കൊടുത്തു എന്ന് നമ്മളാരെങ്കിലും അന്വേഷിച്ചിട്ടുണ്ടോ? ഇത് സംബന്ധിച്ച് നമുക്ക് വല്ലതും അറിയാമോ? ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ സീറ്റിന്റെ എണ്ണം കുറച്ചിട്ടോ മെഡിക്കൽ കോളേജുകൾ അടച്ചിട്ടിട്ടോ ആണോ സ്വാശ്രയ മെഡിക്കൽ കോളേജുകൾ തുടങ്ങിയത് ? അല്ല. അവിടെയൊക്കെ റെഗുലർ വിദ്യാഭ്യാസം നടക്കുമ്പോൾ തന്നെയാണ് കൂടുതൽ ഡോക്ടർമാരെ സൃഷ്ടിക്കാൻ സ്വാശ്രയ മെഡിക്കൽ കോളേജുകൾ ആരംഭിച്ചത്. അതിന്റെ സ്പിരിറ്റ് എന്താണെന്ന് തിരിച്ചറിയാതിരിക്കുന്ന ആളുകളാണ് സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കെതിരെ സമരവുമായി രംഗത്ത് വന്നിട്ടുള്ളത്. അങ്ങനെ സമരം നടത്തി ഇവിടെ ഡോക്ടർമാരും, പാരാ മെഡിക്കൽ സ്റ്റാഫും വേണ്ട, ഈ നാട്ടിൽ ഒരു വികസനവും വേണ്ട ഈ നാട് 50 വർഷം പുറകിലേക്ക് പോയാൽ ഞങ്ങൾക്കൊന്നും വരാനില്ല എന്ന് ചിന്തിക്കുന്ന ആളുകളാണ് അപ്പുറത്തുള്ളത്. അവർ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ എതിർക്കും. ആയുർവേദ മെഡിക്കൽ കോളേജിനെ എതിർക്കും. എനിക്ക് അഭിമാനമുണ്ട്, എന്റെ നിയോജക മണ്ഡലത്തിൽ മന്നം മെമ്മോറിയൽ ആയുർവേദ മെഡിക്കൽ കോളേജും ശ്രീബുദ്ധാ എൻജിനീയറിംഗ് കോളേജും മഹാലക്ഷ്മി ട്രസ്റ്റിന്റെ മെഡിക്കൽ കോളേജും വരുന്നു. ഇതെല്ലാം വികസനത്തിന്റെ ഭാഗമായിട്ടുള്ള കാര്യങ്ങളാണ്. അതൊന്നും അംഗീകരിക്കാൻ പ്രത്യയശാസ്ത്ര കുരുക്കിൽ അകപ്പെട്ടു കിടക്കുന്ന ആളുകൾക്ക് കഴിയില്ല. അവർ ഈ നാടിന്റെ വികസന പ്രക്രിയയെ തല്ലിക്കെടുത്താൻ വേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തികൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ: ബഹുമാനപ്പെട്ട കെ. കെ. ഷാജു ഇവിടെ ആരോഗ്യ രംഗം വല്ലാതെ പുഷ്ടിപ്പെട്ട് വികസിച്ചു കൊണ്ടിരിക്കുകയാണെന്നാണ് പറയുന്നത്. പകർച്ചവ്യാധികളെല്ലാം പരിഹരിച്ചു. ഗ്രൂപ്പ് കളിയിൽ ഡോക്ടറേറ്റ് നേടിയ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഗ്രൂപ്പു രോഗത്തിന് ഒരു ഒറ്റമൂലി കണ്ടുപിടിച്ചിട്ടുണ്ടെന്നും അത് പരീക്ഷിക്കാനുള്ള ഒരു ഗ്രൂപ്പ് രോഗിയെ ഒത്തുകിട്ടാൻ ശ്രമിച്ചു കൊണ്ടിരിക്കുയാണെന്നുമുള്ള വിവരം ബഹുമാനപ്പെട്ട കെ. കെ. ഷാജുവിന് അറിയാമോ?

ശ്രീ. കെ. കെ. ഷാജു : ശരിയാണ്. ഗ്രൂപ്പു രോഗത്തിന്റെ മരുന്ന് പരീക്ഷിക്കാൻ വേണ്ടി ആളെ തേടിനടക്കുന്ന ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർക്ക് ശ്രീ. ടി. കെ. ദേവകുമാറിനെ എളുപ്പം കണ്ടെത്താം. അദ്ദേഹത്തെ ചികിത്സയ്ക്ക് വിധേയമാക്കാം. കാരണം പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ അങ്ങോട്ട് പോയതേയുള്ളു അദ്ദേഹം. അത് ക്ലിയറായിട്ടുണ്ട്.

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഇപ്പാൾ അദ്ദേഹം എന്റെ പേര് പറഞ്ഞ് നടത്തിയ പരാമർശം വ്യക്തിപരമായി അപകീർത്തിപ്പെടുത്തുന്നതാണ്. അത് രേഖയിൽ നിന്ന് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണം ..... (ബഹളം) .....

ശ്രീ. കെ. കെ. ഷാജു : പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് ഏത് വകുപ്പനുസരിച്ചാണ്? .....(ബഹളം) .....

ശ്രീ. ടി. കെ. ദേവകുമാർ: വ്യക്തിപരമായ പരാമർശമാണ് നടത്തിയത് ..... (ബഹളം) .....

മി. ഡെപ്യൂട്ടി സ്പീക്കർ : ഗ്രൂപ്പിന് മരുന്ന് വല്ലതും ഉണ്ടോ എന്ന് ചോദിച്ചു. അതിൽ കാര്യമായൊന്നുമില്ല. തമാശരൂപേണ പറഞ്ഞതാണ്.

ശ്രീ. എ. എൻ. രാജൻ ബാബു : അദ്ദേഹത്തിന്റെ പാർട്ടിയുടെ പോളിറ്റ് ബ്യൂറോയിൽ ഗ്രൂപ്പ് രോഗത്തിനുള്ള മരുന്ന് കണ്ടുപിടിക്കുന്നതല്ലേ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. കെ. ഷാജു : കുറച്ചു കാലമായി ഗ്രൂപ്പ് രോഗികൾക്ക് ആവശ്യമായ മരുന്ന് കണ്ടുപിടിക്കാൻ പി.ജി. ഡോക്ടർമാർ ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ എല്ലാ പഞ്ചായത്തുകളിലും ഒരു ആയുർവേദ ആശുപത്രി, ഒരു ഹോമിയോ ആശുപത്രി, ഒരു അലോപ്പതി ആശുപത്രി എന്നുള്ള സങ്കൽപ്പത്തിൽ എത്തിച്ചേരാനുള്ള നടപടികൾ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എന്റെ നിയോജകമണ്ഡലത്തിലാണ് ലോകത്തിലെ ഏറ്റവും വലിയ ലെപ്രസി സാനറ്റോറിയം സ്ഥിതി ചെയ്യുന്നത്. ആയിരത്തിയഞ്ഞൂറോളം അന്തേവാസികൾ നേരത്തേ ഉണ്ടായിരുന്നു. ഇപ്പോൾ 500-ൽ താഴെ ആളുകൾ മാത്രമെയുള്ളു. 140 ഏക്കർ ഭൂമിയുണ്ട്. വിസ്തൃതമായ അതിന്റെ ഏരിയ സംരക്ഷിക്കാൻ നമുക്കു കഴിയുന്നില്ല. അതിന്റെ മതിൽക്കെട്ട് നിർമ്മാണം പൂർത്തീകരിക്കാൻ ഒരു കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപ വേണം. ഇപ്പോൾ 500-ൽ താഴെയായി ലെപ്രസി രോഗികൾ കുറയുകയാണ്. ലെപ്രസി സാനറ്റോറിയത്തിന്റെ 85 ഏക്കർ സ്ഥലം ബി.എസ്.എഫ്. ബെയിസിനു കേരളത്തിൽ ഒരു യൂണിറ്റാരംഭിക്കാൻ വിട്ടുകൊടുക്കണമെന്നവർ അഭ്യർത്തിച്ചിട്ടുണ്ട്. അങ്ങനെ വിട്ടുകൊടുത്താൽ അവർ പണം നൽകും. വികസന പ്രക്രിയക്ക് ആ പണം ഉപയോഗിക്കാൻ സാധിക്കും. കേരളത്തിന്റെ ഇരുപത്തയ്യായിരത്തോളം വരുന്ന ബി.എസ്.എഫ്. കാർക്കും പതിനായിരത്തോളം വരുന്ന റിട്ടയർ ചെയ്തവർക്കും അനുഗ്രഹമായി ഒരു പദ്ധതി വരാൻ വേണ്ടിയുള്ള അവസരം ഒരുക്കിക്കൊണ്ട് ലെപ്രസി സാനറ്റോറിയത്തിന്റെ 85 ഏക്കർ സ്ഥലം ബി.എസ്.എഫ് ബേയ്സിനു വിട്ടുകൊടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം എന്നു അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ പൊതുമരാമത്തുവകുപ്പിന്റെയും ആരോഗ്യ കുടുംബക്ഷേമവകുപ്പിന്റെയും ഈ ധനാഭ്യർത്ഥനകളെ വീണ്ടും പിൻതുണയ്ക്കുകയാണ്.

ശ്രീ. കെ. കെ. നായർ: സർ, പൊതുമരാമത്തു വകുപ്പിനും ആരോഗ്യ കുടുംബക്ഷേമ വകുപ്പിനും വേണ്ടി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. രാജ്യത്തിന്റെ വരുമാനത്തിന്റെ 91 ശതമാനവും ശമ്പളത്തിനും പെൻഷനും വേണ്ടി മാറ്റി വയ്ക്കേണ്ടിവരുന്ന ഒരു സാഹചര്യത്തിൽ രണ്ടു വകുപ്പുമന്ത്രിമാരെയും ഞാൻ കുറ്റം പറയാൻ ആഗ്രഹിക്കുന്നില്ല. പൊതുമരാമത്ത് വകുപ്പ് ഇന്ന് നടക്കുന്ന രീതിയിൽ നമ്മുടെ സംസ്ഥാനത്ത് മുന്നോട്ടു കൊണ്ടുപോകാൻ പറ്റുമോ എന്ന കാര്യം നമ്മൾ വിസ്മരിക്കേണ്ട. ശബരിമല പത്തനംതിട്ട ജില്ലയിലായതുകൊണ്ട് ഒരുമാതിരിപ്പെട്ട റോഡുകൾ എല്ലാ വർഷവും മെയിന്റനൻസ് നടത്തി നന്നാക്കുന്ന ഒരവസ്ഥയുണ്ട്. അതേസമയത്ത് അവിടെയുള്ള ഗ്രാമീണ റോഡുകളിൽ രണ്ടു വർഷമായി യാതൊന്നും ചെയ്യുന്നില്ല. അത് ഗവൺമെന്റിന്റെ കുറ്റമല്ല. പ്ലാനിംഗ് ബോർഡ് ആ ജില്ലയിലുള്ള 181 റോഡുകൾ ജില്ലാ പഞ്ചായത്തിന് കൈമാറിയതായി ഒരു രേഖയുണ്ടാക്കി. ജില്ലാ പഞ്ചായത്തിന് അവ സംരക്ഷിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് പി.ഡബ്ല്യൂ.ഡി. അത് തിരികെ വാങ്ങി. ഈ സമയം കൊണ്ട് രണ്ടു വർഷത്തെ മെയിന്റനൻസ് സർക്കാരിന് ലാഭമായി. അടുത്ത ഏപ്രിൽ ഒന്നാം തീയതി കഴിയാതെ അവിടെ യാതൊന്നും നടക്കുകയില്ല. കഴിഞ്ഞ ബഡ്ജറ്റിൽ രണ്ടു വർക്കുകൾ ഞാൻ പ്രൊപ്പോസ് ചെയ്തിരുന്നു. ഒന്ന്, കോഴഞ്ചേരി-മണ്ണാഴിക്കുളത്തി റോഡ്. ആ റോഡിന്റെ ഇമ്പ്രൂവ്മെന്റിന് 17 ലക്ഷം രൂപ ബഡ്ജറ്റിലുണ്ടായിരുന്നു. പത്തനംതിട്ടയിലെ റിംഗ് റോഡ് ക്രോസ് ജംഗ്ഷനുകൾ ഇമ്പ്രൂവ് ചെയ്യുന്നതിന് 175 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് എടുത്തത്. 35 ലക്ഷം രൂപ സപ്ലിമെന്ററി ഡിമാന്റിൽ കൂടി ജൂലായിൽ പാസാക്കി എടുത്തു. 35 ലക്ഷം രൂപ പാസ്സാക്കാനുള്ള കാരണം 20 ശതമാനം ഉണ്ടെങ്കിൽ മാത്രമേ പ്രസ്തുത വർക്ക് ടെന്റർ ചെയ്യാൻ പറ്റൂ. അതുകൊണ്ടാണ് 35 ലക്ഷം രൂപ സപ്ലിമെന്ററി ബഡ്ജറ്റിൽ കൊള്ളിച്ചത്. ജൂലായും, ആഗസ്റ്റും കഴിഞ്ഞ് 35 ലക്ഷം രൂപ ഉണ്ടായിട്ടും ആ റോഡുകളുടെ പണി ഇതുവരെ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. കാരണം അതിനുള്ള എ. എസിനുവേണ്ടി 265 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് കോഴഞ്ചേരി - മണ്ണഴിക്കുളത്തി റോഡിനും, 175 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് ക്രോസ് ജംഗ്ഷൻ ഇമ്പ്രൂവ്മെന്റിനും വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിൽ കൊടുത്തിരുന്നു. മൂന്ന് മാസം കഴിഞ്ഞപ്പോൾ കോഴഞ്ചേരി റോഡിന് 80 ലക്ഷം രൂപയുടെയും ജംഗ്ഷൻ ഇമ്പ്രൂവ്മെന്റിന് 70 ലക്ഷം രൂപയുടെയും A.S. ആണ് തന്നത്. 35 ലക്ഷം രൂപ ബഡ്ജറ്റിൽ ഉണ്ടായിരുന്നിട്ടും ആ മുഴുവൻ തുകയ്ക്കും A.S. തരാൻ ഗവണ്മെന്റിന് കഴിഞ്ഞില്ല. ഇപ്പോൾ റോഡ് ടെന്റർ ചെയ്യുന്നതിന് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ വർഷാവസാനം അത് നടക്കുമെന്നെനിക്ക് തോന്നുന്നില്ല. ഈ ഒറ്റ വർഷം കൊണ്ട് 52 ലക്ഷം രൂപ സർക്കാരിന് ലാഭം കിട്ടിയിട്ടുണ്ട്. ചെറിയ റോഡുകൾ നന്നാക്കുന്നതിലും സർക്കാരിന് ലാഭം കിട്ടിയിട്ടുണ്ട്. ഇങ്ങനെയുള്ള സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പ് എങ്ങനെ രക്ഷപ്പെടുമെന്ന് ചിന്തിക്കുമ്പോഴാണ് വകുപ്പു മന്ത്രിയുടെ സാമർത്ഥ്യത്തെപ്പറ്റി മനസ്സിലാകുന്നത്. അദ്ദേഹം കേന്ദ്രത്തിൽ നിന്ന് നാഷണൽ ഹൈവേയ്ക്ക് കിട്ടാവുന്ന പരമാവധി തുക വാങ്ങുന്നുണ്ട്. നബാർഡിന്റെയും വേൾഡ് ബാങ്കിന്റെയും പണം കൊണ്ട് നല്ല രീതിയിൽ കാര്യങ്ങൾ നടത്താൻ പരിശ്രമിക്കുന്നുണ്ട്.. ഗ്രാമീണ റോഡുകൾക്കുവേണ്ടി നബാർഡിന്റെ സഹായത്തോടുകൂടി ചില കാര്യങ്ങൾ ചെയ്യുന്നതിനും അദ്ദേഹം ശ്രമിക്കുന്നുണ്ട്. അങ്ങനെ പണം ഇല്ലെങ്കിൽ മറ്റു വഴികൾ കണ്ടുപിടിച്ച് രാജ്യത്തിന്റെ വികസന പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ പരിശ്രമിക്കുന്ന മരാമത്തുവകുപ്പുമന്ത്രിയെ ഇക്കാര്യത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. ഒരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത് എഞ്ചിനീയർമാരുടെ സ്വഭാവവിശേഷമാണ്. റോഡു വർക്കിനല്ലാതെ ബിൽഡിംഗ് സെക്ഷനിലേക്ക് പോകാൻ ഒരു എൻജിനീയറും തയ്യാറല്ല. പത്തനംതിട്ട ജില്ലയിൽ തന്നെ അഞ്ച് ബിൽഡിംഗ് സെക്ഷനിൽ രണ്ടു മാസമായി എ. ഇ. ഇല്ലാതെ കിടക്കുകയാണ്. എല്ലാപേരും റോഡ് നിർമ്മാണത്തിലേക്കാണ് പോകുന്നത്. ഈ അവസ്ഥ മാറ്റിയെടുക്കാൻ നിർബന്ധപൂർവ്വം ചില കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ചെയ്യണം എന്നാണ് എനിക്കു പറയാനുള്ളത്. 10 വർഷം സർവ്വീസ് ഉള്ളവർ, ബിൽഡിംഗ് ജോലി ചെയ്യാത്തവർ ഉണ്ടെങ്കിൽ അവരെ നിർബന്ധമായും ഈ വർഷം അടുത്ത ഏപ്രിൽ മാസത്തിൽ ബിൽഡിംഗ് ഡിവിഷനിലേക്ക് മാറ്റി നിയമിക്കാൻ ശക്തമായ നടപടിയെടുക്കണം. എങ്കിൽ മാത്രമേ ആ വിഭാഗംകൂടി നന്നാക്കി മുന്നോട്ടുകൊണ്ടുപോകാൻ കഴിയൂ. ഈ രീതിയിലുള്ള കാര്യങ്ങളൊക്കെ ചെയ്ത് ഭംഗിയായി കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ പരിശ്രമിക്കുന്ന ബഹുമാനപ്പെട്ട മരാമത്തുവകുപ്പു മന്ത്രിയെ ഈ കാര്യത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. ആരോഗ്യരംഗത്തെക്കുറിച്ച് പറയുമ്പോൾ ഇതിന്റെ ലക്ഷ്യം തന്നെ തെറ്റിയെന്നാണ് എനിക്കു പറയാനുള്ളത്. പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെന്റ് എന്നു പറയുന്നതുതന്നെ രോഗികളുടെ സംരക്ഷണത്തിനുവേണ്ടിയും, രോഗികളെ രോഗവിമുക്തരാക്കി രക്ഷപ്പെടുത്തുന്നതിനും വേണ്ടിയാണ് ഉണ്ടാക്കിയിരിക്കുന്നത് എന്ന് ഞാൻ വിശ്വസിക്കുന്നു. ഇന്ന് ഏറ്റവും വിസ്മരിക്കപ്പെട്ട വിഭാഗം രോഗികളാണ്. ബാക്കിയെല്ലാപേരും അവരുടെ സംഘടിതശക്തികൊണ്ട് കാര്യങ്ങൾ നേടുന്നുണ്ട്. ഡോക്ടർമാരെ സംബന്ധിച്ചിടത്തോളം അവർക്ക് എട്ടു മുതൽ ഒരു മണി വരെ ജോലി ചെയ്താൽ മതിയെന്ന് ഏത് ഭരണാധികാരിയാണ് തീരുമാനിച്ചതെന്ന് എനിക്കറിയില്ല. ഒരു മണി കഴിഞ്ഞാൽ രോഗം വരില്ലെന്ന സങ്കൽപ്പം എനിക്കില്ല. ഇവരുടെ സമയം 8 മുതൽ 1 വരെയും, 3 മുതൽ 5 മണിവരെയും ആക്കിയാൽ പ്രൈവറ്റ് പ്രാക്ടീസിനുള്ള വ്യഗ്രതയും പണം ഉണ്ടാക്കുവാനുള്ള അമിതമായ താൽപ്പര്യവും കുറയുമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

എനിക്കു തോന്നുന്നത്. ഇന്നത്തെ രീതിയിൽ മാറ്റം വരുത്താൻ പരിശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ നഴ്സുമാർക്ക് 8 മണിക്കൂർ ജോലി കൃത്യമായും നടക്കണമെങ്കിൽ ആശുപത്രിക്കടുത്ത് ഹോസ്റ്റൽ ഉണ്ടെങ്കിലേ സാധിക്കുകയുള്ളൂ. 25-30 മൈൽ അകലെ നിന്ന് വണ്ടി കയറി വരുന്ന നഴ്സുമാർക്ക് എങ്ങനെ 8 മണിക്കൂർ ജോലി ചെയ്യാൻ കഴിയുമെന്ന് അന്വേഷിക്കാൻ പോലും ഈ തീരുമാനം എഗ്രീ ചെയ്ത ഭരണാധികാരിക്ക് കഴിഞ്ഞില്ലല്ലോ എന്നതിനെപ്പറ്റി എനിക്ക് പലപ്പോഴും ഖേദം തോന്നാറുണ്ട്. രാവിലെ വരുന്ന ആൾ 5 മണി വരെ ഇരിക്കാതെ പറ്റില്ലല്ലോ. 5 മണിക്കുള്ള വണ്ടിക്കാണ് അവർക്ക് പോകേണ്ടത്. ഈ രീതിയിലുള്ള ഭരണപരിഷ്ക്കാരങ്ങൾ നടത്തുമ്പോൾ രോഗികളെ വിസ്മരിച്ചുവെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ട് ലക്ഷ്യം രോഗികളുടെ സംരക്ഷണത്തിനുവേണ്ടിയാണ് ആശുപത്രികൾ എന്നുള്ള രംഗത്തേക്ക് നമ്മൾ തിരിച്ചു വരാതെ ഈ രംഗം നന്നാക്കാൻ കഴിയുമെന്ന് എനിക്കു തോന്നുന്നില്ല. അതുപോലെ ധാരാളം യന്ത്ര സാമഗ്രികൾ വാങ്ങി ആശുപത്രിയിൽ കൊണ്ടിടുന്നുണ്ട്. കോഴഞ്ചേരി ജില്ലാശുപത്രിയുടെ ഐ.സി. യൂണിറ്റിന്റെ ഒരു whole unit കഴിഞ്ഞ 2-3 മാസമായി ഐഡിൽ ആയി കിടക്കുകയാണ്. അത് അവിടെ പ്രവർത്തിപ്പിക്കാനുള്ള സൗകര്യമൊന്നും ഇതുവരെ ഒരുക്കിയിട്ടില്ല. ആറ് മാസം കഴിയുമ്പോൾ ആ യന്ത്രം ഉപയോഗരഹിതമാകും. ഇങ്ങനെ കോടിക്കണക്കിന് രൂപയാണ് ജനങ്ങൾക്ക് പ്രയോജനമാകാതെ നഷ്ടപ്പെടുന്നത്. ഈ സാഹചര്യത്തിലാണ് ഞങ്ങൾ അവിടെ ഒരു കാൻസർ കെയർ സംരംഭം ആരംഭിച്ചിട്ടുള്ളത്. 1994-95 കാലഘട്ടത്തിൽ നാഷണൽ സേവിംഗ്സിന്റെ ഫണ്ട് പിരിവു നടക്കുന്ന അവസരത്തിൽ, ശ്രീ. ഉമ്മൻചാണ്ടി ധനകാര്യവകുപ്പുമന്ത്രിയായിരുന്നു. അദ്ദേഹം ഒരു തീരുമാനമെടുത്തു. അതിന്റെ 25 ശതമാനം ആ ജില്ലയുടെ ആരോഗ്യ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 25 ശതമാനം തുക Cancer Control Programme-ന് മാറ്റി വയ്ക്കാൻ അന്നത്തെ കളക്ടർ തീരുമാനം എടുത്തിയിരുന്നു. ആ ഫണ്ടിൽ 78 ലക്ഷത്തിൽപ്പരം രൂപയുണ്ടായിരുന്നു. ആ തുക എങ്ങനെ ചെലവഴിക്കണമെന്ന് ഡി.എം.ഒ. ക്ക് അറിയാൻ വയ്യാതിരുന്നതുകൊണ്ട് 2 കൊല്ലം ഒന്നും ചെയ്യാതെ കിടന്നു. അതുകഴിഞ്ഞ് പത്തനംതിട്ട ജനറൽ ഹോസ്പിറ്റലിൽ എച്ച്. ഡി. സി. കൂടുന്ന അവസരത്തിൽ അദ്ദേഹം പറഞ്ഞു എഴുപത്തിയെട്ടരലക്ഷം രൂപയുണ്ട്. അത് കാൻസർ കെയർ പ്രവർത്തനത്തിന് വിനിയോഗിക്കാമെന്ന്. അദ്ദേഹം വച്ച നിർദ്ദേശം ഒന്നുകിൽ അടൂർ അല്ലെങ്കിൽ തിരുവല്ല അല്ലെങ്കിൽ പത്തനംതിട്ട ഈ 3 ആശുപത്രികളിൽ ഏതെങ്കിലും ഹോസ്പിറ്റലുമായി ബന്ധപ്പെടുത്തി ചെലവഴിക്കാമെന്നാണ്. പക്ഷെ അന്നത്തെ കളക്ടറായിരുന്ന ശ്രീ. ഇന്ദ്രജിത് സിംഗ് പറഞ്ഞു അങ്ങനെയല്ല ചെലവഴിക്കേണ്ടത്, എല്ലാ ഹോസ്പിറ്റലുകാരും നല്ല പ്രോജക്ട് കൊണ്ടുവരിക, നല്ല പ്രോജക്ട് കൊണ്ടുവരുന്ന ആൾക്ക് എഴുപത്തിയെട്ടരലക്ഷം രൂപ നൽകും. ഈ അവസരത്തിൽ കോഴഞ്ചേരി ജില്ലാശുപത്രിക്ക് ഒരു ഇരുനില കെട്ടിടം പണികഴിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവിടെ എച്ച്. ഡി. സി. മെമ്പർമാരെ വിളിച്ചുകൂട്ടി ഇങ്ങനെയൊരു സംരംഭം ഉണ്ട്. അത് നമുക്ക് ഏറ്റെടുത്താലെന്തെന്ന് ചോദിക്കുകയും എല്ലാപേരും അതിനനുകൂലമായി വന്നതുകൊണ്ട് ഞങ്ങൾ ആർ.സി.സി. യിൽ പോയി അന്നത്തെ ഡയറക്ടറായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഡോ. കൃഷ്ണൻ നായരെ കണ്ട് ഈ പ്രോജക്ടിന്റെ കാര്യം പറയുകയും അദ്ദേഹം ഡോ. ചെറിയാൻ വർഗീസിനെ ഇതിനുവേണ്ടി ചുമതലപ്പെടുത്തുകയും ചെയ്തു. അദ്ദേഹം നല്ല ഒരു പ്രോജക്ട് തയ്യാറാക്കി തന്നു. ഞങ്ങൾ അത് കളക്ടറുടെ കയ്യിൽ കൊണ്ടു കൊടുത്തു. അദ്ദേഹം അത് പരിശോധിച്ചു. അദ്ദേഹത്തിന് ചില സംശയങ്ങളുണ്ടായിരുന്നു, അത് ഫോൺ വഴി കൃഷ്ണൻ നായർ സാറിനെ അറിയിച്ച് ക്ലിയർ ആക്കി Charitable Societies Act അനുസരിച്ച് ഒരു സൊസൈറ്റി രൂപീകരിച്ചു മുന്നോട്ടു പോകാൻ അദ്ദേഹം പറഞ്ഞു. രണ്ടുമാസത്തിനുള്ളിൽ തന്നെ ഞങ്ങൾ സൊസൈറ്റി രൂപീകരിച്ചു. കളക്ടറാണ് അതിന്റെ ചെയർമാൻ. ജില്ലാ ആശുപത്രിയിലെ സൂപ്രണ്ടാണ് അതിന്റെ സെക്രട്ടറി. കളക്ടറേറ്റിലെ എഫ്.ഒ. തന്നെയാണ് അതിന്റേയും എഫ്.ഒ. എം.പി., എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഇങ്ങനെയുള്ള കുറേപ്പേരുമായി ഞങ്ങൾ സൊസൈറ്റി രൂപീകരിച്ച് നടത്തിവരികയാണ്. 78 ലക്ഷം രൂപയും ഈ സൊസൈറ്റിക്കുവേണ്ടി കളക്ടർ വിട്ടുതന്നു. ആദ്യം ഞങ്ങൾ ഒരാളിനെ ആർ.സി.സി. യിൽ വിട്ട് അവിടെയുള്ള ലബോറട്ടറിയിലെ പ്രവർത്തനം മനസ്സിലാക്കി അതേ മോഡലിൽ ഒരു ലബോറട്ടറി സജ്ജീകരിക്കാനാണ് പറഞ്ഞത്. അവിടെയുള്ള അത്യാധുനിക ഉപകരണങ്ങൾ വാങ്ങുമ്പോഴാണ് ആളുകൾ കമ്മിഷൻ വാങ്ങുമെന്നുള്ള പരാതിയൊക്കെയുണ്ടാകുന്നത് എന്ന് മനസ്സിലാക്കിക്കൊണ്ടുതന്നെ ഞങ്ങൾ ആർ.സി.സി. യിലെ പർച്ചേസിംഗ് വിഭാഗത്തെ വിളിച്ച് വരുത്തി കളക്ടറുടെ സാന്നിദ്ധ്യത്തിൽ നെഗോഷ്യേറ്റുചെയ്ത് കമ്പനികളിൽനിന്നും വിലപറഞ്ഞ് ഉപകരണങ്ങൾ വാങ്ങി. 20 ലക്ഷം രൂപയോളം ചെലവായ ആ ലബോറട്ടറിയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എച്ച്.ഡി.സി. വാങ്ങുന്ന അതേ രീതിയിലുള്ള ഫീസ് മാത്രമാണ് ഞങ്ങളും വാങ്ങുന്നത്. വെളിയിൽ 350 രൂപ ഫീസ് വാങ്ങുന്ന സ്ഥാനത്ത് ഞങ്ങൾ 200 രൂപയാണ് വാങ്ങുന്നത്. അങ്ങനെ 50 ശതമാനം മുതൽ 70 ശതമാനം വരെ കുറഞ്ഞ ഫീസ് വച്ച് ഇത് നടത്തിവരികയാണ്. ഓരോ ദിവസവും 3000 മുതൽ 4000 രൂപവരെ കളക്ഷൻ കിട്ടുന്നുണ്ട്. എന്നാൽ അവിടുത്തെ കാൻസർ സെന്ററിന്റെ പ്രവർത്തനം ശരിയായി മുന്നോട്ടു കൊണ്ടുപോകണമെങ്കിൽ ആർ.സി.സി. യുമായി ബന്ധമുണ്ടെങ്കിൽ മാത്രമേ നടക്കുകയുള്ളൂവെന്ന് ഞങ്ങൾ മനസ്സിലാക്കി. കാരണം Cyto-technicians, Cyto-technologists തുടങ്ങിയ ജീവനക്കാർ ആരോഗ്യവകുപ്പിൽ ഇല്ല. പത്തോളജിസ്റ്റ് ആരോഗ്യവകുപ്പിലില്ല. അതുകൊണ്ട് ആർ.സി.സി. യുമായി ബന്ധപ്പെട്ട് അതിന്റെ ഒരു യൂണിറ്റായി നടത്താൻ ഞങ്ങൾ നിശ്ചയിച്ചു. അങ്ങനെ ആർ.സി.സി. യിൽ രജിസ്റ്റർ ചെയ്ത പത്തനംതിട്ട, ഇടുക്കി ജില്ലകളിലെ രോഗികൾ check up നടത്തുന്നതിനുവേണ്ടി കോഴഞ്ചേരിയിൽ വന്നാൽമതിയെന്ന് തീരുമാനിക്കുകയും എല്ലാ മാസത്തിലും ആദ്യത്തെ ശനിയാഴ്ച ആർ.സി.സി. യിൽ നിന്നും ഡോക്ടർമാർ അവിടെവന്ന് പരിശോധിക്കുകയും ചെയ്യും. അവിടെ നേരത്തേ രജിസ്റ്റർ ചെയ്ത രോഗികളുടെ നമ്പർ വിളിച്ചുപറഞ്ഞാൽ അവർ ആ കേസ് റിക്കോർഡ്സുമായിട്ടാണ് വരുന്നത്. ഓരോ ശനിയാഴ്ചയും 100 കണക്കിന് രോഗികൾ അവിടെ വരുന്നുണ്ട്. മൂന്ന്, നാല് മണിവരെ രോഗികളെ പരിശോധിച്ച് അവർക്ക് മരുന്ന് നിർദ്ദേശിച്ച് നൽകുന്നുണ്ട്. അതുമാത്രമല്ല ഞങ്ങളവിടെ ചെയ്തത്. ഓരോ ബ്ലോക്കിലേയും പി.എച്ച്.സി. യിൽ ആളുകളെ സംഘടിപ്പിച്ച് cancer detection

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നുണ്ട്. കഴിഞ്ഞ വർഷംവരെ 17,000 രോഗികളെ പരിശോധിച്ചു. ശരീരത്തിൽ മുഴകൾ വന്നവർ, ഗർഭാശയത്തിൽ കാൻസറുണ്ടെന്ന് സംശയമുള്ളവർ എന്നിവരെയൊക്കെ പരിശോധിച്ചു. അതിൽ 111 പേർക്ക് കാൻസറിന്റെ ആരംഭമുണ്ടെന്ന് കണ്ടെത്തി ചികിത്സയ്ക്ക് വിധേയമാക്കി. അവരെല്ലാം സുഖം പ്രാപിച്ചു കഴിഞ്ഞിരിക്കുകയാണ്. ഇപ്പോഴും detection പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. വളരെ ഭംഗിയായ രീതിയിൽ ഇത് നടത്തിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ നാലുവർഷമായി 30 ലക്ഷം രൂപ ഞങ്ങൾക്ക് മിച്ചം കിട്ടി. ആദ്യം 5 ലക്ഷം രൂപ daily കാൻസർ പ്രവർത്തനത്തിനുവേണ്ടി സ്ഥിരനിക്ഷേപമായി വയ്ക്കാൻ അനുവാദം തരണമെന്ന് ഫൈനാൻസ് ഡിപ്പോർട്ടുമെന്റിനോട് അപേക്ഷിച്ചു. ഗവൺമെന്റിന്റെ പണം അങ്ങനെ സ്ഥിരനിക്ഷേപമായി വച്ച് പലിശവാങ്ങാൻ പറ്റില്ലെന്ന് ആദ്യം അവർ മറുപടി തന്നു. വീണ്ടും എഴുതി. അവസാനം 5 ലക്ഷം രൂപ ഡെപ്പോസിറ്റു ചെയ്യാൻ അവർ അനുമതി തന്നു. ഒരു അൾട്രാസൗണ്ട് സ്കാൻ വാങ്ങുന്നതിന് ജില്ലയിലെ ഒരു പഞ്ചായത്തിൽനിന്നും 9 ലക്ഷം രൂപ കിട്ടി. ഇത് സ്ഥിരനിക്ഷേപമായി ഇട്ടിട്ടാണ് ഞങ്ങൾ കാര്യങ്ങൾ നടത്തുന്നത്. നാലുവർഷം കഴിഞ്ഞപ്പോൾ ഇതെല്ലാം കൂട്ടിച്ചേർത്ത് 30 ലക്ഷം രൂപ മിച്ചമുണ്ടായി. ഈ 30 ലക്ഷം രൂപ എന്തുചെയ്യണമെന്ന് ആലോചിച്ചപ്പോൾ കേന്ദ്രഗവൺമെന്റിന്റെ ഒരു advertisement കണ്ടു. ക്യാൻസർ പ്രവർത്തനം നടത്തുന്ന "എൻ. ജി. ഓ സിന്" നാലരക്കോടി രൂപ ഗ്രാന്റായി കിട്ടത്തക്കവിധമുള്ള ഒരു സംവിധാനമാണ് അതിലുണ്ടായിരുന്നത്. അതനുസരിച്ച് ഞങ്ങൾ അപേക്ഷിച്ചു. അവർ രണ്ടു കാര്യങ്ങളിൽ കുറി ചോദിച്ചു. ഒന്ന് ഇൻകം ടാക്സ് എക്സംപ്ഷൻ വേണം, രണ്ട്, ഒരു ഓങ്കോളജിസ്റ്റിന്റെ നിയമനം വേണം. ഈ രണ്ടുകാര്യങ്ങളുണ്ടെങ്കിൽ മാത്രമേ കിട്ടൂ എന്നുള്ള സ്ഥിതിവന്നു. രണ്ടുമാസത്തിനുള്ളിൽ ഞങ്ങൾ എക്സംപ്ഷൻ വാങ്ങി. പക്ഷേ ഓങ്കോളജിസ്റ്റിനെ ഒരു കൊല്ലത്തിനകം നിയോഗിക്കാമെന്ന് എഴുതിയെങ്കിലും ആ നാലരക്കോടി രൂപ ഞങ്ങൾക്ക് കിട്ടിയില്ല. ഒരു ഓങ്കോളജിസ്റ്റിനെ നിയമിക്കണമെങ്കിൽ 30,000 രൂപയെങ്കിലും പ്രതിമാസം ശമ്പളം കൊടുക്കേണ്ടിവരും. അതിനു നിവൃത്തിയില്ലാത്തതുകൊണ്ട് ഞങ്ങൾ ഒരു സ്കീമുണ്ടാക്കി. കോഴഞ്ചേരി ജില്ലാ ആശുപത്രിയുടെ കോമ്പൗണ്ടിൽ തന്നെ 24 മുറികളുള്ള ഒരു പേവാർഡുണ്ടാക്കാനുള്ള ഒരു സംവിധാനമാണ് ഞങ്ങൾ തുടങ്ങിയത്. 78 ലക്ഷം രൂപയിൽ തന്നെ, ഒരു ഫ്ളോർ ഞങ്ങളെടുത്തതിനുപകരമായി 35 ലക്ഷം രൂപ ചെലവഴിച്ച് മറ്റൊരു ഫ്ളോർ ആശുപത്രിക്കുണ്ടാക്കി കൊടുത്തു. ഈ രണ്ടാമത്തെ ഫ്ളോറിൽ തന്നെ ഒരു എ.സി. ഘടിപ്പിച്ച് ഓപ്പറേഷൻ തിയേറ്ററും അതിനുള്ള സാധനങ്ങളുമെല്ലാം വാങ്ങിക്കൊടുത്തു. അങ്ങനെ ആശുപത്രിക്കുതന്നെ ഉപകാരപ്രദമായ രീതിയിൽ ഈ കാൻസർ സെന്റർ പ്രവർത്തിക്കുകയാണ്. 24 മുറികളുള്ള ഒരു കെട്ടിടമുണ്ടാക്കുന്നതിന് അതിന്റെ എല്ലാ സജ്ജീകരണങ്ങളും വരുമ്പോൾ 90 ലക്ഷം രൂപ വേണ്ടിവരുമെന്ന് ഞങ്ങൾ കണക്കാക്കി. ഈ 90 ലക്ഷം രൂപകൊണ്ട് ഞങ്ങളത് പൂർത്തീകരിച്ചപ്പോൾ അതിൽ 24 മുറികളുണ്ടെന്നുള്ളതു മാത്രമല്ല, അതിന്റെ മുകളിൽ വാഷിംഗിനുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്, ഒരു ഡോക്ടർക്ക് താമസിക്കാനുള്ള ചെറിയൊരു ക്വാർട്ടേഴ്സുമുണ്ട്, 100 ആളുകൾക്ക് പങ്കെടുക്കാവുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

ആഡിറ്റോറിയവും അതിനകത്തുതന്നെ സജ്ജീകരിക്കാൻ കഴിഞ്ഞു. ഈ 90 ലക്ഷം രൂപ എങ്ങനെയുണ്ടാക്കിയെന്ന് നമ്മൾ ആലോചിക്കണം. അതിൽ 30 ലക്ഷം രൂപ മാത്രമേ ഞങ്ങളുടെ കൈയിലുണ്ടായിരുന്നുള്ളൂ. ഞാൻ ആലോചിച്ചപ്പോൾ ഈ രാജ്യത്തെ രാജ്യസഭാ എം.പി. മാർക്ക് എവിടെവേണമെങ്കിലും പണംകൊടുത്ത് സഹായിക്കാൻ കഴിയുന്ന ഒരു സ്ഥിതിയുണ്ടെന്ന് മനസ്സിലായി. ഞാൻ ശ്രീ. തെന്നല ബാലകൃഷ്ണപിള്ള എം.പി. യെക്കണ്ട് 10-15 ലക്ഷം രൂപ തരണമെന്നുപറഞ്ഞു. അദ്ദേഹം 10 ലക്ഷം രൂപ തന്നു. പ്രതിപക്ഷത്താണെങ്കിലും കൊല്ലം എം.പി. യായ ശ്രീ. പ്രേമചന്ദ്രൻ 10 ലക്ഷം രൂപ തന്നു. മരണപ്പെട്ടുപോയ എം.പി. യായിരുന്ന വി. വി. രാഘവൻ 5 ലക്ഷം രൂപ തന്ന് സഹായിച്ചു. ഞങ്ങളുടെ നിയോജകമണ്ഡലത്തിലെ എം.പി. യായ ശ്രീ. ഫ്രാൻസിസ് ജോർജ് 5 ലക്ഷം രൂപ തന്നു. അങ്ങനെ 30 ലക്ഷം രൂപ കിട്ടി. ബാക്കി 30 ലക്ഷം രൂപ എന്റെ എം.എൽ.എ. ഫണ്ടിൽ നിന്നും രണ്ടുവർഷമായി 15 ലക്ഷം വച്ചു കൊടുത്തു. അങ്ങനെ 90 ലക്ഷം രൂപ ചെലവാക്കി മനോഹരമായ ഒരു കെട്ടിടം ഞങ്ങളുണ്ടാക്കിയിരിക്കുകയാണ്. അവിടെ 11 ആളുകളെ നിയമിച്ചിട്ടുണ്ട്. വലിയ ശമ്പളമൊന്നുമില്ല, 3000-വും 3500-ഉം രൂപ മാത്രമേ ശമ്പളമുള്ളൂ. പക്ഷേ അവർ കൃത്യമായി ജോലി ചെയ്ത് ഇന്ന് പൂർത്തീകരിച്ച കെട്ടിടംപോലെ ഭംഗിയായി സൂക്ഷിക്കുകയാണ്. ഓരോ മുറിയിൽ നിന്നും കിട്ടുന്ന വാടക വാങ്ങാൻ ഞങ്ങൾക്ക് ഗവൺമെന്റ് അനുവാദം തന്നിട്ടുണ്ട്. ആ രീതിയിൽ ഇതിന്റെ പ്രവർത്തനം നടന്നുവരികയാണ്. ഇന്ന് പത്തനംതിട്ട ജില്ലയിൽ മാത്രമല്ല, അടുത്തുള്ള ചെങ്ങന്നൂരിലെ ചില ഭാഗങ്ങളിലും വോളന്റിയർ സംഘടനകൾ ഞങ്ങളുടെ സഹായം അഭ്യർത്ഥിക്കുകയും ഞങ്ങൾ അവിടെച്ചെന്ന് detection നടത്തി കാര്യങ്ങൾ ഭംഗിയായി കൊണ്ടുപോകുകയും ചെയ്യുന്നുണ്ട്. ഇത് ഡബ്ല്യു. എച്ച്. ഒ. അംഗീകരിച്ചതാണ്. ഈ രീതിയിലുള്ള സംവിധാനം എല്ലാ ജില്ലകളിലും സംഘടിപ്പിക്കുമെങ്കിൽ കാൻസർ രോഗികൾ രക്ഷപ്പെടുമെന്നു മാത്രമല്ല, രോഗം വരാതെ സൂക്ഷിക്കാനും കഴിയുമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. കാൻസർ രോഗത്തിനുവരുന്ന ദോഷം അത് 50 ശതമാനം വളർന്നതിനുശേഷമാണ് അറിയുന്നത് എന്നുള്ളതാണ്. അതിനുശേഷം ചികിത്സിച്ചാൽ അത് ഫലപ്രദമാവുകയില്ല, അതേസമയം ആരംഭത്തിൽ ചികിത്സിച്ചാൽ ഈ രോഗം ഭേദമാക്കാൻ കഴിയും. ഈ രീതിയിലുള്ള പ്രവർത്തനം എല്ലാ ജില്ലയിലും സംഘടിപ്പിക്കാൻ ഹെൽത്ത് ഡിപ്പാർട്ടുമെന്റ് തയ്യാറാകണം. ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്, ഇന്ന് ഈ പ്രസ്ഥാനത്തിന് ആരെങ്കിലും എതിരുണ്ടെങ്കിൽ അത് ആരോഗ്യവകുപ്പിലെ ഡോക്ടർമാരും അവിടെയുള്ള ജീവനക്കാരുമാണ്. എന്തുകൊണ്ടാണെന്ന് ഞങ്ങൾക്കറിയില്ല. ആരോഗ്യ വകുപ്പിലുള്ള നഴ്സുമാർ ഈ കാൻസർ സെന്ററിലേക്ക് കാൽകുത്തുകയില്ല. പക്ഷേ ഡോക്ടർമാർ പലരും പങ്കാളി കളാകുന്നുണ്ട്. ഡോക്ടർമാരേയും ലാബ് ടെക്നീഷ്യന്മാരേയും ആർ.സി.സി. യിൽ അയച്ച് ട്രെയിനിംഗ് കൊടുത്താണ് ഞങ്ങളിത് നടത്തുന്നത്. ഹെൽത്തുഡിപ്പാർട്ടുമെന്റ് ഞങ്ങൾക്ക് ചെയ്തുതരേണ്ട സഹായം ഒന്നുമാത്രമാണ്. ട്രെയിനിംഗ് കഴിഞ്ഞ ജീവനക്കാരെ അവിടെനിന്നും മാറ്റാതിരുന്നാൽ ഇത് ഭംഗിയായി മുന്നോട്ടുകൊണ്ടുപോകാൻ ഞങ്ങൾക്ക് കഴിയും. അനേകായിരം രോഗികൾക്ക് അതിന്റെ പ്രയോജനം കിട്ടുകയും ചെയ്യും. ഈ സംവിധാനം എല്ലാ ജില്ലകളിലും

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കാൻ കഴിഞ്ഞാൽ നിശ്ചയമായും അത് പൊതുജനങ്ങൾക്ക് വളരെയധികം പ്രയോജനകരമായിരിക്കുമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ രീതിയിൽ പ്രവർത്തനം നടന്നതുപോലെതന്നെ അരോഗ്യ കാര്യത്തിൽ നമ്മൾ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഈ രാജ്യത്ത് ഇന്ന് ഏറ്റവുമധികം ദു:ഖമനുഭവിക്കുന്നത് പാവപ്പെട്ട ജനവിഭാഗമാണ്. അവർക്ക് നല്ല മരുന്ന് കിട്ടുന്നില്ല. ആശുപത്രിയിൽ കിട്ടുന്ന മരുന്നുകൾ substandard ആണെന്നു പറഞ്ഞു. ശരിയാണ്. പക്ഷെ അത് പരിഹരിക്കാൻ മാർഗ്ഗമുണ്ട്. പീരിയോഡിക്കലായി ജില്ലാ ആശുപത്രികളിലും മറ്റും കടന്നുചെന്ന് ഔഷധങ്ങളെടുത്ത് ഒരു പ്രത്യേക ഏജൻസിയെക്കൊണ്ട് പരിശോധിപ്പിക്കണം. സാധാരണ ഏജൻസികളെക്കൊണ്ട് പരിശോധിപ്പിക്കുമ്പോൾ അവിടെ കൈക്കൂലി കൊടുത്താണല്ലോ സർട്ടിഫിക്കറ്റ് വാങ്ങുന്നത്, അതുണ്ടാകാതിരിക്കാൻ പ്രത്യേക വിധത്തിൽ ഇത് പരിശോധിപ്പിക്കണം. അങ്ങനെ substandard മരുന്നുകൾ വിതരണം നടത്തുന്നതായി കണ്ടെത്തുന്ന കമ്പനിയെ എന്നന്നേയ്ക്കുമായി നിരോധിക്കാനും ഈ ഇടപാടു നടത്തുന്നവർക്ക് യാതൊരു സൗജന്യവും ചെയ്യാത്ത രീതിയിലുള്ള നടപടിയും എടുക്കേണ്ടി വരും. അങ്ങനെ സൂക്ഷ്മമായി കാര്യങ്ങൾ ചെയ്തു മുന്നോട്ടുപോയെങ്കിൽ മാത്രമേ ഹെൽത്ത് ഡിപ്പാർട്ടുമെന്റ് നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയുകയുള്ളൂ. കാരണം ഇപ്പോൾ ഹെൽത്ത് ഡിപ്പാർട്ടുമെന്റ് നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധ്യമല്ലാത്ത സ്ഥിതിയുണ്ട്. അതിനുവേണ്ടി എനിക്ക് നിർദ്ദേശിക്കാനുള്ളത് ഇത് രണ്ടായി ഭാഗിക്കുക എന്നതാണ്. രോഗപ്രതിരോധവും ചികിത്സയുമായി രണ്ടായി ഭാഗിക്കുക. രോഗപ്രതിരോധത്തിന്റെ ചുമതല പൂർണ്ണമായി ഗവണ്മെന്റിന്റെ കീഴിൽ തന്നെ നടക്കണം. വേസ്റ്റുകൾ മാറ്റലും ആവശ്യമായ മരുന്ന് തളിക്കലുമൊക്കെ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ചുമതലയിൽ നടത്തണം. അതേസമയം ചികിത്സ ഒരു ഇൻഷ്വറൻസ് ബേസിസിൽ നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇൻഷ്വറൻസ് ബേസിസിൽ അതിനുള്ള സംവിധാനമുണ്ടാക്കിയാൽ നമുക്കിത് വളരെ മെച്ചപ്പെട്ട രീതിയിൽ നടത്താൻ കഴിയും. ഇരുന്നൂറോ അതിൽക്കൂടുതലോ ബെഡുകളുള്ള ആശുപത്രികളിൽ പകുതി ബെഡുകൾ പേവാർഡുകളാക്കി മാറ്റുക. ആ പേവാർഡുതന്നെ എ, ബി എന്ന് രണ്ടുരീതിയിൽ മാറ്റണം. അങ്ങനെ മാറ്റിക്കഴിഞ്ഞ് ബാക്കിയുള്ള ഭാഗം വളരെ വൃത്തിയായി മുന്നോട്ടുകൊണ്ടുപോകാൻ നമ്മൾ ശ്രദ്ധിക്കണം. 'എ' ബ്ലോക്കിൽ വരുന്ന കാശുള്ള ആളുകളിൽ നിന്നും നല്ല ഫീസ് വാങ്ങുക, 'ബി' ബ്ലോക്കിൽ വരുന്ന സാധാരണക്കാരായ ആളുകളിൽ നിന്നും ന്യായമായ തോതിൽ ഫീസ് വാങ്ങുക, ബാക്കിയുള്ള സ്ഥലത്ത് പാവപ്പെട്ടയാളുകൾക്ക് യാതൊരു ചെലവുമില്ലാത്ത വിധത്തിൽ ചികിത്സ കൊടുക്കാൻ നമുക്ക് കഴിയണം. അതൊരു ഇൻഷ്വറൻസ് ബേസിസിൽ ആണെങ്കിൽ രോഗികൾക്ക് ബുദ്ധിമുട്ടുകളൊന്നും അറിയണ്ട, ഇൻഷ്വറൻസുകാർ കൊണ്ടുപോയി ചികിത്സിച്ചുകൊള്ളും, ഡോക്ടർമാരുടെ കൈക്കൂലിയും അതുപോലുള്ള എല്ലാ അഴിമതിയും അവസാനിപ്പിക്കാനും കഴിയും. അത്തരത്തിലുള്ള ഒരു സംവിധാനമുണ്ടാക്കണം. 36 വർഷമായി ഞാൻ എം.എൽ.എ. ആണ്, ഈ 36 വർഷത്തെ നമ്മുടെ നിയമസഭാ നടപടികളെടുത്തു നോക്കിയാൽ എല്ലാ വർഷവും ഇതേ രീതിയിലുള്ള വിമർശനവും പോരായ്മകളും ചൂണ്ടിക്കാട്ടലുകളും

GPM. 2/247/2012.—29

LIBRARY ARCHIVES Kerala Legislative Assembly

ധാരാളമുണ്ടാകും. പക്ഷേ ഒരു പരിഹാരം കാണാൻ നമ്മളിതുവരെ ശ്രദ്ധിച്ചിട്ടില്ല. ഇനിയെങ്കിലും അതുണ്ടാകാതെ 5 വർഷം കഴിയുമ്പോൾ ആരോഗ്യ സംവിധാനം കുറ്റമറ്റതാക്കാൻ കഴിയത്തക്ക രീതിയിലുള്ള ഒരു അന്തരീക്ഷം കേരളത്തിലുണ്ടാക്കാൻ നമുക്ക് കഴിയണമെന്നുപറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കട്ടെ, നന്ദി, നമസ്ക്കാരം.

ശ്രീ. എം.എ. വാഹീദ്: സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള രണ്ട് ധനാഭ്യർത്ഥനകളേയും ഞാൻ പിന്താങ്ങുകയാണ്. സേവന മേഖലയിലുള്ള രണ്ട് പ്രധാനപ്പെട്ട വകുപ്പുകളാണിവ. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് ആരോഗ്യമേഖലയാണ്. ആരോഗ്യമേഖലയിൽ, ഗ്രാമപ്രദേശത്തെ ആരോഗ്യപ്രവർത്തനങ്ങൾ കഴിഞ്ഞ ഇടതുമുന്നണി ഗവൺമെന്റിന്റെ ഭരണകാലത്ത് തന്നെ വന്ധ്യംകരിക്കപ്പെട്ടിരിക്കുകയാണ്. പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം കഴിഞ്ഞ ഭരണ കാലത്ത് ആരുമറിയാതെ നിന്നുപോയി. ചൊറി, ചിരങ്ങ്, ചുമ ഇങ്ങനെയുള്ള രോഗങ്ങളുടെ ചികിത്സയ്ക്കായി ആളുകൾ എത്തുന്നത് പി.എച്ച്. സെന്ററുകളിലാണ്. ഈ പ്രൈമറി ഹെൽത്ത് സെന്ററുകൾ പ്രവർത്തന ക്ഷമമല്ലാതായതോടുകൂടി രോഗികളെല്ലാം എത്തുന്നത് ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലുമാണ്. ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ആളുകളെ കിടത്തിയിരിക്കുന്നത് ചാള വാരിക്കൂട്ടിയിരിക്കുന്നതുപോലെയാണ്. ആ രീതിയിൽ രോഗ പ്രതിരോധ ചികിത്സ നടത്താൻ കഴിയില്ല. ഇത്തരം ചെറിയ ചെറിയ രോഗങ്ങൾക്ക് ചികിത്സ നടത്തുവാൻ ആവശ്യത്തിൽ കൂടുതൽ സൗകര്യങ്ങൾ നമ്മുടെ പി. എച്ച്. സെന്ററുകളിൽ ഉണ്ട്. പല പ്രൈമറി ഹെൽത്ത് സെന്ററുകളിലും മെറ്റേണിറ്റി വാർഡുകളും മിനി ഓപ്പറേഷൻ സെന്ററുകളും ലാബുമുണ്ട്. ലാബിൽ ഉദ്യോഗസ്ഥരും പരിശോധിക്കുവാനുള്ള വിദഗ്ദ്ധരുമുണ്ട്. എന്നിട്ടും ഇപ്പോഴും പി.എച്ച്. സെന്ററുകൾ പൂട്ടിയിട്ടിരിക്കുകയാണ്. നമ്മുടെ നഗരത്തിന് തൊട്ടടുത്ത് പാങ്ങപ്പാറ ഹെൽത്ത് സെന്റർ ഉണ്ട്. ഇതു മെഡിക്കൽ കോളേജിന്റെ കീഴിലുള്ളതാണ്. ഡോക്ടർമാർക്കും, സ്റ്റാഫ് നഴ്സിനും താമസിക്കാനുള്ള ക്വാർട്ടേഴ്സുൾപ്പെടെ ഏക്കർ കണക്കിന് സ്ഥലവും, ഒരുപാടു സൗകര്യങ്ങളുമുള്ള ഒരു ആശുപത്രിയാണത്. കാലത്ത് എട്ട് മണിക്ക് തുടങ്ങി ഉച്ചയ്ക്ക് 12.30-ന് അവസാനിക്കും. ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫുകളുടേയും കുറവാണ് അതിനു കാരണമെന്നു പറയുന്നുണ്ട്. പി.എസ്.സി. ലിസ്റ്റിലുള്ള മുഴുവൻ പേരെയും വിളിച്ചു. എന്നിട്ടും 127 പേരെ മാത്രമേ കിട്ടിയിട്ടുള്ളൂ. നമുക്ക് ഡോക്ടർമാരില്ല, പാരാമെഡിക്കൽ സ്റ്റാഫുകളില്ല. ഡോക്ടർമാരെ നിയമിക്കാൻ പരിമിതികളുണ്ട്. സർക്കാർ മേഖലയിൽ ഗവൺമെന്റ് കോളേജുകൾ ഉണ്ട്. അതു ദന്തൽ കോളേജുകളായാലും നഴ്സിംഗ് കോളേജുകളായാലും മെഡിക്കൽ കോളേജുകളായാലും അതിനെല്ലാം ഒരു പരിധിയുണ്ട്. അതുകൊണ്ടാണ് നമ്മൾ സ്വാശ്രയ സ്ഥാപനങ്ങളിലേക്ക് കടന്നത്. സ്വാശ്രയ സ്ഥാപനങ്ങളിലേക്ക് കടന്നപ്പോൾ, തമിഴ്നാട്ടിലും കർണ്ണാടകത്തിലും ഇത്തരം കോളേജുകൾ അടയ്ക്കുന്ന സ്ഥിതിവിശേഷം വന്നു. ഇവിടെ ഒരുപാടു കോളേജുകൾ കൊടുത്തു. പല കോളേജുകൾക്കും 20-ഉം 40-ഉം 50-ഉം സീറ്റുകളാണ് കൊടുത്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെച്ചൊല്ലി കഴിഞ്ഞ ദിവസം മാധ്യമങ്ങളിൽ ചില വാർത്തകൾ വന്നു. ഇവിടെ സീറ്റ് വർദ്ധിപ്പിച്ചാൽ ഈ കോളേജുകൾ എല്ലാം അടയുമെന്നും ഇതൊന്നും പ്രവർത്തിക്കുകയില്ല എന്നും പഠിക്കാൻ ആളെ കിട്ടുകയില്ല എന്നും പറഞ്ഞ് ചില മാധ്യമങ്ങളിൽ വാർത്ത വന്നു. അത് തമിഴ്നാട്ടിലേയും കർണ്ണാടകത്തിലേയും സ്വാശ്രയക്കോളേജുകളുടെ ഏജന്റുമാർ ഉണ്ടാക്കിയ വാർത്തകളാണ്. ലക്ഷക്കണക്കിനു രൂപ കൊടുത്താലും സീറ്റു കിട്ടാത്തതുകൊണ്ടാണ് ഇവിടെ നിന്ന് കുട്ടികൾ മെഡിക്കൽ ബിരുദത്തിനുവേണ്ടി തമിഴ്നാട്ടിലും കർണ്ണാടകയിലും പോകുന്നത്. പാരാമെഡിക്കൽ കോഴ്സുകളും നഴ്സിംഗ് കോളേജുകളും ഇവിടെ ഇല്ലാത്തതുകൊണ്ടാണ് തമിഴ്നാട്ടിലും കർണ്ണാടകത്തിലും പോകുന്നത്. ഇവിടെ അനുവദിച്ച കോളേജുകളിൽ നൂറ് സീറ്റിനുള്ള കപ്പാസിറ്റിയുണ്ടെങ്കിൽ, 50 അല്ലെങ്കിൽ 20 സീറ്റു മാത്രമേ കൊടുക്കുകയുള്ളൂ. അതുണ്ടായത് കർണ്ണാടകത്തിലേയും തമിഴ്നാട്ടിലേയും ലോബികളുടെ പ്രവർത്തനം കൊണ്ടാണ്. ഇവിടെ ഡോക്ടർമാരും നഴ്സുമാരും പാരാമെഡിക്കൽ സ്റ്റാഫുകളും ഉണ്ടാകാൻ പാടില്ല എന്നുള്ള ഉദ്ദേശ്യത്തോടുകൂടി പത്രമാധ്യമങ്ങളിലൂടെ പുകമറ സൃഷ്ടിച്ച്, ഇവിടെ കോളേജുകൾ ആരംഭിക്കാതിരിക്കാനുള്ള നടപടിയാണ് എടുത്തത്. ഇപ്പോൾ തുടങ്ങുന്ന കോളേജുകൾ മെഡിക്കൽ കോളേജായാലും ദന്തൽ കോളേജായാലും നഴ്സിംഗ് കോളേജായാലും അവിടെ 20-ഉം 30-ഉം 40-ഉം സീറ്റു കൊടുത്താൽ ഈ കോളേജുകൾക്ക് എങ്ങനെ പ്രവർത്തിക്കാനാകും? അതിൽ പകുതി സീറ്റ് സർക്കാർ പറയുന്നവർക്ക് കൊടുക്കണം. പിന്നെ പകുതി സീറ്റ് വച്ച് എങ്ങനെ ഈ കോളേജുകൾ നടത്താൻ കഴിയും? അപ്പോൾ ഇവിടെ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും നഴ്സുമാരും ഉണ്ടാകരുത്, അങ്ങനെ ഉണ്ടാകാതിരിക്കുന്നതിനും അയൽ സംസ്ഥാനങ്ങളിലെ സ്വാശ്രയ കോളേജുകൾക്ക് കൊള്ളലാഭം ഉണ്ടാക്കുന്നതിനും കേരളത്തിലെ കുട്ടികളെ അവിടെ ലഭ്യമാക്കുന്നതിനുംവേണ്ടിയുള്ള ക്രിയാത്മക പ്രവർത്തനം, അതിന്. ഇവിടെ ഒരു ലോബി പ്രവർത്തിക്കുകയാണ്. അതുകൊണ്ടാണ് നമ്മുടെ പി.എച്ച്. സെന്ററുകളിൽ ഡോക്ടർമാർ ഇല്ലാത്ത സ്ഥിതിവിശേഷമുണ്ടായത്. ഇവിടെയെല്ലാം ഡോക്ടർമാർ ഉണ്ടാകണം. ഡോക്ടർമാരെ ഉണ്ടാക്കുന്നതിന് ഒന്നുകിൽ ഗവൺമെന്റ് കോളേജുകളിൽ സീറ്റ് വർദ്ധിപ്പിക്കണം. 100 എന്നുള്ളത് 150 ആക്കണം. അതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. അതല്ലെങ്കിൽ സ്വാശ്രയ കോളേജുകൾ ശക്തിപ്പെടുത്തണം. എന്തു ചെയ്താലും ഡോക്ടർമാരും, നഴ്സുമാരും ആവശ്യത്തിന് ഉണ്ടാകണം. അതുണ്ടാകാതെ പ്രാദേശിക തലത്തിൽ ഇത്തരം പി.എച്ച്.സെന്ററുകളുടെ പ്രവർത്തനം ശക്തമാക്കാൻ കഴിയുകയില്ല. മുൻ കാലങ്ങളിൽ 24 മണിക്കൂറും പി. എച്ച്. സെന്ററുകളിൽ ഡോക്ടർമാർ ഉണ്ടായിരുന്നു. പി. എച്ച്. സെന്ററുകളിൽ കണ്ണ് ഡോക്ടറും, ദന്തൽ ഡോക്ടറും ഉണ്ടാകും. ഇപ്പോൾ അവരൊന്നുമില്ല. ആളുകളുമില്ല. മിനി ഓപ്പറേഷൻ നടത്തുന്നതിനുള്ള എല്ലാ ഉപകരണങ്ങളുമുണ്ട്. ഡെലിവറി നടത്താൻ സൗകര്യമുള്ള ആശുപത്രികൾ വരെയുണ്ട്. അതെല്ലാം ഇന്ന് അടഞ്ഞുകിടക്കുകയാണ്. പല ഉപകരണങ്ങളും തുരുമ്പു പിടിച്ചു കഴിഞ്ഞിരിക്കുന്നു. ഡോക്ടർമാർ ഇല്ലാത്തതാണ് ഇതിനു കാരണം. ഡോക്ടർമാരെ ഉണ്ടാക്കാൻ നമുക്കു കഴിയണം. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

മുൻകൈ എടുത്ത്, നമ്മുടെ നാട്ടിൽ തന്നെ പഠിക്കത്തക്ക വിധത്തിലുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്ത്, ഡോക്ടർമാരേയും നഴ്സുമാരേയും ദന്തൽ ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫുകളേയും ഉണ്ടാക്കാനുള്ള ശക്തമായ നടപടി സ്വീകരിക്കണം. അതിനാവശ്യമായ സീറ്റ് വർദ്ധിപ്പിക്കണം. എന്നാൽ മെഡിക്കൽ കോളേജുകളിൽ തള്ളൽ ഉണ്ടാകില്ല. 75 ശതമാനം രോഗികൾ പോകുന്നത് പ്രാദേശികതലത്തിലുള്ള ആശുപത്രികളിലാണ്. 25 ശതമാനം രോഗികളാണ് ജില്ലാ ആശുപത്രിയിലും മെഡിക്കൽ കോളേജിലും എത്തുന്നത്. അവരെപ്പോലും ചികിത്സിക്കാൻ പറ്റാത്ത സ്ഥിതിയാണ് ഇന്ന് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നത്. അതുകൊണ്ട് ഡോക്ടർമാരെ ഉണ്ടാക്കുവാൻ, സ്വാശ്രയ മെഡിക്കൽ കോളേജുകളിലായാലും, സർക്കാർ മേഖലയിലായാലും ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫുകളേയും ഉണ്ടാക്കി ആശുപത്രികൾ സജീവമാക്കാനുള്ള ശക്തമായ നടപടികളുമായി മുന്നോട്ടു പോകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പു മന്ത്രിയോട് പറയാനുള്ളത്. പി.ഡബ്ല്യൂ. വകുപ്പിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള ആയിരം കോടി രൂപയുടെ കടവും പൊട്ടിപ്പൊളിഞ്ഞ റോഡുകളുമായിട്ടാണ് ശ്രീ. എം.കെ. മുനീറിന്റെ കയ്യിൽ പി.ഡബ്ല്യൂ.ഡി. എത്തിയത്. ഇവിടെ നേരത്തേ ശ്രീ. കെ. പി. സതീശ്ചന്ദ്രൻ പ്രസംഗിച്ചപ്പോൾ പറഞ്ഞു, എൽ.ഡി.എഫ്.-ന്റെ കാലത്ത് ഒരുപാടു പദ്ധതികൾക്ക് എ.എസ്. കൊടുത്തു എന്ന്. മലബാറിൽ തന്നെ പത്തു നാൽപതു പാലങ്ങൾക്ക് എ.എസ്. കൊടുത്തു അതിനൊന്നും ഫിനാൻഷ്യൽ സാംഗ്ഷൻ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. പലതിനും ടെൻഡർ വിളിക്കാൻ കഴിഞ്ഞിട്ടില്ല. ഒരുപാടു അനാഥക്കുഞ്ഞുങ്ങളെ സംഭാവന ചെയ്തിട്ടാണ് എൽ.ഡി.എഫ്. ന്റെ കാലത്ത് പി.ഡബ്ല്യൂ.ഡി. ഭരണം കടന്നു പോയത്. എൽ.ഡി.എഫ്. ന്റെ ഭരണകാലത്ത് പി.ഡബ്ല്യൂ.ഡി. അമ്മത്തൊട്ടിലിൽ കിടക്കുന്ന അനാഥ കുട്ടികളെപ്പോലെയായിരുന്നു. അതിന്റെ രൂപത്തിലാണ് ഈ പ്രോജക്ടുകൾ എല്ലാം ഉണ്ടായത്. ഒന്നിനും സാമ്പത്തിക സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. ശ്രീ. എം. കെ. മുനീറിന്റേതല്ല എക്സ്പ്രസ്സ് ഹൈവേ. അതു കഴിഞ്ഞ ഇടതുമുന്നണിയുടെ ഭരണകാലത്തുണ്ടായിരുന്ന ഒരു അനാഥ സന്തതിയാണ്. ആ അനാഥ സന്തതിയെ ഈ ലോകത്തിനാവശ്യമാണെന്നു കണ്ട മന്ത്രിയാണ് ശ്രീ. എം. കെ. മുനീർ. ഒരു പ്രവാചകനെപ്പോലെ കഴിഞ്ഞ നാലുവർഷമായി വളരെ സത്യസന്ധവും സുതാര്യവുമായിട്ടാണ് അദ്ദേഹം ഈ വകുപ്പ് മുന്നോട്ടു കോണ്ടുപോകുന്നത്. ഇവിടെയൊരു എക്സ്പ്രസ്സ് ഹൈവേ വേണ്ടേ? വേണമെന്നാണ് എൽ.ഡി.എഫ്. ആദ്യം പറഞ്ഞത്. പക്ഷേ ഇപ്പോൾ അവർ അതിൽ നിന്നും പിൻമാറി. എക്സ്പ്രസ്സ് ഹൈവേയുടെ ആവശ്യം നമുക്കെല്ലാവർക്കും അറിയാം. നാഷണൽ ഹൈവേയിലൂടെ 20 കി.മീറ്റർ സ്പീഡിൽ കൂടുതൽ വാഹനങ്ങൾക്ക് ഇപ്പോൾ തന്നെ പോകാൻ പറ്റില്ല. വാഹനപ്പെരുപ്പം അത്രയ്ക്കാണ്. 20 കി. മീറ്ററിൽ കൂടുതൽ സ്പീഡിൽ പോയാൽ അപകടങ്ങളുണ്ടാകും. അപകടങ്ങൾ കൂടുതൽ ഉണ്ടാകുന്നത് ദേശീയ പാതയിലാണ്. അതിനു സമാനമായി മറ്റൊരു റോഡ് ഈ സംസ്ഥാനത്തില്ല. ഇനി വർഷങ്ങൾ കഴിഞ്ഞാൽ നമ്മുടെ സ്മാർട്ട്സിറ്റി, വിഴിഞ്ഞം തുറമുഖം, കണ്ടയ്നർ ടെർമിനലുകൾ എല്ലാംകൂടി ഇങ്ങോട്ടു വരുമ്പോൾ 12 വീലുകൾ മുതൽ 36 വീലുകൾ വരെയുള്ള നീളം കൂടിയ വാഹനങ്ങൾ വരും. അതിനെ

LIBRARY ARCHIVES Kerala Legislative Assembly

ഓവർടേക്കു ചെയ്യാൻ നമ്മുടെ ടൂ വീലറിനുപോലും കഴിയാതെ വരും. ഈ വാഹനങ്ങൾകൊണ്ട് നമ്മുടെ റോഡുകൾ നിറയും. പിന്നെ ഇറങ്ങുന്ന വാഹനങ്ങൾക്ക് എങ്ങനെ പോകാൻ കഴിയും? അതുകൊണ്ട് എക്സ്പ്രസ്സ് ഹൈവേ വേണം. ആറു വരി പാതയുള്ള എക്സ്പ്രസ്സ് ഹൈവേ തന്നെ കേരളത്തിന് ആവശ്യമാണ്. 1970 കാലഘട്ടത്തിൽ ഞാൻ ബോംബെയിൽ നിന്ന് പൂനയിലേക്കു പോകാൻ എട്ടു മണിക്കൂർ എടുത്തു. എന്നാൽ കഴിഞ്ഞ മാസം ഞാൻ ബോംബെയിൽ നിന്ന് പൂനയിലെത്താൻ രണ്ടു മണിക്കൂർ മാത്രമേ എടുത്തുള്ളൂ. എക്സ്പ്രസ്സ് ഹൈവേയ്ക്ക് എതിരായി, എക്സ്പ്രസ്സ് ഹൈവേ വേണ്ടെന്നു പറഞ്ഞ് ഒരു സമരം നടക്കുന്നുണ്ട്. ശാസ്ത്ര സാഹിത്യ പരിഷത്താണ് അതിന്റെ മുമ്പിൽ. അതു മാർക്സിസ്റ്റു പാർട്ടിയുടെ ഒരു പോഷക സംഘടന പോലെയാണ്. എല്ലാ കാലത്തും പുരോഗമനപരമായ കാര്യങ്ങളിൽ എതിരു നിൽക്കുന്നവരാണ് ശാസ്ത്ര സാഹിത്യ പരിഷത്ത് ഉൾപ്പെടെയുള്ള മാർക്സിസ്റ്റു പാർട്ടിയുടെ പോഷക സംഘടനകൾ. ട്രാക്ടർ നമ്മുടെ കൃഷി സ്ഥലത്തിറക്കിയപ്പോൾ അതിനെ അടിച്ചുപൊട്ടിച്ചവരാണ് മാർക്സിസ്റ്റു പാർട്ടി. തൊണ്ടു തല്ലു മെഷീൻ നമ്മുടെ കയർ മേഖലയിൽ വന്നപ്പോൾ അതിനെ കത്തിക്കുകയാണ് ഇവർ ചെയ്തത്. കമ്പ്യൂട്ടർ നമ്മുടെ ഡി.പി. ഒ.യിൽ വന്നു. അതിനെ അടിച്ചു പൊട്ടിച്ചു സമരം നടത്തിയവരാണ് ഇവർ. കായംകുളം തെർമൽ പ്ലാന്റ് വന്നപ്പോൾ ഇവർ തെരുവു നാടകം നടത്തി. ആ തെരുവു നാടകത്തിൽ എന്താണ് ഇവർ പറഞ്ഞത്, ഈ തെർമ്മൽ പ്ലാന്റ് ഇവിടെ വന്നാൽ കേരളത്തിലെ പെണ്ണുങ്ങൾ പ്രസവിക്കില്ല എന്നാണ്. ആ നാടകം ഞാൻ കണ്ടതാണ്. അങ്ങനെ പ്രചരിപ്പിച്ചവർ ഇപ്പോൾ എക്സ്പ്രസ്സ് ഹൈവേ വന്നാൽ കേരളം രണ്ടായിപ്പോകുമെന്നാണ് പറയുന്നത്. എവിടെ നിന്നു ഈ സ്വപ്നം കണ്ടുവെന്നറിയില്ല. എക്സ്പ്രസ്സ് ഹൈവേ കേരളത്തിനാവശ്യമാണ്. കേരളത്തിലെ പുതിയ തലമുറയ്ക്ക് ഇതാവശ്യമാണ്. ആറ്റിങ്ങലിൽ വച്ച് ഒരപകടമുണ്ടായാൽ, എക്സ്പ്രസ്സ് ഹൈവേ ഇല്ലെങ്കിൽ അവിടെ നിന്നും രോഗികളുമായി മെഡിക്കൽ കോളേജിൽ എത്തണമെങ്കിൽ 10 മണിക്കൂർ വേണ്ടിവരും 10 വർഷം കഴിയുമ്പോൾ. അതുകൊണ്ട് എക്സ്പ്രസ്സ് ഹൈവേ എന്നു പറയുന്ന സങ്കല്പം യാഥാർത്ഥ്യമാക്കുവാൻ, ശ്രീ. എം. കെ. മുനീർ മുന്നോട്ടു പോകുകയും അതിനുവേണ്ടി ശ്രമിക്കുകയും ചെയ്യണമെന്ന് അഭ്യർതറിച്ചുകൊണ്ട് ഈ രണ്ട് ധനാഭ്യർത്ഥനകളേയും ഞാൻ പിന്താങ്ങുകയാണ്.

(അദ്ധ്യക്ഷവേദിയിൽ ചെയർപേഴ്സൺ (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ):

ശ്രീ. വർക്കല കഹാർ : സർ, ആരോഗ്യവകുപ്പിനും പൊതുമരാമത്ത് വകുപ്പിനും വേണ്ടിയുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. ഒരു സർക്കാരിനെ സാധാരണ ജനങ്ങൾ വിലയിരുത്തുന്നത് അല്ലെങ്കിൽ ഒരു ഭരണത്തിന്റെ പ്രതിച്ഛായ ജനങ്ങൾക്ക് ബോദ്ധ്യപ്പെടുന്നത് റോഡുകളുടെ നിലവാരത്തിന്റെ അടിസ്ഥാനത്തിലൂടെയും ആരോഗ്യരംഗത്തിലൂടെയുമാണ്. ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ടാണ് ജനങ്ങൾ ഒരു ഭരണത്തെ വിലയിരുത്തുന്നത്. കഴിഞ്ഞ നാല് വർഷത്തെ കേരളത്തിലെ മരാമത്തുപണികൾ വിസ്മയകരമാണെന്നാണ് വിശേഷിപ്പിക്കേണ്ടത്. അതിന് ഈ സഭയിലെ ഓരോ അംഗവും മന്ത്രിയോട് കടപ്പെട്ടിരിക്കുന്നു. അപ്പുറത്തുള്ള സ്നേഹിതൻമാർ ശ്രീ. എം.കെ. മുനീറിനെ വിമർശിക്കുമ്പോൾ പല സുഹൃത്തുക്കളും

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിമുട്ടുന്നുണ്ടായിരുന്നു. പൊതുമരാമത്ത് രംഗത്ത് ഇത്രയും പണികൾ ഒരു കാലഘട്ടത്തിലും നടന്നിട്ടില്ല. എൽ.ഡി.എഫ്. ഭരണത്തിലിരുന്ന അവസാനത്തെ ഒന്നു-രണ്ട് വർഷം റോഡിന്റെ മെയിന്റനൻസ് പോലും നടത്തിയിട്ടില്ല. കോൺട്രാക്ടർമാർ പലരും വിശ്വസിച്ച് പണിയെടുക്കില്ലായിരുന്നു. ഇന്നത്തെ റോഡിന്റെ അവസ്ഥ ആരും തലകുലുക്കി സമ്മതിക്കുന്നതാണ്. ഏറ്റവും മനോഹരമായ റോഡുകളാണ് കേരളത്തിലെ മന്ത്രിയും യു.ഡി.എഫ്. ഗവൺമെന്റും സംഭാവന ചെയ്തത്. ഇവിടെ പല സുഹൃത്തുക്കളും വിമർശന സ്വരത്തിൽ നിൽക്കുന്നതുകണ്ടു. എന്റെ ഒരു സ്നേഹിതൻ ശ്രീ. കെ. പി. സതീശ് ചന്ദ്രൻ പറഞ്ഞത് ആരോഗ്യ വകുപ്പിൽ ഒന്നും നടക്കുന്നില്ല എന്നാണ്. കോൺഗ്രസിനകത്തെ ഗ്രൂപ്പ് തർക്കത്തെക്കുറിച്ചാണ് അദ്ദേഹത്തിന് ഏറ്റവും വലിയ ആക്ഷേപമുള്ളത്. പ്രതിപക്ഷനേതാവിനെ ഞങ്ങൾ വളരെ ബഹുമാനിക്കുന്നവരാണ്. ഒരു തൊഴിലാളിയായി, പൊതുപ്രവർത്തകനായി കേരളത്തിലെ തൊഴിലാളികളുടെ അവകാശ സമരങ്ങൾ വളർത്തിയെടുത്ത ശ്രീ. വി. എസ്. അച്ചുതാനന്ദന് മാർക്സിസ്റ്റ് പാർട്ടിയിലെ 75 അംഗ കമ്മിറ്റിയിൽ അംഗമാകുന്നതിന് 64-ാമത്തെ ആളാകേണ്ടി വന്നു. ഒരു അഭിപ്രായവ്യത്യാസവുമില്ലാത്ത ഒരു പാർട്ടിയാണ്. അങ്ങനെ 64 ആയത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇടപെട്ടിട്ടല്ല. ശ്രീ. പിണറായി വിജയൻ താൽപ്പര്യമെടുത്തിട്ടുമല്ല. അവരാരും ഒന്നും ചെയ്തില്ല. അവിടെ പങ്കെടുത്ത പ്രതിനിധികളുടെ മനഃസ്സാക്ഷിയുടെ വിധിയെഴുത്തായിരുന്നു അത്. അത് ഞങ്ങൾ മനസ്സിലാക്കുന്നുണ്ട്. പറശ്ശിനിക്കടവ് അമ്യൂസ്മെന്റ് പാർക്കിൽ വെള്ളം മാറ്റിയെടുത്തെന്നു പറഞ്ഞ് ജനകീയ സമരം നടക്കുകയാണ്. ആ സമരത്തിൽ ഞാനും പങ്കെടുക്കുമെന്ന് ശ്രീ. കുഞ്ഞനന്തൻ നായർ പറയുകയാണ്. മാത്രമല്ല കോടിക്കണക്കിന് രൂപ വിലവരുന്ന സ്വത്ത് ശ്രീ. ഗോവിന്ദൻ മാസ്റ്റർ സ്വന്തം പേരിൽ എഴുതിയെന്നാണ് പത്രങ്ങളിൽ വരുന്ന ആക്ഷേപം. ഒരു അഭിപ്രായ വ്യത്യാസവും പാർട്ടിക്കകത്തില്ല. ഞങ്ങൾ സമ്മതിക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഭരണത്തേയും ഈ ഭരണത്തേയും ഒരു തുലാസ്സിൽവച്ച് തൂക്കിനോക്കണം. ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങൾ അങ്ങനെ കാണണം. പി.ഡബ്ല്യു.ഡി. യുടെ പ്രവർത്തനങ്ങളേയും ആ തരത്തിൽ വിലയിരുത്തപ്പെടണം. അതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലുള്ള വലിയ വായുള്ള പ്രാസംഗികർ തയ്യാറാകണമെന്നാണ് എന്റെ അഭ്യർത്ഥന. കഴിഞ്ഞ കൊല്ലങ്ങളിലെ പി.ഡബ്ല്യു.ഡി. -യുടെ അവസ്ഥ ഞാൻ വ്യക്തമാക്കി. കുണ്ടും കുഴിയുമായി കിടന്ന റോഡുകൾ നല്ല ഭംഗിയുള്ള രീതിയിലാക്കിയിട്ടുണ്ട്. പ്രതിപക്ഷ നേതാവിനുപോലും ഇന്ന് എന്ത് ആരോഗ്യം വന്നതുപോലെയാണെന്നോ? അതിന്റെ പ്രധാനപ്പെട്ട കാരണം ഇത്രയും മെച്ചപ്പെട്ട റോഡുകൾ കേരളത്തിലുണ്ടായി എന്നുള്ളതുതന്നെയാണ്. ഇവിടെ എക്സ്പ്രസ് ഹൈവേയെക്കുറിച്ച് ശ്രീ. എം. എ. വാഹീദും മറ്റ് മെമ്പർമാരും സൂചിപ്പിക്കുകയുണ്ടായി. മാർക്സിസ്റ്റ് പാർട്ടി എക്സ്പ്രസ് ഹൈവേയ്ക്കെതിരെ സമരം പ്രഖ്യാപിച്ചിരിക്കുകയാണ്. മാർക്സിസ്റ്റ് പാർട്ടി പ്രകൃതി സ്നേഹികളെ ഈ രംഗത്ത് ഇറക്കിയിട്ടുണ്ട്. എന്തിനാണ് ഇതിനെ എതിർക്കുന്നത്? എന്തിനാണ് ഈ രണ്ട് നയം? എന്തിനാണ് ഓന്തിനെപ്പോലെ നിറംമാറുന്നത്? പശ്ചിമബംഗാളിൽ ഒരു നയം, കേരളത്തിൽ മറ്റൊരു നയം. പശ്ചിമബംഗാളിൽ സ്വകാര്യ നിക്ഷേപകർക്കും വിദേശ

LIBRARY ARCHIVES Kerala Legislative Assembly

നിക്ഷേപകർക്കുംവേണ്ടി വാതിലുകളും ജനാലകളും തുറന്നിടുന്നു. രണ്ട് കൈയുംനീട്ടി വിളിക്കുകയാണ്. ഇവിടെ എല്ലാത്തിനുംനേരെ മുഖം തിരിഞ്ഞ് നിൽക്കുകയാണ്. അവർ തുടങ്ങിവച്ച കാര്യങ്ങളെപ്പോലും എതിർക്കുകയാണ്. എൽ.ഡി.എഫ്. ഭരണകാലത്തെ സൃഷ്ടിയായിരുന്നല്ലോ പ്ളാച്ചിമട. ഇപ്പോൾ സി.പി.ഐ. എം. -ന്റെ കൊടിയും പിടിച്ചുകൊണ്ടല്ലേ എതിർക്കാൻ ഇറങ്ങിയിരിക്കുന്നത്? എ.ഡി.ബി.-യെ പുതിയാപ്ളയെപ്പോലെ ഒരുക്കിക്കൊണ്ടുവന്നത് മാർക്സിസ്റ്റ് പാർട്ടിയല്ലായിരുന്നോ? അവർ അതിനെതിരേയും ഇപ്പോൾ സമരത്തിനിറങ്ങിയിരിക്കുകയല്ലേ? ലോകബാങ്ക് സഹായത്തോടെയുള്ള കെ.എസ്.ടി.പി. പദ്ധതികൾക്ക് ആരാണ് തുടക്കക്കാർ? ഇന്ന് അതിനെതിരെ സമരത്തിനിറങ്ങിയിരിക്കുന്നത് സി. പി. ഐ. എം.-ഉം എൽ.ഡി.എഫ്.-ഉം അല്ലേ? ഇപ്പോൾ കുത്തകകൾക്കെതിരെ സമരം പ്രഖ്യാപിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ എത്രയെണ്ണമാണ് കുത്തകകൾക്ക് അടിയറവച്ചത്. സ്വാശ്രയകോളേജുകൾ തുടങ്ങിയത് ഇവരല്ലേ? ഇപ്പോൾ യു.ഡി.എഫ്.-നെതിരെ സമരംചെയ്യാൻ അവരല്ലേ പോകുന്നത്? അതുപോലെ എത്രയെത്ര കാര്യങ്ങൾ ഉണ്ട്. ഇലക്ട്രിസിറ്റി ബോർഡിലും പി.ഡബ്ള്യു.ഡി.-യിലും ആഗോള കൺസൾട്ടൻസി തുടങ്ങിവച്ചത് അവരല്ലായിരുന്നോ? പെരിയാറിലെ വെള്ളം വിൽക്കുന്നതിനുവേണ്ടി പ്രോജക്ട് തയ്യാറാക്കി മദ്രാസ്സിലെ യു.എസ്. എമ്പസ്സി സംഘടിപ്പിച്ച ജിം-ൽ വച്ചത് ഇവരായിരുന്നില്ലേ. ഇന്ന് വെള്ളം വിൽക്കുന്നില്ലേ എന്നുപറഞ്ഞുകൊണ്ടല്ലേ സമരം. എക്സ്പ്രസ് ഹൈവേ ഇത്തരത്തിലുള്ള തടസ്സങ്ങൾകൊണ്ട് നീങ്ങിപ്പോകാനുള്ളതല്ല; അക്കാര്യത്തിൽ ധീരമായ നിലപാടെടുക്കണമെന്നാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ ആരോഗ്യ വകുപ്പിലെ കാര്യങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ആരോഗ്യവകുപ്പിനെപ്പറ്റി വളരെ ആക്ഷേപത്തോടു കൂടിയാണ് ഇവിടെ ചില മെമ്പർമാർ സംസാരിച്ചത്. ഇന്നത്തെ ആരോഗ്യവകുപ്പുമന്ത്രിമാരേയും ഒന്നോ രണ്ടോ ആകട്ടെ, കഴിഞ്ഞ ഭരണകാലത്തെ ആരോഗ്യവകുപ്പുമന്ത്രിമാരുടെ ഭരണത്തേയും തമ്മിൽ താരതമ്യം ചെയ്യണം. ഒഴിഞ്ഞുകിടന്ന ഏതെങ്കിലുമൊരു പോസ്റ്റ് കഴിഞ്ഞ ഭരണകാലത്ത് ഫിൽ ചെയ്തിട്ടുണ്ടോ? ഏതെങ്കിലും പുതിയ ആശുപത്രി തുടങ്ങിയിട്ടുണ്ടോ? ഏതെങ്കിലും ഐ. പി. യൂണിറ്റ് ആരംഭിച്ചിട്ടുണ്ടോ? ഈ ഭരണകാലത്ത് ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ വേക്കൻസികളെല്ലാം ഫിൽ ചെയ്യുന്നു. 1200 പുതിയ പോസ്റ്റുകളിൽ, 332 ഡോക്ടർമാരുടേതാണ്. അതുപോലെതന്നെയാണ് പാരാമെഡിക്കൽ സ്റ്റാഫിന്റെ കാര്യവും. ഇതൊക്കെ എങ്ങനെയാണ് നിഷേധിക്കാൻ കഴിയുന്നത്? 201 പുതിയ ഐ.പി.-യൂണിറ്റുകൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുത്തു. അതിൽ 67 എണ്ണം തുടങ്ങി. അതുപോലെതന്നെ മറ്റുജില്ലകളിൽ റോഡുകൾ, പാലങ്ങൾ, കെട്ടിടസമുച്ചയങ്ങൾ, അണ്ടർ പാസ്സേജുകൾ, ഫ്ളൈഓവറുകൾ തുടങ്ങി എല്ലാ മേഖലകളിലും പണികൾ നടന്നുകൊണ്ടിരിക്കുകയല്ലേ? ഏതെങ്കിലും കാലഘട്ടത്തിൽ ഇത്തരത്തിലുള്ള പ്രവർത്തനം കേരളത്തിൽ നടന്നിട്ടുണ്ടോ? ഇതെല്ലാം നിങ്ങൾ കാണണം. പ്രതിപക്ഷനേതാവുകൂടി ഇതൊന്ന് കാണണം. കാടും മേടും കയറി എല്ലാസ്ഥലവും കാണാൻപോകുന്ന കേരളത്തിന്റെ പ്രതിപക്ഷനേതാവാണ്. അദ്ദേഹത്തെ കൊണ്ടുപോയി കേരളത്തിലെ വികസന പ്രവർത്തനങ്ങൾ കാണിച്ചുകൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അതിനുള്ള അവസരമുണ്ടാക്കിത്തരണം. 52 റോഡുകൾ പൂർത്തിയായി. അത് ചില്ലറ കാര്യമാണോ? എന്റെ നിയോജകമണ്ഡലത്തിലുൾപ്പെടെ 55 പാലങ്ങൾ പൂർത്തിയായി. 1610 കിലോമീറ്റർ റോഡുകളുടേയും ഉൾനാടൻ ജലപാതകളുടേയും വികസനമാരംഭിച്ചു. അതുപോലെതന്നെ ലോക ബാങ്ക് പദ്ധതി വഴി കേരളത്തിന്റെ റോഡ് ശൃംഖല ശാസ്ത്രീയമായി പരിഷ്ക്കരിക്കാനുള്ള സംവിധാനമായി. ഹിൽ ഹൈവേയുടെ ഉദ്ഘാടനം കഴിഞ്ഞു. പാലക്കാട്-തിരുവനന്തപുരം രണ്ടാംഘട്ടം പ്രവർത്തനം ആരംഭിക്കുകയാണ്. ഇങ്ങനെ എന്തെല്ലാം വികസനപ്രവർത്തനങ്ങൾ നമ്മുടെ നാട്ടിൽ നടക്കുന്നു. ആരോഗ്യരംഗത്ത് ഒരുപാട് മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജ്- കേരളത്തിലെ മെഡിക്കൽ കോളേജുകളുടെ അമ്മയാണ്. അതിന് കേരളത്തിന്റെ ആരോഗ്യ സംരക്ഷണരംഗത്ത് ആരോഗ്യ വിദ്യാഭ്യാസരംഗത്ത് മറ്റ് മെഡിക്കൽ കോളേജുകളുടെ മാതാവിന്റെ സ്ഥാനമാണുള്ളത്. 51 വർഷക്കാലമായി ഇത് ആരംഭിച്ചിട്ട്. 1-ാം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വർഷം ആരംഭിച്ചതാണ് ഈ മെഡിക്കൽ കോളേജ്. ജവഹർലാൽ നെഹ്റു ആയിരുന്നു അവിടത്തെ രേഖാമൂലമുള്ള ആദ്യത്തെ രോഗി. ആ മെഡിക്കൽ കോളേജ് ഇന്ന് പരിതാപകരമായ അവസ്ഥയിലാണ്. ബഹുമാന്യനായ മുൻ മുഖ്യമന്ത്രി എ. കെ. ആന്റണി അതിനുവേണ്ടി ഒരു ഉന്നതതല കോൺഫറൻസ് വിളിച്ചുകൂട്ടാമെന്ന് പറഞ്ഞിരുന്നു. കേരളത്തിന്റെ ആരോഗ്യവകുപ്പുമന്ത്രിയും ഒരു ഉന്നതതല കോൺഫറൻസ് വിളിച്ചുകൂട്ടുമെന്ന് കഴിഞ്ഞ ദിവസം പറയുകയുണ്ടായി. ആ കോൺഫറൻസ് ഉടനെ വിളിച്ചുകൂട്ടണം. അതുപോലെ ആർ.സി.സി., എസ്.എ.ടി. ശ്രീ ചിത്രാ മെഡിക്കൽ സെന്റർ, ഡെന്റൽ കോളേജ് ഇതെല്ലാം ആ പ്രദേശത്ത് ഉള്ളതാണ്. ഇപ്പോഴാണെങ്കിൽ അപകടങ്ങളുടെ സർവ്വകാല റെക്കോർഡിന്റെ സമയമാണ്. എന്റെ സ്നേഹിതനായ ഒരു ഉദ്യോഗസ്ഥൻ പറഞ്ഞു ഇന്ന് തിരുവനന്തപുരം നഗരത്തിൽ 14 ആക്സിഡന്റുകൾ നടന്നുവെന്ന്. ഇങ്ങനെ ആക്സിഡന്റ് പറ്റുന്നവരെ അവിടെയല്ലേ കൊണ്ടുപോകുന്നത്? എല്ലാ ആശുപത്രികളിൽനിന്നും വിടുന്ന രോഗികളെ അവിടെയാണ് കൊണ്ടുപോകുന്നത്. അവിടെ ചെയ്യേണ്ട ഒരുപാട് കാര്യങ്ങളുണ്ട്. ആ കാര്യങ്ങൾ ഗവൺമെന്റ് അടിയന്തിരമായി ശ്രദ്ധിക്കണം. വിദഗദ്ധരായ ഡോക്ടർമാരുണ്ട്. പക്ഷേ അവിടെ യന്ത്രങ്ങളില്ല. കഴിഞ്ഞ ആറ് മാസമായി കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ അവിടെ നടക്കുന്നില്ല. ആ ആശുപത്രിയുടെ വികസനം അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവന്ന് അതിനെ ഒരു Centre of Excellence ആക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇപ്പോൾ എല്ലാ അർത്ഥത്തിലും കഴിഞ്ഞ നാലഞ്ചു വർഷമായി അത് Centre of negligence ആണ്. അതുകൊണ്ട് അക്കാര്യങ്ങളിൽ മുഖ്യമായ പരിഗണന നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആരോഗ്യരംഗത്ത് വലിയ നേട്ടങ്ങളുണ്ട്. ആരോഗ്യ വിദ്യാഭ്യാസരംഗത്ത് നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ സ്വകാര്യപങ്കാളിത്തം അനുവദിച്ചതോടെ സംസ്ഥാനത്ത് അഞ്ച് പുതിയ മെഡിക്കൽ കോളേജുകൾ ഉയർന്നുവരികയുണ്ടായി. കോട്ടയത്ത് സർക്കാർ ഡെന്റൽ കോളേജ്, സ്വാശ്രയമേഖലയിൽ ആറ് ഡെന്റൽ കോളേജുകൾ, 45 പുതിയ നഴ്സിംഗ് കോളേജുകൾ, 23 നഴ്സിംഗ് സ്കൂളുകൾ, ഏഴ് ആയുർവ്വേദ കോളേജുകൾ, ഒരു സിദ്ധ മെഡിക്കൽ കോളേജ് ഇങ്ങനെ വലിയ നേട്ടം ആരോഗ്യരംഗത്ത് ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതിനെ നിഷേധിക്കാൻ പറ്റില്ല. അതോടൊപ്പം വേറൊരു കാര്യംകൂടി, പുതിയ ഹോമിയോ ആശുപത്രികളും, ആയുർവേദ ആശുപത്രികളും അനുവദിക്കണം. നമ്മുടെ ആശുപത്രികൾ ധർമ്മാശുപത്രികളാക്കി മാറ്റണം. സമ്പന്നരായ ആളുകളും പണം ഉള്ളവരും സ്വകാര്യ ആശുപത്രിയിൽ പോകും. ആശുപത്രിയിൽ വികസനം ഇല്ലാതെ നാട്ടിലെ പാവപ്പെട്ട ആളുകളെ സഹായിക്കാൻ പറ്റുകയില്ല. അതിനുവേണ്ടി ആവശ്യമുള്ള പണം മാറ്റിവയ്ക്കണം. ആയുർവേദ ആശുപത്രികളും ഹോമിയോ ആശുപത്രികളും ആവശ്യമുള്ളിടത്തൊക്കെ കൊടുക്കണം. എന്റെ നിയോജകമണ്ഡലത്തിലാണ് കേരളത്തിലെ ഏക പ്രകൃതി ചികിത്സാകേന്ദ്രം. കേരളത്തിലുള്ളവരും പുറത്തുള്ളവരും വലിയ താൽപ്പര്യത്തോടെ ആ ചികിത്സാരീതിയെ കാണുന്നു. അത് വികസനം കാത്തുകിടക്കുകയാണ്. അതുപോലെ തന്നെ വർക്കല ഗവൺമെന്റ് ഹോസ്പിറ്റൽ പത്തുനൂറ് വർഷത്തെ പഴക്കമുള്ളതാണ്. അവിടെ എത്തുന്ന തീർത്ഥാടകർക്ക് അപകടങ്ങളിൽപ്പെട്ട് ചികിത്സ ഉറപ്പുചെയ്യാൻ പറ്റാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ആ ആശുപത്രിയുടെ വികസനത്തെക്കുറിച്ച് കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുമുമ്പ് ഞാൻ ഇവിടെ കാളിംഗ് അറ്റൻഷനായി കൊണ്ടുവന്നതാണ്. ഇതിന്റെ വികസനം ഒരു മുഖ്യകാര്യമായി എടുത്ത് അതിന് നടപടി സ്വീകരിക്കണമെന്നാണ് ഞാൻ പറയുന്നത്. നമ്മുടെ നാട്ടിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ അതിന്റെ പാറ്റേൺ അനുസരിച്ചുള്ള സ്റ്റാഫുപോലും ഇല്ല. ഇപ്പോൾ സ്പെഷ്യലിസ്റ്റുകളെ നിയമിക്കുന്നു എന്ന് പറഞ്ഞു. അവർക്ക് ശമ്പളസ്കെയിൽ കൊടുത്തിട്ടില്ല. ശമ്പളസ്കെയിൽ കൊടുക്കാതെ ഏതെങ്കിലും സ്പെഷ്യലിസ്റ്റുകൾ വരുമോ? അതുകൊണ്ട് ഈ പറയുന്നതുപോലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്കും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്കും മറ്റ് ആശുപത്രികൾക്കും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കണം. അത് ശ്രദ്ധിച്ചില്ലെങ്കിൽ ഒരിക്കലും ഈ രംഗത്ത് പുരോഗതിവരാൻ പോകുന്നില്ല. അതുപോലെ തന്നെ പി.ഡബ്ലിയു.ഡി. രംഗത്തെക്കുറിച്ച് ചില ആളുകൾ സംശയമുള്ളതുപോലെ സംസാരിച്ചു കേട്ടു. ഇപ്പോൾ പി.ഡബ്ലിയു.ഡി. രംഗത്തുതന്നെ ഏറെ വ്യത്യാസം വന്നിട്ടുണ്ട്. സ്വകാര്യ സംസാരത്തിൽ അവർപോലും സമ്മതിക്കുന്നതാണ്. പക്ഷേ ഇവിടെവന്ന് ഇങ്ങനെ പറയേണ്ടി വരുന്നു എന്നുള്ളത് മാത്രമേയുള്ളൂ. കഴിഞ്ഞ കാലഘട്ടത്തിൽ നമുക്കറിയാം അവരുടെ ഭരണകാലത്ത് പ്ലാനിൽ 101 കോടി രൂപയും നോൺപ്ലാനിൽ 191 കോടി രൂപയും ആയിരുന്നു. ഇന്നിപ്പോൾ പ്ലാനിൽ 288 കോടി രൂപയും നോൺപ്ലാനിൽ 221 കോടി രൂപയും അങ്ങനെ ഏകദേശം 1655 കോടി രൂപ ടോട്ടലായി വരുന്നതരത്തിലുള്ള വികസനം. കേരളത്തിൽ അങ്ങോളമിങ്ങോളം നടന്നുകൊണ്ടിരിക്കുന്നു. ഇത്ര വിസ്മയകരമായ പ്രവർത്തനം ഒരു കാലഘട്ടത്തിലും ഉണ്ടായിട്ടില്ല. അതിനെയെല്ലാം വേണമെങ്കിൽ തടയാം. എക്സ്പ്രസ് ഹൈവേയെ എതിർത്തു. അതുപോലെ തുടങ്ങി വച്ചവർ തന്നെ കേരളത്തെ ഇത് രണ്ടായി ഡിവൈഡ് ചെയ്യപ്പെടും എന്നൊക്കെ പറഞ്ഞ് ഇതിനെതിരായി ഓരോ കുപ്രചരണവുമായി ഇറങ്ങിയിട്ടുണ്ട്. കഴിഞ്ഞ ദിവസം ആരോ ശ്രീ. സി. വി. പത്മരാജൻ, പ്ലാനിംഗ് ബോർഡ് ചെയർമാനെക്കുറിച്ചുപോലും ആക്ഷേപം ഉന്നയിക്കുന്നതുകേട്ടു. കേരളത്തിലെ സമർത്ഥനായ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു ശ്രീ. സി. വി. പത്മരാജൻ. അദ്ദേഹം വിവരവും ആ സ്ഥാനത്തേയ്ക്ക് യോഗ്യതയുള്ളതുമായ ആളാണ്. ഇവിടെ പല

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾക്കും ആക്ഷേപമാണ്. പാർട്ടി മെമ്പറായ അദ്ദേഹത്തെ വൈസ് ചാൻസലറാക്കാൻ ഒരു ബുദ്ധിമുട്ടുമില്ല. അവരുടെ അഭിപ്രായത്തിൽ വിവരം വേണമെങ്കിലും ബുദ്ധിജീവി ആയിരിക്കണമെങ്കിലും മുന്നോ നാലോ മീറ്ററിൽ ഒരു ഉടുപ്പും സ്ഥാനവും അങ്ങനെ ചില സവിശേഷതകൾ വേണം. വിജ്ഞാനിയായ ശ്രീ. സി. വി. പത്മരാജനെപോലും ആക്ഷേപിക്കുന്ന തരത്തിലാണ് ഇവിടെയുള്ള പ്രസംഗം. അതുകൊണ്ടൊന്നും ശരിയാവുകയില്ല. നേരേ വാ നേരേ പോ എന്നുള്ള നയം എന്ന് സ്വീകരിക്കുന്നുവോ അന്നേ അവർ നന്നാകുകയുള്ളൂ. ഈ ധനാഭ്യർത്ഥനകളെ എങ്ങനെ പിൻതാങ്ങാതിരിക്കും? കേരളത്തിൽ പി. ഡബ്ലിയു. ഡി. യുടെ സമഗ്രമായ വികസനത്തിനുവേണ്ടി കഠിനമായി പരിശ്രമിക്കുന്ന ശ്രീ. എം. കെ. മുനീർ തന്റെ പ്രവർത്തനം ഒരു തപസ്യയായി ഏറ്റെടുത്തിരിക്കുന്നു. അതുപോലെതന്നെ ആരോഗ്യ രംഗത്തിന്റെ വികസനത്തിന് ഉതകുന്ന പ്രവർത്തനങ്ങൾ നടത്തുന്ന ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററെ അനുമോദിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽകൂടി പിൻതാങ്ങുന്നു.

ശ്രീ. സി. പി. മുഹമ്മദ് : സർ, ഈ രണ്ട് ധനാഭ്യർത്ഥനകളേയും ഞാൻ പിൻതാങ്ങുന്നു. പരസ്പരബന്ധമില്ലാത്ത രണ്ട് ഡിപ്പാർട്ടുമെന്റ് തമ്മിലുള്ള ഏകസാമ്യം എന്നു പറയുന്നത് രണ്ടിലും ബൈപാസ് ഉണ്ട് എന്നത് മാത്രമാണ്. മഹാഭൂരിപക്ഷം എം.എൽ.എ. മാർക്കും ഈ രണ്ടു മന്ത്രിമാരിലും വിശ്വാസം ഉള്ളതുകൊണ്ടും തങ്ങളുടെ നിയോജകമണ്ഡലത്തിന്റെ താൽപ്പര്യങ്ങൾ ഇവർ രണ്ടുപേരും സംരക്ഷിക്കും എന്നുള്ളതുകൊണ്ടാണ് ചർച്ചാസമയത്ത് മഹാഭൂരിപക്ഷം പ്രതിനിധികളും ഈ സഭയിൽ പങ്കെടുക്കാത്തത്. 2005-2006 വർഷത്തേയ്ക്ക് നിരത്തുകളും പാലങ്ങളും വിഭാഗത്തിന് പദ്ധതിയേതരയിനത്തിൽ 8,99,71,00,000 രൂപയും പദ്ധതിയിനത്തിൽ 614,81,00,000 രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ശ്രീ. എം. കെ. മുനീറിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ നാല് വർഷത്തെ വികസന പ്രവർത്തനം വിലയിരുത്തുന്ന ഒരാൾക്ക് ഈ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ് എന്നുള്ള കാര്യത്തിൽ സംശയമുണ്ടാവുകയില്ല. 'കണക്കപ്പിള്ളയുടെ വീട്ടിൽ വറുക്കലും പൊരിക്കലും, കണക്കുനോക്കുമ്പോൾ കരച്ചിലും പിഴിച്ചിലും' എന്ന് പറയുന്നതുപോലെ ഒരുപാട് വികസന പ്രവർത്തനങ്ങൾ നടന്നു. അവസാനം കോൺട്രാക്ടർമാർക്ക് കോടിക്കണക്കിന് രൂപയുടെ ബാദ്ധ്യതയാണ് ഡിപ്പാർട്ടുമെന്റിൽ വന്നു ചേർന്നിരിക്കുന്നത്. അതുകൊണ്ട് ബഡ്ജറ്റ് റിഹിതം കാര്യമായി വർദ്ധിപ്പിക്കണമെന്നാണ് ഈ ചർച്ചയിലൂടെ ആവശ്യപ്പെടുന്നത്. ശ്രീ. എം. കെ. മുനീർ പൊതുമരാമത്ത് വകുപ്പ് മന്ത്രിസ്ഥാനം ഏറ്റെടുത്തതിനുശേഷം ഈ വകുപ്പിന്റെ പ്രവർത്തനം വളരെ ഊർജ്ജസ്വലമായിട്ടുണ്ട്. സംസ്ഥാനത്ത് ആകെയുള്ള റോഡുകളിൽ മൂന്നിലൊന്ന് ഭാഗം മാത്രമേ പി. ഡബ്ലിയു. ഡി. കൈകാര്യം ചെയ്യുന്നുള്ളൂ. എന്നാൽ ഈ മേഖലയിലെ കഴിഞ്ഞ നാല് വർഷം കൊണ്ടുണ്ടായ ഗുണപരമായ മാറ്റം ഞാൻ എടുത്തു പറയുന്നില്ല. ബഹുമാന്യനായ

2.00 P. M.] മുഖ്യമന്ത്രിയും മരാമത്ത് വകുപ്പുമന്ത്രിയും കേന്ദ്രമന്ത്രി ശ്രീ. ബാലുവുമായി നടത്തിയ ചർച്ചയിൽ, നമ്മുടെ രാജ്യത്തെ നാഷണൽ ഹൈവേയുടെ വികസനത്തിനുവേണ്ടി വകയിരുത്തിയ 3053 കോടി രൂപയുടെ വികസന

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങളടക്കം എണ്ണിയാൽ ഒടുങ്ങാത്ത നേട്ടങ്ങൾ ഈ നാലുവർഷംകൊണ്ട് ഉണ്ടായിട്ടുണ്ട്. നാഷണൽ ഹൈവേ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള ഏറ്റവും വലിയ ഒരു പ്രയാസം സ്ഥലമെടുപ്പിന്റെ കാലതാമസമാണ്. ആ രംഗത്ത് റവന്യൂ വകുപ്പും പി.ഡബ്ലിയു.ഡി.യും ഒന്നിച്ചുചേർന്ന് കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാണ്. ഈ റോഡുകൾ എത്ര കാര്യക്ഷമമായി പണിതുകഴിഞ്ഞാലും നമ്മുടെ രാജ്യത്തിലെ സാമൂഹിക അവബോധവും ഡിപ്പാർട്ടുമെന്റില്ലാതെയുള്ള ജനങ്ങളുടെ സഹകരണവും അത്യാവശ്യമാണ്. റോഡ് ടാർചെയ്ത് പൂർത്തിയാക്കുന്നതും കാത്തിരിക്കുകയാണ് വാട്ടർ അതോറിറ്റിയും, അതുപോലെ ടെലിഫോൺ ഡിപ്പാർട്ടുമെന്റും. ഇവിടെ നേരത്തേ ഒരു സബ്മിഷന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതുപോലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ആർച്ചുകളും ബാനറുകളും ഗേറ്റുകളുമൊക്കെ ഇതിന്റെ പ്രത്യേക തെളിവുകളാണ്. റോഡിലുള്ള ചതിക്കുഴികൾ കാരണം ഒരുപാടുപേരാണ് മരിച്ചുവീഴുന്നത്. ഇന്നലെ ട്രാൻസ്പോർട്ട് വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഞാൻ അത് വിവരിച്ചതുകൊണ്ട് ഇനി ആവർത്തിക്കുന്നില്ല. മഴക്കാലത്ത് കുഴികൾ നികത്തുന്നതിന് എമൽഷൻ വാങ്ങുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് വളരെ നല്ല കാര്യമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സൈക്കിൾ ട്യൂബിന് പഞ്ചർ ഒട്ടിക്കുന്നതുപോലെ അവിടെയും ഇവിടെയുമായി കുഴികൾ നികത്തിയിരുന്നത് അവസാനിപ്പിച്ച് ഏതാണ്ട് എല്ലാം വിരലിൽ എണ്ണാവുന്ന റോഡുകൾ മാത്രമേ നമ്മുടെ രാജ്യത്ത് ഇപ്പോൾ മോശമായി കിടക്കുന്നുള്ളൂ എന്നുള്ളത് ആശാവഹമാണ്. മന്ത്രി മാത്രം വിചാരിച്ചതുകൊണ്ട് കാര്യങ്ങൾ നടക്കുകയില്ല. എല്ലാവരും വിചാരിക്കണം. റോഡിൽ എങ്ങനെ പെരുമാറണം എന്നുള്ള അവബോധം പോലും നമ്മുടെ സമൂഹത്തിനില്ല. റോഡിൽ പി.ഡബ്ലിയു.ഡി. സീബ്രാ ലൈൻ വരയ്ക്കുന്നത് റോഡ് മുറിച്ചുകടക്കാനാണ്. പലപ്പോഴും പല നഗരങ്ങളിലും കാണുന്ന കാഴ്ച സീബ്രാ ലൈൻ അല്ല കോബ്രാ ലൈൻ വരച്ചാൽപ്പോലും അതുവഴി മുറിച്ചു കടക്കുകയില്ല എന്ന് ചിന്തിക്കുന്ന ജനങ്ങളാണ്. വീടുകളിലുള്ള മാലിന്യങ്ങളും പുരയിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ അവിടെയുള്ള നിർമ്മാണ സാമഗ്രികളും ഡമ്പ് ചെയ്യാനുള്ള ഒരു പൊതുസ്ഥലമായി പി. ഡബ്ലിയു. ഡി. റോഡുകളെ സമൂഹം കാണുന്നത് ഖേദകരമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശരീരംപോലെ തന്നെ വെളുത്തതാണ് അദ്ദേഹത്തിന്റെ മനസ്സ് എന്നുപറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് മന്ത്രിയുടെ മനസ്സിനനുസരിച്ച് ഡിപ്പാർട്ടുമെന്റിനും ജാഗ്രത വേണം. മരുമോള് എത്രനന്നായാലും ഇട്ടിച്ചീരിയല്ലേ അമ്മായിയമ്മ എന്നു പറയുന്നതുപോലെ മന്ത്രിയുടെ മനസ്സിനനുസരിച്ച് പലപ്പോഴും ഡിപ്പാർട്ടുമെന്റിലെ ചില ഉദ്യോഗസ്ഥരെങ്കിലും മുന്നോട്ടുപോകുന്നില്ല എന്നുള്ളത് ഖേദകരമാണ്. എല്ലാവരെയും ഞാൻ പറയുന്നില്ല. പ്രധാന കവലകളിൽ ഇന്ന് സീബ്രാ ലൈനുകളും അതുപോലെതന്നെ ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങൾ കൊണ്ട് ഉണ്ടാക്കുന്ന സിഗ്നൽ ലൈറ്റുകളും സ്ഥാപിച്ച് അപകടങ്ങൾ നിയന്ത്രിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തണം. ഇവിടെ എക്സ്പ്രസ് ഹൈവേയുടെ കാര്യം പലരും പറഞ്ഞു, ഈ രാജ്യത്ത് ഏത് പുരോഗമനം ഉണ്ടായാലും ആദ്യം അതിനെ എതിർക്കാറുണ്ട്. എന്റെ സ്നേഹിതൻ ശ്രീ. വർക്കല കഹാർ ചൂണ്ടിക്കാണിച്ചതുപോലെ ബ്രിട്ടീഷുകാർ രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പാളങ്ങൾ നിരത്താൻ തുടങ്ങിയപ്പോൾ യാഥാസ്ഥിതികർ അതിനെ എതിർക്കുകയുണ്ടായി. ഇതിന്റെ പ്രകമ്പനം ഗർഭസ്ഥ ശിശുവിനെപ്പോലും അപകടത്തിൽപ്പെടുത്തുമെന്നും, ഇത് മ്ലേച്ച ഭാഷ സംസാരിക്കുന്നവരുടെ ഒരു പരിഷ്കാരമാണെന്നും പറഞ്ഞ് എതിർപ്പിന്റെ പേരിൽ റയിൽവേ ലൈൻ തിരിച്ചുവിടുകയും റയിൽവേ ലൈൻ വരുന്ന സ്ഥലത്തുനിന്ന് ആളുകൾ മാറി താമസിക്കുകയും ചെയ്തു. ചൈനപോലുള്ള ഒരു രാജ്യത്ത് 8 എക്സ്പ്രസ്സ് ലൈൻ ആകാമെങ്കിൽ കേരളം രണ്ടായി വിഭജിക്കുമെന്നുള്ള പ്രവചനം അടിസ്ഥാനരഹിതമാണ്. റയിൽവേ കേരളത്തെ രണ്ടായി വിഭജിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഒരുപാട് നദികൾ കേരളത്തെ അനേകം കഷ്ണങ്ങളായി വിഭജിച്ചുകൊണ്ടിരിക്കുന്നുണ്ട് എന്നാലും എക്സ്പ്രസ്സ് ഹൈവേയുടെ ആശങ്ക വിശദമായി ചർച്ച ചെയ്ത് പരിഹാരം കാണണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. മലയോര ഹൈവേ ഒരു യാഥാർത്ഥ്യമാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട്. അതിന്റെ വടക്കുഭാഗത്തുനിന്ന് പാലക്കാട് വരെയുള്ള ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചു. അതിന് അശ്രാന്ത പരിശ്രമമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയത്. കേരള സംസ്ഥാന ഗതാഗത പ്രോജക്ട് വഴി ഒരുപാട് പദ്ധതികൾ നമ്മുടെ രാജ്യത്ത് നടന്നുവരുന്നു. ബ്രിട്ടീഷുകാരുടെ കാലത്ത് പണിത ഒരുപാട് പഴയ പാലങ്ങൾ ഇപ്പോഴും അപകടാവസ്ഥയിലാണ്. അത് പൊളിച്ചുപണിയാൻ ബഹുമാനപ്പെട്ട മന്ത്രി നടപടിയെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. റോഡുകളുടെ മെയിന്റനൻസ് കഴിഞ്ഞ കാലങ്ങളിൽ വളരെയധികം പ്രയോജനപ്രദമായിരുന്നു. എൻ.എം.ആർ. ജീവനക്കാരുടെ സേവനം അധികം ചെലവാണെന്നുപറഞ്ഞ് അവരെയൊക്കെ പിരിച്ചുവിട്ടതിനാൽ മഴക്കാലത്ത് കാനകൾ ഉണ്ടാക്കാനും അഴുക്കുവെള്ളവും, ഓടവെള്ളവും തിരിച്ചുവിടാനും സാധിക്കാത്തതുകൊണ്ട് റോഡുകൾക്ക് ഒരുപാട് കേടുപറ്റുന്നുണ്ട്. അത് പുനഃസ്ഥാപിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. തലസ്ഥാന നഗരിയിലെ റോഡ് വികസനം കാര്യമായ ഒരു നേട്ടമാണ്. 65 ജംങ്ഷനുകളുടെ വികസനം, വികസിപ്പിക്കുന്ന റോഡുകളിൽ, Footpath, Signalised pedestrian crossing, ആധുനിക സൗരോർജ്ജ ട്രാഫിക് സിഗ്നലുകൾ എന്നിവയെല്ലാം നടപ്പാക്കുമെന്ന് മന്ത്രി പറഞ്ഞത് ശ്ലാഘനീയമാണ്. അതുപോലെതന്നെ പ്രധാനപ്പെട്ട ഒരു കാര്യം ഈ മന്ത്രിയുടെ ഇച്ഛാശക്തിയുടെ ഒരു ഉദാഹരണം ഇവിടെ ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ പുലാമാന്തോൾ പാലം ബ്രിട്ടീഷുകാരുടെ കാലത്ത് പണിതതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നാല് മന്ത്രിമാർ ഈ പാലത്തിന്റെ ഇരുകരകളിലും ഉണ്ടായിരുന്നു. പക്ഷെ ഈ നാല് മന്ത്രിമാരോടും നിവേദനം നടത്തിയിട്ടും പാലത്തിന് ആകെ ചെയ്തത് പാലം അപകടത്തിൽ എന്നൊരു ബോർഡ് വയ്ക്കുകയാണ്. നാട്ടുകാർക്ക് പാലം അപകടത്തിൽ എന്ന് ബോർഡ് കണ്ട് മനസ്സിലായി എങ്കിലും മിണ്ടാപ്രാണിയായ പാലത്തിന് അത് മനസ്സിലായില്ല. ഞാൻ എം.എൽ.എ.യായ ഉടനെ ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. അദ്ദേഹം ആദ്യം നിയമസഭാ സമ്മേളനത്തിനിടയ്ക്ക് തന്നെ അവിടെവന്ന് ആദ്യത്തെ ബജറ്റിൽ 6,0 ലക്ഷം രൂപ നീക്കിവച്ചിരുന്നു. നിർഭാഗ്യത്തിന് ആ പാലം

LIBRARY ARCHIVES Kerala Legislative Assembly

പൊളിഞ്ഞുവീണു. പക്ഷെ പാലം പൊളിഞ്ഞ് ദിവസങ്ങൾക്കുള്ളിൽ അദ്ദേഹം അവിടെവന്നു. യുദ്ധകാലാടിസ്ഥാനത്തിൽ 13 മാസംകൊണ്ട് ആ പാലം പണിതു. പാലം പണിയുമ്പോഴും അദ്ദേഹം സന്ദർശിച്ചു. കേരള ചരിത്രത്തിൽ ഇങ്ങനെയൊരു പാലം ചുരുങ്ങിയ സമയംകൊണ്ട് പൂർത്തിയാക്കി തന്നതിന് ആ പ്രദേശത്തെ ജനങ്ങളുടെ പേരിൽ ഞാൻ അദ്ദേഹത്തോട് നന്ദി പറയുകയാണ്. റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന്റെ എം.ഡി.-യായ എയർപോർട്ട് കുര്യൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന പി. ജെ. കുര്യനും, ഇപ്പോഴത്തെ കളക്ടർ മുഹമ്മദ് അനീഷും അടങ്ങുന്ന ഉദ്യോഗസ്ഥരുടെ ടീം അതിൽ ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ എടപ്പലത്ത് ഒരു പാലംകൂടി വേണം. ഒരു എം. എൽ. എ. അദ്ദേഹത്തിന്റെ മഹാനായ പിതാവിനോട് പുഴയിൽ പാലം കെട്ടണമെന്ന് നിവേദനം കൊടുത്തപ്പോൾ ഈ എം.എൽ.എ.യ്ക്ക് പാലം കൊടുക്കുന്നതിനേക്കാൾ ഗവൺമെന്റിന് ലാഭകരം പുഴ തൂർത്തുകൊടുക്കലാണെന്ന് പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്. ആയിരത്തോളം കുട്ടികൾ തോണിയാത്ര നടത്തുന്ന എടപ്പുഴത്തെ പാലത്തിന് അടിയന്തിരമായി ഇൻവെസ്റ്റിഗേഷൻ നടത്താൻ ഉത്തരവിടണമെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരുപാട് കാര്യങ്ങൾ അദ്ദേഹം ചെയ്തിട്ടുണ്ട് അതിനെ അഭിനന്ദിക്കുകയാണ്. ആരോഗ്യ വകുപ്പിനെക്കുറിച്ച് ഇവിടെ കാര്യമായ വിമർശനങ്ങളൊന്നും ഉണ്ടായില്ല. വൈദ്യർ ചൊല്ലുന്നത് രോഗമാണെങ്കിൽ ഭാഗവതർ ചൊല്ലുന്നത് രാഗമാണെന്ന് പറയുന്നതുപോലെ ആരോഗ്യവകുപ്പിനെക്കുറിച്ചല്ല പ്രതിപക്ഷത്തെ എന്റെ സ്നേഹിതൻമാർ കാര്യമായി പറഞ്ഞത്. ബഹുമാനപ്പെട്ട കെ. കെ. രാമചന്ദ്രൻ മാസ്റ്ററും അതിനുമുമ്പ് ഈ ഗവൺമെന്റ് വന്നപ്പോഴും ആരോഗ്യവകുപ്പ് ഇന്റൻസീവ് കെയർ യൂണിറ്റിൽ ആയിരുന്നു. ഇന്റൻസീവ് കെയർ യൂണിറ്റിൽ നിന്ന് ആരോഗ്യവകുപ്പിനെ വാർഡിലേക്ക് മാറ്റിയത് കടവൂർ ശിവദാസനാണ്. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ രാഷ്ട്രീയത്തിൽ ഒരു ചൂണ്ടുമർമ്മ വിദഗ്ദ്ധനായ മർമ്മാണി വൈദ്യനും സിദ്ധിയുള്ള ഒരു സിദ്ധവൈദ്യനുമാണ്. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററുടെ നേതൃത്വത്തിൽ ആരോഗ്യവകുപ്പിൽ ആരോഗ്യകരമായ ഒരുപാട് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട് എന്നുപറയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഏറ്റവും പ്രധാനമായി ഞാൻ കാണുന്നത് ആരോഗ്യവകുപ്പിന്റെ ഒരു ചർച്ചയിൽ, ഞാൻ അന്ന് നിയമസഭയിലൊന്നും അംഗമായിരുന്നില്ലെങ്കിലും വാർത്താ മാധ്യമങ്ങളിൽ ട്രാൻസ്ഫറുകളുടേയും പോസ്റ്റിംഗുകളുടേയും മരുന്നുവാങ്ങലിന്റേയുമൊക്കെ ഒരുപാട് കോലാഹലങ്ങൾ നിയമസഭയിൽ ഉണ്ടാകുന്നത് കാണാനിടയായിട്ടുണ്ട്. ഇത്രയും സുതാര്യമായ ട്രാൻസ്ഫർ നടത്തിയ, ഇത്രയും സുതാര്യമായി മരുന്നുകൾ വാങ്ങിയ, ഉപകരണങ്ങൾ വാങ്ങിയ ഒരു കാലഘട്ടം ആരോഗ്യവകുപ്പിൽ ഉണ്ടായിട്ടുണ്ടോ എന്ന് ചോദിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. രോഗികളാണ് ആരോഗ്യവകുപ്പിലെ ഏറ്റവും വലിയ ഗുണഭോക്താക്കൾ. രോഗികൾക്ക് ഗുണം ലഭിക്കണമെങ്കിൽ ജീവനക്കാർ ത്യാഗികളും മന്ത്രി രോഗിയും ആയിരിക്കണമെന്നുള്ളതാണ് വാസ്തവം. സർ, ഇന്ന് കേരളത്തിലെ ആരോഗ്യരംഗത്ത് കോടിക്കണക്കിന് രൂപ ഗവൺമെന്റ് ചെലവഴിക്കുന്നുണ്ട്. ഒരിക്കൽ എന്റെ സ്നേഹിതൻ ശ്രീ. കെ. എൻ. എ. ഖാദർ ഈ സഭയിൽ ചൂണ്ടിക്കാട്ടിയതുപോലെ ഇന്ന് നമ്മുടെ ആശുപത്രികളിലെ

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അവിടെയുള്ള വൃത്തിയില്ലായ്മയാണ്. ഇവിടെ സ്വകാര്യ ആശുപത്രികളെ കുറ്റം പറയാറുണ്ട്. കച്ചവടലാക്കോടുകൂടി പ്രവർത്തിക്കുന്ന ഒരുപാട് സ്വകാര്യ ആശുപത്രികളുണ്ട്. എന്തുകൊണ്ട് ഗവൺമെന്റ് ആശുപത്രികളിലേക്ക് ആളുകൾ പോകുന്നില്ല. വൃത്തിഹീനമായ ചുറ്റുപാടുകളും അഴുക്കും അതുപോലെ മലിനജലവും കെട്ടിനിൽക്കുന്ന കേരളത്തിലെ മെഡിക്കൽ കോളേജടക്കമുള്ള പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ വരെയുള്ള ഈ ആശുപത്രികളിലെ ജീവനക്കാരെക്കൊണ്ട് ശരിയായി ജോലി ചെയ്യിപ്പിക്കാൻ നമുക്ക് സാധിക്കുന്നില്ല. ശ്രീ. കെ. കെ. നായർ പത്തു മണി മുതൽ ഒരു മണിവരെ ഡോക്ടർമാരുടെ സേവനത്തിന് സമയം നിശ്ചയിച്ചതുകൊണ്ടുമാത്രം കാര്യമുണ്ടോ എന്ന് ചോദിക്കുകയുണ്ടായി. അതുപോലെതന്നെ പകർച്ചവ്യാധികളുടെ തിരിച്ചുവരവിനെതിരെ ജാഗ്രത പുലർത്തണം. കോട്ടയത്ത് മഞ്ഞപ്പിത്ത രോഗമുണ്ടായി എന്നുപറഞ്ഞു, അതിനെതിരെ ഈ ഗവൺമെന്റിന് ജാഗ്രത പാലിക്കാൻ കഴിഞ്ഞു, ഇന്നും മഞ്ഞപ്പിത്തത്തിനെതിരെ കുറേപ്പേർ വിമർശിച്ച് സംസാരിക്കുകയുണ്ടായി. എന്തിനേയും വിമർശിക്കുന്ന മഞ്ഞപ്പിത്തം ബാധിച്ചവർക്ക് കാണുന്നതെല്ലാം മഞ്ഞയായി തോന്നുമെന്ന് ഞാൻ കേട്ടിട്ടുണ്ട്. അതുപോലെയുള്ള ഒരു രോഗമായി മാത്രമേ അതിനെ കാണുവാൻ സാധിക്കുകയുള്ളൂ. ഇവിടെ രോഗത്തെ ചികിൽസിക്കുന്നതിനേക്കാളേറെ രോഗമുണ്ടാകുന്നതിനെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങളിലാണ് കൂടുതൽ ശ്രദ്ധിക്കേണ്ടത്. സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അകത്തേക്കു കഴിക്കേണ്ടിയിരുന്ന മരുന്ന് മുഴുവൻ പുറത്തേക്ക് എഴുതുകയായിരുന്നു പതിവ്. ഇന്ന് നമ്മുടെ സർക്കാർ ആശുപത്രികളിൽ മിക്കവാറും എല്ലാ മരുന്നുകളും ഉണ്ട്. മെഡിക്കൽ കോളേജുകളിൽ ജീവൻ രക്ഷാ ഔഷധങ്ങളുടെ കവാട്ട ഇനിയും വർദ്ധിപ്പിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. മെഡിക്കൽ കോളേജുകളിൽ പലയിടത്തും ആവശ്യമായ സ്റ്റാഫിന്റെ അഭാവമുണ്ട്. അത് നികത്തണം. ഹോമിയോ, ആയുർവേദ കോളേജുകളുടെ നില മെച്ചപ്പെടുത്തണം. അതുപോലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ വീണ്ടും ആരംഭിക്കണം. സ്റ്റാഫ് സ്ട്രെങ്ത് പുനരവലോകനം ചെയ്യണം. ഭ്രൂണഹത്യ നിയന്ത്രിക്കണം. ഫാസ്റ്റ് ഫുഡ്, മൽസ്യം, പഴം, പച്ചക്കറി, മാംസം, വിഷവസ്തുക്കൾ എന്നിവ പരിശോധിക്കാനുള്ള സംവിധാനം ഊർജ്ജിതപ്പെടുത്തണം. കഴിഞ്ഞ തവണ ബഹുമാന്യനായ കടവൂർ ശിവദാസൻ ടെലി മെഡിസിൻ സംവിധാനം നടപ്പിലാക്കുമെന്നു പറഞ്ഞു. അത് പരിപൂർണ്ണമായി നടപ്പിലാക്കണം. സ്കൂൾ കുട്ടികൾക്ക് ഹെൽത്ത് കാർഡ് നൽകുമെന്നു പറഞ്ഞ പരിപാടി ശ്ലാഘനീയ കാര്യമാണ്. എയ്ഡ്സ് ബാധിച്ചവർക്കുവേണ്ടി ആന്റി റിട്രോ വൈറൽ ഡ്രഗ്സ് സൗജന്യമായി നൽകുന്ന പദ്ധതി ഏതാനും ആശുപത്രികളിൽ മാത്രമേ ഉള്ളൂ. അത് കേരള സംസ്ഥാനത്ത് എല്ലായിടത്തും വ്യാപകമാക്കണം. എൻഡോസൾഫാൻ നിരോധിച്ചതിനെ ഞാൻ അഭിനന്ദിക്കുകയാണ്. റഫറൽ സമ്പ്രദായം വീണ്ടും കൊണ്ടുവരണം. പകർച്ചവ്യാധികളായ ഡങ്കിപ്പനി, മലേറിയ എന്നിവ നിയന്ത്രിക്കാൻ ലോക ബാങ്ക് സഹായത്തോടുകൂടി 12.38 കോടി രൂപ ചെലവഴിച്ച് ഒരു ഇന്റഗ്രേറ്റഡ് ഡിസീസസ് സർവൈലൻസ് പ്രോഗ്രാം നടപ്പിലാക്കുമെന്നുപറഞ്ഞു. അത് ഊർജ്ജിതമായി നടപ്പിലാക്കണം. ആയുർവേദ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾക്ക് അക്രെഡിറ്റേഷൻ നൽകണം. ആശുപത്രികളിലെ ശുചീകരണപ്രവർത്തനങ്ങൾ ക്രമീകരിക്കണം. കൂടുതൽ diagnostic labs വേണം. അത് ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട ഏതാനും ഹോസ്പിറ്റലുകളിൽ മാത്രമേയുള്ളൂ. പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾ നമ്മുടെ രാജ്യത്ത് ഏറ്റവും വലിയ മാനുഷിക സേവനം നൽകുന്ന സ്ഥാപനങ്ങളാണ്. പലപ്പോഴും രാഷ്ട്രീയ പ്രസ്ഥാനങ്ങളും വ്യാപാരി-വ്യവസായ ഏകോപന സമിതികളും ക്ലിനിക്കുകളും ചേർന്നാണ് അത് നടത്തുന്നത്. അതിന് ഗവൺമെന്റ് നൽകുന്ന ആനുകൂല്യം അപര്യാപ്തമാണെന്ന് ചൂണ്ടിക്കാണിക്കുന്നു. എനിക്ക് പ്രധാനപ്പെട്ട ഒരു നിർദ്ദേശം കൂടിയുണ്ട്. ആരോഗ്യരംഗത്ത് ഓരോ താലൂക്കിലും ഓരോ മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതിനാവശ്യമായ ഫണ്ടില്ലെങ്കിൽ കെ.എസ്.ആർ.ടി.സി. ബസുകൾ പോലെ ബസുകൾ സംഘടിപ്പിച്ച് നമ്മുടെ ഗ്രാമ പ്രദേശങ്ങളിലും അതുപോലെ പട്ടികജാതികോളനികൾ, തീരപ്രദേശങ്ങൾ എന്നിവിടങ്ങളിൽ പ്രാഥമിക ചികിൽസ നടത്താനും രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്താനും കുത്തിവയ്പ് നടത്താനും ഈ മൊബൈൽ മെഡിക്കൽ യൂണിറ്റ് സഹായകരമാകും. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഗൗരവപൂർവം ആലോചിക്കണം. എന്റെ നിയോജകമണ്ഡലത്തിൽ ഇന്ന് അല്ലെങ്കിൽ നാളെ താലൂക്ക് വരുമെന്നുള്ള ശുഭാപ്തി വിശ്വാസക്കാരനാണ് ഞാൻ. ഒരു വലിയ പട്ടണമായ പട്ടാമ്പിയിലെ ഗവൺമെന്റ് ഹോസ്പിറ്റലിന് താലൂക്ക് തലത്തിലുള്ള സ്റ്റാറ്റസ് നൽകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ആർ.സി.സി. ഗവൺമെന്റ് നേരിട്ട് നിയന്ത്രിക്കുന്നതല്ലെങ്കിലും അവിടെയുള്ള നഴ്സിംഗ് അസിസ്റ്റന്റുമാർ 14 കൊല്ലം ജോലി ചെയ്തിട്ടും ഇപ്പോഴും 110 രൂപ ദിവസക്കൂലിക്കാരാണ്. അവരെ സ്ഥിരപ്പെടുത്തേണ്ടത് ഒരു മാനുഷിക പ്രശ്നമാണെന്നു ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ രണ്ടു മന്ത്രിമാരുടേയും വകുപ്പുകളിൽ നടന്ന ചർച്ച വളരെ ആരോഗ്യകരമായിരുന്നു. സംസ്ഥാനത്തിന്റെ ഈ രണ്ടു പ്രധാന വകുപ്പുകളിൽ അവർ നടത്തുന്ന ക്രിയാത്മകമായ ശ്രമങ്ങൾ സംസ്ഥാനത്തിന്റെ മുച്ചൂടായ മാറ്റുക തന്നെ ചെയ്യും. ഈ രണ്ടു വകുപ്പുകളുടെയും ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ പിൻതാങ്ങുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമ്മുടെ പൊതുമരാമത്ത് വകുപ്പും പൊതുജനാരോഗ്യ വകുപ്പും കേരളത്തിലെ അനാരോഗ്യ വകുപ്പുകളായി മാറിയിരിക്കുകയാണ്. അതുകൊണ്ടുകൂടിയാണ് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം മറ്റ് ഇൻഡ്യൻ സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി എടുത്ത് പറയാൻ കഴിയുന്ന ഏറ്റവും മഹത്തായ നേട്ടമുണ്ടാക്കിയ ഒരു സംസ്ഥാനമാണ് കേരളം. ആരോഗ്യ രംഗത്ത് ഏറ്റവും വലിയ സമ്പന്ന രാഷ്ട്രങ്ങൾക്കൊപ്പം നമ്മുടെ കൊച്ചു കേരളത്തിന് എത്താൻ കഴിഞ്ഞു എന്നുള്ളത് എല്ലാപേരും അംഗീകരിക്കുന്ന കാര്യമാണ്. ആരോഗ്യ രംഗത്തും വിദ്യാഭ്യാസ രംഗത്തും സാമൂഹ്യക്ഷേമ മേഖലകളിലുമെല്ലാം തന്നെ കേരളം കൈവരിച്ച നേട്ടം അത്ഭുതത്തോടുകൂടിയാണ് ലോകരാഷ്ട്രങ്ങളും ഐക്യരാഷ്ട്ര സംഘടനയും

LIBRARY ARCHIVES Kerala Legislative Assembly

നോക്കിക്കാണുന്നതെന്ന് നമുക്കറിയാം. 1900-ത്തിൽതന്നെ 2002-ൽ നേടേണ്ട ആരോഗ്യനേട്ടം നാം നേടിയെന്നുള്ളത് ആരോഗ്യ മേഖലയിലെ സംഘടനകളെല്ലാം അംഗീകരിച്ച കാര്യമാണ്. 2002-ൽ നാം നേടേണ്ട നേട്ടം 1900-ൽ തന്നെ നാം നേടിയെടുക്കുകയുണ്ടായി. ആ നേട്ടങ്ങളെല്ലാം തന്നെ ഈ പിന്നിട്ട നാലു വർഷംകൊണ്ട് ഇല്ലാതാകുന്ന സ്ഥിതിവിശേഷമാണ് കേരളത്തിൽ ഉണ്ടായത്. നമുക്കെല്ലാം അറിയാം. ഇവിടെ നേരത്തെ എല്ലാവരും സൂചിപ്പിച്ചതാണ്. ഈ ഗവൺമെന്റ് വന്നശേഷം രണ്ട് ആരോഗ്യ മന്ത്രിമാർ മാറി മൂന്നാമത്തെ ആൾ ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ വന്നിരിക്കുകയാണ്. മാസ്റ്റർ ഇപ്പോൾ ആരോഗ്യരംഗം നന്നാക്കാൻ വേണ്ടി വന്നിരിക്കുകയാണ് എന്നാണ് പറഞ്ഞത്. എല്ലാവരും അദ്ദേഹത്തെ അഭിനന്ദിക്കുന്നുണ്ട്. എനിക്ക് തോന്നുന്നത് ആരോഗ്യരംഗത്ത് നമ്മുടെ മാഷുമാരോ, ടീച്ചർമാരോ ഒന്നുമല്ല വേണ്ടത്. ശ്രീ. എം. കെ. മുനീർ വരുന്നതായിരിക്കും കുറേക്കൂടി നല്ലത്. ആരോഗ്യരംഗം മെച്ചപ്പെടാൻ വകുപ്പ് അങ്ങോട്ടും ഇങ്ങോട്ടും മാറുന്നതുകൊണ്ട് കുഴപ്പമൊന്നുമില്ല. കാരണം ആരോഗ്യ വകുപ്പിന്റെ സ്ഥിതി ഓരോ ദിവസം ചെല്ലുന്തോറും പരിതാപകരമായി മാറിക്കൊണ്ടിരിക്കുകയാണ്. നേരത്തേ ബഹുമാന്യരായ മെമ്പർമാർ ചൂണ്ടിക്കാട്ടിയതുപോലെ നമ്മളെല്ലാം ഒരു കാലത്ത് നിർമ്മാർജ്ജനം ചെയ്തു എന്ന് അവകാശപ്പെടുന്ന രോഗങ്ങളെല്ലാം തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. മലമ്പനിയും അതുപോലെ മഞ്ഞപ്പിത്തവും ടി. ബി. യും ഡങ്കിപ്പനിയും, മന്തുരോഗവും ഒക്കെത്തന്നെ തിരിച്ച് വന്നുകൊണ്ടിരിക്കുകയാണ്. മന്തുരോഗത്തെ സംബന്ധിച്ച് അടുത്ത ദിവസം ഒരു ക്ലാസ് എടുത്തു. അവർ പറയുന്നത് കേരളത്തിൽ അൻപത്തിയേഴു ലക്ഷം ആളുകൾ മന്തുരോഗികൾ ആയിട്ടുണ്ടെന്നാണ്. അതിനെ സംബന്ധിച്ച് സമഗ്രമായ അന്വേഷണവും വിലയിരുത്തലും നടത്തണമെന്ന് ഞാൻ ആദ്യമായി അഭ്യർത്ഥിക്കുകയാണ്. അൻപത്തിയേഴു ലക്ഷമെന്നു പറയുന്നത് ഒരു കള്ളക്കണക്കാണോയെന്നുള്ള സംശയമുണ്ട്. പകർച്ചവ്യാധികൾകൊണ്ട് കേരളം വലിയ അപകടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കണക്കനുസരിച്ചുതന്നെ ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ടായിരത്തിലധികമാളുകൾ പകർച്ചവ്യാധികൊണ്ട് മരണപ്പെട്ടു. പകർച്ചവ്യാധികൾ കേരളമാകെ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. അത് കേരളത്തിലെ ജനങ്ങളെ മാത്രമല്ല മന്ത്രിസഭയേയും ബാധിച്ചുവെന്നുള്ളതാണ് ഏറ്റവും വലിയ സത്യം. ഈ ഗവൺമെന്റ് വന്നശേഷം പകർച്ചവ്യാധി ബാധിച്ച് ഏകദേശം പതിനേഴ് മന്ത്രിമാർ പൊഴിഞ്ഞുപോയിട്ടുണ്ട്. എന്തെല്ലാം പകർച്ചവ്യാധികളാണ് ഓരോരുത്തർക്കും പിടിപെട്ടിട്ടുള്ളതെന്ന് പരിശോധിക്കപ്പെടേണ്ടതാണ്. പതിനേഴോളം ആളുകൾ ഇപ്പോൾ മന്ത്രിമാർ അല്ലാതായി. രണ്ടുമൂന്നു മന്ത്രിമാർ ഇപ്പോൾ പകർച്ചവ്യാധി പിടിപെട്ട് എവിടെയാണ് എന്നതിനെ സംബന്ധിച്ച് സംശയമാണ്. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർക്ക് ഒരു പകർച്ചവ്യാധിയും വരാതിരിക്കട്ടെയെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. പക്ഷെ ഇപ്പോൾ രണ്ടുമൂന്നു മന്ത്രിമാർ എവിടെയാണെന്ന് ഒരു തർക്കമായിട്ട് നിൽക്കുകയാണ്. എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. അനിൽ കുമാറിന് എന്തു രോഗമാണ് പിടിപെട്ടിരിക്കുന്നതെന്ന് പറയാൻ കഴിയില്ല. പേടിപ്പിക്കലും പീഡിപ്പിക്കലും നടന്നുവെന്ന് വാർത്തകൾ കേൾക്കുന്നുണ്ട്. എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

അതുസംബന്ധിച്ച് ബഹുമാനപ്പെട്ട ചെയറിനോട് അഭ്യർത്ഥിക്കാനുള്ളത് ശ്രീ. അനിൽകുമാറിനെ പേടിപ്പിച്ചതാണോ പീഡിപ്പിച്ചതാണോയെന്നുള്ളതിനെ സംബന്ധിച്ച് അന്വേഷിക്കേണ്ടതാണ്. പട്ടികജാതിക്കാരനായ എന്റെ സുഹൃത്ത് മന്ത്രിയാണ്, മന്ത്രിയാണെങ്കിൽപോലും പട്ടികജാതിക്കാരനായാൽ പേടിപ്പിക്കുകയോ, പീഡിപ്പിക്കുകയോ ചെയ്തുകഴിഞ്ഞാൽ നിലവിൽ ഒരു നിയമമുണ്ട്. Prevention of Atrocities Act, ആ നിയമമനുസരിച്ച് ആ പീഡിപ്പിച്ച ആളുകൾക്കെതിരെ കേസ് എടുക്കേണ്ടതാണ്. ചെയർ അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ നാട്ടിലെ പ്രതിരോധ പ്രവർത്തനങ്ങളാകെ തന്നെ സ്തംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. കോട്ടയം മെഡിക്കൽ കോളേജിലെ രണ്ട് ഡോക്ടർമാർ മഞ്ഞപ്പിത്തം ബാധിച്ച് മരിച്ചുപോയി. ഇവിടെ കുറുന്തോട്ടിക്കാണ് വാതം. പിന്നെ രക്ഷയില്ല. പകർച്ചവ്യാധി തടയുന്നതിന് ക്രിയാത്മകമായ നടപടി സ്വീകരിക്കാത്തതിന്റെ ഭാഗമായി പകർച്ചവ്യാധി പടർന്നുപിടിക്കുകയും ആയിരക്കണക്കിനാളുകൾ മരിച്ചുവീഴുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഇപ്പോൾ കേരളത്തിലുള്ളത്. പ്രാഥമിക ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവയുടെയൊക്കെ അവസ്ഥ പരിശോധിക്കപ്പെടേണ്ടതാണ്. ഏറ്റവും പാവപ്പെട്ട ആളുകൾ സമീപിക്കുന്നത് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെയാണ്. നമുക്കറിയാം പ്രൈമറി ഹെൽത്ത് സെന്ററുണ്ട്. ആയുർവ്വേദ പ്രൈമറി ഹെൽത്ത് സെന്ററുണ്ട്, ഹോമിയോ ഉണ്ട്, യുനാനിയുണ്ട് എല്ലാമുണ്ട്. പക്ഷേ അവിടെ വേണ്ടത്ര സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാനോ വേണ്ട ചികിത്സ നൽകാനോ ആവശ്യമായ മരുന്ന് നൽകാനോ ഡോക്ടർമാരെ നൽകാനോ ഒന്നും തന്നെ കഴിയാത്ത സ്ഥിതിയാണുള്ളത്.

ശ്രീ. എ. കെ. ബാലൻ: ആരോഗ്യരംഗവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വളരെ പ്രസക്തമായ ചില കാര്യങ്ങളാണ്.ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിക്കുന്നത്. രോഗി-ഡോക്ടർ ബന്ധം ഇത്രത്തോളം വഷളായ ഒരു കാലഘട്ടമുണ്ടായിട്ടില്ല. ഡോക്ടറുടെ ശത്രു രോഗിയാണ്, രോഗിയുടെ ശത്രു ഡോക്ടറാണ്. എന്തുകൊണ്ടാണ് ഈ പ്രതിഭാസം രൂപപ്പെട്ടത് എന്നുള്ളതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ പരിശോധിച്ചിട്ടുണ്ടോ? ഒരു ചെറിയ രോഗം വന്നാൽ പോലും ഡോക്ടർമാർ റെഫറിയാണ്. ഒരു അസുഖം വന്ന് രോഗിക്ക് എന്തെങ്കിലും പറ്റിയാൽ ഡോക്ടർ ശിക്ഷ വാങ്ങാൻ നിർബന്ധിക്കപ്പെടുകയാണ്. ഒരു ഗുഡ് ഫെയ്ത്തിന്റെ ആനുകൂല്യം ഡോക്ടർമാർക്കുണ്ടായിരുന്നു. കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട് വന്നതോടുകൂടി ഡോക്ടർമാർ ശിക്ഷിക്കപ്പെടും എന്ന ഭയത്താൽ ഒരു ചെറിയ രോഗം വന്നാൽ പോലും നോക്കാനുള്ള റിസ്ക് എടുക്കാതെ ഡോക്ടർമാർ റെഫറിയാവുകയാണ്. ഈ രണ്ട് കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: അദ്ദേഹം പറഞ്ഞത് വളരെ പ്രസക്തമായിട്ടുള്ള കാര്യമാണ്. നമ്മുടെ ഡോക്ടർമാർക്ക് സോഷ്യൽ കമ്മിറ്റ്മെന്റ് കുറഞ്ഞുവരുന്നു എന്നുള്ളത് യാഥാർത്ഥ്യം തന്നെയാണ്. ആഗോളവൽക്കരണത്തിന്റെയും പുത്തൻ സാമ്പത്തികനയത്തിന്റെയും ഫലമായി ഇഷ്ടംപോലെ സ്വകാര്യ മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകൾ വരുന്നതോടുകൂടി സ്ഥിതി കൂടുതൽ വഷളാകുന്നു. സമ്പത്തുള്ളവന്റെ മക്കളാണ് അവിടെ പഠിച്ച് ഡോക്ടർമാരായി പുറത്തുവരുന്നത്. അവർ പണം മുടക്കിയാണ് ഡോക്ടർമാരാകുന്നത്. എം. എൽ. എ. മാർ ചെന്നാൽ പോലും നോക്കാനുള്ള സൻമനസ്സ് കാണിക്കാത്ത ഡോക്ടർമാർ പോലുമുണ്ട്. സ്വകാര്യസ്ഥാപനങ്ങളിൽ നിന്ന് പഠിച്ചിറങ്ങുന്ന ആളുകൾകൂടി വന്നുകഴിഞ്ഞാൽ യാതൊരു വിധത്തിലുള്ള സോഷ്യൽ കമ്മിറ്റ്മെന്റും ഉണ്ടാകാൻ പോകുന്നില്ല. അപ്പോൾ നമ്മുടെ പാവപ്പെട്ട ആളുകളെ സംരക്ഷിക്കാനുള്ള ബാദ്ധ്യതയിൽ നിന്ന് ഒഴിഞ്ഞുപോകാനുള്ള സാദ്ധ്യത ബഹുമാനപ്പെട്ട ബാലൻ പറഞ്ഞതുപോലെ ഉണ്ടാകുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. പ്രാഥമിക ആശുപത്രികളെ ശക്തിപ്പെടുത്താൻ ക്രിയാത്മകമായി നമുക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്നത് പരിശോധിക്കേണ്ടതാണ്. ഇപ്പോൾ ഇവിടെ റെഫറിയുടെ കാര്യം പറഞ്ഞു. ഒരു ചെറിയ രോഗം വന്നാൽ പോലും വലിയ ആശുപത്രികളിലേക്ക് റെഫർ ചെയ്യുകയാണ്. അതിനുകാരണം നമ്മുടെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യം ഇല്ലാത്തതാണ്. ഭൗതികസാഹചര്യങ്ങളും ഫലപ്രദമായി പ്രവർത്തിക്കുന്ന മറ്റ് സംവിധാനങ്ങളുമില്ല. ഡോക്ടർമാരില്ല. മരുന്ന് ലഭ്യമാകുന്നില്ല. ഭൗതിക സാഹചര്യങ്ങളുടെ കുറവ്, ഡോക്ടർമാരുടെ കുറവ്, മരുന്നിന്റെ കുറവ്, സ്റ്റാഫിന്റെ കുറവ് ഇതെല്ലാം കൊണ്ട് പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം അവതാളത്തിലായിക്കൊണ്ടിരിക്കുകയാണ്. അതുതന്നെയാണ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും സംഭവിക്കുന്നത്. മെഡിക്കൽ കോളേജ് തൊട്ട് താഴെയുള്ള എല്ലാ ആശുപത്രികളും പരിശോധിച്ചാൽ ഞാൻ നേരത്തെ പറഞ്ഞ ഈ കുറവുകൾ നിലനിൽക്കുകയാണെന്ന് കാണാം. അവിടെ ആവശ്യത്തിനുള്ള സൗകര്യങ്ങളുണ്ടാക്കി കൊടുക്കാൻ നമുക്ക് കഴിയുന്നില്ല. അത് ബോധപൂർവ്വം ഉണ്ടാക്കിക്കൊടുക്കാനുള്ള ശ്രമവും നടക്കുന്നില്ല എന്നുള്ളതാണ് നമുക്ക് കാണാൻ കഴിയുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള 4 വർഷത്തെ കണക്ക് പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയുന്ന ഒരു കാര്യമുണ്ട്, ഓരോ വർഷവും ആരോഗ്യപരിപാലന രംഗത്ത് ചെലവഴിക്കുന്ന സംഖ്യ കുറഞ്ഞുകുറഞ്ഞ് വരികയാണ്. കേരളത്തിന്റെ മൊത്തം വരുമാനത്തിന്റെ ഒരു ശതമാനം മാത്രമാണ് ആരോഗ്യപരിപാലനത്തിന് ചെലവഴിക്കുന്നതെന്ന് ഇക്കണോമിക് റിവ്യൂവിൽ പറയുന്നുണ്ട്. ഓരോ വർഷം കഴിയുംതോറും ആരോഗ്യപരിപാലനത്തിനുള്ള സംഖ്യ കുറയുകയും ഗവൺമെന്റ് പടിപടിയായി ആരോഗ്യപരിപാലന രംഗത്തുനിന്ന് പിൻമാറുകയും ചെയ്യുകയാണ്. പൊതുവായുള്ള സാമ്പത്തികനയത്തിന്റെ ഫലമായി സോഷ്യൽ സെക്ടറിൽ നിന്ന് ഗവൺമെന്റ് പിൻമാറുക എന്ന നയമാണ് നടപ്പിലാക്കുന്നത്. ആരോഗ്യരംഗത്ത് നിന്ന്, വിദ്യാഭ്യാസ രംഗത്തുനിന്ന്, മറ്റ് സാമൂഹ്യക്ഷേമ മേഖലകളിൽ നിന്ന്, പൊതുവിതരണ സമ്പ്രദായത്തിൽ നിന്നെല്ലാം തന്നെ ഈ ഗവൺമെന്റ് പിൻമാറുകയാണ്. ലാഭകരമല്ലാത്ത ഒരു കാര്യവും ചെയ്യേണ്ടതില്ല എന്നുള്ള എ. ഡി. ബി. യുടെയും വേൾഡ് ബാങ്കിന്റെയും നിർദ്ദേശത്തിന് വഴങ്ങികൊണ്ടുള്ള നയം നടപ്പിലാക്കുന്നതിന്റെ ഫലമായി സാമൂഹ്യ മേഖലയിൽ നിന്നെല്ലാം പുറകോട്ട് പോവുകയാണ്. അത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് കേരളത്തെയാണ്. കേരളം ആരോഗ്യരംഗത്ത്

LIBRARY ARCHIVES Kerala Legislative Assembly

നേടിയെടുത്ത നേട്ടങ്ങൾ നിലനിർത്താനുള്ള ശ്രമങ്ങളാണ് നടത്തേണ്ടത്. അതിനു വേണ്ടിയുള്ള യാതൊരു നടപടിയും സ്വീകരിക്കുന്നില്ല എന്നുമാത്രമല്ല ഇവിടെ സ്വകാര്യ ആശുപത്രികളെ സംരക്ഷിക്കുന്ന നയമാണ് സ്വീകരിക്കുന്നത്. കേരളത്തിൽ സ്വകാര്യ ആശുപത്രികൾ സ്റ്റാർ ഫെസിലിറ്റിയോടുകൂടി തഴച്ചുവളരുകയാണ്. എല്ലാവിധത്തിലുള്ള ആധുനിക സജ്ജീകരണങ്ങളോടുംകൂടിയാണ് സ്വകാര്യ ആശുപത്രികൾ തഴച്ചുവളരുന്നത്. അവിടെ രോഗികളെ എങ്ങനെ വേണം പിഴിയാൻ എന്ന പരീക്ഷണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. രോഗികളെ പരീക്ഷണത്തിന് വേണ്ടി എറിഞ്ഞുകൊടുക്കുന്ന ഒരു സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. സ്വകാര്യ ആശുപത്രികൾക്ക് അല്ലെങ്കിൽ സ്വകാര്യ പണക്കാർക്ക് പാവപ്പെട്ട ആളുകളെ കൊള്ളയടിക്കാൻ എറിഞ്ഞുകൊടുക്കുന്ന ഒരു സമീപനമാണ് സ്വീകരിക്കുന്നത്. സ്വകാര്യ ആശുപത്രികളിലെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നത് സംബന്ധിച്ച്, അവരെ നിയന്ത്രിക്കുന്നത് സംബന്ധിച്ചെല്ലാമൊക്കെ ഈ സഭയിൽ ഒന്ന്, രണ്ട് പ്രാവശ്യം ചർച്ച ചെയ്തതാണ്. ആ സന്ദർഭത്തിലെ മന്ത്രി ബഹുമാനപ്പെട്ട പി. ശങ്കരനായിരുന്നു. അദ്ദേഹം പറഞ്ഞു, സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കാനുള്ള നിയമം കൊണ്ടുവരുമെന്ന്. അദ്ദേഹം പോയ പോക്ക് നമ്മൾ കണ്ടതാണ്. സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കാൻ വന്നയാൾ സ്വകാര്യ ആശുപത്രിക്കാരുടെ കൂടെ പോകുന്ന കാഴ്ചയാണ് നാം കണ്ടത്. ഞാനത് വിശദീകരിക്കുന്നില്ല. അതുപോലെതന്നെ സ്വകാര്യ ആശുപത്രികളെക്കുറിച്ചുള്ള ഏറ്റവും വലിയ ഒരു ആരോപണമായി ഉയർന്നുവന്നത് കിഡ്നി മാറ്റിവയ്ക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യമാണ്. അതുസംബന്ധിച്ചുള്ള വലിയൊരു അധോലോകസംഘം തന്നെ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്നുള്ളത് നമ്മളെല്ലാം ചർച്ച ചെയ്തതാണ്. ഈ കിഡ്നി മാഫിയ സംഘത്തെ സംബന്ധിച്ചും അവരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചുമൊക്കെ തന്നെ നമ്മൾ ഇവിടെ ചർച്ച ചെയ്തതാണ്. ആ ചർച്ച ചെയ്ത സമയത്തെ ആരോഗ്യമന്ത്രി ശ്രീ. പി. ശങ്കരനായിരുന്നു. അദ്ദേഹം മാറിയതിന് ശേഷം ശ്രീ. കടവൂർ ശിവദാസൻ വന്നു. ആ സമയത്ത്, കഴിഞ്ഞ അസംബ്ലിയിൽ ഡിമാന്റ് ഡിസ്ക്കഷൻ സമയത്ത് ബഹുമാനപ്പെട്ട ടി. കെ. ദേവകുമാർ. എം. എൽ. എ. ഇക്കാര്യം ഉയർത്തിക്കൊണ്ടുവന്നു. കോഴിക്കോട് കേന്ദ്രീകരിച്ച് കിഡ്നി തട്ടിപ്പ് നടത്തുന്ന ഒരു റാക്കറ്റ് പ്രവർത്തിക്കുന്നുണ്ടെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. അത് അന്വേഷിച്ച് അവരുടെ പേരിൽ നടപടിയെടുക്കാൻ വേണ്ടി കേസ് ചാർജ് ചെയ്യുകയുണ്ടായി. കിഡ്നി തട്ടിപ്പ് നടത്തുന്ന റാക്കറ്റ് കോഴിക്കോട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ട് അത് അന്വേഷിച്ച് അവർക്കെതിരെ കേസ് ചാർജ് ചെയ്യുകയുണ്ടായി. ആ കേസ് ചാർജ് ചെയ്തതിന് എതിരായി കിഡ്നി തട്ടിപ്പിന്റെ റാക്കറ്റ് കോടതിയിൽ പോയി സ്റ്റേ വാങ്ങി. ആ സ്റ്റേ വെക്കേറ്റ് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ഒരു വർഷം മുൻപ് ഈ സഭയിൽ ശ്രീ. ടി. കെ. ദേവകുമാർ ആവശ്യപ്പെട്ടപ്പോൾ അത് അടിയന്തിരമായി അന്വേഷിച്ച് നടപടി സ്വീകരിക്കാമെന്ന് മന്ത്രി ശ്രീ. കടവൂർ ശിവദാസൻ പറഞ്ഞതാണ്. പക്ഷേ ഒന്നര വർഷം കഴിഞ്ഞിട്ടും ആ സ്റ്റേ വെക്കേറ്റ് ചെയ്യാൻ വേണ്ടി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ശ്രീ. കടവൂർ ശിവദാസനെക്കുറിച്ചൊക്കെ വലിയ വർത്തമാനങ്ങളാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പറയുന്നത്. എനിക്ക് ബഹുമാനപ്പെട്ട കെ. കെ. രാമചന്ദ്രൻ മാസ്റ്ററോട് ചോദിക്കാനുള്ളത്, അങ്ങ് ഈ സ്റ്റേ വെക്കേറ്റ് ചെയ്യാനുള്ള നടപടി സ്വീകരിച്ചുകൊണ്ട് കുറ്റവാളികളായിട്ടുള്ള കിഡ്നി റാക്കറ്റിലെ പ്രതികളെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരാൻ തയ്യാറാകുമോ? കൊണ്ടുവരാൻ തയ്യാറാകില്ല എന്നുതന്നെയാണ് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മനസ്സിലാകുന്നത്. നിങ്ങൾക്ക് ചില ആളുകളെയൊക്കെ അതിൽ സംരക്ഷിക്കാനുണ്ട്. ചില പ്രമുഖരെ സംരക്ഷിക്കാൻ വേണ്ടിയാണ് ഇതുസംബന്ധിച്ച സ്റ്റേ വെക്കേറ്റ് ചെയ്യാനോ അവരുടെ പേരിൽ നടപടിയെടുക്കാനോ തയ്യാറാകാത്തത്. അതുപോലെതന്നെ സ്വകാര്യ മാനേജ്മെന്റിന് കീഴടങ്ങിക്കൊണ്ടുള്ള സമീപനവും സ്വീകരിക്കുകയാണ്. ഞാൻ അതുസംബന്ധിച്ച് കൂടുതൽ വിശദീകരിക്കാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നില്ല. ആരോഗ്യ രംഗത്ത് നടക്കാൻ പാടില്ലാത്ത ഒരുപാട് അനാരോഗ്യകരമായ കാര്യങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. അത് സംബന്ധിച്ച് അന്വേഷിക്കാനോ വേണ്ട രീതിയിലുള്ള നടപടി സ്വീകരിക്കാനോ ഗവൺമെന്റ് തയ്യാറാകാത്ത സ്ഥിതിയാണുള്ളത്. സർക്കാർ ആശുപത്രികളുടെ ഇന്നത്തെ അവസ്ഥ എന്താണ്? ഞാൻ നേരത്തെ പറഞ്ഞു; സർക്കാർ ആശുപത്രികളിൽ മരുന്നില്ല അതുപോലെതന്നെ പ്രതിരോധ കുത്തിവയ്പ് നടക്കുന്നില്ല. ജീവൻരക്ഷാമരുന്നിന്റെ ലഭ്യതയും കുറഞ്ഞുവരികയാണ്. പേപ്പട്ടിയുടെ ശല്യം വർദ്ധിച്ചുവരുന്നു. ഇന്നത്തെ പത്രത്തിലുമുണ്ട്. ഉഷ്ണം കൂടുംതോറും പേപ്പട്ടിയുടെ ശല്യം കൂടുമെന്നാണ് പറയുന്നത്. എവിടെയൊക്കെയാണ് ശല്യം കൂടുന്നത് എന്നുള്ളത് പരിശോധിക്കപ്പെടേണ്ടതാണ്. പേപ്പട്ടി കടിച്ചാൽ നൽകേണ്ട ആന്റിറാബിസ് വാക്സിൻ കിട്ടാതിരിക്കുന്ന സ്ഥിതിയാണുള്ളത്. മലബാറിലുള്ളവർ അതുസംബന്ധിച്ച് വലിയ ആശങ്കയിലാണ്. അതിന് ആവശ്യമുള്ള മരുന്ന് കൊടുക്കാൻ കഴിയുന്നില്ലെന്നുള്ള സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. അതുപോലെ ചില പ്രാഥമിക കേന്ദ്രങ്ങളുടെ ചുമതല ത്രിതല സംവിധാനങ്ങളെ ഏൽപ്പിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾ അവിടെയുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയെടുത്തിട്ടുണ്ട്. പക്ഷേ മെച്ചപ്പെട്ട സൗകര്യങ്ങളുണ്ടെങ്കിലും അതിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാൻ തടസ്സമായി നിൽക്കുന്നത് അവർക്കാവശ്യമായിട്ടുള്ള പണം ലഭിക്കുന്നില്ലെന്നുള്ളതാണ്. ഫണ്ട് ലഭിക്കാത്തതുകൊണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിയാണ്. സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം വ്യാപകമായതോടുകൂടി സർക്കാർ മെഡിക്കൽ കോളേജുകൾ അവഗണനയുടെ അവസ്ഥയിലായി. അവിടെ യാതൊരു രീതിയിലുള്ള സൗകര്യങ്ങളും മെച്ചപ്പെടുത്തിക്കൊടുക്കാൻ കഴിയുന്നില്ല. തൃശ്ശൂർ ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം, തൃശ്ശൂർ മെഡിക്കൽ കോളേജ് മുളങ്കുന്നത്തുകാവിലേക്ക് മാറ്റുക എന്നുള്ളതാണ്. മുളങ്കുന്നത്തുകാവിലേക്ക് മാറ്റണമെന്നുണ്ടെങ്കിൽ അവിടെ വേണ്ട രീതിയിലുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കണം. അങ്ങ് അടക്കമുള്ള ആളുകൾ പങ്കെടുത്തുകൊണ്ട് നിരവധി യോഗങ്ങൾ നടന്നു. നിരവധി മന്ത്രിമാർ വന്നു. അവസാനം നമ്മുടെ മുഖ്യമന്ത്രിയും വന്നു. ഈ വർഷം ആദ്യം തന്നെ മുളങ്കുന്നത്തുകാവിൽ മെഡിക്കൽ കോളേജ് പ്രവർത്തിക്കുമെന്ന് പറഞ്ഞു. യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. എനിക്ക് ഈ

LIBRARY ARCHIVES Kerala Legislative Assembly

സന്ദർഭത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, തൃശ്ശൂർ മെഡിക്കൽ കോളേജ് മുളങ്കുന്നത്തുകാവിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ്. അതുപോലെതന്നെ നമ്മുടെ ആശുപത്രികളിൽ കോടിക്കണക്കിന് രൂപയുടെ ഉപകരണങ്ങളാണ് യാതൊരു ഉപയോഗവുമില്ലാതെ കെട്ടിക്കിടക്കുന്നത്. ചെറിയൊരു റിപ്പയർ ചെയ്താൽ അത് ഉപയോഗിക്കാൻ കഴിയും. പക്ഷേ ആരോഗ്യവകുപ്പ് അതിന് സന്നദ്ധമാകുന്നില്ല. അത് റിപ്പയർ ചെയ്ത് ഉപയോഗിക്കുകയാണെങ്കിൽ നമ്മുടെ പാവപ്പെട്ട രോഗികൾക്ക് വളരെയധികം പ്രയോജനം ലഭിക്കുന്നതാണ്. അതിന് സന്നദ്ധമാകാതിരിക്കുന്നതിനുള്ള പ്രധാന കാരണം സ്വകാര്യ സ്ഥാപനങ്ങളുമായി ചില അവിഹിതബന്ധമുണ്ട് എന്നുള്ളത് തന്നെയാണ്. സ്വകാര്യ സ്ഥാപനങ്ങളിലേക്ക് ആളുകളെ പറഞ്ഞ് വിടാനുള്ള ശ്രമം ഒരുക്കുന്നതിന് വേണ്ടിയാണ് സർക്കാർ ആശുപത്രികളിൽ കിടക്കുന്ന ഉപകരണങ്ങൾ ഉപയോഗിക്കാതിരിക്കുന്നത് എന്നുള്ളത് കാണാൻ കഴിയും. അതുപോലെതന്നെ മാനസികാരോഗ്യകേന്ദ്രങ്ങളുടെ സ്ഥിതിയെ സംബന്ധിച്ചും വലിയ ആശങ്ക ഉയർന്നുവരികയാണ്. ഇവിടെ നേരത്തെ ചർച്ച ചെയ്തപ്പോൾ പറഞ്ഞ കാര്യമാണ്. കേരളത്തിൽ മാനസിക സംഘർഷം ഓരോ ദിവസം ചെല്ലുംതോറും വർദ്ധിച്ചുവരികയാണ്. കൊച്ചുകുട്ടികളിൽപ്പോലും മാനസിക സംഘർഷം വർദ്ധിച്ചുവരികയും അവർ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുകയുമാണ്. മന്ത്രി സ്ഥാനം നഷ്ടപ്പെടുന്നവരുടെ മാനസിക സംഘർഷം കൂടി കൂട്ടുമ്പോൾ നമ്മുടെ കേരളം വലിയൊരു ആപത്തിലേക്കാണ് പോകുന്നത്. മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണമെന്നുള്ള നിയമസഭാ കമ്മിറ്റിയുടെ ശുപാർശയുമുണ്ട്. ആ ശുപാർശകളെല്ലാം വെളിച്ചം കാണാതെ കിടക്കുകയാണ്. ആ ശുപാർശകൾ അംഗീകരിച്ച് മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി അവരെ സംരക്ഷിക്കാൻ മുന്നോട്ട് വരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ എയ്ഡ്സ് രോഗികൾ കേരളത്തിൽ ആശങ്കാജനകമായി വർദ്ധിച്ചുവരികയാണ്. എയ്ഡ്സ് രോഗികളുടെ എണ്ണം ഓരോ നാൾ ചെല്ലുംതോറും വർദ്ധിച്ചുവരുന്നു. അതിനെതിരായിട്ടുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. അല്ലെങ്കിൽ കേരളം വലിയൊരു സാമൂഹ്യ പ്രശ്നത്തിലേക്ക് പോകുമെന്നുള്ളത് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനമായി പറയുന്നത് ഭരണനവീകരണത്തെക്കുറിച്ചാണ്. നവീകരിച്ച് നവീകരിച്ച് കേരളം എവിടേയ്ക്കാണ് പോകുന്നത്? പണ്ട് നമ്മുടെ നാട്ടിലൊക്കെ കുളിപ്പിച്ച് കുളിപ്പിച്ച് കുട്ടി ഇല്ലാതായി എന്നുപറയുന്നതുപോലെ നവീകരിച്ച് നവീകരിച്ച് കേരളത്തെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ആരോഗ്യമേഖലയിൽ കേരളം നേടിയെടുത്ത എല്ലാ നേട്ടങ്ങളും ഇല്ലാതായിക്കൊണ്ടിരിക്കുന്നു എന്നുള്ള യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് അതിന് പരിഹാരമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് അതുസംബന്ധിച്ച് അഭ്യർത്ഥിക്കാനുള്ളത്. പി. ഡബ്ല്യു. ഡി. യെ സംബന്ധിച്ച് രണ്ട് കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയെ പുകഴ്ത്തി സംസാരിക്കുന്നത് കേട്ടു. നമുക്കറിയാം കഴിഞ്ഞ ഇടതുപക്ഷമുന്നണി ഗവൺമെന്റ് നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

കേരളം വളരുവാനോ വികസിക്കാനോ കഴിയണമെന്നുണ്ടെങ്കിൽ പ്രാഥമികമായി ഉണ്ടായിരിക്കേണ്ടത് റോഡുകളുടെ വികസനമാണെന്ന് മനസ്സിലാക്കിക്കൊണ്ടുതന്നെ വിവിധ ധനകാര്യ ഏജൻസികളുമായി ചർച്ച ചെയ്ത് കൂടുതൽ സമ്പത്ത് ആ മേഖലയിലേക്ക് തിരിച്ചുവിടാൻ ശ്രമം നടത്തുകയുണ്ടായി. ആ ശ്രമങ്ങൾ ബഹുമാനപ്പെട്ട മന്ത്രി വന്നപ്പോൾ നിരുത്സാഹപ്പെടുത്തുകയല്ല, നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോയി എന്നുള്ള യാഥാർത്ഥ്യം ഞാൻ അംഗീകരിക്കുകയാണ്. അതോടൊപ്പം ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്, കോടികളുടെ വർക്കുകൾ നടന്നുവരുന്നുണ്ട്. അതുസംബന്ധിച്ചൊക്കെ ചില ആക്ഷേപങ്ങൾ ഉയർന്നുവരുന്നുണ്ട്. പ്രത്യേകിച്ച് വേൾഡ് ബാങ്കിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിലും, ടെന്റർ വിളിക്കുന്നതിലുമൊക്കെ തന്നെ ചില ആക്ഷേപങ്ങൾ ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. ലോവസ്റ്റ് ക്വട്ടേഷൻ തന്ന ആളുകൾക്ക് കൊടുക്കാതെ മറ്റ് രീതിയിലുള്ള ക്രമക്കേടുകൾ നടന്നുവരുന്നതായി ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. ആ ആക്ഷേപങ്ങളെ സംബന്ധിച്ച് സമഗ്രമായിട്ടുള്ള അന്വേഷണം നടത്തണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം തന്നെ ഒറ്റപ്പാലം മായന്നൂർ പാലത്തിന്റെ നിർമ്മാണം അങ്ങേയ്ക്ക് കൂടി അറിയാവുന്നതാണ്. നൂറ്റാണ്ടുകളായിട്ടുള്ള ഒരു ആവശ്യമാണ്. പണ്ട് കോൺഗ്രസ് രൂപീകരിച്ച സമയത്ത്, ഒറ്റപ്പാലം സമ്മേളനം നടന്നപ്പോൾ അതിലൊരു പ്രമേയമായിരുന്നു ഒറ്റപ്പാലം മായന്നൂർ പാലം വേണമെന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒറ്റപ്പാലം മായന്നൂർ പാലം നടപ്പിലാക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും പകുതി പണി പൂർത്തീകരിക്കുകയും ചെയ്തു. പിന്നീട് അതിന്റെ പണി മുടങ്ങിക്കിടക്കുന്ന സ്ഥിതിയിലാണ്. ഇക്കാര്യം നിരവധി പ്രാവശ്യം മുഖ്യമന്ത്രിയുമായി ചർച്ച ചെയ്തതാണ്. അതിന്റെ പണി ഇപ്പോഴും അവിടെ അങ്ങനെ തന്നെ കിടക്കുകയാണ്. നബാർഡുമായി സഹകരിച്ച് ഒറ്റപ്പാലം മായന്നൂർ പാലത്തിന്റെ പണി എത്രയും പെട്ടെന്ന് പൂർത്തീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ വടക്കാഞ്ചേരി മേൽപ്പാലം. അങ്ങേയ്ക്ക് അറിയാവുന്നതാണ്. അടുത്തദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് 20 മിനിട്ടിലധികം റെയിൽവേ ഗേറ്റിൽ കിടക്കേണ്ട സ്ഥിതിയുണ്ടായി. അതുകൊണ്ട് വടക്കാഞ്ചേരി മേൽപ്പാലം സമയബന്ധിതമായി പൂർത്തിയാക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ, പ്രത്യേകിച്ച് വടക്കൻ കേരളത്തിൽ കാൻസർ രോഗികൾ പെരുകിവരികയാണ്. ആർ.സി.സി. യിലേയ്ക്കാണ് മുഴുവൻ ആളുകളും വരുന്നത്. അതിന് ചെറിയൊരു പരിഹാരം കാണണമെന്നുണ്ടെങ്കിൽ തൃശ്ശൂർ കേന്ദ്രീകരിച്ച് ഒരു ആർ.സി.സി. സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞാൻ പറഞ്ഞുവരുന്നത്, കേരളത്തിന്റെ വിവിധ മേഖലകളിൽ വലിയ പുറകോട്ടടിയാണ് ഈ പിന്നിട്ട 4 വർഷംകൊണ്ട് നമ്മുടെ ഗവൺമെന്റ് വരുത്തിവച്ചിരിക്കുന്നത്. ആരോഗ്യരംഗത്ത് വലിയ തിരിച്ചടിയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേകതയുണ്ട്. സമ്പത്തുള്ളവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുക എന്നുള്ള നയമാണ് സ്വീകരിക്കുന്നത്. പണമുള്ളവർ പഠിച്ചാൽ മതി എന്ന് നിങ്ങൾ ആദ്യം

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. പണമില്ലാത്തവന്റെ മക്കൾ പഠിക്കേണ്ടതില്ലെന്ന സമീപനമാണ് നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്. അതേ സമീപനം തന്നെയാണ് പണമില്ലാത്തവർ ചികിത്സിക്കേണ്ടതില്ല, പണമില്ലാത്തവർ റോഡിൽ കൂടി സഞ്ചരിക്കേണ്ടതില്ല, പണമുള്ളവർ ജീവിച്ചാൽ മതി എന്ന് തീരുമാനിച്ച ഒരു ഗവൺമെന്റാണ് നിങ്ങൾ. പണമുള്ളവരുടെയും സമ്പന്നരുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി മാത്രമാണ് നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് ഈ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന ധനാഭ്യർത്ഥനകളെ എതിർക്കേണ്ടി വരുന്നത്. നമ്മുടെ നാട്ടിലെ പാവപ്പെട്ടവന്റെയും പണിയെടുക്കുന്നവന്റെയും അവശത അനുഭവിക്കുന്നവന്റെയും താൽപ്പര്യങ്ങൾ സംരക്ഷിക്കാത്ത ഈ ഗവൺമെന്റ് കൊണ്ടുവന്ന ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

[അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ:]

മരാമത്ത് വകുപ്പുമന്ത്രി *(ശ്രീ. എം.കെ. മുനീർ):* സർ, അടിസ്ഥാന സൗകര്യ വികസന രംഗത്തെ പട്ടുമെത്തയിൽ എത്തിച്ചു എന്നൊന്നും ഞങ്ങൾ അവകാശപ്പെടുന്നില്ല. എന്നാലും മൺതറയിൽ നിന്നെടുത്ത് ഒരു ചൂടിക്കട്ടിലിലേക്കെങ്കിലും മാറ്റികിടത്താൻ ഞങ്ങൾക്ക് സാധിച്ചുവെന്ന ഒരു ആശ്വാസത്തിലാണ് ഈ ധനാഭ്യർത്ഥനകൾ ഇവിടെ സമർപ്പിച്ചിട്ടുള്ളത്. എന്റെ പ്രിയ സുഹൃത്ത് ശ്രീ. കെ. പി. സതീശ്ചന്ദ്രന് തീർച്ചയായും പ്രതിപക്ഷാംഗം എന്നുള്ള നിലയ്ക്ക് അങ്ങനെ പറഞ്ഞില്ലെങ്കിൽ രാഷ്ട്രീയമായി അദ്ദേഹത്തിന് പുറത്തുണ്ടാകാൻ സാദ്ധ്യതയുള്ള പ്രതിഫലനങ്ങളെക്കുറിച്ച് ഞാൻ മനസ്സിലാക്കുന്നു. പക്ഷേ അദ്ദേഹം എന്നെ മനസുകൊണ്ട് ഒരിക്കലും ശപിക്കില്ലെന്ന് എനിക്ക് നൂറുശതമാനം ഉറപ്പുണ്ട്. അദ്ദേഹത്തിന്റെ ഹൃദയത്തിൽ കൈവച്ച് വിവേചനപൂർവ്വം ഏതെങ്കിലും നിയോജകമണ്ഡലത്തെ പൊതുമരാമത്ത് വകുപ്പ് വേറിട്ട് നിർത്തി എന്ന് പറയാൻ സാധിക്കില്ല. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ 5 പാലങ്ങളുടെ പണി വരുന്ന നാളുകളിൽ ആരംഭിക്കാൻ പോവുകയാണ്. അതിൽ 3 പാലങ്ങളുടെ പ്രവൃത്തികൾക്ക് അനുമതിയായി വരുന്നു. എല്ലാവരുടെ കാര്യങ്ങളും പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹം പറഞ്ഞ കാര്യങ്ങളിൽ കഴിഞ്ഞ കാലവുമായി താരതമ്യം ചെയ്തു. ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു, ഇതൊന്നും പറയണമെന്ന് ആഗ്രഹിച്ചതല്ല. 1999-2000-ൽ പ്ലാനിൽ ചെലവഴിച്ചത് 101 കോടി രൂപയും നോൺ പ്ലാനിൽ ചെലവഴിച്ചത് 191 കോടി രൂപയും ആയിരുന്നു. എന്നാൽ 2004-05-ൽ പ്ലാനിലൂടെ നടന്നുവരുന്ന പ്രവൃത്തികൾ 288 കോടി രൂപയുടേതും നോൺ പ്ലാനിലൂടെ നടന്നുവരുന്ന പ്രവൃത്തികൾ 221 കോടി രൂപയുടേതുമാണ്. മൊത്തം ഈ ഗവൺമെന്റ് വന്നതിനുശേഷം പ്ലാനിലൂടെ 722 കോടി രൂപയുടേയും നോൺ പ്ലാനിലൂടെ 933 കോടി രൂപയും അങ്ങനെ 1655 കോടി രൂപയുടെ പ്രവൃത്തികൾ ഈ കാലഘട്ടത്തിൽ നടത്താൻ സാധിച്ചിട്ടുണ്ട്. അത് കഴിഞ്ഞ കാലത്തെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ വലുതാണ്. ഞാൻ അഭിമാനത്തോടുകൂടി പറയാൻ ആഗ്രഹിക്കുന്നു. അതേസമയം പെൻഡിംഗ് ബിൽ വർദ്ധിക്കാതിരിക്കാനുള്ള ശ്രമവും നടത്തിയിട്ടുണ്ട്. പെൻഡിംഗ് ബിൽ കഴിഞ്ഞ ഗവൺമെന്റ് ഇറങ്ങിപോകുമ്പോൾ 737 കോടി രൂപയായിരുന്നു, ഇപ്പോൾ അത് 566 കോടി രൂപയിൽ നിയന്ത്രിച്ചുനിർത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനിടയിൽ 1078.44 കോടി രൂപ കരാറുകാർക്ക് കൊടുത്തിട്ടുമുണ്ട്. ഇതിന് ധനകാര്യവകുപ്പുമന്ത്രിയേയും അദ്ദേഹത്തിന്റെ വകുപ്പിനേയും ഞാൻ എന്റെ നന്ദി അറിയിക്കുകയാണ്. അതുപോലെ ബിറ്റുമിന്റെ കാര്യത്തിൽ ഇത്രയും നാളത്തെ താരതമ്യം ചെയ്യുമ്പോൾ ഏറ്റവും കൂടുതൽ ബിറ്റുമിൻ വാങ്ങി അറ്റകുറ്റപ്പണികൾ നടത്തിയ കാലഘട്ടം ഇതുതന്നെയാണ് 72.55 കോടി രൂപയുടെ അതായത് 2004-05-ൽ 66,000 മെട്രിക് ടൺ ബിറ്റുമിൻ വാങ്ങി. 72.55 കോടി രൂപയുടെ ബിറ്റുമിൻ കമ്പനികൾക്ക് കൊടുത്തു. പെന്റിംഗ് 40 കോടി രൂപ മാത്രമാണുള്ളത്. പാലങ്ങളുടെ കാര്യം അദ്ദേഹം പറഞ്ഞു. പാലങ്ങൾ വളരെ കുറവാണ് ഈ പ്രാവശ്യം. പക്ഷേ അദ്ദേഹം മനസ്സിലാക്കേണ്ട ഒരു കാര്യം ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത് ബഡ്ജറ്റിന്റെ പരിമിതികൾ കണക്കിലെടുത്ത് നബാർഡിന്റെ സഹായത്തോടുകൂടി കൂടുതൽ പാലങ്ങൾ ആവശ്യപ്പെടുകയും നടപ്പിലാക്കുകയും ചെയ്യുക എന്നതാണ്. അതുകൊണ്ട് നബാർഡിനോട് നമ്മൾ ഈ തവണ ആവശ്യപ്പെട്ടിരിക്കുന്നത് ചരിത്രത്തിൽ ഇത്ര സംഖ്യ ആവശ്യപ്പെട്ടിട്ടില്ല; 450 കോടി രൂപയുടെ വായ്പ എടുത്തുകൊണ്ടാണ് നബാർഡ് പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അങ്ങനെ പരിശോധിക്കുമ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നബാർഡിൽ 194 പ്രവൃത്തികളാണ് പാലങ്ങളും റോഡുകളുമായി നടത്തിയത് 304 കോടി രൂപയ്ക്കാണ്. എന്നാൽ ഈ തവണ 2001 മുതൽ 2005 വരെ 302 പാലങ്ങളും റോഡുകളും അതുപോലെ 434 കോടി രൂപയുടെ പ്രവൃത്തികൾ ഇതിനകം ആരംഭിക്കാൻ സാധിച്ചു. ഇനിയും നബാർഡിന്റെ പദ്ധതികൾ അവശേഷിക്കുകയാണ്. 200 പാലങ്ങളുടെ പ്രോജക്ട് റിപ്പോർട്ടുകൾ സമർപ്പിച്ചു കഴിഞ്ഞു. പ്രതിപക്ഷത്തിന് അതേക്കുറിച്ച് ഒരു ധാരണയുണ്ടെന്നു എനിക്കറിയാം. പാലങ്ങൾ കുറെയൊക്കെ പല മണ്ഡലങ്ങളിലും വരും നാളുകളിൽ നബാർഡ് പരിശോധിച്ചു വരുമ്പോൾ അതും പരിഗണനയിലേക്ക് വരുന്നുണ്ടെന്നു സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സുനാമിയിൽ തകർന്ന രണ്ട് പാലങ്ങളും ടെൻഡർ ചെയ്തു കഴിഞ്ഞു. രണ്ട് പ്രവൃത്തികളും ആയിരം തെങ്ങ്, കൊച്ചി ജെട്ടി എന്നിവിടങ്ങളിൽ ഏപ്രിൽ ആദ്യവാരത്തിൽ അതിന്റെ തറക്കല്ലിടാനുള്ള തീരുമാനം എടുത്ത കാര്യവും അറിയിക്കുകയാണ്. ഇത് പ്രായോഗികമായി കൊണ്ടു വരുന്നതിനുള്ള പ്രയാസങ്ങളിൽ ഒരു കാരണം സാമ്പത്തികമായ പ്രതിസന്ധിതന്നെയാണ്. പക്ഷേ ഈ സാമ്പത്തിക പ്രതിസന്ധിയേയും അതിജീവിച്ചുകൊണ്ട് ഈ രീതിയിൽ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നു വായ്പ എടുത്തുകൊണ്ട് കേരളത്തിലെ അടിസ്ഥാന സൗകര്യ വികസന രംഗത്ത് ഒരു നിശ്ചലാവസ്ഥ ഉണ്ടായിരുന്നു എന്ന അർത്ഥത്തിലാണ് ഈ കാര്യങ്ങൾ ഇത്രയും ത്വരിതപ്പെടുത്തി നടത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റ് എടുത്തിട്ടുള്ളത്. അതിൽ എന്തെങ്കിലും വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കുന്നതിനുള്ള നടപടികളും എടുക്കുന്നതാണ്. പിന്നെ ഇവിടെ പറഞ്ഞു ചില പ്രദേശങ്ങളിൽ, പ്രത്യേകിച്ച് മുടങ്ങിക്കിടന്ന പ്രവൃത്തികൾ എന്തുകൊണ്ട് നടപ്പിലാക്കുന്നില്ല എന്നുള്ളതിനെക്കുറിച്ച്. സത്യത്തിൽ മുടങ്ങിക്കിടക്കുന്ന കുറെ പ്രവൃത്തികൾ ഇതു പോലെ എടുത്തു പ്രവർത്തനം ആരംഭിക്കാൻ സാധിച്ചത് ഈ കാലഘട്ടത്തിലാണ്. ഓരുകടവിന്റെ കാര്യം തന്നെ പ്രിയപ്പെട്ട കെ. പി. സതീശ്ചന്ദ്രന് അറിയാം. അതു കുറെ നാളുകളായി, നമ്മുടെയൊന്നും കാരണത്താലല്ല. കരാറുകാരുടെ ചില

LIBRARY ARCHIVES Kerala Legislative Assembly

സാങ്കേതിക പ്രശ്നങ്ങൾ കാരണം മുടങ്ങിക്കിടന്നതാണ്. അത് പുനരാരംഭിക്കുന്നതിനുവേണ്ടി ആത്മാർത്ഥമായി പരിശ്രമിച്ചു എന്നുള്ളതിനെക്കുറിച്ച് അദ്ദേഹത്തിന് ബോധ്യമുണ്ട്. ഇപ്പോൾ അതിന്റെ പ്രവൃത്തി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. അതിനുവേണ്ടിയുള്ള മെറ്റൽ കളക്ഷൻ അവിടെ നടന്നു കഴിഞ്ഞിട്ടുള്ള കാര്യവും അദ്ദഹത്തിന് അറിയാവുന്നതാണ്. താന്നി പാലത്തിന്റെ കാര്യത്തിലും ധാരാളം യോഗങ്ങൾ ഇതുസംബന്ധിച്ച് ചേരുകയും പുതിയ ഒരു കരാറിന് ശ്രമിക്കുകയും അതനുസരിച്ചുള്ള പ്രവൃത്തികൾ നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ ആയിട്ടുണ്ടെന്നുള്ള കാര്യവും ഇവിടെ അറിയിക്കുകയാണ്. സന്തുലിതമായിട്ടുള്ള വികസനം ഈ രാജ്യത്ത് നടപ്പിലാക്കുന്നതിനുവേണ്ടി ഒരു പ്രദേശത്തെയും അവഗണിക്കാൻ ശ്രമിച്ചിട്ടില്ല. എല്ലാ സ്ഥലത്തും വികസന പ്രവർത്തനങ്ങൾ ആത്മാർത്ഥമായി നടത്താൻ ശ്രമിച്ചിട്ടുണ്ട്. പക്ഷേ ഒരു വകുപ്പിന് വളരെയധികം പരിമിതികൾ ഉണ്ടെന്നുള്ളതിനെക്കുറിച്ച് എല്ലാവർക്കും അറിയാം. ആ വകുപ്പിനെ ഒരു സുപ്രഭാതത്തിൽ തന്നെ കഴുകി വെളുപ്പിച്ച് എടുത്തുകളയാം എന്ന വ്യാമോഹവുമില്ല. പരമാവധി എല്ലാ പരിശ്രമങ്ങളും നടത്തി ഇതിനെ ശുചീകരിക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ടെന്നു സൂചിപ്പിക്കുകയാണ്.

ശ്രീ. കെ. പി. മോഹനൻ : സർ, ബഹുമാനപ്പെട്ട മന്ത്രി വാക്കു പാലിക്കുന്നതിൽ മിടുക്കനാണെന്ന അഭിപ്രായമുണ്ട്. പക്ഷേ ഒരു കോടിയിലധികം രൂപ ചെലവഴിച്ച പാലങ്ങൾക്ക് ടോൾ വയ്ക്കും എന്നാണ് അങ്ങ് പറഞ്ഞിരുന്നത്. തലശ്ശേരിക്ക് അടുത്തുള്ള കൂത്തുപറമ്പിൽ കണ്ണൂകത്തുള്ള പാലത്തിനു ഇപ്പോൾ ടോൾ നിശ്ചയിച്ചിരിക്കുകയാണ്. ടോൾ നിശ്ചയിച്ചതിനെത്തുടർന്നു ഇന്നലെ മുതൽ അവിടെ ബഹളം നടക്കുകയാണ്. ഇത് പിൻവലിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. സാജു പോൾ : സർ, അന്താരാഷ്ട്ര തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ച മലയാറ്റൂരിലെ എന്റെ നിയോജകമണ്ഡലത്തിലെ പ്രസിദ്ധ ആന വളർത്തൽ കേന്ദ്രമായ കോടനാട് ഒരു പാലം നിർമ്മിക്കുന്നതിനും അതുപോലെ തന്നെ എം.ഡി.ആർ. ആക്കി മാറ്റിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. കെ. മുനീർ: സർ, ഞാൻ ഓരോരോ വിഷയങ്ങളിലേക്ക് വരുന്നില്ല. ടോളിന്റേത് ഞാൻ പറയാം. 80 ലക്ഷം രൂപ വന്നിട്ടുള്ളതിൽ ടോൾ പിരിക്കുന്നുണ്ടോ എന്നുള്ളത് പരിശോധിക്കേണ്ടതാണ്. ചിലപ്പോൾ പ്രവൃത്തി പൂർത്തീകരിച്ചപ്പോൾ ഒരു കോടിക്ക് മുകളിൽ വന്നതുകൊണ്ടായിരിക്കാം ടോൾ പിരിക്കാൻ തീരുമാനിച്ചത്. അതല്ല ഒരു കോടിക്ക് താഴെയാണെങ്കിൽ നിയമപരമായി തന്നെ അതിന് സാധിക്കുകയില്ലല്ലോ ? അങ്ങനെയാണെങ്കിൽ പരിശോധിക്കാം. പണി പൂർത്തീകരിച്ചപ്പോൾ ഒരു കോടി രൂപയ്ക്ക് മുകളിൽ വന്നതുകൊണ്ടായിരിക്കാം അവിടെ ടോൾ പിരിവ് വന്നിട്ടുള്ളത്. ഇൻഡിവിഡുവലായി മലയാറ്റൂരിന്റെ കാര്യമൊന്നും ഞാൻ പറയുന്നില്ല. അദ്ദേഹത്തിനും അറിയാം. ശ്രീ. പി. ജെ. ജോയി ഒക്കെ പറഞ്ഞിട്ടുള്ള വിഷയമായിരുന്നു അത്. അതിന് നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചു കഴിഞ്ഞുയെന്നു ഓർമ്മപ്പെടുത്തുകയാണ്. ഇനി ഇവിടെയുള്ള പ്രധാന വിഷയം ഒന്നു ഹിൽഹൈവേയുടെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യമാണ്. കുറെ നാളുകളായി ഹിൽഹൈവേ വീണ്ടും പുനരാരംഭിച്ച് പ്രവൃത്തി ആരംഭിക്കാൻ സാധിച്ചു എന്നു പറയുന്നത് നേട്ടമായി ഞങ്ങൾ കാണുകയാണ്. അതിൽ കാസർഗോഡ് ജില്ല മുതൽ പാലക്കാടുവരെയുള്ള ആദ്യ ഘട്ടത്തിന്റെ പ്രവൃത്തിയാണ് ഇപ്പോൾ ആരംഭിച്ചിട്ടുള്ളത്. അത് സംസ്ഥാന തലത്തിൽ ഇരിക്കൂറിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. പാലക്കാട് മുതൽ തിരുവനന്തപുരം വരെയുള്ള ഭാഗത്തിന്റെ പ്രോജക്ട് തയ്യാറാക്കുന്നതിനുവേണ്ടി നാറ്റ്പാക്കിനെ ഏല്പിച്ചു കഴിഞ്ഞു. ഇത് ഒറ്റ പ്രോജക്ടായി നബാർഡിൽ സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഹിൽഹൈവേ എന്നു പറയുന്നത് ഒറ്റ പ്രോജക്ടായി നൂറോ ഇരുന്നൂറോ കോടി രൂപയാണെങ്കിൽ അതിനു മൊത്തത്തിൽ ധനസഹായം ലഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. ധനകാര്യ വകുപ്പും മുഖ്യമന്ത്രിയുമായി ആലോചിച്ച് ആ കാര്യത്തിൽ എന്ത് ചെയ്യാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. അതുപോലെ തന്നെയാണ് വീക്ക് ബ്രിഡ്ജസിന്റെ കാര്യം. ധാരാളം പാലങ്ങൾ പൊളിഞ്ഞു ഏതു സമയവും വീഴാൻ സാധ്യതയുള്ള അവസ്ഥയിൽ നിൽക്കുന്നുണ്ട്. ഒരു അമ്പതോളം പാലങ്ങൾ കേരളത്തിൽ എപ്പോഴും പൊളിയാൻ സാധ്യതയുള്ള അവസ്ഥയിൽ നിൽക്കുകയാണ്. അതിൽ പലതും ബഡ്ജറ്റിലേയ്ക്ക് വന്നിട്ടുണ്ട്. നബാർഡ് ശുപാർശ ചെയ്തിട്ടുമുണ്ട്.

ശ്രീ. ബിനോയ് വിശ്വം : സർ, ഹിൽ ഹൈവേയെപ്പറ്റി പറഞ്ഞല്ലോ. ചില പ്രദേശങ്ങളിൽ മലയോരങ്ങളെ വിട്ടുപോയിട്ടുണ്ട്. അത്തരം പ്രദേശങ്ങളെ അതുമായി ബന്ധിപ്പിക്കാനുള്ള നീക്കം ഉണ്ടാകുമോ? അത് എപ്പോൾ ചെയ്യും എന്നു പറഞ്ഞാൽ കൊള്ളാം.

ശ്രീ. എം. കെ. മുനീർ : സർ, മലയോര ഹൈവേ എന്നു പറയുമ്പോൾ എല്ലാ മലകളെയും തമ്മിൽ ബന്ധിപ്പിക്കുന്നു എന്ന അർത്ഥത്തിലല്ല, ഒരു പാത മലയോരത്തെ ടച്ച് ചെയ്തു പോകണം. ഇപ്പോൾ കോഴിക്കോടുള്ള റൂട്ടിനെക്കുറിച്ചുള്ള ഡിസ്ക്കഷൻ നടക്കുകയാണ്. എം.എൽ.എ. യുമായിട്ട് ഡിസ്ക്കഷൻ നടത്തി ആ റൂട്ട് ഫൈനലൈസ് ചെയ്യുമ്പോൾ ഇങ്ങനെ എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ അത് പരിശോധിക്കാവുന്നതാണ്. അതുപോലെ തന്നെ ക്യാപിറ്റൽ റീജിയൺ ഡെവലപ്മെന്റിൽ അണ്ടർ പാസിന്റെ പ്രവൃത്തി ഇപ്പോൾ പുരോഗമിച്ചു വരികയാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞിരുന്നു അത് എട്ട് മാസം കൊണ്ട് തീർക്കണമെന്ന്. ഞങ്ങൾ ആറ് മാസം കൊണ്ട് തീർക്കാനുള്ള പദ്ധതിയുമായി മുന്നോട്ട് പോവുകയാണ്. ഈ ജൂൺ മാസത്തിലെങ്കിലും അണ്ടർ പാസേജ് ഫിനിഷ് ചെയ്യാൻവേണ്ടിയുള്ള പ്രവൃത്തികളുമായി മുന്നോട്ട് പോവുകയാണ്. അതുപോലെ തന്നെ പരമാവധി റോഡുകളും ഓവർ ബ്രിഡ്ജും, ഫ്ളൈ ഓവറും തീർക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ചു വരികയാണ്. വീക്ക് ബ്രിഡ്ജസ് യുദ്ധകാല അടിസ്ഥാനത്തിൽ തീർക്കുന്നതിനുവേണ്ടി ഏത് രീതിയിൽ പ്രവൃത്തി ആരംഭിക്കണമെന്ന് ആലോചിക്കുകയാണ്. വീക്ക് ബ്രിഡ്ജസിന്റെ പണി പ്രത്യേകമായി എടുത്ത് അത് പെട്ടെന്നുതന്നെ ആരംഭിക്കുന്നതിനുവേണ്ടിയുള്ള സംവിധാനം ഉണ്ടാക്കി അതിന്റെ നടപടികളുമായി മുന്നോട്ട് പോകുമെന്നു

LIBRARY ARCHIVES Kerala Legislative Assembly

അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ചില ആളുകൾ എക്സ്പ്രസ് വേയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. എക്സ്പ്രസ് വേയ്ക്ക് പൊതുവേ എല്ലാവരും എതിരാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. പക്ഷേ എന്തോ തെറ്റിദ്ധാരണയുടെ പേരിലായിരിക്കും അല്ലെങ്കിൽ രാഷ്ട്രീയപരമായ കാരണങ്ങളാലായിരിക്കാം പെട്ടെന്നു ഒരു സുപ്രഭാതത്തിൽ എക്സ്പ്രസ് വേയ്ക്ക് എതിരായി എല്ലാവരും മാറിയത്. എന്റെ പ്രിയപ്പെട്ട സ്നേഹിതൻ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രസംഗം ആരും മറന്നിട്ടില്ല. അദ്ദേഹം എക്സ്പ്രസ് വേയ്ക്കുവേണ്ടി നടത്തിയിട്ടുള്ള പ്രസംഗത്തിന്റെ ഒരു ഭാഗം ഞാൻ ഓർക്കുകയാണ്. ചൈനയിൽ ടോൾ പിരിച്ചുകൊണ്ടുള്ള എക്സ്പ്രസ് ഹൈവേയുണ്ട്. അത് ഏറ്റവും കൂടുതൽ വികസിപ്പിച്ചിട്ടുള്ള ബീജിംഗിനെയും ഷാഹായേയും ബന്ധിപ്പിക്കുന്ന വിധത്തിലുള്ള എക്സ്പ്രസ് ഹൈവേയാണ് വിജയകരമായി നടപ്പിലാക്കാൻ സാധിച്ചത്. മാത്രമല്ല ചൈനയിൽ ഗവൺമെന്റ് ഒരു തീരുമാനം എടുത്താൽ അതേപടി നടപ്പിലാക്കും. ഇതുപോലുള്ള എതിർപ്പും മറ്റ് കാര്യങ്ങളൊന്നും ചൈനയിലില്ല. അവിടെ ഗവൺമെന്റിന് യാതൊരുവിധ ആശയകുഴപ്പവുമില്ല. ഇച്ഛാശക്തിയുള്ള ഗവൺമെന്റാണ്. ഗവൺമെന്റ് ഒരു തീരുമാനം എടുത്താൽ അത് അതേപടി ജനങ്ങൾ അംഗീകരിക്കും, അനുസരിക്കും. ആ മാതൃകയിൽ ഇവിടെയും ഇണക്കിച്ചേർത്ത് മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കും. അദ്ദേഹത്തിന്റെ ആ ആഗ്രഹം സഫലീകരിക്കുന്നതിനുവേണ്ടി ഈ എക്സ്പ്രസ് വേയുടെ കാര്യത്തിൽ തുടർന്നും ഞങ്ങൾ ചർച്ചകളുമായി മുന്നോട്ട് പോകാനാണ് ഉദ്ദേശിക്കുന്നത്. അതുപോലെതന്നെയാണ് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞിട്ടുള്ളത്. നിങ്ങൾ ഇത് മലപ്പുറത്തും തിരുവനന്തപുരത്തുമാണ് തുടങ്ങുന്നത്. കാസർഗോഡ് ഏറ്റവും അവസാനമാണ്. ഇത് മലബാറിനോട് കാണിക്കുന്ന ഏറ്റവും കടുത്ത അവഗണനയാണ്. ആദ്യം കാസർഗോഡ് നിന്നു തുടങ്ങണമെന്നു വാദിച്ച മാർക്സിസ്റ്റു പാർട്ടിയ്ക്കടക്കം എപ്പോഴാണ് ബുദ്ധിമാറിയത് എന്നെനിക്കറിയില്ല. കിഡ്നി മോഷ്ടിക്കപ്പെടുന്നു എന്നു ഇവിടെ പറഞ്ഞു. ബുദ്ധിയും മോഷ്ടിക്കുന്ന ലോബികൾ പ്രവർത്തിക്കുന്നുണ്ടോ എന്നു നമ്മൾ പരിശോധിക്കേണ്ടതാണ്. ഏതായാലും ഈ ധനാഭ്യർത്ഥനയിൽ വിലയേറിയ വലിയ ചർച്ചകളൊന്നും എതിരായിവന്നില്ല; ചെറിയ നുള്ളി നോവിക്കലൊക്കെ ഉണ്ടായിട്ടുള്ളു എന്ന ഒരു സമാധാനമുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : എക്സ്പ്രസ്സ് ഹൈവേ എന്നുള്ള ആശയം ഞങ്ങളാരും എതിർത്തതല്ല. അതിനെതിരായി വലിയ അഭിപ്രായം രാജ്യത്ത് വന്നപ്പോൾ അതു സംബന്ധിച്ച് എല്ലാവരുമായി ചർച്ച ചെയ്ത് ഒരു തീരുമാനം ഉണ്ടാക്കിയതിനുശേഷം മാത്രമേ ഇവിടെ നടപടികൾ തുടരാൻ പാടുള്ളു എന്നുള്ള അഭിപ്രായമാണ് ഞങ്ങൾ പ്രകടിപ്പിച്ചത്. അതു സംബന്ധിച്ച് പിന്നീട് യാതൊരു നടപടിക്രമവും ഗവൺമെന്റ് ഭാഗത്തുനിന്ന് ഉണ്ടായതായി കാണുന്നില്ല. എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്?

ശ്രീ. എം. കെ. മുനീർ : ഇത് ചർച്ചയ്ക്കു വരുന്നതിനു മുമ്പ് ഡി.പി.ആർ. പ്രിപ്പെയർ ചെയ്തിട്ട് ഇതിന് എത്രമാത്രം പാരിസ്ഥിതിക ആഘാതമുണ്ടാകും, എത്ര ആളുകളെ പുനരധിവസിപ്പിക്കേണ്ടി വരുമെന്നുള്ള കണക്കെടുത്താൽ മാത്രമേ നമുക്കു

LIBRARY ARCHIVES Kerala Legislative Assembly

മുന്നിൽ കാര്യങ്ങൾവച്ച് സംസാരിക്കുവാൻ പറ്റുകയുള്ളു. അതിനെ ഫിസിക്കലിതന്നെ തടഞ്ഞ ഒരു സാഹചര്യം ഉണ്ടായപ്പോഴാണ് ഒരു പ്രവർത്തിയുമായി മുന്നോട്ടു പോകുവാൻ പറ്റാത്ത സാഹചര്യം ഉണ്ടായത്. പക്ഷേ പ്രതിപക്ഷവുമായുള്ള ചർച്ച തുടരുകയായിരുന്നു. ആ ചർച്ച തുടരുന്നതിൽ ഗവൺമെന്റിന് സന്തോഷമേയുള്ളു. ആ ചർച്ചയ്ക്കു ശേഷം ഏതു രീതിയിൽ, ഒരു തരത്തിലും മുൻവിധിയോടുകൂടിയല്ല ഈ പദ്ധതി വച്ചിട്ടുള്ളത്. ജനങ്ങൾക്ക് ഉപദ്രവമുണ്ടാകുന്ന രീതിയിലുള്ള പദ്ധതിയായിട്ടല്ല.

മി. സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ വളരെ കൺസിസ്റ്റന്റ് ആണ്. എന്തുകൊണ്ട് തുടർന്നു പോകുന്നില്ല എന്നാണ് ചോദിക്കുന്നത്?

ശ്രീ. എം. കെ. മുനീർ : ഏതായാലും സന്തോഷകരമായ ചിത്രമായി ആ വിഷയം മാറുന്നു എന്നതിലുള്ള ആഹ്ലാദംകൂടി രേഖപ്പെടുത്തുകയാണ്. ഞാൻ ദീർഘമായി പറയുന്നില്ല. കാരണം വേറെയൊരു ധനാഭ്യർത്ഥനയ്ക്കുകൂടി മറുപടി പറയാനുണ്ട്.

ശ്രീ. ടി. കെ. ബാലൻ: ശ്രീ. കോടിയേരിബാലകൃഷ്ണന്റെ പ്രസംഗം കോട്ട് ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞല്ലോ? ചൈനയിൽ അത്തരം കാര്യങ്ങളൊക്കെയുണ്ട്. അതിന്റെ പിന്നിൽ ചൈനീസ് ഗവൺമെന്റിന് ഒരു ഇച്ഛാശക്തിയുണ്ട്. കഴിഞ്ഞ നാലു കൊല്ലമായി ഈ ഗവൺമെന്റിന് ഒരു ഇച്ഛാശക്തി ഇല്ലെന്ന് ദൈനംദിനം തെളിയിക്കപ്പെട്ടതല്ലേ?

ശ്രീ. എം. കെ. മുനീർ: അതു ശരി, ഒരു ഭാഗത്തുനിന്ന് എതിർത്ത് അനുവദിക്കുകയില്ല എന്ന് പറയും. ഇപ്പുറത്തുനിന്ന് ഇച്ഛാശക്തി കൊണ്ട് എന്താണ് നടത്താത്തത് എന്ന് ചോദിക്കും. രണ്ടും ഒരു ഭാഗത്തുനിന്നുതന്നെ ആകുമ്പോൾ ഏതു രീതിയിൽ മുന്നോട്ടു പോകണമെന്നുള്ളതിനെക്കുറിച്ച്.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ചൈനയിൽ വിജയകരമായി നടപ്പിലാക്കിയ കാര്യം, അവർക്ക് സാധിച്ച കാര്യം അതുപോലെ നമുക്ക് ഒരിക്കലും സാധിക്കുകയില്ല. കാരണം അവിടെയുള്ള ഭൂമി മുഴുവൻ ഗവൺമെന്റിന്റേതാണ്. പ്രൈവറ്റിന്റെയല്ല. ഗവൺമെന്റ് ഇന്ന് ഒരു തീരുമാനമെടുത്താൽ നാളെ ഏതു പ്രദേശത്തുകൂടി റോഡു വെട്ടാനും ഗവൺമെന്റിനു സാധിക്കും. അതുപോലെ നമുക്കിവിടെ കഴിയുകയില്ല. അതാണ് ചൈനയും നമ്മളും തമ്മിലുള്ള വ്യത്യാസം. അത് കണ്ടുകൊണ്ടുവേണം നിങ്ങൾ പദ്ധതികൾ ആവിഷ്കരിക്കാൻ.

ശ്രീ. എം. കെ. മുനീർ : ചൈനീസ് മാതൃകയിൽ ഇവിടെ നടത്തുന്നതിനെപ്പറ്റി ആലോചിക്കണമെന്നാണ് അങ്ങ് പറഞ്ഞിരിക്കുന്നത്. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ രാമചന്ദ്രൻ മാസ്റ്റർ)* : സർ, ബഹുമാനപ്പെട്ട മെമ്പർമാർ നടത്തിയ അല്പം ചില വിമർശനങ്ങൾക്ക് ആദ്യമായി നന്ദി പറയുന്നു; അതോടൊപ്പം പ്രശംസകൾക്കും നന്ദി. എപ്പോഴും കല്ലേറിന് വിധേയമാകുന്നതാണ് ആരോഗ്യവകുപ്പ്. സാധാരണക്കാരന്റെയും പാവപ്പെട്ടവന്റെയും ആരോഗ്യ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വകുപ്പ് എന്ന നിലയിൽ ജനങ്ങളിൽനിന്നും ജനപ്രതിനിധികളിൽനിന്നും വിമർശനമുണ്ടാകുക സ്വാഭാവികം മാത്രമാണ്. വലിയ കാര്യങ്ങൾ ചെയ്തുവെന്ന് അവകാശപ്പെടുന്നില്ല. കുറേ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു. അതിന്റെ ഫലമായി ആരോഗ്യ മേഖലയിൽ കുറേയൊക്കെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞുവെന്നാണ് എനിക്ക് പറയാനുള്ളത്. നമുക്ക് പരിമിതികളുണ്ട്. ജനങ്ങൾ പ്രതീക്ഷിക്കുന്ന അത്ര, ജനപ്രതിനിധികൾ പ്രതീക്ഷിക്കുന്ന അത്ര, ഏതു ഡിപ്പാർട്ടുമെന്റിന് ആയാലും ആ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി മുന്നോട്ടു കൊണ്ടുപോകുവാൻ തടസ്സമായി നില്ക്കുന്നത് എല്ലാ കാലഘട്ടങ്ങളിലും സാമ്പത്തികമാണ്. ഏത് ഗവൺമെന്റ് വന്നാലും സാമ്പത്തിക പരിമിതിയുണ്ട്. അതിന് അകത്തു നിന്നുകൊണ്ട് മാത്രമേ അതാത് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തികൊണ്ടു പോകുവാൻ കഴിയൂ എന്ന് നിങ്ങൾക്കും ഞങ്ങൾക്കും അറിയാം. അത് പൂർണ്ണമായി നമ്മൾ ആഗ്രഹിക്കുന്ന തരത്തിൽ, ഞാൻ എത്ര ആഗ്രഹിച്ചാലും ശരി, ഈ ഗവൺമെന്റ് എത്ര ആത്മാർത്ഥമായി ആഗ്രഹിച്ചാലും ശരി എല്ലാ കാര്യങ്ങളും നമ്മൾ ആഗ്രഹിച്ചതിന്റെ അത്ര കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയാത്തതിന്റെ കാരണമാണ് ഞാനിവിടെ പറഞ്ഞത്. എങ്കിൽപ്പോലും ആരോഗ്യ മേഖലയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കുറച്ചു കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു എന്നുള്ളത് ആത്മാർത്ഥതയോടുകൂടി സന്തോഷത്തോടുകൂടി പറയുകയാണ്. അതിനു മുമ്പ് എനിക്ക് ഏറ്റവും സന്തോഷകരമായ കാര്യം നിങ്ങളെ അറിയിക്കുവാനുള്ളത് അതീവ ഗുരുതരമായ ആക്സിഡന്റിൽപ്പെട്ട് തിരുവനന്തപുരം മെഡിക്കൽകോളേജിൽ പ്രവേശിപ്പിക്കപ്പെട്ട നമ്മുടെ ബഹുമാനപ്പട്ട മന്ത്രി ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയെ ഇന്ന് ആശുപത്രിയിൽനിന്ന് ഡിസ്ചാർജ്ജ് ചെയ്യുകയാണ്. ഏറ്റവും സ്തുത്യർഹമായ രീതിയിൽ ഡി.എം.ഇ. യുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഡോക്ടർമാർ വിദഗ്ദ്ധ ചികിത്സ നടത്തിയതിന്റെ ഫലമായിട്ടാണ് ഏറ്റവും ഗുരുതരമായ ആക്സിഡന്റ് ആണെങ്കിൽപ്പോലും അദ്ദേഹത്തിന് പെട്ടെന്ന് സുഖംപ്രാപിച്ച് പുറത്തേയ്ക്ക് വരാൻ കഴിഞ്ഞത്. അതിന് ഞാൻ ദൈവത്തോട് നന്ദി പറയുകയാണ്. ഇവിടെ കുറേ കാര്യങ്ങൾ പറഞ്ഞു. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ഗവൺമെന്റിന്റെ പരിമിതികളെക്കുറിച്ചു പറഞ്ഞു. നമുക്ക് ധാരാളം ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും ആവശ്യമാണ്. ഡോക്ടർമാർക്ക് അല്ലെങ്കിൽ പാരാ മെഡിക്കൽ സ്റ്റാഫിന് ആവശ്യമായ പരിശീലനം ലഭിക്കുന്നതിന് നമ്മൾ എല്ലാ കാലങ്ങളിലും ആശ്രയിച്ചിരുന്നത് മറ്റു സംസ്ഥാനങ്ങളെയാണ്. കർണ്ണാടക, തമിഴ്നാട് അല്ലെങ്കിൽ മറ്റൊരു സംസ്ഥാനം. കേരളത്തിൽ എല്ലാ പ്രദേശങ്ങളിലും സർക്കാരിന് മെഡിക്കൽ കോളേജോ പാരാ മെഡിക്കൽ സ്ഥാപനങ്ങളോ ഉണ്ടാക്കുവാൻ കഴിയുകയില്ല. അത് മനസ്സിലാക്കിക്കൊണ്ടുതന്നെ ഗവൺമെന്റ് നയ രംഗത്ത് ഏറ്റവും പ്രധാനപ്പെട്ട മാറ്റങ്ങൾക്ക് നേതൃത്വം കൊടുക്കുകയുണ്ടായി. അതിന്റെ ഫലമായി മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങളിൽ പോയി ഏറ്റവും ഉയർന്ന കാപ്പിറ്റേഷൻ ഫീസ് നൽകി പരിശീലനം സിദ്ധിച്ചു വന്നിരുന്ന ആയിരക്കണക്കിനു പേർക്ക് കേരളത്തിൽത്തന്നെ പരിശീലനം കൊടുക്കുവാനും ഇവിടെനിന്നു തന്നെ ഡിഗ്രി സമ്പാദിക്കുവാനുമുള്ള അവസരമുണ്ടായി. സർട്ടിഫിക്കറ്റ് കോഴ്സുകാർക്ക് അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശീലനം നല്കി അവർക്ക് പുറത്ത് സേവനം ചെയ്യാൻ ആവശ്യമായിട്ടുള്ള സംവിധാനം ഈ ഗവൺമെന്റ് ഉണ്ടാക്കി. ഈ സ്ഥാപനങ്ങളൊക്കെക്കൂടി ഏറെക്കുറെ അഞ്ഞൂറുകോടി രൂപ കേരളത്തിൽ മുതൽമുടക്കിയിട്ടുണ്ടെന്നാണ് ഏകദേശ കണക്ക്. അതിനു പുറമേ ഗവൺമെന്റ് മേഖലയിലും പരിമിതമായ തരത്തിലെങ്കിലും, ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതികൾ വച്ചുകൊണ്ട് മെഡിക്കൽകോളേജുകളിൽ സീറ്റ് വർദ്ധിപ്പിക്കുവാൻ തീരുമാനമെടുത്തു. കോട്ടയം, തൃശ്ശൂർ, ആലപ്പുഴ എന്നീ മെഡിക്കൽകോളേജുകളിൽ 50 സീറ്റുവീതം വർദ്ധിപ്പിക്കുവാൻ തീരുമാനമെടുത്തു. അങ്ങനെ 150 സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് തീരുമാനമെടുത്തു. അതിന്റെ അടിസ്ഥാനത്തിലുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചു വരികയാണ്. അതുപോലെതന്നെ സംസ്ഥാനത്ത് അഞ്ച് മെഡിക്കൽകോളേജ്, റീജിയണൽ കാൻസർ സെന്റർ, 14 ജില്ലാ താലൂക്കാശുപത്രികൾ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ടുള്ള ടെലി മെഡിസിൻ പ്രോജക്ട് പൂർത്തിയായി. ഐ.എസ്.ആർ.ഒ.യുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം ആശുപത്രിയിലെ ഡോക്ടർമാർക്ക് പുറമേയുള്ള സ്പെഷ്യാലിറ്റി വിഭാഗങ്ങളുമായി സാറ്റലൈറ്റ് വഴി കൺസൾട്ട് ചെയ്യാനും രോഗികൾക്ക് ഏറ്റവും ആധുനികമായ ചികിൽസ നൽകുവാനും കഴിയുന്നു. മറ്റൊന്ന് ഏറ്റവും പ്രധാനപ്പെട്ട അഞ്ച് മെഡിക്കൽകോളേജുകളിൽ നാലുവർഷത്തിനിടയിൽ 60 കോടി രൂപയുടെ സിവിൽ വർക്കുകൾ നടത്തിയിട്ടുണ്ട്. അതിലൊന്നാണ് തൃശ്ശൂർ മെഡിക്കൽകോളേജ്. ബഹുമാനപ്പെട്ട സ്പീക്കർക്കുകൂടി താല്പര്യമുള്ളതുകൊണ്ട് ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. തൃശ്ശൂർ മെഡിക്കൽകോളേജിൽ 400 കിടക്കകളുള്ള ആശുപത്രിയുടെ നിർമ്മാണം പൂർത്തിയായി. ശീതീകരണ സംവിധാനം, ഗ്യാസ് പൈപ് ലൈൻ എന്നിവയുടെ പണി എത്രയുംവേഗം പൂർത്തീകരിച്ച് വളരെ താമസിയാതെ തന്നെ മെഡിക്കൽകോളേജിന്റെ പ്രവർത്തനം മുളംകുന്നത്ത് കാവിലേയ്ക്ക് മാറ്റാനുള്ള നടപടികളും സ്വീകരിച്ചുവരുകയാണ്. അതുപോലെതന്നെ കോട്ടയം, തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രികളിൽ നൂറ് കിടക്കകൾകൂടി അനുവദിച്ച് 1.65 കോടി രൂപ ചെലവിൽ ട്രോമാകെയർ സെന്ററിന് മൂന്നുനില കെട്ടിടം പൂർത്തിയായിക്കഴിഞ്ഞിരിക്കുകയാണ്. ആലപ്പുഴ മെഡിക്കൽകോളേജ് വണ്ടാനത്തേയ്ക്ക് മാറ്റാൻ ത്വരിതഗതിയിൽ നടപടികൾ സ്വീകരിച്ചു വരികയാണ്. തിരുവനന്തപുരം മെഡിക്കൽകോളേജിൽ 50 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ഐ.സി.യുടെ പ്രവർത്തനം ആരംഭിക്കും. ഗ്രാമീണ മേഖലയിലെ പ്രവർത്തനം മെച്ചപ്പെടുത്താൻ 201 പുതിയ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ അനുവദിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവായി. ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പെടെ 1200 പുതിയ തസ്തികകൾ സൃഷ്ടിച്ചു. 67 സ്ഥാപനങ്ങളിൽ കിടത്തി ചികിത്സ ആരംഭിച്ചു. ആവശ്യത്തിന് ഡോക്ടർമാരില്ലെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പല സുഹൃത്തുക്കളും സൂചിപ്പിച്ചു. ഗവൺമെന്റിന് പരിമിതിക്കകത്ത് നിന്നുകൊണ്ടല്ലേ പ്രവർത്തിക്കാൻ കഴിയൂ. ഹൗസ് സർജൻസി കഴിഞ്ഞ 476 ഡോക്ടർമാരെ ബോണ്ടഡ് ഒബ്ലിഗേഷനിൽ പോസ്റ്റുചെയ്തപ്പോൾ അവർ കോടതിയിൽ പോയി. 476 പേരിൽ ചുരുക്കം ചില ആളുകളൊഴികെ ജോലി വിട്ടുപോകുന്ന സ്ഥിതിയാണ് കണ്ടത്. അതിനുശേഷം 626 ഡോക്ടർമാരെ പി.എസ്.സി. വഴി നിയമനം നടത്തിയതിൽ 213 പേരാണ് ജോയിൻ ചെയ്തത്. പല ആരോഗ്യ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നില്ല എന്ന ആക്ഷേപമുണ്ട്. ഡോ. കെ.സി. ജോസഫും മറ്റുള്ള സുഹൃത്തുക്കളും പല ആരോഗ്യകേന്ദ്രങ്ങളിലും ആവശ്യമായ സ്റ്റാഫില്ലെന്നു പറഞ്ഞു. വീണ്ടും പി.എസ്.സി. യോട് ഡോക്ടർമാരുടെ ലിസ്റ്റ് ആവശ്യപ്പെട്ടിരിക്കുകയാണ്. ലിസ്റ്റ് കിട്ടുന്ന മുറയ്ക്ക് കഴിയുന്നതും വേഗം ഡോക്ടർമാരെ പോസ്റ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. പകർച്ചവ്യാധികളെക്കുറിച്ച് പറഞ്ഞു. ഇന്റഗ്രേറ്റഡ് ഡിസീസസ് സർവൈലൻസ് പ്രോഗ്രാമിന് 2003-2004 കാലത്തേയ്ക്ക് 12.68 കോടി രൂപ ലോകബാങ്ക് സഹായം അനുവദിച്ചു. എയ്ഡ്സ് രോഗം പടരാതിരിക്കാൻ 14 ജില്ലകളിൽ വോളന്ററി കൗൺസലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഇൻഡ്യയിൽ ആദ്യമായി കേരള സംസ്ഥാന ഗവൺമെന്റ് പ്രതിവർഷം രണ്ട് കോടി രൂപയുടെ പ്രതിരോധ മരുന്ന് സൗജന്യമായി നൽകുന്നു. ജില്ലാ-താലൂക്കതല ആരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ, കുടുംബക്ഷേമ കേന്ദ്രങ്ങൾ എന്നിവയ്ക്ക് 12.8 കോടി രൂപയുടെ സഹായം നബാർഡ് അനുവദിച്ചിട്ടുണ്ട്. , ഭരണ നവീകരണത്തിന്റെ ഭാഗമായി 138 ആരോഗ്യ സ്ഥാപനങ്ങൾക്ക് 48 കോടി രൂപയുടെ സഹായം ലഭിച്ചിട്ടുണ്ട്. 2001 മുതൽ 2005 വരെ 1731 നിർദ്ധനരോഗികൾക്ക് ചികിൽസാ സഹായമായി 4,66,00,000 രൂപ നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 2001 മുതൽ 2005 വരെ 486 പേർക്ക് 5,85,376 രൂപ വിതരണം ചെയ്തിട്ടുണ്ട്. 5 കോടിയിലധികം രൂപ വിലവരുന്ന ആശുപത്രി ഉപകരണങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ റിപ്പയർ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഔഷധ നയം ട്രാൻസ്പാരന്റാകണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിൽ ആക്ഷേപത്തിന് വഴിയുണ്ടാകരുത്. അതുകൊണ്ട് ട്രാൻസ്പാരന്റായിട്ടുള്ള ഡ്രഗ്സ് പർച്ചേസ് പോളിസിക്ക് രൂപം കൊടുത്തു. അതിന്റെ ഡ്രാഫ്റ്റ് പോളിസിയുണ്ടാക്കി ബന്ധപ്പെട്ടവരിൽനിന്നും ആവശ്യമായ നിർദ്ദേശങ്ങൾ വാങ്ങിയതിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭ തന്നെ അംഗീകാരം നൽകി. സ്ഥലംമാറ്റത്തെക്കുറിച്ചൊക്കെ എന്റെ സുഹൃത്തുക്കൾ പറഞ്ഞു. അവിടെ സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്ത് പൊതു സ്ഥലംമാറ്റത്തിന് ഒരു നയം രൂപീകരിച്ചിട്ടുണ്ട്. ആ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മേയ് മാസം 5-ാം തീയതിയോടുകൂടി സ്ഥലംമാറ്റം വളരെ ട്രാൻസ്പാരന്റായി പൂർത്തിയാക്കും. അക്കാര്യത്തിൽ ആർക്കും സംശയം വേണ്ട. അതുപോലെ വയനാട് ജില്ലയിൽ നടപ്പാക്കിയ സ്പെഷ്യൽ സ്കൂൾ ഹെൽത്ത് പരിപാടിയിൽ 1,01,344 വിദ്യാർത്ഥികളെ പരിശോധിച്ച് ഹെൽത്ത് കാർഡുകൾ നൽകിയിട്ടുണ്ട്. ഗവർണ്ണർക്ക് കാര്യമായ ചികിത്സ കിട്ടിയില്ലെന്ന് ശ്രീ. കെ. പി. സതീശ് ചന്ദ്രൻ ഇവിടെ പറഞ്ഞു. അതിന് ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയമിച്ചു. ഗവർണ്ണർക്ക് ചികിത്സ നൽകിയതിൽ ഒരു വീഴ്ചയും ഉണ്ടായിട്ടില്ല എന്നാണ് ആ എക്സപെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുമാത്രമല്ല, അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്ക് ഒരു പരാതിയുമില്ല. അതുപോലെ കോട്ടയം മെഡിക്കൽ കോളേജിൽ മഞ്ഞപ്പിത്തം പടരുന്നു എന്നുള്ളത് ശരിയാണ്. അതിന്റെ ഫലമായി ഒരു ഡോക്ടർ മരിച്ചു. പക്ഷേ അത് ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ വീഴ്ചകൾ കൊണ്ടല്ല. ഏറ്റവും പ്രധാനമായി മഞ്ഞപ്പിത്തം പകരുന്നത് വെള്ളത്തിൽക്കൂടിയാണ്. വാട്ടർപൈപ്പ് ലൈനും സീവേജ് ലൈനും തമ്മിൽ കണ്ടാമിനേഷൻ ഉണ്ടാകുന്നതിന്റെ ഫലമായി രോഗം പകരും. പകർന്നതിനു ശേഷം എന്ത് നടപടിയെടുത്തു എന്നുള്ളതാണ്. മഞ്ഞപ്പിത്തം പടരാതിരിക്കാൻ വളരെ കാര്യക്ഷമമായ പരിപാടി ആവിഷ്ക്കരിച്ച് കേരളത്തിലെ ഗ്രാമഗ്രാമാന്തരങ്ങളിൽ ആവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തി; പരമാവധി ക്യാമ്പുകൾ നടത്തി. ആയുർവേദം, ഹോമിയോ, അലോപ്പതി എന്നീ വിഭാഗങ്ങൾ കൈകോർത്തു പിടിച്ച് കേരളത്തിൽ അങ്ങോളമിങ്ങോളം, മഞ്ഞപ്പിത്തം പടരാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചു. അത് പൂർണ്ണമായി എന്ന് ഞാൻ പറയുന്നില്ല. എങ്കിലും ഒറ്റപ്പെട്ട കേസ്സുകൾ എവിടെയെങ്കിലും ഉണ്ടാകും. ഇത്ര ഗൗരവത്തോടുകൂടി കേരളത്തിലെ ഡോക്ടർമാർ ഉണർന്നു പ്രവർത്തിച്ച കാലം ഉണ്ടായിട്ടുണ്ടോ? സുനാമി ദുരന്തമുണ്ടായി. സ്വാഭാവികമായും പ്രകൃതി ദുരന്തങ്ങളുണ്ടാകുന്ന സ്ഥലങ്ങളിൽ അഴുകിയ ജീവജാലങ്ങളുടെ ഫലമായി പകർച്ച വ്യാധികളുണ്ടാകും. എം.പി. മാരുടെ കോൺഫറൻസിൽ പ്രതിപക്ഷ എം.പി. മാർ വരെ ഹെൽത്ത് ഡിപ്പാർട്ടുമെന്റിനെ അഭിനന്ദിച്ചു. അർപ്പണ ബോധത്തോടുകൂടി പ്രവർത്തിക്കുന്ന ഡോക്ടർമാരുടേയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫുകളുടേയും കഴിവാണത്. പ്രധാനമന്ത്രി ഇവിടെ വന്ന് ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങളെ വീക്ഷിച്ച് അഭിനന്ദനം രേഖപ്പെടുത്തിയാണ് തിരികെ പോയത്. സുനാമി ദുരന്തമുണ്ടായപ്പോൾ ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെ മുഴുവൻ ആളുകളും ഉണർന്ന് പ്രവർത്തിച്ചതിന്റെ ഫലമായി ജനങ്ങളിൽ നിന്നും പ്രശംസ പിടിച്ചു പറ്റിയിരിക്കുന്നു. കോട്ടയത്ത്, ചെയ്യാവുന്ന കാര്യങ്ങൾ പരമാവധി ചെയ്തിട്ടുണ്ട്. നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുപോലും വിദഗ്ദ്ധരെ വരുത്തി മണ്ണ്, വെള്ളം, മലം, രക്തം തുടങ്ങിയവ പരിശോധിക്കുകയുണ്ടായി. അവരുടെ റിപ്പോർട്ടിൽ പറയുന്നത് ഹെപ്പറ്റൈറ്റിസ്-എ എന്ന രോഗമാണ് ഇന്ന് കേരളത്തിൽ വ്യാപകമായി പടർന്നുപിടിക്കുന്നത് എന്നാണ്. കോട്ടയം മെഡിക്കൽ കോളേജിൽ 80 ലക്ഷം രൂപ ചെലവിൽ ശുദ്ധജലവിതരണത്തിന് ആവശ്യമായ ക്രമീകരണങ്ങളും സീവേജ് ലൈൻ ക്രമീകരിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങളും നടന്നുവരുന്നു. കൊല്ലം ഡി.എം.ഒ. യെ സ്ഥലംമാറ്റിയത് സംബന്ധിച്ച് ശ്രീ. കെ. പി. സതീശ് ചന്ദ്രൻ പറഞ്ഞു. അഡ്മിനിസ്ട്രേറ്റീവ് കൺവീനിയൻസിന് പലരേയും സ്ഥലം മാറ്റും. റിട്ടയർമെന്റ് ഡേറ്റ് അടുത്ത ഒരു സ്ത്രീയാണ് കൊല്ലം ഡി.എം.ഒ. റിട്ടയർ ചെയ്യാൻ ചുരുങ്ങിയ മാസങ്ങളേയുള്ളു. അതുമാത്രമല്ല, സുനാമി ദുരന്തകാലത്ത് ഒരു വനിതയാണെങ്കിൽപ്പോലും രാപ്പകൽ ഭേദമെന്യേ ഊണും ഉറക്കവും ഒഴിഞ്ഞ് പ്രവർത്തിച്ചു. ഗവൺമെന്റ് ഇക്കാര്യത്തിൽ എടുത്ത തീരുമാനം പൂർണ്ണമായും ശരിയാണെന്ന് തെളിയിക്കുകയാണ്.

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, ഡി.എം.ഒ. യെ നേരത്തെ സ്ഥലംമാറ്റി. അതിനെതിരായി അവർ കോടതിയിൽ പോയി. അപ്പോൾ അവരെ സ്ഥലംമാറ്റിയത്

LIBRARY ARCHIVES Kerala Legislative Assembly

ശരിവച്ചുകൊണ്ട് ഗവൺമെന്റ് കോടതിയിൽ സത്യവാങ്മൂലം നൽകിയിരുന്നു. അതിനെതിരായി ഇപ്പോൾ എന്തുചെയ്തു എന്നാണ് ചോദിച്ചത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: അഡ്മിനിസ്ട്രേറ്റീവ് കൺവീനിയൻസിന് ചില കാര്യങ്ങൾ ചെയ്യേണ്ടിവരും. കൊല്ലം ഡി.എം.ഒ. യെ സ്ഥലംമാറ്റിയതിന് എതിരായി കോടതിയിൽ പോയി. ഹൈക്കോടതിയിൽ നിന്ന് ഗവൺമെന്റിന് എതിരായി യാതൊരു പരാമർശവും ഉണ്ടായിട്ടില്ല. അതുകൊണ്ട് ഡി.എം.ഒ. യെ സ്ഥലംമാറ്റിയത് സ്വാഭാവികമാണ്. അതിൽ പരാതിയോ ആരോപണമോ ഇല്ല. നാലോ അഞ്ചോ മാസം ഇനി സർവ്വീസുള്ള ആ സ്ത്രീക്ക് കൺവീനിയന്റായിട്ടുള്ള അപ്പോയിന്റ്മെന്റ് ആണ് കൊടുത്തത്. മാത്രമല്ല, അവരുടെ എഫിഷ്യൻസി കൂടി കണക്കാക്കിക്കൊണ്ടാണ് കൊടുത്തിട്ടുള്ളത്. എഫിഷ്യൻസി ഉണ്ടെന്ന് സുനാമി ദുരന്തകാലത്ത് അവർ തെളിയിക്കുകയും ചെയ്തു.

ശ്രീ. ടി.കെ. ദേവകുമാർ: ഒരു ഡി.എം.ഒ. യെ സർക്കാർ മാറ്റി. അവർ സർക്കാരിന് എതിരായി ഹൈക്കോടതിയിൽ കേസും ഫയൽ ചെയ്തു. സർക്കാർ ഹൈക്കോടതിയിൽ പറയുന്നു ഈ പോസ്റ്റിലിരിക്കാൻ ഇവർ യോഗ്യയല്ല എന്ന്. അത് കോടതി അംഗീകരിച്ച് വിധി വരുന്നു. ഇവരെ പോസ്റ്റ് ചെയ്ത സ്ഥലത്ത് ജോയിൻ ചെയ്യുന്നില്ല. സർക്കാർ ഡി.എം.ഒ.യുടെ പോസ്റ്റിലേക്ക് കോടതിയിൽ കൊടുത്ത സത്യവാങ്മൂലത്തിന് വിരുദ്ധമായി പോസ്റ്റ് ചെയ്താൽ അത് ശരിയാണോ എന്നാണ് മെമ്പർ ഇവിടെ ചോദിച്ചത്. മറുപടി പറഞ്ഞത് അങ്ങനെയല്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: അത് ശരിയാണെന്ന് കോടതിവീണ്ടും പറഞ്ഞു. കൊല്ലം ഡി.എം.ഒ. യെ പോസ്റ്റ് ചെയ്തത് ശരിയാണെന്ന് കോടതി പറഞ്ഞു. 90 ശതമാനം സബ്സ്റ്റാന്റേർഡായ മെഡിസിനാണെന്ന് വളരെ എക്സാജറേറ്റഡായി ബഹുമാനപ്പെട്ട സുഹൃത്ത് ടി. പി. രാമകൃഷ്ണൻ പറഞ്ഞു. സബ്സ്റ്റാന്റേർഡായ മരുന്നുകൾ പരിശോധിക്കാനുള്ള സംവിധാനം ഡിപ്പാർട്ടുമെന്റിലുണ്ട്. ടെണ്ടർ കൊടുക്കുമ്പോൾ സാമ്പിൾസ് കൊടുക്കും. പിന്നീട് സപ്ലൈ പോയിന്റിലും പരിശോധിക്കുന്നുണ്ട്. അങ്ങനെ 4379 സാമ്പിൾസ് പരിശോധിച്ചതിൽ 180 എണ്ണം Not of standard എന്ന് കണ്ടെത്തി. അതിൽ 30 എണ്ണം മാത്രമാണ് ഗവണ്മെന്റ് ഹോസ്പിറ്റലിൽ നിന്ന് കണ്ടെടുത്തത് ഇല്ല എന്നു ഞാൻ പറയുന്നില്ല. 4400-ഓളം സാമ്പിളുകൾ പരിശോധിച്ചിട്ട് 180 എണ്ണം സബ്സ്റ്റാൻഡേർഡായി കണ്ടുപിടിച്ചു. അതിൽ വെറും 30 എണ്ണമാണ് ഗവൺമെന്റ് ആശുപത്രിയിൽ നിന്ന് കണ്ടെടുത്തിട്ടുള്ളത്. ബഹുമാനപ്പെട്ട മാങ്കോട് രാധാകൃഷ്ണൻ ടി. ബി. ക്കുള്ള മരുന്ന് വാങ്ങുന്നതിൽ ക്രമക്കേട് നടന്നു എന്ന് ആരോപിച്ചു. അതിനെക്കുറിച്ച് അന്വേഷിച്ചു. ടെണ്ടർ കാട്ട് ചെയ്തത് ഒരു കമ്പനി മാത്രമാണ്. ആ കമ്പനി കൂടിയ വിലയ്ക്കാണ് ടെണ്ടർ കാട്ട് ചെയ്തത്. ആ മരുന്നിന് വിപണിയിൽ വില കുറവുണ്ടെന്ന് പറഞ്ഞപ്പോൾ വില കുറച്ച് നെഗോഷ്യേറ്റ് ചെയ്തു തന്നു. ഇനി അഥവാ അതിൽ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് അന്വേഷിക്കാനും തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, ഞാൻ സംസാരിച്ചപ്പോൾ മരുന്നിന്റെ പേരും പറഞ്ഞിരുന്നു. സൈക്ലോസെറിൻ (250 എം.ജി.) എന്നുപറയുന്ന മരുന്ന് 325 രൂപയ്ക്കാണ് വാങ്ങിയത്. മെഡിക്കൽ സ്റ്റോറുകളിൽ 40 രൂപയേ വിലയുള്ളൂ. വാങ്ങി എന്നുമാത്രമല്ല കേരളത്തിലെ ടി.ബി. ആശുപത്രികളിൽ അത് സപ്ലൈ ചെയ്യുകയും ചെയ്തു.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: അത് ഏത് കാലത്താണെന്ന് എനിക്കറിയില്ല. .....(ബഹളം) .....അതാണ് ഞാൻ പറഞ്ഞത്. ഏത് കാലത്തായാലും ശരി അതിൽ എന്തെങ്കിലും ക്രമക്കേടുകളുണ്ടെങ്കിൽ തീർച്ചയായും ഒന്നും എഴുതി തരേണ്ട അങ്ങ് നിയമസഭയിൽ നടത്തിയ സ്റ്റേറ്റുമെന്റിന്റെ അടിസ്ഥാനത്തിൽ അന്വേഷിക്കാനും കുറ്റവാളികൾ ആരായാലും ശിക്ഷിക്കാനും ഗവണ്മെന്റ് തയ്യാറാണ്. അതിൽ ഒരു സംശയവും വേണ്ട. ഈ ഗവണ്മെന്റ് ഒരിക്കലും അഴിമതിയെ പ്രോൽസാഹിപ്പിക്കുകയില്ല. ഡി. ഇ. സി. ഗുളികകളുടെ കാര്യം ഇവിടെ പറഞ്ഞു. 2015-ഓടുകൂടി മന്തുരോഗം ഭൂമുഖത്തുനിന്ന് നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി ലോകാരോഗ്യ സംഘടനയുടെ ആഹ്വാനമനുസരിച്ചാണ് കേന്ദ്രസർക്കാർ ഇൻഡ്യയിൽ അത് നടപ്പാക്കി വരുന്നത്. അത് കേന്ദ്ര സർക്കാരിന്റെ സ്കീമാണ്. ആ സ്കീമനുസരിച്ചാണ് മന്തുരോഗം തടയുന്നതിനുള്ള നടപടികൾ കേരളത്തിലും സ്വീകരിച്ചുവരുന്നത്. ലോകത്തിലെ മന്തുരോഗികളിൽ 40 ശതമാനം ഇൻഡ്യയിലാണെന്നാണ് കണക്കാക്കിയിരിക്കുന്നത്. നിർമ്മാർജ്ജനം ചെയ്യപ്പെടാവുന്ന ആറ് രോഗങ്ങളിൽ ഒന്നാണ് മന്തുരോഗം. മസൂരി, മലേറിയ തുടങ്ങിയവ നിർമ്മാർജ്ജനം ചെയ്തു. നിർമ്മാർജ്ജനം ചെയ്യപ്പെട്ട ചില രോഗങ്ങൾ തിരിച്ചു വരുന്നുണ്ട്. കേരളത്തിൽ മുഴുവൻ മന്ത് രോഗികൾ നിറയട്ടെ എന്നാണോ നിങ്ങൾ പറയുന്നത്? കഴിഞ്ഞ കാലങ്ങളിലൊക്കെ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായിട്ടാണ് മസൂരിയും മലേറിയയും പോലുള്ള രോഗങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ കഴിഞ്ഞത്. അതുപോലെ മന്ത് രോഗവും ഇറാഡിക്കേറ്റ് ചെയ്യാനുള്ള പരിപാടിയാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, അങ്ങ് ഇതിനെ ന്യായീകരിച്ചു കൊണ്ട് സംസാരിക്കുമ്പോൾ അതിന്റെ വസ്തുതകൾ ബോദ്ധ്യപ്പെടുത്തണമെന്നാണ് ഞങ്ങൾ പറഞ്ഞത്. അവരുടെ കണക്കനുസരിച്ച് 57 ലക്ഷം മന്തുരോഗികൾ കേരളത്തിലുണ്ടെന്നാണ് പറയുന്നത്. ഇവിടെ എണ്ണായിരത്തോളം മന്തുരോഗികൾ മാത്രമേയുള്ളൂ. അതുമാത്രമല്ല, ഈ മരുന്നിന് പാർശ്വഫലങ്ങളുണ്ടെന്ന് മെഡിക്കൽ ഗ്രന്ഥങ്ങൾ പറയുന്നുണ്ട്. ഒരു ഡോക്ടറുടെ സാന്നിദ്ധ്യത്തിൽ മാത്രമേ ഇത് കൊടുക്കാൻ പാടുള്ളൂ. ഹൃദ്രോഗികൾക്കും കൊച്ചുകുട്ടികൾക്കും കൊടുക്കാൻ പാടില്ല. വോളന്ററിയേഴ്സിനെക്കൊണ്ട് കൊടുക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

മി. സ്പീക്കർ: ഇതൊക്കെ സബ്മിഷനിൽ പറഞ്ഞതാണ്. No No Minister, you continue.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: മന്തുരോഗ നിവാരണത്തിനാവശ്യമായ ഡി.ഇ.സി. ഗുളികകൾ കൊടുക്കുന്ന കാലഘട്ടത്തിൽ കേരളത്തിലോ വേറെ ഏതെങ്കിലും സംസ്ഥാനങ്ങളിലോ ആരും മരിക്കാൻ പാടില്ല എന്നാണോ പറയുന്നത്? മന്തുരോഗ നിവാരണ ഗുളിക കഴിച്ചതിന്റെ ഫലമായല്ല അവിടെ മരണം നടന്നത്. വിതരണം ചെയ്യുന്ന ഗുളിക ഇസ്നോഫീലിയയ്ക്ക് കഴിക്കുന്ന ഒരു മരുന്നാണ്. ഡോക്ടർമാരോട് നിങ്ങൾ അന്വേഷിച്ചാൽ മതി. ഇതുപോലെ പല രോഗങ്ങളും നിവാരണം ചെയ്യാനുണ്ട്. പോളിയോ, മലേറിയ, ഡിഫ്ത്തീരിയ, ജർമ്മൻ മീസിൽസ് ഇതെല്ലാം നിർമ്മാർജ്ജനം ചെയ്യപ്പെടാവുന്ന രോഗങ്ങളാണ്. അതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുമ്പോൾ എന്തെങ്കിലും കാര്യങ്ങൾ പറഞ്ഞ് എതിർക്കുന്നത് ശരിയല്ല. മന്തുരോഗികൾ ഇവിടെ നിറയട്ടെ എന്നാണോ എന്നറിയില്ല. 1997 മുതൽ കുറെ വർഷങ്ങളായി അഞ്ചാറ് ജില്ലകളിൽ ഈ പ്രവർത്തനം നടന്നിട്ടുണ്ട്. അവിടെയൊന്നും ആരും മരിച്ചിട്ടില്ല. ഈ ഗവണ്മെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെ അഭിനന്ദിക്കുന്നതിനുപകരം എതിരായ പ്രചരണം നടത്തി മുന്നോട്ടുപോകുന്നത് ശരിയല്ല. ഡ്യൂട്ടി സമയത്തെക്കുറിച്ച് ചില കാര്യങ്ങൾ പറഞ്ഞു. തീർച്ചയായും ഡ്യൂട്ടി സമയം എങ്ങനെ വേണമെന്ന് ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുമായി ഗവൺമെന്റ് ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.
.....(ബഹളം).....

മി. സ്പീക്കർ: മിനിസ്റ്റർ, പ്ലീസ്..... കഴിഞ്ഞോ? ഇതൊരു ചോദ്യോത്തര സമയമാക്കാൻ പറ്റില്ല. മണി മൂന്നായി. ഇതിനൊക്കെ ഒരു ലിമിറ്റില്ലേ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: പേപ്പട്ടി വിഷ ബാധയ്ക്കുള്ള മരുന്ന് കുറവാണെന്ന് പറഞ്ഞു. പേപ്പട്ടി വിഷബാധയ്ക്കുള്ള മരുന്ന് ചില ജില്ലകളിൽ കുറവുണ്ട്. അതിന് ആവശ്യത്തിന് സ്റ്റോക്ക് അവയിലബിൾ ആക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇപ്പോൾ എവിടെയും പ്രശ്നങ്ങളില്ല. എന്തെങ്കിലും ഉണ്ടെങ്കിൽ എച്ച്.ഡി.സി. മുഖേന ലോക്കൽ പർച്ചേസ് നടത്താൻ ആവശ്യമുള്ള നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആരും ആശങ്കപ്പെടേണ്ട കാര്യമില്ല. പൂർണ്ണമായും എവിടെയൊക്കെ ആവശ്യമാണോ അവിടെയൊക്കെ എച്ച്.ഡി.സി. മുഖേന ലോക്കൽ പർച്ചേസ് നടത്തും. അല്ലെങ്കിൽ ആവശ്യമായ സ്റ്റോക്ക് അവയിലബിളാക്കാനുള്ള നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ചുരുങ്ങിയ ദിവസങ്ങൾകൊണ്ടുതന്നെ എല്ലാ സ്ഥലങ്ങളിലും സ്റ്റോക്ക് എത്തിക്കാനുള്ള നടപടികൾ ഉണ്ടാക്കും, ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കി തരണം എന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ – XV പൊതുമരാമത്ത്

ശ്രീ. കെ. പി. രാജേന്ദ്രൻ, ശ്രീ. ബിനോയ് വിശ്വം, ശ്രീ. എൻ. രാജൻ, ശ്രീ. ടി.പി. രാമകൃഷ്ണൻ, ശ്രീ. പി.എസ്. സുപാൽ, ശ്രീ. പി. നാരായണൻ, ശ്രീ. മാങ്കോട് രാധാകൃഷ്ണൻ, ശ്രീ. എം. കുമാരൻ, ശ്രീ. മത്തായി ചാക്കോ, ശ്രീ. പിരപ്പൻകോട് മുരളി, ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ, ശ്രീ. വി.കെ.സി. മമ്മത്കോയ, ശ്രീ. രാജു എബ്രഹാം, ശ്രീ. കെ.പി. സതീശ് ചന്ദ്രൻ, ശ്രീ. എ.കെ. ബാലൻ, ശ്രീ. കെ. കെ. ജയചന്ദ്രൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. സാജു പോൾ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ, ഡോ. തോമസ് ഐസക്, ശ്രീ. എം.വി. ജയരാജൻ, ശ്രീ. ടി.കെ. ബാലൻ, ശ്രീ. വി.കെ. ചന്ദ്രൻ, ശ്രീ. വി. ചെന്താമരാക്ഷൻ, ശ്രീ. ടി.കെ. ദേവകുമാർ, ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ, ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. കെ.വി. കുഞ്ഞിരാമൻ, ശ്രീ. കെ. രാധാകൃഷ്ണൻ, ശ്രീ. എ.സി. മൊയ്തീൻ, ശ്രീ. എ.എ. അസീസ്, ശ്രീ. കോവൂർ കുഞ്ഞുമോൻ, ഡോ. എ. നീലലോഹിതദാസൻ നാടാർ, ശ്രീ. സി.കെ. നാണു, ഡോ. കെ.സി. ജോസഫ്, ശ്രീ. എ.സി. ഷൺമുഖദാസ്, ശ്രീ. കെ.പി. മോഹനൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ: പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-2006 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സഭാംഗങ്ങൾ താഴെ പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ-51

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. „ സി. ടി. അഹമ്മദ് അലി
3. „ എൻ. ഡി. അപ്പച്ചൻ
4. „ ബാബു ദിവാകരൻ
5. „ പി. കെ. കെ. ബാവ
6. „ കെ. എ. ചന്ദ്രൻ
7. „ എം. എ. ചന്ദ്രശേഖരൻ
8. „ എം. പി. ഗംഗാധരൻ
9. „ പി. പി. ജോർജ്ജ്
10. „ ജോർജ്ജ് ജെ. മാത്യു
11. ശ്രീമതി കെ. ആർ. ഗൗരിയമ്മ
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. „ ജോസഫ് എം. പുതുശ്ശേരി
14. „ പി. ജെ. ജോയി
15. „ വർക്കല കഹാർ
16. „ കെ. എൻ. എ. ഖാദർ
17. „ കെ. കെ. നായർ
18. „ ലൂഡി ലൂയിസ്
19. „ സി. മമ്മൂട്ടി
20. „ ഇ. ടി. മുഹമ്മദ് ബഷീർ
21. „ കെ. മോഹൻകുമാർ
22. „ സി. മോയിൻകുട്ടി
23. „ ആര്യാടൻ മുഹമ്മദ്
24. „ സി. പി. മുഹമ്മദ്
25. „ എം. കെ. മുനീർ
26. പ്രൊഫ. എ. ഡി. മുസ്തഫ
27. ശ്രീ. എഴുകോൺ നാരായണൻ
28. „ കെ. കെ. ഷാജു

LIBRARY ARCHIVES Kerala Legislative Assembly

29. ശ്രീ. കടവൂർ ശിവദാസൻ
30. ,, കെ. സുധാകരൻ
31. ,, ഡി. സുഗതൻ
32. ,, എ. സുജനപാൽ
33. ,, എം. കെ. പോൾസൺ മാസ്റ്റർ
34. ,, അടൂർ പ്രകാശ്
35. ,, ജി. പ്രതാപവർമ്മ തമ്പാൻ
36. ,, വക്കം ബി. പുരുഷോത്തമൻ
37. ശ്രീമതി രാധാ രാഘവൻ
38. ശ്രീ. എം. വി. രാഘവൻ
39. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
40. ,, റോഷി അഗസ്റ്റിൻ
41. ,, ടി. പി. എം. സാഹിർ
42. ,, എൻ. ശക്തൻ
43. ശ്രീമതി മാലേത്ത് സരളാദേവി
44. ശ്രീ. വി. ഡി. സതീശൻ
45. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
46. ശ്രീ. എൻ. സുന്ദരൻ നാടാർ
47. ,, സി. എഫ്. തോമസ്
48 ,, തോമസ് ചാഴികാടൻ
49. ,, ഉമേഷ് ചള്ളിയിൽ
50. ,, എം. എ. വാഹിദ്
51. ,, കെ. സി. വേണുഗോപാൽ

പ്രതികൂലിക്കുന്നവർ- 27

1. ശ്രീ. എ. എ. അസീസ്
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, ടി. കെ. ബാലൻ
5. ,, ബിനോയ് വിശ്വം
6. ,, വി. കെ. ചന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

7. ശ്രീ. വി. ചെന്താമരാക്ഷൻ
8. „ ടി. കെ. ദേവകുമാർ
9. „ എം. വി. ജയരാജൻ
10. „ എം. കുമാരൻ
11. „ കെ. വി. കുഞ്ഞിരാമൻ
12. „ വി. കെ. സി. മമ്മത്കോയ
13. „ കെ. പി. മോഹനൻ
14. „ എ. സി. മൊയ്തീൻ
15. „ പിരപ്പൻകോട് മുരളി
16. „ സി. കെ. നാണു
17. „ പി. നാരായണൻ
18. „ കെ. രാധാകൃഷ്ണൻ
19. „ മാങ്കോട് രാധാകൃഷ്ണൻ
20. „ എൻ. രാജൻ
21. „ രാജു എബ്രഹാം
22. „ ടി. പി. രാമകൃഷ്ണൻ
23. „ സാജു പോൾ
24. „ കെ. പി. സതീശ്ചന്ദ്രൻ
25. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
26. ശ്രീ. പി. എസ്. സുപാൽ
27. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 51

പ്രതികൂലിക്കുന്നവർ - 27

നിഷ്പക്ഷത പാലിക്കുന്നവർ. ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ–XVIII വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ശ്രീ. മത്തായി ചാക്കോ, ശ്രീ. രാജു എബ്രഹാം, ശ്രീ. കെ.പി. സതീശ്ചന്ദ്രൻ, ശ്രീ. എ. കെ. ബാലൻ, ശ്രീ. കെ. കെ. ജയചന്ദ്രൻ, ശ്രീ. ടി.പി. രാമകൃഷ്ണൻ, ശ്രീ. സാജു പോൾ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ , ശ്രീമതി ഗിരിജാ സുരേന്ദ്രൻ, ഡോ. തോമസ് ഐസക്, ശ്രീ. എം.വി. ജയരാജൻ, ശ്രീ. ടി.കെ. ബാലൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. വി.കെ. ചന്ദ്രൻ, ശ്രീ. വി. ചെന്താമരാക്ഷൻ, ശ്രീ. ടി.കെ. ദേവകുമാർ, ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ, ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. കെ.വി. കുഞ്ഞിരാമൻ, ശ്രീ. പിരപ്പൻകോട് മുരളി, ശ്രീ. വി.കെ.സി. മമ്മത്കോയ, ശ്രീ. എ.സി. മൊയ്തീൻ, ശ്രീ. കെ. രാധാകൃഷ്ണൻ, ശ്രീ. കെ.പി. രാജേന്ദ്രൻ, ശ്രീ. ബിനോയ് വിശ്വം, ശ്രീ. മാങ്കോട് രാധാകൃഷ്ണൻ, ശ്രീ. എം. കുമാരൻ, ശ്രീ. പി. നാരായണൻ, ശ്രീ. പി.എസ്. സുപാൽ, ശ്രീ. എൻ. രാജൻ, ശ്രീ. സി.കെ. നാണു, ശ്രീ. എ.എ. അസീസ്, ശ്രീ. കോവൂർ കുഞ്ഞുമോൻ, ഡോ. എ. നീലലോഹിതദാസൻ നാടാർ, ശ്രീ. കെ.പി. മോഹനൻ, ഡോ. കെ.സി. ജോസഫ്, ശ്രീ. എ.സി. ഷൺമുഖദാസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ: വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-2006 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ 51

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. „ സി. ടി. അഹമ്മദ് അലി
3. „ എൻ. ഡി. അപ്പച്ചൻ
4. „ ബാബു ദിവാകരൻ
5. „ പി. കെ. കെ. ബാവ
6. „ കെ. എ. ചന്ദ്രൻ
7. „ എം. എ. ചന്ദ്രശേഖരൻ
8. „ എം. പി. ഗംഗാധരൻ
9. „ പി. പി. ജോർജ്
10. „ ജോർജ് ജെ. മാത്യു
11. ശ്രീമതി കെ. ആർ. ഗൗരിയമ്മ
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. „ ജോസഫ് എം. പുതുശ്ശേരി
14. „ പി. ജെ. ജോയി
15. „ വർക്കല കഹാർ
16. „ കെ. എൻ. എ. ഖാദർ
17. „ കെ. കെ. നായർ
18. „ ലൂഡി ലൂയിസ്
19. „ സി. മമ്മൂട്ടി
20. „ ഇ. ടി. മുഹമ്മദ് ബഷീർ
21. „ കെ. മോഹൻ കുമാർ
22. „ സി. മോയിൻകുട്ടി
23. „ ആര്യാടൻ മുഹമ്മദ്
24 „ സി. പി. മുഹമ്മദ്
25. „ എം. കെ. മുനീർ
26. പ്രൊഫ. എ. ഡി. മുസ്തഫ
27. ശ്രീ. എഴുകോൺ നാരായണൻ
28. „ കെ. കെ. ഷാജു
29. „ കടവൂർ ശിവദാസൻ
30. „ കെ. സുധാകരൻ

GPM. 2/247/2012.—34

LIBRARY ARCHIVES Kerala Legislative Assembly

31. ശ്രീ. ഡി. സുഗതൻ
32. „ എ. സുജനപാൽ
33. „ എം. കെ. പോൾസൺ മാസ്റ്റർ
34 „ അടൂർ പ്രകാശ്
35. „ ജി. പ്രതാപവർമ്മ തമ്പാൻ
36. „ വക്കം ബി. പുരുഷോത്തമൻ
37. ശ്രീമതി രാധാ രാഘവൻ
38. ശ്രീ. എം. വി. രാഘവൻ
39 „ കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
40. „ റോഷി അഗസ്റ്റിൻ
41. „ ടി. പി. എം. സാഹിർ
42. „ എൻ. ശക്തൻ
43. ശ്രീമതി മാലേത്ത് സരളാദേവി
44. ശ്രീ. വി. ഡി. സതീശൻ
45. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
46. ശ്രീ. എൻ. സുന്ദരൻ നാടാർ
47. „ സി. എഫ്. തോമസ്
48. „ തോമസ് ചാഴികാടൻ
49. „ ഉമേഷ് ചള്ളിയിൽ
50. „ എം. എ. വാഹീദ്
51. „ കെ. സി. വേണുഗോപാൽ

പ്രതികൂലിക്കുന്നവർ - 27

1. ശ്രീ. എ. എ. അസീസ്
2. „ കോടിയേരി ബാലകൃഷ്ണൻ
3. „ എ. കെ. ബാലൻ
4. „ ടി. കെ. ബാലൻ
5. „ ബിനോയ് വിശ്വം
6. „ വി. കെ. ചന്ദ്രൻ
7. „ വി. ചെന്താമരാക്ഷൻ
8. „ ടി. കെ. ദേവകുമാർ

LIBRARY ARCHIVES Kerala Legislative Assembly

9. ശ്രീ. എം. വി. ജയരാജൻ
10. „ എം. കുമാരൻ
11. „ കെ. വി. കുഞ്ഞിരാമൻ
12. „ വി. കെ. സി. മമ്മത് കോയ
13. „ കെ. പി. മോഹനൻ
14. „ എ. സി. മൊയ്തീൻ
15. „ പിരപ്പൻകോട് മുരളി
16. „ സി. കെ. നാണു
17. „ പി. നാരായണൻ
18. „ കെ. രാധാകൃഷ്ണൻ
19. „ മാങ്കോട് രാധാകൃഷ്ണൻ
20. „ എൻ. രാജൻ
21. „ രാജു ഏബ്രഹാം
22. „ ടി. പി. രാമകൃഷ്ണൻ
23. „ സാജു പോൾ
24 „ കെ. പി. സതീശ്ചന്ദ്രൻ
25. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
26. ശ്രീ. പി. എസ്. സുപാൽ
27. ഡോ. തോമസ് ഐസക്

നിക്ഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 51

പ്രതികൂലിക്കുന്നവർ - 27

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ– XIX കുടുംബക്ഷേമം

ശ്രീ. കെ.പി. രാജേന്ദ്രൻ, ശ്രീ. ബിനോയ് വിശ്വം, ശ്രീ. പി. നാരായണൻ, ശ്രീ. എം. കുമാരൻ, ശ്രീ. മാങ്കോട് രാധാകൃഷ്ണൻ, ശ്രീ. എൻ. രാജൻ, ശ്രീ. പി.എസ്. സുപാൽ, ശ്രീ. മത്തായി ചാക്കോ, ശ്രീ. രാജു എബ്രഹാം, ശ്രീ. കെ.പി. സതീശ്ചന്ദ്രൻ, ശ്രീ. എ.കെ. ബാലൻ, ശ്രീ. കെ.കെ. ജയചന്ദ്രൻ, ശ്രീ. ടി.പി. രാമകൃഷ്ണൻ, ശ്രീ. സാജു പോൾ, ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ, ഡോ. തോമസ് ഐസക്, ശ്രീ. എം.വി. ജയരാജൻ, ശ്രീ. ടി.കെ. ബാലൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. വി.കെ. ചന്ദ്രൻ, ശ്രീ. വി. ചെന്താമരാക്ഷൻ, ശ്രീ. ടി.കെ. ദേവകുമാർ, ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ, ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. കെ.വി. കുഞ്ഞിരാമൻ, ശ്രീ. കെ. രാധാകൃഷ്ണൻ, ശ്രീ. പിരപ്പൻകോട് മുരളി, ശ്രീ. വി.കെ.സി. മമ്മത്കോയ, ശ്രീ. എ.സി. മൊയ്തീൻ, ഡോ. എ. നീലലോഹിതദാസൻ നാടാർ, ശ്രീ. സി.കെ. നാണു, ശ്രീ. എ.സി. ഷൺമുഖദാസ്, ശ്രീ. കെ. പി. മോഹനൻ, ഡോ. കെ.സി. ജോസഫ്, ശ്രീ. എ.എ. അസീസ്, ശ്രീ. കോവൂർ കുഞ്ഞുമോൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ: കുടുംബക്ഷേമം എന്ന XIX -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-2006 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ-51

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, സി. ടി. അഹമ്മദ് അലി
3. ,, എൻ. ഡി. അപ്പച്ചൻ
4. ,, ബാബു ദിവാകരൻ
5. ,, പി. കെ. കെ. ബാവ

LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീ. കെ. എ. ചന്ദ്രൻ
7. „ എം. എ. ചന്ദ്രശേഖരൻ
8. „ എം. പി. ഗംഗാധരൻ
9. „ പി. പി. ജോർജ്
10. „ ജോർജ് ജെ. മാത്യു
11. ശ്രീമതി കെ. ആർ. ഗൗരിയമ്മ
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. „ ജോസഫ് എം. പുതുശ്ശേരി
14. „ പി. ജെ. ജോയി
15. „ വർക്കല ക്ഹാർ
16. „ കെ. എൻ. എ. ഖാദർ
17. „ കെ. കെ. നായർ
18. „ ലൂഡി ലൂയിസ്
19. „ സി. മമ്മൂട്ടി
20. „ ഇ. ടി. മുഹമ്മദ് ബഷീർ
21. „ കെ. മോഹൻകുമാർ
22. „ സി. മോയിൻകുട്ടി
23. „ ആര്യാടൻ മുഹമ്മദ്
24. „ സി. പി. മുഹമ്മദ്
25. „ എം. കെ. മുനീർ
26. പ്രൊഫ. എ. ഡി. മുസ്തഫ
27. ശ്രീ. എഴുകോൺ നാരായണൻ
28. „ കെ. കെ. ഷാജു
29 „ കടവൂർ ശിവദാസൻ
30. „ കെ. സുധാകരൻ
31. „ ഡി. സുഗതൻ
32. „ എ. സുജനപാൽ
33. „ എം. കെ. പോൾസൺ മാസ്റ്റർ
34. „ അടൂർ പ്രകാശ്
35. „ ജി. പ്രതാപവർമ്മ തമ്പാൻ
36. „ വക്കം ബി. പുരുഷോത്തമൻ

GPM. 2/247/2012.—35

LIBRARY ARCHIVES Kerala Legislative Assembly

37. ശ്രീമതി രാധാ രാഘവൻ
38. ശ്രീ. എം. വി. രാഘവൻ
39. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
40. ,, റോഷി അഗസ്റ്റിൻ
41. ,, ടി. പി. എം. സാഹിർ
42. ,, എൻ. ശക്തൻ
43. ശ്രീമതി മാലേത്ത് സരളാദേവി
44. ശ്രീ. വി. ഡി. സതീശൻ
45. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
46. ശ്രീ. എൻ. സുന്ദരൻ നാടാർ
47. ,, സി. എഫ്. തോമസ്
48 ,, തോമസ് ചാഴികാടൻ
49. ,, ഉമേഷ് ചള്ളിയിൽ
50. ,, എം. എ. വാഹീദ്
51. ,, കെ. സി. വേണുഗോപാൽ

പ്രതികൂലിക്കുന്നവർ -.27

1. ശ്രീ. എ. എ. അസീസ്
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, ടി. കെ. ബാലൻ
5. ,, ബിനോയ് വിശ്വം
6. ,, വി. കെ. ചന്ദ്രൻ
7. ,, വി. ചെന്താമരാക്ഷൻ
8. ,, ടി. കെ. ദേവകുമാർ
9. ,, എം. വി. ജയരാജൻ
10. ,, എം. കുമാരൻ
11. ,, കെ. വി. കുഞ്ഞിരാമൻ
12. ,, വി. കെ. സി. മമ്മത്കോയ
13. ,, കെ. പി. മോഹനൻ
14. ,, എ. സി. മൊയ്തീൻ

LIBRARY ARCHIVES Kerala Legislative Assembly

15. ശ്രീ. പിരപ്പൻകോട് മുരളി
16. ,, സി. കെ. നാണു
17. ,, പി. നാരായണൻ
18. ,, കെ. രാധാകൃഷ്ണൻ
19. ,, മാങ്കോട് രാധാകൃഷ്ണൻ
20. ,, എൻ. രാജൻ
21. ,, രാജു ഏബ്രഹാം
22. ,, ടി. പി. രാമകൃഷ്ണൻ
23. ,, സാജു പോൾ
24. ,, കെ. പി. സതീശ്ചന്ദ്രൻ
25. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
26. ശ്രീ. പി. എസ്. സുപാൽ
27. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ—51

പ്രതികൂലിക്കുന്നവർ—27

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(മാർച്ച് മാസം 28-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 3.25-ന് പിരിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly